E. P. S. No. 11

# മാതൃകാ ക്രിസ്തീയപ്രവർത്തകൻ

## WATCHMAN NEE

നല്ലവനും വിശ്വസ്തനുമായ ദാസനേ,
നീ അല്പത്തിൽ **വിശ്വസ്തനായിരു**
**ന്നു;** ഞാൻ നിന്നെ അധികത്തിന്നു
വിചാരകനാക്കും.

Price 1-80

EVANGELICAL PUBLICATIONS

ANGAMALY, KERALA. S. INDIA

E. P. S. No. 11.

SACRED HEART PROVINCIAL LIBRARY
No 4822
DHARMARAM COLLEGE LIBRARY BANGALORE-29

# മാതൃകാ ക്രിസ്തീയ പ്രവർത്തകൻ

# NORMAL CHRISTIAN WORKER

(BY: WATCHMAN NEE)

P79
N29
ACHARYA P... VASS KENDRAM LIBRARY
4822

(MALAYALAM)

MATHRIKA CHRISTHEEYA PRAVARTHAKAN
By WATCHMAN NEE

*Translated by*
P. I. KURIAN, ANGAMALY.

M/241.5
NEE

First Published. 1971.

Copies 2500

*Printed at*
The Prakashini Press, Angamally.

*Published by*
EVANGELICAL PUBLICATIONS, ANGAMALY.

**Price 1-80.**

# മുഖവുര

ഒരു ക്രിസ്ത്യാനി തൻെറ മാർഗ്ഗനിർദ്ദേശത്തിനു തൻെറ കർത്താവും യജമാനനും ആയ യേശുക്രിസ്തുവിനെതന്നെയാണു് നോക്കേണ്ടതു്. അവനാണു് ക്രിസ്ത്യാനിക്കു്മാതൃക. അവനെയാണു് അനുകരിക്കേണ്ടതും.

എന്നാലും ക്രിസ്തീയ പ്രവർത്തകർ മററു ക്രിസ്ത്യാനികളുടെ സ്വഭാവത്തിലും ജീവിത ക്രമത്തിലും വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ടു് എന്നുള്ളതു വാസ്തവമാണു്. ദൈവത്തിൻെറ വിശ്വസ്തരും ഉത്സാഹികളുമായ വേലക്കാർ തങ്ങളുടെ ആത്മാർത്ഥതയും സാക്ഷ്യവും മൂലം, സാധാരണ വിശ്വാസികളെയും വിശ്വസ്തരും ഉത്സാഹികളുമായ പ്രവർത്തകരായി മാററുന്നു. എന്നാൽ ക്രിസ്തീയ പ്രവർത്തകരും, സഭാശുശ്രൂഷചെയ്യുന്നവരും, ദ്രവ്യാഗ്രഹികൾ ദുർന്നടപ്പുകാർ അശുദ്ധർ എന്നിവരുടെ കൂട്ടത്തിലായാൽ വിശ്വാസികളുടെ ആത്മികനിലവാരം അധഃപതിച്ചുപോകും. അധികാരികൾ അഴിമതിക്കാരായാൽ സാധാരണജനങ്ങൾ നന്നാകില്ല. രാജാവിനെക്കാൾ കൂടുതൽ രാജഭക്തി പ്രജകൾക്കു് ഉണ്ടാകയുമില്ല. അതിനാൽ ക്രിസ്തീയപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, അവരുടെ പ്രവർത്തിയും സ്ഥാനവും എന്തുതന്നെ ആയിരുന്നാലും തങ്ങളുടെ ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും അത്യുന്നതങ്ങളായ മാനദണ്ഡം പാലിച്ചേ തീരു. അവർ തങ്ങളുടെ യജമാനനെ വാസ്തവമായി അനുകരിക്കതന്നെ വേണം.

യേശുവിൻെറ കാലത്തു് കപടഭക്തരായ പ്രമാണികൾ ഉണ്ടായിരുന്നതുപോലെ ഇക്കാലത്തു കപടവേഷധാരികളായ ക്രിസ്തീയപ്രവർത്തകരും ഇല്ലാതില്ല. ആട്ടുരോമം ധരിച്ച ചെന്നായ്കൾ ആടുകളുടെ ഇടയിൽ പരിഭ്രമവും ഭയവും ചിന്താക്കുഴപ്പങ്ങളും ഉണ്ടാക്കുന്ന അനുഭവങ്ങളും വിരളമല്ല.

വാച്ച്മാൻ നീയുടെ ഈ പുസ്തകം വാസ്തവമായി ദൈവത്തെ സേവിച്ച് അവനെ മഹത്വപ്പെടുത്തി മുന്നോട്ട് പോകാൻ ആഗ്രഹിക്കുന്ന എല്ലാ പ്രവർത്തകർക്കും വിശ്വാസികൾക്കും ഒരുപോലെ സഹായകമായിരിക്കും. പരീക്ഷിച്ച് ഫലം അറിഞ്ഞതും പ്രായോഗികവുമായ അനേക നിർദ്ദേശങ്ങളെ ഉള്ളടക്കം ചെയ്ത ഈ പുസ്തകം ഈ ദേശത്തെ ക്രിസ്തീയപ്രവർത്തകരെ ഉത്തേജിപ്പിക്കുന്നതിനും ഉയർന്ന നിലവാരത്തിലെത്തിക്കുന്നതിനും സഹായിക്കട്ടെ.

പ്രസാധകർ

# വാച്ച്മാൻ നീ

ചൈനായിലെ സുവിശേഷകനായ ബ്രദർ വാച്ച്മാൻ നീ (നീതുഷേങ്ങ്) തൻെറ ജീവിതവും ശുശ്രൂഷയും കൊണ്ടു് അനേകക്ക് അനുഗ്രഹമായി തീൎന്നുകൊണ്ടിരിക്കുന്ന ഒരു സഹോദരനാണു്. വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നറിയുന്നതു് ഇപ്പോൾ അദ്ദേഹത്തെ അംഗഭംഗം വരുത്തി ചൈനായിലെ ഇരുമ്പഴികൾക്കുള്ളിൽ തള്ളിയിരിക്കുകയാണെന്നാണു്. രാജ്യഭ്രഷ്ടനാക്കി ഏതൊ അജ്ഞാതക്യാമ്പിൽ കഴിയുകയാണെന്നും മരിച്ചുപോയെന്നും വരെയുള്ളതാണു് മററു് ശ്രുതികൾ. തൻെറ ഭാൎയ്യയാണെങ്കിൽ തന്നിൽനിന്നു് മാററപ്പെട്ടു് ഏകയായി ഒരുഗ്രാമത്തിൽ അടിമവേലചെയ്യുവാൻ നിയുക്തയായിരിക്കുകയാണു്.

വേലക്കാരുടെ സ്വഭാവത്തെക്കുറിച്ചു് ഉന്നതമായ ഈ വീക്ഷണം തൻെറ സ്വന്ത ജീവിതത്തിലെ അനുഭവങ്ങളിൽ നിന്നും താൻ അടത്തിയെടുത്തതാണു്. ദീർഘകൊല്ലങ്ങൾ നിരന്തരം മസ്തിഷ്കപ്രക്ഷാളനത്തിനും യാതനകൾക്കും വിധേയനായെങ്കിലും ഒരിക്കൽപോലും താൻ തൻെറ ആത്മനാഥനെ ത്യജിച്ചുപറഞ്ഞിട്ടില്ല വർഷത്തിലൊരിക്കൽ ഒരു മണിക്കൂർമാത്രം താനുമായി സമ്പൎക്കംപുലൎത്താനനുവദിച്ചിരുന്ന തൻെറ ഭാൎയ്യയുമായി പ്രത്യാശയുടേയും, ധൈൎയ്യത്തിൻേറയും ആശ്വാസത്തിൻേറയും വാക്കുകളല്ലാതെ മറെറാന്നും തന്നിൽനിന്നും വന്നിരുന്നില്ല എന്നു പറയുമ്പോൾ തൻെറ യഥാൎത്ഥ അത്മീയസ്ഥിതി നമുക്കു ഊഹിക്കാം. സാധാരണ''ഒരുമൺപാത്ര''ത്തേക്കൊണ്ടു് കഴിയാവുന്നതിനപ്പുറം കഷ്ടങ്ങൾ സഹിച്ചു ജീവിച്ച താൻ ഒരു മാതൃകാക്രിസ്തീയ പ്രവൎത്തകനെങ്ങനെയായിരിക്കണമെന്നു പറയുവാൻ മാനുഷികമായി തികച്ചും യോഗ്യനാണു്.

ഇതിലെ ഉള്ളടക്കം ഒരു പുസ്തകരൂപേണ പുറത്തുവരുമെന്നു താൻ ഉദ്ദേശിച്ചില്ല. തൻെറ ഉററമിത്രങ്ങളും സന്തത സഹചാരികളുമായ ചില കൂട്ടുവേലക്കാരോടായി താൻ ചെയ്ത ഈ പ്രസംഗങ്ങൾ, നേരിട്ടു തന്നിൽനിന്നു കേൾക്കുവാൻ കഴിയാത്തതായ മററു സഹപ്രവൎത്തകൎക്കുവേണ്ടി അവർ അടിച്ചു പ്രസിദ്ധീകരിച്ചതിൻെറ ഫലമാണീഗ്രന്ഥം.

# വിഷയാനുക്രമണിക


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | ശുഷ്കാന്തിയുള്ളവൻ .... .... | 9 |
| 2. | സ്ഥിരമാനസൻ .... .... | 21 |
| 3. | ഒരു മനുഷ്യസ്നേഹി .... .... | 33 |
| 4. | ഒരു നല്ല ശ്രോതാവു .... .... | 43 |
| 5. | സംസാരത്തിൽ നിയന്ത്രണം പാലിക്കുന്നവൻ .... | 54 |
| 6. | സ്വന്തഹിതത്തിനു വഴങ്ങാത്തവൻ .... .... | 69 |
| 7. | തൻെറ ശരീരത്തെ അച്ചടക്കത്തിൽ നിർത്തുവാൻ | 83 |
| 8. | കഷ്ടത സഹിപ്പാൻ മനസ്സുള്ളവൻ .... | 98 |
| 9. | പണമിടപാടിൽ വിശ്വസ്തൻ .... .... | 109 |
| 10. | സത്യത്തോടു ഭക്തിയുള്ളവൻ .... .... | 137 |

ACHARYA PALACKAL
LIBRA
4822

## അദ്ധ്യായം ഒന്നു്

# ശുശ്രൂഷ്കാന്തിയുള്ളവൻ

വായനഭാഗങ്ങൾ:- മത്താ 25:14-30; 2 തിമോ 4:2; 2 പത്രോ. 1:5-25 യോഹ:5:17; 4:35.

ഒരു ക്രിസ്തീയപ്രവത്തകൻെറ ദിനംപ്രതിജീവിതം അവൻെറ വേലയോടു വളരെ അടുത്തു ബന്ധപ്പെട്ടതാണു്. ഇതുനിമിത്തം ക്രിസ്തീയസേവനത്തിനു ആവശ്യമായ യോഗ്യതകളെക്കുറിച്ചു പരിഗണിക്കുമ്പോൾ, ഇടപാടുകൾ, സ്വഭാവം എന്നീ പ്രശ്നങ്ങളെ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ആത്മീയ ശുശ്രൂഷയ്ക്കു യോഗ്യതയുണ്ടാകേണ്ടതിന്നു് ഒരുവനു് കുറെ ആത്മീയ പരിചയങ്ങൾ ഉണ്ടായാൽ മാത്രം പോരാ, അവനു സ്വഭാവമഹിമയും വേണം. ഒരു വേലക്കാരൻെറ സ്വഭാവം വേലയുടെ സ്വഭാവത്തിനു അനുയോജ്യമായിരിക്കണം. ഒരു മനുഷ്യൻെറ സ്വഭാവവികസനം ഒരു ദിവസംകൊണ്ടു സാധിക്കാവുന്നതല്ല. കർതൃസേവയ്ക്കു ആവശ്യമായ യോഗ്യതകൾ ഒരു വേലക്കാരനിൽ ഉണ്ടെന്നു വരികിൽ അതോടുകൂടി, അവൻെറ ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട അനേക പ്രായോഗിക സംഗതികളേയും നോക്കേണ്ടതായിട്ടുണ്ടു്. പഴയ ശീലങ്ങളെ നീക്കിക്കളകയും, അച്ചടക്കത്തിൻെറ പ്രക്രിയയിൽ രൂപം പ്രാപിച്ചതും, മൗലികകങ്ങളായ ക്രമീകരണങ്ങൾകൊണ്ടുണ്ടായതുമായ പുതിയ നല്ല ശീലങ്ങൾ ജീവിതത്തിൽ സ്ഥലം പിടിക്കയും ചെയ്താൽ മാത്രമേ, വേലയുമായി സ്വരൈക്യപ്പെട്ടുപോകയുള്ളു.

## വിവിധ സ്വഭാവങ്ങൾ

ക്രിസ്തുവിന്നു പ്രയോജനമുള്ള ദാസന്മാരായി വികസിച്ചുവരാനിടയുണ്ടെന്നു ആശിക്കാൻ വക നൽകത്തക്കവണ്ണം ക്രിസ്തീയജീവിതത്തിൻെറ പ്രാരംഭദശയിൽതന്നെ തങ്ങളുടെ യോഗ്യതകൾ വെളിപ്പെടുത്തുന്ന ചില യുവാക്കന്മാരുണ്ടു്. നേരെമറിച്ചു്, വര

ങ്ങളില്ലാഞ്ഞിട്ടല്ല, ഏറെക്കഴിയുന്നതിനു മുമ്പേ വഴിയിൽവീണു. കർത്താവിൻെറ നാമത്തിനു അപമാനം വരുത്തുന്നവരുമുണ്ടു്. ക്രിസ്തീയവേലക്കാരുടെ ജീവിതത്തിലെ ഈ വികാസവ്യത്യാസം എങ്ങനെ പരിഗണിക്കണമെന്നു് നിങ്ങൾ ചോദിച്ചേക്കാം. അതിന്നുള്ള മറുപടി ഞാൻ തുറന്നു പറയട്ടെ; കർത്താവിന്നുവേണ്ടി എണ്ണപ്പെടുവാൻ തീരുമാനിക്കുന്നവരോ, അല്ലാത്തവരോ ആയ ഓരോരുത്തരുടേയും ശരീരഘടനയിൽ ഏതാനും മൗലികങ്ങളായ ലക്ഷണങ്ങൾ ഉണ്ടു്. ശോഭനമായ ഒരു ഭാവിയുണ്ടെന്നു ആശിക്കത്തക്കവണ്ണം ഒരു യുവാവു് ചില ലക്ഷണങ്ങൾ വെളിപ്പെടുത്തിയെന്നു വരാം. പക്ഷേ മററു ചില അടിസ്ഥാനയോഗ്യതകളിൽ കുറവുള്ളതായി കണ്ടാൽ അവൻ നിരാശപ്പെട്ടമെന്നുള്ളതു് തീർച്ചയാണു്. കർത്താവിനെ സേവിക്കാനുള്ള ഒരു യഥാർത്ഥതാല്പര്യം അവന്നുണ്ടായിരിക്കാം. എന്നാൽ ഒരു സത്യദാസൻ എന്ന നിലയിലുള്ള ഇടപാടിൽ അവൻ കുറവുള്ളവനായിത്തീരുന്നു. ആത്മനിയന്ത്രണമില്ലാത്ത ഒരു ക്രിസ്തീയ വേലക്കാരൻ ഒരു നല്ല വേലക്കാരനായിരിക്കുന്നതായി ഞങ്ങൾ ഇതുവരെയും കണ്ടിട്ടില്ല. അനുസരണമില്ലാത്ത ഒരുവൻ കർത്താവിന്നു പ്രയോജനമുള്ള ഒരു ദാസനാണെന്നു് തെളിഞ്ഞുവന്നതായും നാമൊരിക്കലും കണ്ടിട്ടില്ല.

## ദൈവത്തിനു വശംവദരാകുക.

തൃപ്തികരമായി പ്രവർത്തിക്കുന്ന ഒരു ക്രിസ്തീയവേലക്കാരനു് അത്യന്താപേക്ഷിതങ്ങളായ ഏതാനും സവിശേഷലക്ഷണങ്ങളുണ്ടു്. അതുകൊണ്ടു് അഴിച്ചുകൂട്ടലും പണിതുറപ്പിക്കലും ആയനടപടികൾ ആവശ്യമാണു്. എന്നാൽ മാത്രമേ കർത്താവിന്നു തൻെറ ആവശ്യത്തിനു യോജിച്ച പ്രവർത്തകനെ ഉറപ്പാക്കിയെടുക്കുവാൻ കഴിയൂ. വേലക്കാരാകേണ്ട പലരെ സംബന്ധിച്ചും ഉള്ള പ്രയാസം, അവർ അജ്ഞരാണെന്നോ അപ്രാപ്തരാണെന്നോ ഉള്ളതല്ല, അവർതന്നെ ചീത്തയാണെന്നുള്ളതാണു്. അവരുടെ ഘടനയിലും ചിന്താഗതിയിലും കാര്യമായ ഏതോ കുറവുകൾ ഉണ്ടു്. ആ കുറവുകൾ പരിഹരിക്കപ്പെടേണ്ടതിന്നു് നാം ദൈവത്തിൻെറ മു

മ്പിൽ നമ്മെത്തന്നെ താഴ്ത്തുകയും ആവശ്യമായ ശിക്ഷാക്രമങ്ങ ൾ നമ്മിൽ നടത്തുന്നതിനു വിധേയപ്പെടുകയും ചെയ്യണം. ദൈവത്തിനു പ്രസാദകരമായ വിധത്തിൽ സേവനം ചെയ്യുന്നവരിൽ അവശ്യം വേണ്ടതായ ഗുണവിശേഷതകൾ നമുക്കു വെളിവാകേണ്ടതിനു അവിടുത്തെ സന്നിധിയിൽ നാം ജാഗരിക്കേണ്ടതാണ്.

അത്തരം ഗുണങ്ങളിൽ ഒന്നാണ് **ശുഷ്കാന്തി**. അതേപ്പററി അത്രപറയേണ്ടതുണ്ടോ എന്നു് തോന്നാം. എന്നാൽ വളരെയധികം അത്യാവശ്യപ്പെട്ട ഒരു കാര്യമാണ് അതു്. ജോലിചെയ്യുന്നതിൽ തീക്ഷ്ണതയുള്ള ഒരു ആളായിരിക്കണം, ഒരു കർത്തൃദാസൻ എന്ന കാര്യം ഊന്നിപറയേണ്ടതായ ഒന്നാണ്. അഞ്ചു്, രണ്ടു്, ഒന്നു് എന്നിങ്ങനെ താലന്തുകൾ ഏല്പിച്ച ദാസന്മാരുടെ കാര്യം മത്തായി സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ. ഏറെ നാളുകളുടെ ശേഷം അവരുടെ യജമാനൻ വന്നു, അവരെ ഏല്പിച്ച താലന്തുകളുടെ കണക്കുകൾ ചോദിക്കുമ്പോൾ ഒരു താലന്തു് ലഭിച്ചവൻ പറഞ്ഞതു് ഇപ്രകാരമാണ്: “യജമാനനെ, നീ വിതെക്കാത്തിടത്തുനിന്നു കൊയ്യുകയും വിതറാത്തിടത്തുനിന്നു ചേർക്കുകയും ചെയ്യുന്ന കഠിന മനുഷ്യൻ എന്നു് ഞാൻ അറിഞ്ഞു, ഭയപ്പെട്ടു, ചെന്നു നിൻെറ താലന്തു മറെച്ചുവെച്ചു; നിന്േറതു് ഇതാ, എടുത്തുകൊൾക”. അതിനു യജമാനൻ ഉത്തരം പറഞ്ഞതിങ്ങനെയാണ്. “ദുഷ്ടനും മടിയനുമായ ദാസനെ, ഞാൻ വിതെക്കാത്തിടത്തുനിന്നു കൊയ്യുകയും വിതറാത്തിടത്തുനിന്നു ചേർക്കുകയും ചെയ്യുന്നവൻ എന്നു് നീ അറിഞ്ഞുവല്ലോ. നീ എൻെറ ദ്രവ്യം പൊൻവാണിഭക്കാരെ ഏല്പിക്കേണ്ടിയിരുന്നു. എന്നാൽ ഞാൻ വന്നു എന്േറതു പലിശയോടുകൂടെ വാങ്ങിക്കൊള്ളുമായിരുന്നു. ആ താലന്തു അവൻെറ പക്കൽ നിന്നു് എടുത്തു പത്തു താലന്തുള്ളവന്നു കൊടുപ്പിൻ ........ എന്നാൽ കൊള്ളരുതാത്ത ദാസനെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവിൻ” മത്തായി. 25:24–30.

എല്ലാ കർത്തൃദാസന്മാരും അവൻെറ സേവനത്തിൽ ശു

ഷ്ക്കാന്തിയുള്ളവരായിരിക്കണം എന്നു് ഈ വേദഭാഗം തെളിയിക്കുന്നു. ഇവിടെ ചിത്രീകരിച്ചിരിക്കുന്ന ദാസന്റെ ജീവിതത്തിൽ അടിസ്ഥാനപരമായ ദുഷ്ടും ഉള്ളതായി കാണാം. രണ്ടു കാര്യങ്ങളാണു ചൂണ്ടിക്കാണിച്ചിട്ടുള്ളതു്: "ദുഷ്ടൻ", "മടിയൻ"; തന്റെ യജമാനനെ "കഠിന മനുഷ്യൻ" എന്നു സംബോധന ചെയ്യാൻ ധൈര്യപ്പെട്ടതിൽ അവന്റെ ദുഷ്ടത വെളിപ്പെടുന്നു. ഇതു സംബന്ധിച്ചു് ഇപ്പോൾ എന്തെങ്കിലും പറയണമെന്നു കരുതുന്നില്ല. അടുത്തതു് "മടിയൻ" എന്നതിനെക്കുറിച്ചാണു് നാം ആലോചിക്കേണ്ടിയിരിക്കുന്നതു്.

## മടിയൻ

"മടി" ഒരു അസാധാരണ തോൽവിയല്ല. മടിയന്മാർ ഒരിക്കലും ജോലി അന്വേഷിക്കുന്നവരല്ല. എന്തെങ്കിലും വേല അവരെ നേരിട്ടാൽ അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ അവർ ശ്രമിക്കും. കഷ്ടം! അക്രൈസ്തവർ എന്നപോലെ വളരെ വിശ്വാസികളും ഈ ദുഷ്ടുമുള്ളവരാണു്. അവരുടെ സഹപ്രവർത്തകന്മാർക്കു് അവർ ഒരു ഭാരമായിരിക്കും. പ്രയോജനപ്പെട്ടിട്ടുള്ള ഏതെങ്കിലുമൊരു കർത്തൃദാസൻ അലസനായിരിക്കുന്നതു് നിങ്ങൾ കണ്ടിട്ടുണ്ടോ? ഇല്ല, അവർ എപ്പോഴും ജാഗ്രതയുള്ളവരായിരിക്കും. തങ്ങളുടെ സമയവും ശക്തിയും പ്രയോജനപ്പെടുത്തുന്നതിൽ ശുഷ്ക്കാന്തിയുള്ളവരത്രെ അവർ. വിശ്രമിക്കാനവസരം അന്വേഷിക്കുന്നവരല്ല, പ്രത്യുത കർത്താവിനെ സേവിക്കുന്നതിനുള്ള സന്ദർഭങ്ങൾ അന്വേഷിക്കുന്നവരായിരിക്കും അവർ.

## പൗലോസിന്റെ ശുഷ്ക്കാന്തി

അപ്പോസ്തലന്മാരെ നോക്കുക! അവർ എത്ര ശുഷ്ക്കാന്തിയുള്ളവരായിരുന്നു!! തന്റെ ജീവിതകാലത്തു പൗലോസു ചെയ്തുതീർത്ത ബൃഹത്തായ വേലകളെപ്പററി ചിന്തിക്കുക! ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കുള്ള അവന്റെ തുടർച്ചയായ യാത്രകൾ, കാരാഗൃഹങ്ങൾ ഉൾപ്പെടെ ഏതൊരു സ്ഥലത്തും, ഏതു സമയത്തും ചെയ്തിട്ടുള്ള സുവിശേഷപ്രവർത്തനങ്ങൾ, ആളാംപ്രതിയുള്ള പ്രതിപാദനങ്ങൾ, ബഹുജനങ്ങളോടുള്ള പ്രഭാഷണങ്ങൾ ആദി

യായി അവൻെറ പ്രവൎത്തനങ്ങഠം ശ്രദ്ധിക്കുക. കാരാഗൃഹത്തിൽ കിടക്കുമ്പോഠം തിമോഥെയോസിനു കൊടുക്കുന്ന നിർദ്ദേശം: "സമയത്തും അസമയത്തും വചനം പ്രസംഗിക്കുക, എന്നത്രെ. (2. തിമോ. 4:2) തടവു് അവൻെറ ബാഹ്യപ്രവൎത്തനങ്ങളെ തടസ്സപ്പെടുത്തിയേക്കാം. എന്നാൽ അവൻെറ ശുശ്രൂഷയുടെ സാദ്ധ്യതകളെ ഇല്ലാതാക്കാൻ മതിയായതല്ല. തടവിൽവെച്ചു് അവൻ എഴുതിയ ലേഖനങ്ങളുടെ ആത്മീയസമ്പത്തു് എത്ര വലുതായിട്ടുള്ളതാണു്. പൗലോസിൽ ഉദാസീനതയുടെ ലാഞ്ഛനപോലുമുണ്ടായിരുന്നില്ല. എപ്പോഴും കാൎയ്യങ്ങഠം മുൻകൂട്ടികണ്ടു, സമയം തക്കത്തിൽ ഉപയോഗപ്പെടുത്തിയിരുന്നു.

ദുഃഖകരമെന്നു തന്നെ പറയട്ടെ! സുവിശേഷപ്രവൎത്തകരായ അനേകർ കൎത്താവിനെ സേവിക്കുന്നതിനുള്ള സന്ദർഭങ്ങഠം തേടി പുറത്തേക്കു പോകാറില്ല വല്ലവരും അവരെ തേടി വന്നാൽ അതൊരു ശല്യമായി കരുതുന്നവർ പോലും ഉണ്ടു്. ദൈവം തന്ന ഒരു സന്ദൎഭമായി പരിഗണിച്ചു പ്രവൎത്തിക്കുന്നതിനുപകരം ഒഴിഞ്ഞുമാറാൻ ആഗ്രഹിക്കുന്നവരെക്കുറിച്ചു എന്താണു് പറയേണ്ടതു്. സാക്ഷാൽ മടിയന്മാർ.

തങ്ങളുടെ പ്രവൃത്തികളിൽ ഉദാസീനന്മാരായവരെ നിങ്ങഠം കണ്ടിട്ടുണ്ടോ? അവർ വളരെ ചെറിയ കാൎയ്യങ്ങഠം മാത്രം ഏറ്റെടുക്കയും ആവോളം താമസിപ്പിച്ചു, മെല്ലെ, മെല്ലെ നീങ്ങിക്കൊണ്ടിരിക്കയും ചെയ്യും. അവർ സമയം കൊല്ലികളാണു്. അവരിലുള്ള കുഴപ്പമെന്താണു്? സാക്ഷാൽ **"കുഴിമടിയന്മാർ"** അതാണു് കുഴപ്പം.

ഫിലിഫ്യരോടു പൗൽ പറയുന്നു. "അതേ കാൎയ്യം നിങ്ങഠംക്കു എഴുതുന്നതിൽ എനിക്കു മടുപ്പില്ല; നിങ്ങഠംക്കു അതു ഉറപ്പുമാകുന്നു." (3:1) തുടൎന്നു എഴുതിക്കൊണ്ടിരിക്കുന്നതിൽ കാരാഗൃഹത്തിൽ കിടക്കുന്ന പൗലോസിന്നു, മടുപ്പില്ല. ഫിലിഫ്യർക്കു അതു പ്രയോജനപ്പെടും എന്നുള്ളതുകൊണ്ടു്. മററു പലരിൽ നിന്നും എത്ര

വ്യത്യാസപ്പെട്ട ഒരു പരിജ്ഞാനം! എന്തെങ്കിലും ഒന്നുകൂടെ ആവ ത്തിക്കണമെന്നു പറഞ്ഞാൽ അതു് എടുത്താൽ പൊങ്ങാത്ത ഒരു ചുമടായി പലരും കരുതും. ഏതുകാൎയ്യവും ഭാരമാണെന്നു കരുതു ന്നവർക്കു ദൈവത്തിൻെറ എന്നല്ല, മനുഷ്യരുടെപോലും വിശ്വ സ്തപ്രവൎത്തകരായിരിക്കുവാൻ കഴിയുന്നതല്ല. "മുഴുസമയശുശ്രൂഷ കന്മാർ" എന്നു അവകാശപ്പെടുന്ന ചിലർ അദ്ധ്വാനിച്ചു പ്രവൎത്തി ക്കയോ, കൎത്താവിനു കണക്കുകൊടുക്കേണ്ടവരാണെന്നു കരുതുകയോ ചെയ്യുന്നവരല്ല. കർത്തൃവേലയിൽ അവർ പ്രദർശിപ്പിക്കുന്ന മ നോഭാവം ലോകത്തിലെ യാതൊരു പ്രവൎത്തനത്തിലും വച്ചു പുല ൎത്തുവാൻസാദ്ധ്യമല്ലെങ്കിലും ദൈവിക കാൎയ്യങ്ങളിൽ അതൊക്കെ മതിയെന്നാണു് അവർ കരുതുന്നതു്. മററുള്ളവൎക്കുവേണ്ടിയുള്ള സേവനത്തിൽ മടുപ്പു തോന്നാതെ, സന്തോഷത്തോടുകൂടെ നിർവ്വ ഹിക്കുവാൻ കഴിയുന്ന ഒരനുഭവം നമുക്കു ഉണ്ടാകുവോളം, ആവ ശ്യമായ പരിശീലനം നമുക്കു ലഭിക്കേണ്ടിയിരിക്കുന്നു. ആത്മികശു ശ്രൂഷയ്ക്കായി പൗലൊസു തന്നെത്താൻ സമർപ്പിച്ചു എന്നു മാത്രമ ല്ല, കഠിനമായ ശരീരാദ്ധ്വാനംകൂടെ അവൻ ചെയ്തുവന്നിരുന്നു. അവൻ പറയുന്നതു ശ്രദ്ധിക്കുക: "എൻെറ മുട്ടിന്നും എന്നോടുകൂടെ യുള്ളവൎക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചു എന്നു നിങ്ങൾക്കു് അറിയാമല്ലോ." പ്രവൃ. 20:34 കൎത്താവിൻെറ യഥാ ൎത്ഥദാസനെ ഇവിടെ കാണാം.

## കൎത്താവിൻെറ മാതൃക.

കർത്തൃദാസന്മാരെന്നു പറയപ്പെടുന്നവരിൽ ചിലർക്കു അ ദ്ധ്വാനിക്കുന്നതു തീരെ വെറുപ്പാണു്. എന്തു കാരണമുണ്ടാക്കിയും ഒഴിഞ്ഞുമാറുവാനാണു് അവർ ഇഷ്ടപ്പെടുന്നതു്. മററു ചിലർ അങ്ങുമിങ്ങും കറങ്ങിനടന്നു് അധികം നല്ല അവസരമുണ്ടാകാനാ യി കാത്തിരുന്നു് ഒന്നും ചെയ്യാത്തവരായി കഴിഞ്ഞുകൂടുന്നു. യ ഥാൎത്ഥ ദൈവദാസന്മാർ, ലഭിക്കുന്ന ചെറിയ അവസരങ്ങൾകൂടെ യും ഉപയോഗപ്പെടുത്തുകയും കൂടുതൽ സന്ദൎഭങ്ങൾക്കായി കൎത്താ വിൽ ജാഗരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. "എൻെറ പിതാവു

പ്രവത്തിക്കുന്നു; അതുകൊണ്ടു ഞാനും പ്രവത്തിക്കുന്നു'' (യോഹ. 5:17) എന്നു നമ്മുടെ കത്താവു് ഒരിക്കൽ പറഞ്ഞു. മററൊരിക്കൽ അവൻ ശിഷ്യന്മാരോടു സന്ദർഭോചിതമായ ഒരു ചോദ്യം ചോദിച്ചു: ''കൊയ്ത്തിന്നു് ഇനി നാലു മാസമുണ്ടെന്നു് നിങ്ങൾ പറയുന്നില്ലേ'' എന്നു്. മറുപടിയും കത്താവുതന്നെ പറഞ്ഞു. ''നിങ്ങൾ തലപൊക്കിനോക്കിയാൽ വയലുകൾ കൊയ്ത്തിന്നു ഇപ്പോൾതന്നെ വിളഞ്ഞിരിക്കുന്നതു് കാണാം'' യോഹ. 4:35. നാലു മാസംകൂടെ കാത്തിരിക്കുവാനാണു് ശിഷ്യന്മാർ ഒരുങ്ങിയിരുന്നതു്. കത്താവു അവരോടു പറയുന്നതു്: ഇനി കാത്തിരിക്കേണ്ടതില്ല; ഇതാ പ്രവത്തിപ്പാൻ ഇപ്പോഴാണു സമയം,എന്നത്രെ. ''തല പൊക്കി നോക്കുക'' എന്നു അവൻ പറഞ്ഞപ്പോൾ അവനു് ഏതു തരം വേലക്കാരാണു് വേണ്ടതു് എന്നു് അവൻ സൂചിപ്പിക്കുകയായിരുന്നു. വേലയ്ക്കു സമയം കാത്തുകഴിയുകയും വേലകൾ തന്നെ തേടി വരുമെന്നു് കരുതുകയും ചെയ്യുന്നവരെയല്ല, നേരെമറിച്ചു, നിർവ്വഹിക്കപ്പെടേണ്ട വേലയെ കണ്ടുപിടിച്ചു നിറവേററുന്ന ആളുകളെയാണു് കത്താവിന്നു വേണ്ടതു്. താൻ ചെയ്ത എല്ലാക്കാര്യങ്ങളും പിതാവിനോടു കൂട്ടുചേന്നു യേശു ചെയ്തു. പിതാവു് എപ്പോഴും പ്രവർത്തിച്ചു; അതുകൊണ്ടു പുത്രനും ഇളവുകൂടാതെ ഒരുമിച്ചു പ്രവത്തിച്ചു. അസ്വസ്ഥരായ ആളുകളുടെ വെമ്പൽ പിടിച്ച പ്രവത്തനങ്ങളെയല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. പിതാവിൻെറ ഇഷ്ടം അറിഞ്ഞു പ്രവത്തിക്കുന്നതിൽ ശ്രദ്ധാലുവായി നോക്കിക്കൊണ്ടിരിക്കയും, ദൈവത്തോടൊന്നിച്ചു ജാഗ്രതയോടെ അദ്ധ്വാനിക്കയും ചെയ്യുന്ന ഒരു വിശ്വസ്തദാസനെയാണു് ആവശ്യം. ദൈവം ഇന്നു എന്തു ചെയ്യുന്നു എന്നറിയുന്ന ആളുകൾ എത്ര ചുരുക്കം! വിളഞ്ഞുകിടക്കുന്ന ധാന്യത്തെ കാണാതെ വയലുകൾ പിമ്പിട്ടുപോകുന്നതിനുള്ള സാദ്ധ്യത, ദുഃഖകരമായ സാദ്ധ്യത, വളരെയാണു്. വേലയുടെ അടിയന്തിരസ്വഭാവം മനസ്സിലാക്കാത്ത വിശ്വാസികൾ നാലുമാസം അവധാനതയോടെ കഴിച്ചുകൂട്ടുകയും ഒടുവിൽ അപ്രയോജന ഭൃത്യന്മാരായി കാണപ്പെടുകയും ചെയ്യുന്നു. ഇന്നു ചെയ്യേണ്ടുന്ന കാര്യങ്ങൾ നാളെയ്ക്കായി മാററിവെക്കാതെ,

കടന്നുപോകുന്ന ഓരോ നിമിഷവും പ്രയോജനപ്പെടുത്തുന്ന അത്യുത്സാഹികളായ പ്രവർത്തകരെയാണു് കർത്താവിനു വേണ്ടതു്. വേല ചെയ്യുന്നതിനു് ഒരുക്കമില്ലാത്തതുനിമിത്തം ചില സ്ഥലങ്ങളിൽ വിളവുകൾ കൊയ്യപ്പെടാതെയുമിരിക്കുന്നുവെന്നുള്ളതു് എത്ര ദുഃഖകരമായിരിക്കുന്നു!

## ജാഗ്രത വർദ്ധിച്ചുവരണം

കർത്താവിനെ സേവിക്കുന്നതിൽ ശുഷ്കാന്തി ഒഴിച്ചുകൂടാത്തതാണു്. അതു പ്രഥമമായി ഒരു ആന്തരിക നിലപാടാകുന്നു; ബാഹ്യപ്രകടനങ്ങളല്ല. അലസമായ ഒരു പ്രകൃതിവിശേഷത്തിന്നു നാം അടിമപ്പെട്ടുകൂടാ. ജാഗ്രത പുലർത്തുന്ന സ്വഭാവത്തെ വളർത്തിക്കൊണ്ടു വരേണ്ടതു് അത്യാവശ്യം. കുറച്ചു സമയം അല്പം അദ്ധ്വാനിച്ചതുകൊണ്ടുമാത്രം മതിയാകുന്നതല്ല. പിന്നെയും പഴയ അലസതയിലേക്കു തിരിച്ചു പോകാവുന്നതാണു്. അതുകൊണ്ടു ശുഷ്കാന്തിയുടെ കാര്യത്തിൽ അടിസ്ഥാനപരമായ ഒരു പരിവർത്തനമാണു് വേണ്ടതു്. "കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ വന്നതു" എന്നുള്ള നമ്മുടെ കർത്താവിൻെറ വാക്കുകൾ നമുക്കു പരിചയമുള്ളവയാണല്ലൊ. മനുഷ്യനുമായി പരിചയപ്പെടാൻ മാത്രമായിട്ടല്ല കർത്താവു വന്നതു്. അവരെ അന്വേഷിച്ചു, കണ്ടെത്തി, രക്ഷിക്കുവാനായി കർത്താവു വന്നു. അന്വേഷിച്ചു, കണ്ടെത്തി രക്ഷിക്കുന്നതിനു എത്രയേറെ അവിടുന്നു ബദ്ധപ്പെട്ടു. അതേ മനോഭാവംതന്നെ നമുക്കും ഉണ്ടാകണം.

രണ്ടാം ലേഖനം ഒന്നാം അദ്ധ്യായത്തിൽ പത്രോസ് ഇപ്രകാരം എഴുതുന്നു: "അതു നിമിത്തം നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, വിശ്വാസത്തോടു വീര്യവും, വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും, ഇന്ദ്രിയജയത്തോടു സ്ഥിരതയും, സ്ഥിരതയോടു ഭക്തിയും, ഭക്തിയോടു സഹോദരപ്രീതിയും കൂട്ടിക്കൊൾവിൻ 5-7. ജാഗ്രതയുള്ള എല്ലാവരിലും കൂട്ടി

കൊണ്ടിരിക്കുന്ന ഈ സ്വഭാവം വളൎന്നു വരുന്നതാണ്. ആത്മികലോകത്തിലെ പുതിയപുതിയ മേഖലകൾ നിരന്തരം നമുക്കവെളിപ്പെട്ടുകൊണ്ടിരിക്കേണ്ടതിന്ന് കുട്ടിച്ചേൎത്തുകൊണ്ടിരിക്കുന്ന ഈ പ്രകൃതിയെ നാം പരിപോഷിപ്പിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്താൽ യേശുക്രിസ്തുവിൻെറ പ്രയോജനമുള്ള ഭൃത്യന്മാരുടെ കൂട്ടത്തിൽ നാമും കാണപ്പെടും. അവൻെറ സേവനത്തിൽ അതിതീക്ഷ്ണതയുള്ളവരായി നാം കാണപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ കൎത്തൃദാസന്മാരിൽ ചിലർ തങ്ങളുടെ ഉത്തരവാദിത്വത്തെപ്പററി ബോധമുള്ളവരല്ല. വയലിൻെറ വലിപ്പം അവൎക്കു അറിഞ്ഞുകൂടാ. ലോകത്തിൻെറ അങ്ങേ അററത്തെ അതിൎത്തികളിലേക്കു സുവിശേഷം എത്തിക്കേണ്ടതാണെന്നുള്ള വിചാരം അവൎക്കു ഇല്ല. അവർ എത്രയും കുറച്ചു പ്രവൎത്തിക്കയും കൂടുതൽ പ്രതീക്ഷിക്കയും ചെയ്യുന്നു. ഇന്നു ആരും രക്ഷിക്കപ്പെട്ടു കണ്ടില്ലെങ്കിൽ നാളെ രക്ഷിക്കപ്പെടും എന്നവർ കരുതും. നാളെയും കണ്ടില്ലെങ്കിലോ എന്നെങ്കിലും ഉണ്ടാകുമെന്നു അവർ ആശിക്കും. ശുഭപ്രതീക്ഷകർ! അങ്ങനെ നാളുകൾ തള്ളിനീക്കുന്നു. ഇത്തരക്കാരിൽക്കൂടെ കൎത്താവിൻെറ ഉദ്ദേശ്യം എങ്ങനെ നിൎവ്വഹിക്കും?

## ഒന്നിനുപുറകെ മറെറാന്നു്

പത്രോസു വ്യത്യാസപ്പെട്ട ഒരാളായിരുന്നു. നാം വായിച്ച ഭാഗത്തിൽ അലസമനോഭാവക്കാരെ തട്ടിയുണൎത്തി ഉൽസുകന്മാരാക്കിത്തീൎക്കുന്ന വാക്കുകളാണ് നാം കണ്ടതു്. ആ ഭാഗം ഒന്നുകൂടെ വായിച്ചുനോക്കുക. തൻെറ ലേഖനം മൂലം മററുള്ളവരിൽ ആത്മവീൎയ്യം ഉളവാക്കുന്നതിനു അവനിൽ വ്യാപരിച്ച ആത്മചൈതന്യത്തിൻെറ നാഡിയടിപ്പുകൾ ശ്രദ്ധിക്കത്തക്കവയാണ്. നിങ്ങൾക്കു ഒരു ദൈവികഗുണം സിദ്ധിച്ചാലുടനെ തന്നെ മറെറാന്നിന്നായി നിങ്ങൾ ഉദ്യമിക്കണം. അതു സാധിച്ചാൽ അപ്പോൾ തന്നെ മറെറാന്നിന്നായി. ഇങ്ങനെ ഒന്നിനുപുറകെ ഒന്നായി എല്ലാ ദിവ്യ സ്വഭാവങ്ങളും സ്വായത്തമാക്കണമെന്നാണ് ആ

ഭാഗങ്ങളിൽ പറഞ്ഞിട്ടുള്ളവയുടെ സാരാംശം. നിങ്ങാംക്ക എന്തൊന്നു കൈവശമായോ അതിൽ തൃപ്തിപ്പെട്ടിരിക്കാതെ മുന്നോട്ടു കുതിച്ചുകൊണ്ടേയിരിക്കണം. ഒന്നിനു പുറകെ ഒന്നായി എല്ലാം കൈവശമാകുവോളം ലക്ഷ്യത്തിലേക്ക പാഞ്ഞുകൊണ്ടിരിക്കേണ്ടതാണു്. വിശ്രമരഹിതമായ ഈ അദ്ധ്വാനത്തിൻെറ ഉദ്ദേശ്യം എന്താണു്? പത്രോസു അക്കാൎയ്യം വ്യക്തമാക്കിയിട്ടുണ്ടു്. “ഇവ നിങ്ങാംക്കുണ്ടായി വൎദ്ധിക്കുന്നുവെങ്കിൽ നിങ്ങാം നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൻെറ പരിജ്ഞാനം സംബന്ധിച്ചു ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല” വാ.8.

നോക്കുക. ശുഷ്ക്കാന്തി അലസതയെ നിൎമ്മാൎജ്ജനം ചെയ്യുന്നു. മടിമൂലം നഷ്ടപ്പെടുന്നവയെ ശുഷ്ക്കാന്തിമൂലം വീണ്ടെടുക്കുന്നു. മടിയുടെ ചുവടു അലസതയാണു്. അതിനുള്ള പ്രതിവിധിയാണു് ശുഷ്ക്കാന്തി. നമുക്ക ജോലിയൊന്നുമില്ലെന്നു കണ്ടാൽ എങ്ങനെയും ജോലി നാം കണ്ടുപിടിക്കണം. സ്വഭാവത്താൽ നമ്മിലുള്ള കുറവുകാംക്കു് നാം പരിഹാരമുണ്ടാക്കേണ്ടിയിരിക്കുന്നു. ഒന്നാമത്തെ കാൎയ്യത്തിന്നു പ്രതിവിധിയുണ്ടാക്കിയ ശേഷം രണ്ടാമത്തേതു്, പിന്നെ മൂന്നാമത്തേതു, ഇങ്ങനെ എല്ലാററിന്നും, “നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൻെറ പരിജ്ഞാനം സംബന്ധിച്ചു. ഫലമില്ലാത്തവരോ ഉത്സാഹമില്ലാത്തവരോ” അല്ല എന്നു പറയാറാകുവോളം, പരിഹാരം ഉണ്ടാക്കേണ്ടതാണു്. ദൈവസഹായത്താൽ നാം ഇതു് സാധിക്കുന്നപക്ഷം അടിസ്ഥാനപരമായിത്തന്നെ വ്യത്യാസപ്പെടും. നാം വൃഥാവിൽ കറങ്ങി നടക്കുന്നവരാകാതെ കൎത്തൃവേലയിൽ കഠിനാദ്ധ്വാനം ചെയ്യുന്നവരും അതിൽ സന്തോഷിക്കുന്നവരുമായിത്തീരും.

തൻെറ വായനക്കാർ തീക്ഷ്ണതയുള്ളവരായിത്തീരണമെന്നുള്ളതിൽ പത്രോസിനു നിരന്തരമായ ശുഷ്ക്കാന്തിയുണ്ടായിരുന്നു. 15-ാം വാക്യത്തിൽ അവൻ പറയുന്നതു് ശ്രദ്ധിക്കുക. “അതു് നിങ്ങാം എൻെറ നിൎയ്യാണത്തിന്നു ശേഷവും എപ്പോഴും ഓൎത്തുകൊാം

വാൻ തക്കവണ്ണം ഞാൻ ഉത്സാഹിക്കും. ഇവിടെ കാണുന്ന സർവ്വപ്രധാനമായ കാര്യം, പ്രത്യക്ഷവും പുറമെ കാണപ്പെടുന്നതുമായ യാതൊന്നുമല്ല, പത്രോസിൽ, അത്യദ്ധ്വാനം ചെയ്യുന്നതിനു പ്രേരകമായിത്തീർന്ന ഒരു ആന്തരിക തീവ്രതയാണ്; ആത്മാവിൻെറ തീക്ഷ്ണതയേറിയ ജാഗ്രത.

## "തീവ്രയത്നപരിപാടി" കൈക്കൊള്ളുക

നമ്മുടെ ഉത്തരവാദിത്വത്തിൻെറ ഘനം എത്ര വലുതാണെന്ന വസ്തുത നമുക്കു ബോദ്ധ്യപ്പെട്ടിരുന്നുവെങ്കിൽ! നമ്മുടെ ചുററും കാണപ്പെടുന്ന ആവശ്യകതകളുടെ അടിയന്തിര സ്വഭാവം, ലഭ്യമാകാവുന്ന സമയത്തിൻെറ പരിമിതി, ഇങ്ങനെ കാര്യങ്ങളുടെ ഗുരുതരമായ സ്ഥിതിഗതികൾ നമുക്കു ബോദ്ധ്യപ്പെടുമെങ്കിൽ അതികഠിനമായി അദ്ധ്വാനിച്ചുകൊണ്ടിരിക്കുവാൻ നാം നിർബ്ബന്ധിതരായിത്തീരുന്നതാണ്. ഭക്ഷണമോ ഉറക്കമോ ഇവയൊന്നും തന്നെ നമുക്കു മാർഗ്ഗതടസ്സമായി നില്ക്കുന്നതല്ല. പകൽ കഴിയാറായി. ആവശ്യങ്ങൾ കുന്നുകൂടി ബാക്കിയായി ശേഷിച്ചിരിക്കുന്നു. ഘനതരങ്ങളായ നമ്മുടെ ചുമതലകൾ ഇനിയും നാം നിർവ്വഹിച്ചിട്ടില്ല. നമ്മുടെ ചുററും മരിച്ചുകൊണ്ടിരിക്കുന്നവരുടെ നടുവിൽ നാമും മരിക്കേണ്ടവരാണെന്ന വസ്തുത മുൻനിർത്തി, സർവ്വശക്തിയോടുംകൂടെ പ്രവർത്തിക്കുക. കാര്യങ്ങളെ വിളംബപ്പെടുത്തുന്ന സ്വാഭാവിക അലസതകളെ തട്ടിമാററി പ്രവർത്തനത്തിന്നായി നമ്മെത്തന്നെ സജ്ജമാക്കുക. നാം ഗാഢനിദ്രയിൽനിന്നും ഉണന്നു പ്രവർത്തിക്കുവാൻ പൊടികുടഞ്ഞ് എഴുന്നേററുവരുന്നില്ലെങ്കിൽ കർത്താവിനെ സേവിക്കുവാൻ നാം തല്പരരാണ് എന്നു പറയുന്നതുകൊണ്ടു എന്തു ഫലമാണ് ഉള്ളതു്? നമ്മുടെ ആന്തരികമായ അമാന്തപ്രകൃതിക്കു നാം അധീനപ്പെട്ടിരിക്കുന്നപക്ഷം നമുക്കുണ്ടെന്നവകാശപ്പെടുന്ന വിജ്ഞാനസമ്പത്തുകൊണ്ട് എന്തു പ്രയോജനം?

## ഒരു അപകട അറിയിപ്പ്

തുടക്കത്തിൽ നാം ആലോചിച്ച, മത്തായി. 25_ാം അദ്ധ്യായത്തിലേക്ക തന്നെ നമുക്ക തിരിച്ചുവരാം. "ദുഷ്ടത" "മടി" എന്നീ രണ്ടു കുററങ്ങൾക്ക, ന്യായാസനത്തിൻെറ മുമ്പിൽ വിധേയനായിത്തീൎന്ന ആ കർത്തൃദാസനെക്കുറിച്ചുള്ള ഉപമയെപ്പററി ആലോചിക്കുക. കർത്താവു താൻതന്നെ അവനു ശിക്ഷവിധിച്ചു. 'കൊള്ളരുതാത്ത ദാസനെ ഏററവും പുറത്തുള്ള ഇരുട്ടിലേക്ക തള്ളിക്കളയുവിൻ" (വാ.30) എന്നു്. മടിയനായ ദാസൻ "കൊള്ളരുതാത്തവൻ" ആണെന്നത്രേ കർത്താവു പറഞ്ഞതു്. ശുഷ്കാന്തിയുള്ള ദാസന്മാരെ മാത്രമേ കർത്താവിനു ആവശ്യമുള്ളു. ഇക്കാൎയ്യം ലഘുവാണെന്നു് കരുതരുതു്. ഗൗരവാവഹമായ ഈ വിപൽ പ്രബോധനത്തെ ഘനതരമായ നിലയിൽ സ്വാഗതം ചെയ്തു്, ഉദാസീനമായ പ്രകൃതികളിൽനിന്നും വിമോചിക്കപ്പെടേണ്ടതിന്നു കർത്തൃസഹായം തേടുക. അലസത അനേകകാലം പരിചയിച്ചുവന്ന ഒരു ദുഷ്പ്രകൃതിയാണു്. ഏതാനും ദിവസങ്ങൾകൊണ്ടു് അതു മുഴുവനായി പരിഹരിച്ചുകളയാമെന്നോ ലഘുവായ ചികിത്സകൊണ്ടു് അതുമാറിപ്പോകുമെന്നോ കരുതരുതു്. കർത്താവിൻെറവേലയിൽ നാം കൊള്ളരുതാത്തവരായി കാണപ്പെടാതിരിക്കണമെങ്കിൽ, മടിയോടു വിട്ടുവീഴ്ചയില്ലാത്ത സമരം തന്നെ നടത്തേണ്ടതാണു്.

## അദ്ധ്യായം രണ്ടു്

# സ്ഥിരമാനസൻ.

വായനഭാഗങ്ങറം;- മത്താ. 16: 13_23; 1 പത്രോ. 2: 5; മത്താ. 18: 18; 26: 31_41, 69_75; മക്കോ. 14: 54, 66_68.

എല്ലാ കർതൃദാസന്മാരിലും തെളിഞ്ഞുകാണേണ്ടതായ മറെറാരു ഗുണം സ്ഥിരതയാണു്. കഷ്ടമെന്നു് തന്നെ പറയട്ടെ അനേകർ അസ്ഥിരന്മാരാണു്. അവരുടെ മനോഗതികറം കാലാവസ്ഥയ്ക്കനുസരിച്ചു് മാറിക്കൊണ്ടിരിക്കും; സാഹചര്യങ്ങളുടെ കളിപ്പാട്ടങ്ങളായി അവർ ഇരിക്കുന്നതുകൊണ്ടു് അവരെ ആക്കും ആശ്രയിക്കാൻ തരമില്ല. അവർ നല്ല ഉദ്ദേശമുള്ളവരാണു്; എന്നാൽ വികാരങ്ങറംക്കനുസരണമായി ആടുന്നവരായതുകൊണ്ടു അടിയുറപ്പുള്ളവരല്ല.

അനിശ്ചിതസ്വഭാവക്കാരനെന്ന നിലയിൽ ബൈബിറം പത്രോസിനെ ചിത്രീകരിച്ചിട്ടുണ്ടു്. ജനങ്ങറം തന്നെ ആരെന്നാണു് പറയുന്നതെന്നു് ഒരിക്കൽ കർത്താവു തൻെറ ശിഷ്യന്മാരോടു ചോദിച്ചു. യോഹന്നാൻ സ്നാപകൻ എന്നു ചിലർ, ഏലിയാവെന്നു് മററ ചിലർ, യിരമ്യാവോ പ്രവാചകന്മാരിൽ ആരെങ്കിലുമോ എന്നു വേറെ ചിലരും പറയുന്നു എന്നു് അവർ മറപടി പറഞ്ഞു. എന്നാൽ ഞാൻ ആരെന്നാണു നിങ്ങറം പറയുന്നതെന്നു് കർത്താവു ശിഷ്യന്മാരോടു ചോദിച്ചു. ''നീ ജീവനുള്ള ദൈവത്തിൻെറ പുത്രൻ'' എന്നായിരുന്നു പത്രോസിൻെറ ഉടനടിയായ മറപടി. അപ്പോറം കർത്താവു് അവനോടു്: ''ബർയോനാശിമോനെ, നീ ഭാഗ്യവാൻ, ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവത്രെ നിനക്കു് ഇതു് വെളിപ്പെടുത്തിയതു്. നീ പത്രോസ് ആകു

ന്നു. ഈ പാറയിന്മേൽ ഞാൻ എന്റെ സഭയെ പണിയും''എന്നു് അരുളിച്ചെയ്തു (മത്താ. 16.13_18).

## സഭയുടെ സ്ഥിരതയും ഉറപ്പും

ഈ പ്രസ്താവന കുറിക്കൊള്ളുക: "ഈ പാറയിന്മേൽ ഞാൻ എന്റെ സഭയെ പണിയും''. കർത്താവു് ഈ കാര്യങ്ങൾ പറയുമ്പോൾ, മലയിൽവെച്ചു് പറഞ്ഞ കാര്യങ്ങൾ: കാററും വെള്ളപ്പൊക്കവും ഉണ്ടായാറെ ഉറച്ചുനിന്ന പാറമേൽ വീടുപണിത ബുദ്ധിമാനായ മനുഷ്യനും, കാററും വെള്ളപ്പൊക്കവുമുണ്ടായപ്പോൾ തകൎന്നുവീണ, മണലിന്മേൽ വീടു പണിത മനുഷ്യനും അവിടുത്തെ ഓൎമ്മയിൽ ഉണ്ടായിരുന്നിരിക്കും. സഭയ്ക്കുണ്ടാകാവുന്ന എതിർപ്പുകൾ എന്തൊക്കെയുമാകട്ടെ, യേശുക്രിസ്തുവായ പറയിന്മേൽ അതു പണിയപ്പെട്ടിരിക്കകൊണ്ടു്, അതു് തകരാതെ, ഉറച്ചുനിൽക്കുക തന്നെ ചെയ്യും.

കുറെ കാലങ്ങളുടെ ശേഷം പത്രോസും താഴെ കാണും പ്രകാരം എഴുതി. "നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി പണിയപ്പെടുന്നു'' (1 പത്രോ. 2: 5). തറക്കെട്ടിനു് ഉപയോഗിച്ച അതേ തരം സാധനങ്ങൾകൊണ്ടാണു് മീതെയുള്ള ഭാഗങ്ങളും പണിയുന്നതു്. അതുകൊണ്ടു് അടിത്തറയ്ക്കുള്ള ഉറപ്പു തന്നെ മേൽഭാഗങ്ങൾക്കും ഉണ്ടായിരിക്കും. എല്ലാവരും ജീവനുള്ള കല്ലുകൾ എന്ന മുറയ്ക്കു് എല്ലാ കർത്തൃദാസന്മാരിലും സ്ഥിരത ഉണ്ടായേ മതിയാവൂ. കർത്താവു പത്രോസിനോടു് പറഞ്ഞു: "നീ കല്ലാകുന്നു (ഗ്രീക്കിൽ Petro ഒരു കല്ലു്) ഈ പാറമേൽ (ഗ്രീക്കിൽ Petra) ഞാൻ എന്റെ സഭയെ പണിയും'' എന്നു്. പാതാളഗോപുരങ്ങൾ അതിന്മേൽ പ്രബലപ്പെടുകയില്ല. കെട്ടിടത്തിന്മേൽ വെച്ചു പണിയുന്ന ഒരു കല്ലു്, അടിസ്ഥാനത്തിലെ വിരിപാറയെപ്പോലെ ആയിരിക്കുന്നതല്ലല്ലോ. എന്നാൽ അടിസ്ഥാനത്തിലെ വിരിപാറയും, മീതെ കെട്ടിപ്പണിയുന്ന കല്ലു

കളും ഒരേ മൂലത്തിൽ നിന്നുള്ളവയാണു്. സഭയാകുന്ന മന്ദിരത്തിൻെറ പണിക്കു് ഉപയോഗപ്പെടുത്തുന്ന കല്ലുകൾ അളവിൽ ചെറുതും വ്യത്യസ്തവും തന്നെയെങ്കിലും, ഉറപ്പിൻെറ കാര്യത്തിൽ സഭയുടെ അടിസ്ഥാനവും ശിരസ്സുമാകുന്ന ക്രിസ്തുവിനെപ്പോലെ മാററമില്ലാത്തവയത്രെ.

നാം ഉദ്ധരിച്ച വേദഭാഗത്തിൻെറ തുടർച്ച എങ്ങനെപോകുന്നു എന്നു നോക്കുക. "സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും" പത്രോസിനു് നൽകിയ ഈ വാഗ്ദത്തം പിന്നീടു് സഭയ്ക്കു് നൽകിയിരിക്കുന്നു (മത്താ. 18: 18). ഒരു വ്യക്തിയെന്ന നിലയിലാണു് പത്രോസിനു ആ വാഗ്ദത്തം നൽകിയതു്. എന്നാൽ ക്രിസ്തുവിൻെറ ഒരു ശുശ്രൂഷകൻ ആയതുകൊണ്ടത്രെ പത്രോസിൻെറ പക്കൽ സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ ഏല്പിച്ചതു്. വാതിലുകൾ തുറക്കുന്നവൻ ആയിരിക്കേണ്ടതിനു് താക്കോലുകൾ അവനു് കൊടുത്തു. പെന്തക്കോസ്ത ദിവസത്തിലും, പിന്നീടു് കോർന്നല്യോസിൻെറ വീട്ടിലും ആ താക്കോലുകൾ അവൻ ഉപയോഗിക്കയും, യഹൂദന്മാരേയും, ജാതികളേയും, വാതിൽ തുറന്നു അകത്തേയ്ക്കു് പ്രവേശിപ്പിക്കുകയും ചെയ്തു. ഫിലിപ്പിൻെറ കൈസര്യായിൽവെച്ചു് ഈ കാര്യങ്ങൾ യേശു പത്രോസിനോടു് പറയുമ്പോൾ, തക്കോലുകൾ ഉപയോഗപ്പെടുത്തുവാൻ അവൻ കഴിവുള്ളവനായിരുന്നില്ല. എന്നാൽ അവനിലുണ്ടായിരുന്ന അസ്ഥിരത നിശ്ശേഷം നീങ്ങി പാറപോലെ അവൻ ഉറപ്പുള്ളവനായിത്തീരുകയും അങ്ങനെ താക്കോലുകൾ കൈകാര്യം ചെയ്വാൻ അവൻ പ്രാപ്തനായിത്തീരുകയും ചെയ്തു. പൂട്ടുകയും തുറക്കുകയും ചെയ്യുവാൻ ക്രിസ്തുവിൻെറ ശുശ്രൂഷകൻ എന്ന നിലയിൽ അവനു ലഭിച്ച അധികാരം അവൻ പ്രയോജനപ്പെടുത്തി.

## സഭാംഗങ്ങളുടെ സ്ഥിരത.

അനിശ്ചിത സ്വഭാവത്തോടുകൂടിയ ആക്കം തന്നെ ഈ താ

ക്കോലുകൾ യോഗ്യമായ വിധം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതല്ല. ശുശ്രൂഷയ്ക്കു് അനുയോജ്യമായ ഒരു സ്വഭാവംതന്നെ ശുശ്രൂഷക്കാരനും ഉണ്ടായിരിക്കണം. പാതാളഗോപുരങ്ങൾക്കു് പ്രബലപ്പെടുവാൻ കഴിയാത്ത സഭയുടെ പ്രകൃതിയാണു് ശുശ്രൂഷയ്ക്കും ശുശ്രൂഷക്കാരനും ഉണ്ടായിരിക്കേണ്ടതു്. എന്നാൽ സങ്കടകരമെന്നുതന്നെ പറയട്ടെ, പാതാളഗോപുരങ്ങൾ അനവധി ക്രിസ്തീയ പ്രവത്തകരുടെ മേൽ പ്രബലപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കാരണം അവർ ചാഞ്ചാടുന്നവരാണു്. അവരെ വേലകൾ ചുമതലപ്പെടുത്തി ഏല്പിച്ചുകൂടാ. തെററായ ഈ അവസ്ഥയ്ക്കു മാററം വരുന്നില്ലെങ്കിൽ നമ്മെ ഭരമേല്പിക്കുന്ന പ്രത്യേക ചുമതലകൾ നിവ്വഹിക്കുവാൻ നമുക്കു കഴിയുന്നതല്ല. എന്നാൽ ദൈവത്തിനു മഹത്വമുണ്ടാകട്ടെ, പത്രോസിനെ വ്യത്യാസപ്പെടുത്തിയ കത്താവിൻെറ പക്കൽ ആ വിധ വ്യത്യാസം നമ്മിലും ഉളവാക്കുവാൻ പര്യാപ്തമായ ഉപകരണങ്ങൾ എല്ലാം ഉണ്ടു്. ജീവിതത്തെ അലങ്കോലമാക്കുന്ന എല്ലാ ബലഹീനതകളും പരിഹരിച്ചു അവിടുത്തെ ഉദ്ദേശ്യനിവൃത്തിക്കുപയുക്തമായ ഒരു ആയുധമാക്കി നമ്മെ രൂപാന്തരപ്പെടുത്തുവാൻ അവനു കഴിയും, നമുക്കു് സമ്മതമുണ്ടെങ്കിൽ.

യേശുക്രിസ്തു ദൈവത്തിൻെറ പുത്രനാണെന്നു പത്രോസ് മനസ്സിലാക്കിയതു് വെളിപ്പാടു മൂലമാണെന്നു ബൈബിളിൽ പറഞ്ഞിരിക്കുന്നു. അത്യത്ഭുതകരമായ ഈ വെളിപ്പാടു് അവനു സ്വന്തം കഴിവുകൾ മൂലം ലഭിക്കുമായിരുന്നില്ല. മററാക്കെങ്കിലും അവനു വെളിവാക്കിക്കൊടുക്കുവാനും കഴിയുകയില്ലായിരുന്നു. ദൈവം താൻ തന്നെ ഇക്കാര്യം അവനു വെളിപ്പെടുത്തി. ഈ കാര്യത്തിന്നു് ശേഷമാണു് യേശുക്രിസ്തുവിനു് നേരിടാനിരിക്കുന്ന കഷ്ടാനുഭവങ്ങളേയും മരണത്തേയും കുറിച്ചു് കുറേശ്ശെയായി അവരോടു് പറഞ്ഞു തുടങ്ങിയതു്. തൻെറ ക്രൂശുമരണത്തേയും പുനരുത്ഥാനത്തേയും പററി അവരോടു് അവൻ തുറന്നുപറഞ്ഞു. അപ്പോൾ "പത്രോസ് അവനെ വേറിട്ടുകൊണ്ടുപോയി; കത്താവെ

അതു് അരുതെ; നിനക്കു് അങ്ങനെ ഭവിക്കരുതെ എന്നു ശാസി
ച്ചുതുടങ്ങി അവനോ തിരിഞ്ഞു പത്രോസിനോടു്: സാത്താനെ,
എന്നെ വിട്ടുപോ....'' എന്നു ശാസിച്ചു (മത്താ. 16:22-23).

## ഒരു വൈപരീത്യം

ഘടികാരദോലകക്കട്ടിയുടെ പെട്ടെന്നുള്ള ഗതിവ്യത്യാസം ശ്ര
ദ്ധിക്കുക. ആത്മികാനുഭവത്തിൻെറ മഹിമോന്നതിയിൽനിന്നും
ദുഃഖകരമായ ആഴത്തിലേക്കു് അവൻ അധഃപതിക്കുന്നു. പത്രോ
സിനു് അത്യത്ഭുതകരമായ ഒരു ദിവ്യവെളിപ്പാടുണ്ടായതായി കർ
ത്താവു് സാക്ഷിച്ച അതേ ഘട്ടത്തിൽ തന്നെയാണു് സാത്താൻെറ
കൈകളിലെ ഒരു ഉപകരണമായി അവൻ താണുപോയി എന്നു
കൂടെ പറയുന്നതു്. ഒരു നിമിഷത്തിൽ അവൻ കർത്താവിനോടു്:
''നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാകുന്നു'' എ
ന്നു പറയുകയും അടുത്ത നിമിഷത്തിൽ അവനെ ശാസിക്കുകയും
ചെയ്യുക! എത്ര വലിയ വൈപരീത്യം! നൊടിയിടകൊണ്ടു്,
ധ്രുവങ്ങളോളം അകന്ന അന്യോന്യവിരുദ്ധങ്ങളായ അനുഭവ
ങ്ങൾ!! ദൈവവെളിപ്പാടിനു പാത്രമായി ഒരു നിമിഷത്തിൽ ഉപ
യോഗിക്കപ്പെട്ടവൻ, അടുത്തനിമിഷത്തിൽ, ഏതൊന്നിനായി
യേശുക്രിസ്തു ഭൂമിയിൽ വന്നോ ആ ലക്ഷ്യമായ കുരിശിൽനിന്നും
അവനെ മാററിനിർത്തുന്നവനായി കാണപ്പെടുന്നു.

''നീ ഭാഗ്യവാൻ'' എന്നു് ആരോടു് അരുളിച്ചെയ്തുവോ അ
വനെത്തന്നെ നോക്കിക്കൊണ്ടു് ''സാത്താനെ നീ എൻെറ പുറ
കിൽ പോ'' എന്നും കല്പിച്ചു. ''നീ പത്രോസാകുന്നു. ഈ പാ
റമേൽ ഞാൻ എൻെറ സഭയെ പണിയും എന്നു പറഞ്ഞവനോടു
തന്നെയാണു്, ഉടനെതന്നെ പുറകിൽ പോകാൻ ആജ്ഞാപിച്ച
തു്. എത്രയുംവേഗത്തിൽ സാത്താനു വിധേയപ്പെട്ടുപോകാനിട
യായ പത്രോസിനെ, പാതാളഗോപുരങ്ങൾക്കു് പ്രബലപ്പെടു
വാൻ കഴിയാത്ത തൻെറ സഭയെ പണിയുന്ന ഒരുവനാക്കിത്തീർ

ക്കുവാൻ കർത്താവിനു കഴിയുമെന്ന കാര്യം നാം ഇവിടെ കുറിക്കൊള്ളേണ്ടതാണ്. അതു് എങ്ങനെയാണ് സാധിക്കുക? തീർച്ചയായും അടിസ്ഥാനപരമായ ഒരു മാററം സംഭവിക്കാതെ പത്രോസിനു് പാതാളഗോപുരങ്ങൾക്കു് പ്രബലപ്പെട്ടുവാൻ കഴിയാത്ത ക്രിസ്തു സഭയുടെ പണിക്കാരനായിരിക്കുവാൻ കഴിയുന്നതല്ല. യഥാർത്ഥത്തിൽ അതു തന്നെയാണ് സംഭവിച്ചതു്. മത്തായിയുടെ സുവിശേഷം ഇരുപത്തിയാറാം അദ്ധ്യായത്തിൽ കാണുന്ന കാര്യങ്ങൾ നമുക്കു് ശ്രദ്ധിക്കാം.

പെസഹാ ഭക്ഷണം കഴിഞ്ഞു, ശിഷ്യന്മാർ ചുററം കൂടിയപ്പോൾ കർത്താവു് അവരോടു്: "ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും; ഞാൻ ഇടയനെ വെട്ടും, കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും എന്നു് എഴുതിയിരിക്കുന്നവല്ലൊ എന്നു പറഞ്ഞു. പത്രോസ്സു് തൻെറ പ്രകൃതിക്കനുസരണമായി ഉടനടി പ്രതിഷേധിച്ചു. "എല്ലാവരും ഇടറിപ്പോയാലും ഞാൻ ഇടറുകയില്ല". കർത്താവിനെ പ്രത്യക്ഷത്തിൽ എതിർക്കുകയായിരുന്നു. അവൻ ചെയ്തതു്. അതൊരു വീരവാദം മുഴക്കൽ മാത്രമായിരുന്നില്ല. സത്യം തുറന്നു പറയുകയാണെന്നായിരുന്നു അവൻെറ ബോധം. മററു ശിഷ്യന്മാരെ ഉദ്ദേശിച്ചുള്ള ഒരു പൊതു പ്രസ്താവനയായിട്ടേ ആദിയിൽ അവൻ ധരിച്ചുള്ളു. എന്നാൽ അതിൽ അവൻകൂടെ ഉൾപ്പെട്ടിട്ടുണ്ടെന്നും, അവൻ കർത്താവിനെ ഏകനായി വിട്ടുകളയുന്നതിൻെറ ആഗാധത അധികമാണെന്നും അവൻ വെളിവാക്കി. അവനിലെ സ്വാശ്രയബോധം ആഴത്തിൽ വേരുറച്ചതായിരുന്നതുകൊണ്ടു് കർത്താവിൻെറ പ്രസ്താവനകളിലെ സ്ഥിരത അവനിൽ പ്രവേശിച്ചില്ലെന്നു മാത്രമല്ല, അധികമധികമായ ശക്തിയോടെ പ്രതിഷേധിക്കാനുംകൂടെ ഇടവരുത്തി. "നിന്നോടൊന്നിച്ചു മരിക്കേണ്ടതായി വന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല" എന്നുവരെ അവൻ പറഞ്ഞു. ആരേയും തെററിദ്ധരിപ്പിക്കണമെന്നു് അവനു് ഉദ്ദേശമില്ലായിരുന്നു. അവൻ എന്തു പറഞ്ഞുവോ

അതനുസരിച്ച് പ്രവർത്തിക്കണമെന്നു തന്നെയായിരുന്നു അവൻ വിചാരിച്ചതു്. അവൻ കർത്താവിനെ സ്നേഹിച്ചിരുന്നു. കലവറകൂടാതെ അനുഗമിക്കണമെന്നായിരുന്നു അവൻെറ ആഗ്രഹം. അവൻെറ ഹൃദയംഗമമായ താല്പര്യമാണു് അവൻ പറഞ്ഞതു്. അവനെ തന്നെ അവൻ തെററിദ്ധരിക്കയായിരുന്നു. കർത്താവിനെ അനുഗമിക്കുന്നതിനു് കൊടുക്കേണ്ടിവരുന്ന കൂടിയ ചെലവു ചെയ്യാൻ അവൻ ഒരുക്കമായിരുന്നു. പക്ഷേ തന്നെക്കുറിച്ചു താൻ വിചാരിച്ചതുപോലെ ആയിരുന്നില്ല അവൻെറ യഥാർത്ഥസ്ഥിതി. തന്നെ പററി തനിക്കുള്ള അറിവു ശരിയായിരുന്നില്ല. ശരിയായ ചെലവു ചെയ്യാനുള്ള കഴിവു അവൻ പ്രാപിച്ചിട്ടില്ലായിരുന്നു.

## ആത്മാവു് ഒരുക്കമുള്ളതു് ജഡം ബലഹീനം.

എന്തു സഹിച്ചും യേശുക്രിസ്തുവിനെ അനുഗമിക്കുമെന്നു് ആവർത്തിച്ചു പ്രസ്താവിച്ചു്, അല്പം കഴിഞ്ഞശേഷം യേശു അവനേയും ശിഷ്യന്മാരിൽ വേറെ രണ്ടുപേരെയും വേറിട്ടു് കൂട്ടിക്കൊണ്ടുപോയി ഗത്ശമന തോട്ടത്തിൽ വെച്ചു് ഇങ്ങനെ പറഞ്ഞു: “എൻെറ ഉള്ളം മരണവേദനകൊണ്ടെന്നപോലെ അതിദുഃഖിതമായിരിക്കുന്നു. ഇവിടെ എന്നോടൊന്നിച്ചു ഉണൎന്നിരിപ്പിൻ”. എന്നാൽ അവർ മൂവരും ഗാഢനിദ്രയിൽ പെട്ടിരുന്നു. പിന്നീടു പത്രോസിനോടു് പ്രത്യേകമായിട്ടു്, “എന്നോടുകൂടെ ഒരു മണിക്കൂർ ഉണൎന്നിരിപ്പാൻ നിനക്കു് കഴിഞ്ഞില്ലേ?” എന്നു് ചോദിച്ചു. പത്രോസിൻെറ മറുപടിക്കു കാത്തിരിക്കാതെ, ആത്മാവു്മനസ്സൊരുക്കമുള്ളതെങ്കിലും ജഡം ബലഹീനമാണെന്നുംകൂടെ കർത്താവു് കൂട്ടിച്ചേർത്തു. അതായിരുന്നു പത്രോസിൻെറ നില; മനസ്സൊരുക്കമുള്ള ആത്മാവും, ബലഹീനമായ ജഡവും.

അല്പസമയത്തിനുള്ളിൽ രംഗം വ്യത്യാസപ്പെട്ടു. മാറിയ സാഹചര്യത്തിന്നനുസരിച്ചു് പത്രോസിലും വ്യത്യാസമുണ്ടായി. വലിയൊരുകൂട്ടം യേശുവിനെ പിടിക്കാനായി വന്നു. പത്രോസിൻെറ വികാരങ്ങൾ ജ്വലിച്ചുപൊങ്ങി. കൈനീട്ടി, വാളൂരി

മഹാപുരോഹിതൻെറ ദാസനെ വെട്ടി, കാതു് അറുത്തു. കത്താവിനോടൊന്നിച്ചു മരിക്കുവാനുള്ള അവൻെറ സന്നദ്ധതയ്ക്കു് ഇതു് ഒരു തെളിവായിരുന്നില്ലേ? അല്പംകൂടെ കഴിയട്ടെ. വന്നവർ യേശുവിനെ ഏകനായി പിടിച്ചുകൊണ്ടുപോയി. പത്രോസ് എവിടെ? "അപ്പോൾ ശിഷ്യന്മാരെല്ലാം അവനെ വിട്ടു ഓടിപ്പോയി". പത്രോസ് തൻെറ കത്താവിനെ തനിയെ വിട്ടു.

"പത്രോസ് മഹാപുരോഹിതൻെറ അരമനയ്ക്കകത്തോളം അവനെ ദൂരവേ അനുഗമിച്ചു" എന്നു മക്കോസ് (14: 54). രേഖപ്പെടുത്തിയിട്ടുണ്ടു്. മഹാപുരോഹിതൻെറ ബാല്യക്കാരത്തികളിൽ ഒരുത്തി പെട്ടെന്നു തിരിച്ചറിഞ്ഞു, "അവനെ നോക്കി: നീയും നസറായനായ യേശുവിനോടുകൂടെ ആയിരുന്നു എന്നു പറഞ്ഞു. നീ പറയുന്നതു് തിരിയുന്നില്ല, ബോദ്ധ്യമാകുന്നതുമില്ല. എന്നിങ്ങനെ അവൻ തള്ളിപ്പറഞ്ഞു" (വാ. 67, 68). മഹാപുരോഹിതൻെറ ദാസൻെറ കാതു് അന്നുതന്നെ അറുത്തതു് ഈ പത്രോസ് തന്നെയായിരിക്കാൻ സാദ്ധ്യതയുണ്ടോ? ഉണ്ടു്. രണ്ടും ആറും ഒന്നുതന്നെ. യേശുവിൻെറ ശിഷ്യന്മാരിൽ ഒരുവനാണു് താൻ എന്നു് ആ ബാല്യക്കാരത്തി തിരിച്ചറിഞ്ഞു എന്നു കണ്ടപ്പോൾ പത്രോസ് ഭയവിഹ്വലനാകയും തള്ളിപ്പറകയും ചെയ്തു. അല്പം മുൻപു് ജീവൻ കൊടുത്തും യേശുവിനെ പിൻപററണമെന്നു് കരുതിയ പത്രോസ് ഇപ്പോൾ ഏതുവിധേനയും ജീവൻ സൂക്ഷിക്കണമെന്നു് നിശ്ചയിച്ചു. അവനെ പിടിച്ചടക്കിയിരുന്ന വികാരാവേശം തണുത്തു; യേശു ന്യായാസനത്തിൻെറ മുമ്പിൽ വെച്ചു് അപമാനിതനായപ്പോൾ പത്രോസ് അതിൽ നിന്നും തടിതപ്പി പുറത്തുകടന്നു. അപ്പോഴിതാ അവിടെ നിന്നവരിൽ ഒരുത്തൻ പറയുന്നു: "ഇവനും അവരിൽ ഒരുവൻ ആകുന്നു" എന്നു്. ഉടനെ അവൻ വീണ്ടും തള്ളിപ്പറഞ്ഞു. മത്തായി പറയുന്നതു്: "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു് അവൻ രണ്ടാമതും ആണയോടെ തള്ളിപ്പറഞ്ഞു" എന്നാണു് (മത്തായി 26: 72). അ

വിടെ കൂടിനിന്നവരിൽ ചിലർ അടുത്തുവന്നു പത്രോസിനോടു്: "നീയും അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം; നിൻെറ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലൊ" എന്നു പറഞ്ഞു. അപ്പോരം അവൻ; ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി" (വാ. 73: 74). കത്താവിനെ മൂന്നുവട്ടം തള്ളിപ്പറയുവാനും പ്രാകുവാനും ആണയിടുവാനും ഈ പത്രോസിനു് സാധിക്കുമായിരുന്നുവോ? ഉവ്വു്. അതാണു് പത്രോസ്.

## വികാരത്തിനു് അധീനനാകരുതു്.

പത്രോസിൻെറ വിഷമത കേവലം പുറമെയുള്ളതല്ലായിരുന്നു. അവൻെറ സ്വഭാവത്തിൽ അടിസ്ഥാനപരമായ ഒരു ന്യൂനതയുണ്ടായിരുന്നു. വികാരങ്ങരംക്കു് വിധേയനായിരുന്നതുകൊണ്ടു് അവൻെറ പ്രവത്തനങ്ങരം മുൻകൂട്ടി നിശ്ചയിക്കാവുന്നതായിരുന്നില്ല. ചിലപ്പോരം ഉന്മേഷഭരിതരായി ചിലർ പവ്വതത്തിൻെറ കൊടുമുടിയിലേക്കു് കയറും; എന്നാൽ നിരാശ അവരെ ബാധിക്കുമ്പോരം സമുദ്രത്തിൻെറ ആഴങ്ങളിലേക്കു അവർ ഇറങ്ങിപ്പോകയും ചെയ്യും. അങ്ങനെയുള്ളവക്കും ദൈവിക വെളിപ്പാടുകളുണ്ടാകാറുണ്ടു്. ദൈവിക ലക്ഷ്യങ്ങരംക്കു് അവർ എതിരായി പ്രവത്തിച്ചു എന്നും വരാവുന്നതാണു്. പെട്ടെന്നുണ്ടാകുന്ന പ്രേരണകളനുസരിച്ചു് അവർ പലതും ചെയ്തു എന്നു വരാം. എന്നാൽ ആ വക പ്രേരണകരം ദിവ്യങ്ങളായിരിക്കണമെന്നില്ല. കർത്തൃദാസന്മാരുടെ ജീവിതത്തിൽ കാതലായ ഈ ദൂഷ്യമുണ്ടായിരിക്കുമ്പോരം അവർ മൂലം പല വൈഷമ്യങ്ങളും ഉണ്ടാകാവുന്നതാണു്. ദൂഷ്യം ആന്തരികമായതുകൊണ്ടു് ഒരു സമൂലപരിവർത്തനംകൊണ്ടേ പരിഹാരമുണ്ടാകാൻ കഴിയൂ.

പത്രോസ്, "നേരെ വാ നേരെ പോ" എന്ന മട്ടിലുള്ള ഒരു മനുഷ്യനായിരുന്നു. അവനു് തന്ത്രപരമായോ വക്രഗതിയി

ലോ പ്രവത്തിക്കുവാൻ കഴിയുമായിരുന്നില്ല. അവനു ശക്തിയേറിയ വികാര തീവ്രതയുണ്ടായിരുന്നു. പരീക്ഷാഫലട്ടത്തിൽ അതു് ഉറച്ചുനിൽക്കയില്ല എന്നു് അവനു ഗ്രഹിച്ചറിയുവാൻ പിന്നീടാണു് സാധിച്ചതു്.

സഹോദരീസഹോദരന്മാരെ, കർത്താവിനോടു നമുക്കുള്ള സ്നേഹം തീവ്രവികാരത്തിന്റെ ഫലമായിരിക്കാവുന്ന, ആപൽക്കരമായ സാദ്ധ്യതയുണ്ടെന്നു് ഓത്തിരിക്കുന്നതു് നല്ലതു. അവന്റെ സ്നേഹത്തിന്റെ നേക്കുള്ള നമ്മുടെ വികാരാവേശം ആവശ്യമുള്ളിടത്തോളം ആഴമുള്ളതോ പരിശുദ്ധമോ ആയിരിക്കണമെന്നില്ല. അവനെ നന്നായി സ്നേഹിക്കുന്നു എന്ന തോന്നലായിരിക്കാം നമ്മിലുള്ളതു്. നമ്മെപ്പററി നമുക്കുള്ള തോന്നൽ ശരിയാണെന്നു തോന്നുന്ന ഒരു അന്തരീക്ഷത്തിൽ നാം ആണെന്നും വരാം. അവനായി മാത്രം ജീവിക്കണമെന്നും അവനു ഹിതമെങ്കിൽ അവന്റെ നാമത്തിൽ മരിക്കണമെന്നും നാം വിചാരിക്കുന്നുണ്ടായിരിക്കാം. പത്രോസിന്റെ സ്വാശ്രയനില കത്താവു തകത്തുകളഞ്ഞതുപോലെ നമ്മുടേതും തകക്കപ്പെട്ടുന്നില്ലെങ്കിൽ നമ്മുടെ വികാരവേശങ്ങളാൽ നാം വഞ്ചിതരാകയും അനവധി വലച്ചിലുകളിൽ നാം ചെന്നകപ്പെട്ടുകയു ചെയ്യുന്നതാണു്.

കത്താവിനോടുള്ള തന്റെ ഭക്തി ഉറപ്പിച്ചു പ്രസ്താവിച്ച ഫലട്ടത്തിൽ പത്രോസ് മനഃപൂർവ്വം ഒരു കള്ളം പറയുകയല്ലായിരുന്നു. പക്ഷേ അവന്റെ തോന്നലുകൾ യാഥാത്ഥ്യമല്ലാത്തതു വിശ്വസിക്കാൻ അവന്നിടവരുത്തി. ഒരു കള്ളം പറയുകയെന്നതു ഭീകരമായ ഒന്നാണു്. എന്നാൽ ഒരു കള്ളം വിശ്വസിക്കയെന്നതു്, അനുകമ്പാർഹമായ സ്ഥിതിയാണു്. നമ്മുടെ തോന്നലുകളെ ആശ്രയിയിക്കുന്നതിൽ നാം തുടരുകയാണെങ്കിൽ ഗുരുതരങ്ങളായ പല തകർച്ചകളും വഴിയായി,വികാരഭരിതമായ ജീവിതത്തിന്റെ അസ്ഥിരതയെ, കത്താവു് നമുക്കു് വെളിപ്പെട്ടുത്തിതരേണ്ടിവരും. കത്താവിനെ അനുഗമിക്കാനുള്ള നമ്മുടെ കഴിവിന്റെ

അളവു് തിട്ടപ്പെടുത്തേണ്ടതു്, അവനെ അനുഗമിക്കാനുള്ള നമ്മുടെ താല്പര്യത്തിൻെറ അളവു വച്ചല്ല.

## അടിസ്ഥാനംപോലെ മേലോട്ടുള്ളപണികളും സ്ഥിരമായിരിക്കണം.

സഭ ഒരു നിത്യ, സ്ഥിരനിർമ്മാണമാണെന്നുള്ള വസ്തുത നാം അറിഞ്ഞിരുന്നെങ്കിൽ! സഭയുടെ അടിസ്ഥാനം പാറമേലുള്ള അടിസ്ഥാനമാണു്. ആ കെട്ടിടത്തിന്മേൽ പണിതുകൊണ്ടിരിക്കുന്ന ഓരോ കല്ലും അതേ പാറയിൽ നിന്നാണു് വെട്ടിയെടുത്തിരിക്കുന്നതു്. നമ്മുടെ സ്വഭാവം, സഭയുടെ സ്വഭാവത്തിനു് അനുയോജ്യമായിരിക്കുന്നില്ലെങ്കിൽ ആ നിർമ്മാണത്തിലെ ഒരു ഭാഗമാണെന്നു് നമുക്കെങ്ങനെ ആശിക്കാൻ കഴിയും? താണതരം കല്ലുകൊണ്ടു് ആ പണി നടത്താൻ തുനിഞ്ഞാൽ അതു മുഴുകെട്ടിടത്തെത്തന്നെ ദുർബ്ബലമാക്കും. അടിസ്ഥാനത്തിനു യോജിക്കാത്ത ഗുണങ്ങളുള്ള കല്ലുകൾക്കു് നിർമ്മാണത്തിനുനേരെ വരുന്ന എതിർപ്പുകളെ നേരിടാൻ കഴിവുണ്ടാകയില്ല. അത്തരം പണിയിലുള്ള നമ്മുടെ ശ്രമങ്ങൾ തകർച്ചയിലേ കലാശിക്കയുള്ളു. അതിൻെറ ഫലം നമുക്കും മററുള്ളവക്കും നേരിടാവുന്ന വിഫലനങ്ങളായിരിക്കും. അങ്ങനെ വേലയുടെ പൂർത്തീകരണത്തിനുള്ള വിലയേറിയ സമയം നഷ്ടത്തിലാകും. 1 കൊരി. 15: 58 പ്രത്യേകം ശ്രദ്ധാർഹമായ ഒന്നാണു്. ''നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും.... കർത്താവിൻെറ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ''.

## 'വീഴ്ചയിൽ നിന്നുകയറി വിജയത്തിലേയ്ക്കു്

ദൈവത്തിനു സ്തോത്രം. തകർച്ചയിൽക്കൂടി തൻെറ സ്വന്തബലഹീനത കണ്ടെത്തുവാൻ പത്രോസു് നടത്തപ്പെട്ടു. തൻെറ സ്വാശ്രയമനസ്ഥിതി തകരുവാൻ തക്കവണ്ണം ആഴമേറിയതായി

രുന്നു അവന്റെ വീഴ്ച. നമ്മുടെ ഭൂതകാല പരാജയങ്ങഠം നമ്മുടെ അസ്ഥിരത നമുക്കു ബോദ്ധ്യമാകുവാൻ തക്കവണ്ണം ഗുരുതരങ്ങളായിരുന്നുവോ? നമ്മുടെ സ്ഥിതിഗതികളുടെമേൽ പ്രകാശം വീഴുവാൻ നാം പ്രാത്ഥിച്ചിരുന്നു. എന്നാൽ ദൈവം പത്രോസിനെ പുനരുദ്ധരിച്ചതുപോലെ നമ്മെയും പുനരുദ്ധരിക്കുന്നതിനുവേണ്ടി ആഴമേറിയ പശ്ചാത്താപത്തോടുകൂടി അവന്റെ മുമ്പാകെ വീഴുന്നതിനു് നമ്മുടെ കഴിഞ്ഞ കാലത്തെ തോൽവികഠം പ്രകാശം നൽകുന്നില്ലയോ? പത്രോസിന്റെ വീഴ്ച അവൻ എങ്ങനെയുള്ളവൻ എന്നു് അവനെ കാണിച്ചുകൊടുത്തു. അവൻ "പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു" ആ നാഴികമുതൽ, അവന്റെ പുതിയ പേരിനു യോജിച്ചവിധത്തിൽ അവന്റെ സ്വഭാവം രൂപം പ്രാപിക്കുന്നതുവരെ, അവനെ പുതുക്കിയെടുക്കുവാൻ കത്താവു് ആരംഭിച്ചു. അങ്ങനെ രാജ്യത്തിന്റെ താക്കോലുകഠം ശക്തിമത്തായവിധം പ്രയോഗിക്കുന്നതിനു് അവൻ പ്രാപ്തനായി.

പത്രോസിനെപ്പോലെ ഒരു പ്രമുഖവ്യക്തിയായിത്തീരുമെന്നു് ആശിക്കാൻ നമുക്കു സാദ്ധ്യമല്ല. പക്ഷേ അവനിൽ ഉളവാക്കിയതുപോലെ നമ്മുടെ ജീവിതത്തിലും ഒരു രൂപാന്തരം ഉളവാക്കുവാൻ കത്താവിനു് കരുണയുണ്ടാകുമെന്നു് നമുക്കു വിശ്വസിക്കാം. ക്രിസ്തീയപ്രവത്തകർ എന്ന പേരിനു് അർഹരായ വിധത്തിൽ നാമായിരിക്കണമെങ്കിൽ നമ്മുടെ സ്വഭാവങ്ങളിൽ ഒരു സമൂലപരിവത്തനം സംജാതമാകേണ്ടതാവശ്യമാണു്.

## അദ്ധ്യായം മൂന്നു്

# ഒരു മനുഷ്യസ്നേഹി

വായനയ്ക്കു്:– സദൃശ.17:5. മക്കോ.10:45; ലൂക്കോ.19:10; യോ
യോഹ.10:10; ലൂക്കോ.15.

ഒരു ക്രിസ്തീയ വേലക്കാരന്റെ ജീവിതത്തിൽ അടിസ്ഥാന പരമായി അത്യാവശ്യമുള്ള ഒന്നാണു് സഹോദരസ്നേഹം. മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹവും അതിൽ ഒട്ടും കുറയാത്ത ഒരത്യാവശ്യമാണു്. ശലോമോൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ദരിദ്രനെ പരിഹസിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു." (സദൃ.17:5) ദൈവം സകലമനുഷ്യരുടേയും സ്രഷ്ടാവാണു്. അതിനാൽ അവരിൽ ആരെയെങ്കിലും നിന്ദിക്കയോ ആരോടെങ്കിലും അഹിതം തോന്നുകയോ ചെയ്യുന്ന യാതൊരുത്തനും ദൈവത്തിന്റെ ദാസനായിരിപ്പാൻ യോഗ്യനല്ല. മനുഷ്യൻ വീണുപോയി എന്നതു് ശരിയാണു്. എന്നാൽ വീണുപോയ മനുഷ്യൻ വീണ്ടെടുപ്പിൻ സ്നേഹത്തിനുവിഷയമായിത്തീർന്നിട്ടുണ്ടു്. മനുഷ്യനെ വീണ്ടെടുത്ത കർത്താവുതന്നെ മനുഷ്യനായിത്തീൎന്നു. ശൈശവംതൊട്ടു പ്രായപൂർത്തിവരെ ക്രമേണ വളൎന്ന ഇതരമനുഷ്യരെപ്പോലെ ഒരു മനുഷ്യൻ. തന്റെ പുത്രന്റെ ആളത്വത്തിൽ തനിക്കു പ്രിയനായ ആ മനുഷ്യനെ, ദൈവം തന്റെ വലത്തുഭാഗത്തേക്കുയർത്തുകയും, സഭയെ അവനിൽ ഒരു "പുതു മനുഷ്യനാക്കി സൃഷ്ടിക്ക"യും ചെയ്തു.

ദൈവവചനം ഗ്രഹിക്കുന്നതിനു നിങ്ങൾ വാസ്തവമായി അടുക്കുമ്പോൾ "ദൈവമക്കൾ" എന്ന പദപ്രയോഗം "മനുഷ്യൻ" എന്ന പദംപോലെ അത്രയ്ക്കു ഘനമുള്ളതല്ലെന്നും, ദിവ്യനിയമനവും തിരഞ്ഞെടുപ്പും തേജസ്കരിക്കപ്പെട്ട മനുഷ്യഘടനയോടാണു് ബന്ധപ്പെട്ടിരിക്കുന്നതെന്നും മനസ്സിലാകും. ദൈവോദ്ദേശ്യ

ത്തിൽ മനുഷ്യനു നൽകിയിരിക്കുന്ന സ്ഥാനം നിങ്ങൾ കാണു മ്പോൾ, അവൻെറ വിചാരത്തിൻെറ ലക്ഷ്യമെന്ന നിലയിൽ നി ങ്ങൾ മനുഷ്യനെ കാണുമ്പോൾ, മനുഷ്യനായിത്തീരുന്നതിൽ ക ൎത്താവു തന്നെത്താൻ താഴ്ത്തിയതു കാണുമ്പോൾ, ആണു് സകല മ നുഷ്യവൎഗ്ഗത്തേയും പ്രിയപ്പെടാൻ നിങ്ങൾ പഠിക്കുന്നതു്.

## മനുഷ്യപുത്രൻ എന്ന ഭാവം

നമ്മുടെ കൎത്താവു ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ ഇ ങ്ങനെ അരുളിച്ചെയ്തു. ''മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകൎക്കുവേണ്ടി തൻെറ ജീവനെ മറുവിലയാ യി കൊടുപ്പാനും അത്രേ വന്നതു്'' (മൎക്കൊ.10.45) ശുശ്രൂഷിപ്പാ ൻ ദൈവപുത്രൻ വന്നിരിക്കുന്നു എന്നല്ല അവൻ പറഞ്ഞതു്. അ വൻ പറഞ്ഞു: ''മനുഷ്യപുത്രൻ വന്നിരിക്കുന്നു'' എന്നു്; ഇവിടെ, മനുഷ്യരോടുള്ള കൎത്താവിൻെറ മനോഭാവം നാം കാണുന്നു.

ക്രിസ്തീയ പ്രവൎത്തനത്തിൽ ഉൾപ്പെട്ടിരിക്കുന്ന പലൎക്കും ഉ ള്ള ഗുരുതരമായ ഒരു പ്രയാസം, മനുഷ്യരോടുള്ള അവരുടെ സ്നേ ഹക്കുറവു്, മനുഷ്യരെക്കുറിച്ചുള്ള അവരുടെ മതിപ്പുകുറവു്, ദൈ വദൃഷ്ടിയിൽ മനുഷ്യനുള്ള വിലയെ സംബന്ധിക്കുന്ന ധാരണയി ലുള്ള പോരായ്മ എന്നിവയാണു്. ദൈവമക്കളെ സ്നേഹിക്കാൻ തുടങ്ങുന്നതിനാൽതന്നെ ഇന്നു നാം ഉന്നതനിലവാരത്തിൽ എത്തി ക്കഴിഞ്ഞുവെന്നാണു് നമുക്കു തോന്നുന്നതു്. എന്നാൽ അതു മതി യോ? ഓ, നമുക്കു വിശാലത ആവശ്യമാണു്. നമ്മുടെ സ്നേഹം സകല മനുഷ്യരേയും ആശ്ലേഷിക്കുന്നതായിരിക്കണം. എല്ലാ മ നുഷ്യരും ദൈവത്തിനു വിലയേറിയവരാണെന്നു നാം കാണണം. കുറെ ബുദ്ധിജീവികളുടെ കാൎയ്യത്തിൽ നിനക്കു താല്പൎയ്യമുണ്ടെന്നു ള്ളതിൽ സംശയമില്ല. ഒരുവിധത്തിൽ അല്ലെങ്കിൽ മറെറാരുവി ധത്തിൽ കുറെപേർ പ്രമുഖവ്യക്തികളായിരിക്കാം; എന്നാൽ എ നിക്കറിയേണ്ടതു്, അസാധാരണ യോഗ്യതയുള്ളവരുടെ കാൎയ്യ

ത്തിൽ നിനക്കു ശ്രദ്ധയുണ്ടോ എന്നതല്ല; പിന്നെയോ **മനുഷ്യനിൽ** നിനക്കു താല്പര്യമുണ്ടോ എന്നതാണു്. ഈ ചോദ്യം വളരെ പ്രധാനപ്പെട്ട ഒന്നാണു്. "മനുഷ്യപുത്രൻ വന്നിരിക്കുന്നതു്," എന്ന പദപ്രയോഗം പ്രഥമസ്ഥാനത്തു്, കർത്താവിനു് മനുഷ്യരോടുള്ള അത്യന്ത താല്പര്യത്തെയാണു് അർത്ഥമാക്കുന്നതു. അവൻതന്നെ മനുഷ്യനായിത്തീരത്തക്കവണ്ണം അത്രയ്ക്കു താല്പര്യം കാണിച്ചു. നിന്റെ താല്പര്യം എത്രത്തോളമുണ്ടു്? ഒ, ഇന്ന ഇന്ന ആളുകളൊന്നും അത്രയ്ക്കു ഗണനീയരല്ല, എന്നോ അവരിൽ അത്രയ്ക്കൊന്നും വകയില്ലെന്നോ ആയിരിക്കും പക്ഷേ നീ വിചാരിക്കുന്നതു്. എന്നാൽ നമ്മുടെ കർത്താവു് അവരെ എങ്ങനെയാണു് നോക്കിയതു്? അവൻ മനുഷ്യരുടെ മദ്ധ്യേ മനുഷ്യപുത്രനായിട്ടാണു് വന്നതു്. എത്രയും തികഞ്ഞ അളവിൽ മനുഷ്യരെ ശുശ്രൂഷിക്കേണ്ടതിനു് അവൻ മനുഷ്യനായിത്തീരത്തക്കവണ്ണം അത്രയ്ക്കു അവരെ വിലമതിച്ചു. ദൈവമക്കളിൽ പലക്കും മനുഷ്യരെസംബന്ധിച്ചു് ഒരു ചെറിയ പരിഗണന മാത്രമേയുള്ള എന്നതു് ദുഃഖകരമാണു്! വിസ്മയാവഹവുമാണു്. സഹോദരീസഹോദരന്മാരെ, "മനുഷ്യപുത്രൻ വന്നതു്" എന്ന ഈ പദത്തിന്റെ അർത്ഥം നിങ്ങൾക്കറിയാമോ? ക്രിസ്തു സകല മനുഷ്യവർഗ്ഗത്തെക്കുറിച്ചും കരുതിയെന്നതാണതിന്റെ അർത്ഥം. ചിലരെ തെരഞ്ഞെടുത്തു് അവരോടുമാത്രമാണു് നമുക്കു താല്പര്യമുള്ളതെന്നുവന്നാൽ അതൊരു അപ്രകൃതമായ സ്ഥിതിവിശേഷമായിരിക്കും!

മനുഷ്യരാശിയോടുള്ള സ്നേഹമാണു് ഓരോ ക്രിസ്തീയവേലക്കാരനിലും ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ ആവശ്യകത. അതിലെ ഏതാനും വിഭാഗത്തോടുള്ള താല്പര്യമല്ല. "ദൈവം ലോകത്തെ സ്നേഹിച്ചു". അവന്റെ സ്നേഹത്തിൽ സകലമനുഷ്യരും ഉൾപ്പെടുന്നു. അങ്ങനെയായിരിക്കണം നമ്മുടേതും. ദൈവമക്കളിൽ മാത്രമായിരിക്കരുതു് സ്നേഹത്തിന്റെ അതിരു്; അഥവാ, ഒരു പ്രത്യേക വിഭാഗം ആളുകളോടുമായിരിക്കരുതു്. സകല മനുഷ്യരോടുമുള്ള സ്നേഹമെന്നനിലയിൽ വ്യാപകമായിരിക്കണം.

## സകലരോടുമുള്ള മൈത്രി

ഏതാനുംപേരെ നമ്മുടെ "സഹോദരന്മാർ" എന്നും സകലമനുഷ്യരേയും നമ്മുടെ 'കൂട്ടുകാർ' അഥവാ സമസൃഷ്ടികൾ എന്നും വിളിക്കാനുള്ള പരിചയത്തിനുവേണ്ടി വളരെക്കാലത്തെ നിർദ്ദേശം വേണ്ടിവന്നിട്ടുണ്ട്. ചിലയാളുകൾ സാക്ഷാൽ നമ്മുടെ സഹോദരന്മാരാണെന്നുള്ള വാസ്തവം വിലമതിക്കാൻ നാം ഒരു വിധത്തിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ സകലമനുഷ്യരും നമ്മുടെ കൂട്ടുകാരാണെന്നുള്ള മറേറ വാസ്തവം നാം വിലവയ്ക്കുന്നുണ്ടോ? കഷ്ടം! കർത്താവിൻെറ ദാസന്മാരെന്നു വിളിക്കപ്പെടുന്ന പലരും തങ്ങളുടെ കൂട്ടുകാരുടെ നേരെ അവരുടെ ഹൃദയം ഒരിക്കലും തുറന്നിട്ടില്ല. ദൈവം നമ്മുടെ സ്രഷ്ടാവാണെന്നും നാമെല്ലാവരും സമസൃഷ്ടികളാണെന്നും ഉള്ള വാസ്തവം നമ്മിൽ ആഴമായി പതിഞ്ഞാലേ അവരിൽനിന്നും എന്തെങ്കിലുമൊരു നന്മ നമുക്കുണ്ടാകയുള്ളു. നമ്മുടെ സഹവർത്തികളുമായുള്ള ഇടപാടിൽ നിന്നു് നമ്മുടെ സ്വന്തഗുണമാണ് നാം അന്വേഷിക്കുന്നതെങ്കിൽ നമ്മുടെ വേല പുറമേ എത്ര വ്യാപകമായിരുന്നാലും ദൈവസൃഷ്ടിയിൽ അതിനൊരു പരിമിതമായ വിലയേയുള്ളു.

"മനുഷ്യപുത്രൻ, ശുശ്രൂഷചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി മറുവിലയായി തൻെറ ജീവനെ കൊടുപ്പാനും അത്രേ വന്നതു്" (മർക്കൊ.10:45) "കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു്" (ലൂക്കൊ.19:10.) "അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു്." (യോഹ.10:10) കർത്താവായ യേശു ലോകത്തിൽ വന്നതു് മനുഷ്യനുവേണ്ടിയാണ്. മനുഷ്യരെ ശുശ്രൂഷിക്കയെന്ന പ്രത്യേക ഉദ്ദേശ്യത്തിലുമാണ്. തൻെറ ജീവനെ മററുള്ളവർക്കുവേണ്ടി മറുവിലയായി ഒഴിക്കണമെന്നുള്ള എരിവേറിയ താല്പര്യമാണ് സ്വർഗ്ഗത്തിൽനിന്നു അവനെ ഭൂമിയിലേയ്ക്കു വരുത്തിയതു്. മനുഷ്യർക്കുവേണ്ടിയുള്ള വികാരാത്മകമായ സ്നേ

ഹമാണ് ആ ഉദ്ദേശ്യത്തിലടങ്ങീട്ടുള്ള ശക്തി. മനുഷ്യരോടുള്ള അവൻെറ സ്നേഹത്തിൻെറ ബഹിർഗമനമാണ് അവൻെറ ശുശ്രൂഷ. ആ സ്നേഹം നിസ്സീമമായതുകൊണ്ടു് ക്രൂശിലെ മരണത്തോളം ശുശ്രൂഷിപ്പാൻ അവനു കഴിഞ്ഞു.

രക്ഷിക്കപ്പെടാത്തവരോടു സുവിശേഷം പ്രസംഗിപ്പാൻ നീങ്ങൾ ശ്രമിക്കുന്നു. എന്നാൽ "ദൈവം മനുഷ്യനെ സൃഷ്ടിച്ചു" എന്നീ വാക്കുകളാൽ നിങ്ങൾ അശേഷം സ്പർശിക്കപ്പെട്ടിട്ടില്ല. അങ്ങനെ മനുഷ്യരെ കൂട്ടുകാർ എന്ന നിലയിൽ സമീപിക്കുന്നു. മനുഷ്യരോടു് ഏതോ ഒരു യാദൃച്ഛികതാല്പര്യത്തിൽ കവിഞ്ഞൊന്നുമില്ല; ഇങ്ങനെയെങ്കിൽ ക്രിസ്തുവിനെ, "അനേകൎക്കുവേണ്ടി മരിച്ചവൻ" എന്ന നിലയിൽ പ്രസംഗിപ്പാൻ നിങ്ങൾ അയോഗ്യരാണ്. ദൈവം മനുഷ്യനെ തൻെറ സാദൃശ്യത്തിൽ സൃഷ്ടിച്ചു എന്നും അങ്ങനെ മനുഷ്യൻ ദൈവത്തിനു വളരെ വിലയുള്ളവനാകയാൽ തൻെറ സ്നേഹം അവൻെറ മേൽ പതിച്ചിരിരിക്കുന്നു എന്നും ഉള്ള പ്രകാശം നമ്മുടെ മേൽ ഉദിക്കണം. മനുഷ്യൻ നമ്മുടെ സ്നേഹപാത്രമാകുന്നില്ലെങ്കിൽ അവനുവേണ്ടി ശുശ്രൂഷിപ്പാൻ നമുക്കു കഴികയില്ല.

## ക്ഷമയും സഹനവും

പല ക്രിസ്തീയ വേലക്കാൎക്കും തങ്ങളുടെ കൂട്ടുകാരെക്കുറിച്ച് തികച്ചും തെററായ ഒരു മനോഭാവമാണുള്ളതു്. അവരെ ഒരു ഭാരമായി കരുതുന്നു. ചിലപ്പോൾ അവരുടെ പ്രവൃത്തികളിൽ വിഘ്നങ്ങൾ സൃഷ്ടിക്കയും അവരോടു ക്ഷമിക്കാൻപോലും കഴിയാതെ വരികയും ചെയ്യുന്നു. നാം തന്നെ പ്രകൃത്യാ പാപികളായിരിക്കേ പാപികളോടു ക്ഷമിക്കാൻ മടിക്കുന്നതെന്തുകൊണ്ടു? അവരുടെ കുറവുകളേയും ബലഹീനതകളേയും നമുക്കു മനസ്സിലാക്കാൻ കഴിയാത്തതെന്തുകൊണ്ടു? കൎത്താവിനു് അവർ വിലയുള്ളവരാണെന്നു നാമറിയുമ്പോൾ അവരെ വഹിപ്പാനല്ലാതെ നമുക്കു മ

ററെന്തുകഴിയും? നല്ല ഇടയനായ അവന്നു്, മററെല്ലാ ആടുകളേയും വിട്ടിട്ടു്, നഷ്ടീഭവിച്ച ഒരാടിനെ അന്വേഷിച്ചു് പോകാൻ കഴിഞ്ഞു. നഷ്ടപ്പെട്ട ആ ഒരു നാണയം കണ്ടുപിടിക്കാൻ പരിശുദ്ധാത്മാവിന്നു സാധിച്ചു. നഷ്ടപ്പെട്ട ഒരു മകനെ സ്വാഗതം ചെയ്യുന്നതിന്നു് ഓടിച്ചെല്ലുവാൻ ആ പിതാവിന്നു കഴിഞ്ഞു. ലൂക്കോസ് പതിനഞ്ചിലെ ഉപമയിൽ നാം കാണുന്നതു്, ഒരു ദേഹിയേപ്പോലും സൗജന്യമായി വീണ്ടെടുക്കുന്നതിന്നു് തന്നെത്താൻ ചെലവഴിച്ച ദിവ്യസ്നേഹമാണു്. മനുഷ്യനോടുള്ള ദൈവസ്നേഹത്തിൻെറ തീവ്രത കാണാതിരിപ്പാൻ നമുക്കു കഴിയുമോ?

സഹോദരന്മാരെ, സഹോദരിമാരെ, മനുഷ്യനുവേണ്ടിയുള്ള ദൈവത്തിൻെറ വികാരാത്മകമായ കരുതലിൻെറ വെളിച്ചത്തിൽ, നിങ്ങളുടെ കൂട്ടുകാരോടു് അലക്ഷ്യമായി പെരുമാറുവാൻ ഇനിയും നിങ്ങൾക്കു സാധ്യമോ? നമ്മുടെ ഹൃദയങ്ങൾ വിശാലമാകയും നമ്മുടെ അതിരുകൾ വിസ്തൃതമാകയും ചെയ്യാത്തപക്ഷം അവൻെറ സേവനത്തിൽ നാം ഉപയോഗശൂന്യരായിരിക്കും. മനുഷ്യനെ സംബന്ധിച്ചു് ദൈവം വച്ചിരിക്കുന്ന വില നാം കാണേണ്ടതാണു്. ദൈവത്തിൻെറ നിത്യ ഉദ്ദേശ്യത്തിൽ മനുഷ്യനുള്ള സ്ഥാനം നാം ദർശിക്കേണ്ടതാവശ്യമാണു്. യേശുക്രിസ്തുവിൻെറ വീണ്ടെടുപ്പിൻ വേലയുടെ അൎത്ഥം നാം കാണണം. അതില്ലാതെ, നീയും ഞാനും പോലെയുള്ള നിസ്സാര ജീവികൾക്കു് ദൈവത്തിൻെറ മഹത്തായ വേലയിൽ ഒരു പങ്കുണ്ടെന്നു് അനുമാനിക്കുന്നതു് വെറുതെയാണു്. ദേഹികളെ സ്നേഹിക്കാത്തവന്നു് ദേഹികളെ രക്ഷിക്കുന്നതിൽ പ്രയോജനപ്പെടുവാൻ എങ്ങനെ കഴിയും? മനുഷ്യരോടുള്ള നമ്മുടെ സ്നേഹത്തിൻെറ അഭാവം എന്ന ഈ മൗലിക വിഷമത പരിഹരിക്കപ്പെട്ടെങ്കിൽ മാത്രമേ, മനുഷ്യരോടുള്ള ബന്ധത്തിൽ നമുക്കുള്ള മററുപ്രയാസങ്ങളും നീങ്ങിക്കിട്ടുകയുള്ളു. ചില ആളുകൾ തികച്ചും അറിവില്ലാത്തവരാണെന്നും മററുചിലർ വളരെ കഠിനന്മാരാണെന്നും നാം വിചാരിക്കുന്നു. എന്നാൽ മനു

ഷ്യരോടുള്ള സ്നേഹമില്ലായ്മ എന്ന അടിസ്ഥാനപ്രശ്നത്തിന്നു പരിഹാരമുണ്ടായാൽ പ്രസ്തുത പ്രശ്നങ്ങളെല്ലാം നീങ്ങിക്കൊള്ളും. ഉന്നതപീഠത്തിൽനിന്നു വിരമിച്ചിട്ട് സഹവർത്തികളുടെ മദ്ധ്യത്തിൽ നമുക്കുള്ള മനുഷ്യസാമാന്യമായ സ്ഥാനം സ്വീകരിക്കാൻ നാം പഠിച്ചാൽ പിന്നെ ആരെയും നാം അവഗണിക്കയില്ല.

## ഉന്നതഭാവം വിടുക

നഗരങ്ങളിൽ വളൻറു പരിചയിച്ച ചില ക്രിസ്തീയവേലക്കാർ, കർഷകരായ ജനങ്ങൾ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ ചെല്ലുമ്പോൾ ആ സ്ഥലവാസികളേക്കാൾ ഒരു ഉന്നതഭാവം സ്വീകരിക്കുന്നു. എല്ലാവരുടേയും ശുശ്രൂഷകനായിവന്ന മനുഷ്യപുത്രനിൽനിന്നു എത്ര ഭിന്നമായ ഒരു നിലപാടാണിതു്! നിങ്ങൾ സുവിശേഷം പ്രസംഗിക്കാൻ എവിടെയെങ്കിലും, മനുഷ്യൻ പുത്രൻ എന്ന നിലയിൽ പോകുന്നില്ലെങ്കിൽ, നിങ്ങളുടെ വേലയിൽ നിങ്ങൾ തോററുപോകും. പദവി വിട്ടു താണനിലയിൽ പ്രവൎത്തിക്കയൊണെന്നുള്ള ഒരു ഭാവത്തിൽ നിങ്ങൾ മററുള്ളവരുടെ മദ്ധ്യേ വേലചെയ്യുകയാണെങ്കിൽ, ക്രിസ്തുസദൃശമായ താഴ്മയാണ് അതു് എന്ന ധാരണയിൽ സ്വയം വഞ്ചിതരാകരുതു്. ഏച്ചുകെട്ടിയ ദാക്ഷിണ്യഭാവം താഴ്മയുടെ കൃത്രിമമായ അഭിനയമാണ്. സാക്ഷാലുള്ള താഴ്മ അകൃത്രിമമാണ്. ക്രിസ്തു മനുഷ്യരുടെ മദ്ധ്യേ വന്നപ്പോൾ ഒരു സാക്ഷാൽ മനുഷ്യനായിരുന്നു. സഹവൎത്തികളുടെ ഇടയിൽ ഒരു മനുഷ്യനായി ജീവിച്ചു. അനേകം ക്രിസ്തീയ വേലക്കാരും അവരുടെ കൂട്ടുകാരുടെ മദ്ധ്യത്തിൽ പെരുമാറുന്ന ഘട്ടത്തിൽ, അവരോടുകൂടെ കഴിഞ്ഞുകൂടുന്നതിൽ ഏതോ ആനുകൂല്യം കാണിക്കുന്നതുപോലെയുള്ള ഭാവമാണ് അവൎക്കുള്ളതു്. നമ്മുടെ പെരുമാററം നിമിത്തം, നാം അവരിൽ നിന്നു വ്യത്യസ്തരാണെന്നുള്ള തോന്നൽ അവൎക്കുണ്ടാകാൻ ഇടയാകരുതു്. മനുഷ്യരുടെ മദ്ധ്യേ മനുഷ്യമക്കളെപ്പോലെ വൎത്തിക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ നാം ദൈവത്തിൻേറയോ, മനുഷ്യരുടേയോ സത്യദാസന്മാരായിരിക്കയില്ല. ദൈവത്തിൻെറ പ്രവൎത്തകർ, അവർ അറിയാതെ

തന്നെ താഴ്മയുള്ളവരായിരിക്കേണ്ടതിന്നു് സ്വാതന്ത്ര്യരഹിതരായിരിക്കണം. നിരസിക്കുന്നവനും രക്ഷിക്കപ്പെടാത്തവനുമായ ഒരുവൻ നമ്മിൽനിന്നു് വ്യത്യസ്തനായിരിക്കുന്നതു്, നാം രക്ഷിക്കപ്പെട്ടവരും അവൻ അങ്ങനെ ആയിട്ടില്ല-എന്നും ഉള്ള നിലയിൽ മാത്രമായിരിക്കണം. നിനക്കും എനിക്കും ഉള്ളതുപോലെയുള്ള ഒരു സ്ഥാനം അവനും ദൈവത്തിൻെറ സൃഷ്ടിയുടെ ഉദ്ദേശ്യത്തിൽ ഉണ്ടു്. ദൈവത്തിൻെറ വീണ്ടെടുപ്പിൻ സാദ്ധ്യതയിലും എനിക്കും നിനക്കുമുള്ള അതേനില അവനും ഉണ്ടു്. ദൈവമുമ്പാകെയുള്ള നിലപാടു് എനിക്കു ഉള്ളതുതന്നെയാണു് അവനുള്ളതും

## നീയും ആരായിരുന്നു എന്നോക്കുക

പക്ഷേ നിങ്ങൾ പറയുമായിരിക്കും, മററുള്ളവരുടെ അവഗണന എനിക്കു ഒരു പ്രശ്നമായി വരുന്നില്ല. എനിക്കു പ്രയാസം ഉണ്ടാകുന്നതു്, ചതിയന്മാരും അസാന്മാർഗ്ഗികരും ആയ ആളുകളുമായി അടുക്കേണ്ടിവരുമ്പോഴാണു് എന്നു്. അവരോടുള്ള എൻെറ മനോഭാവം എന്തായിരിക്കണം? നിൻെറ സ്വന്തജീവിതത്തെ നീ ഒന്നു തിരിഞ്ഞുനോക്കിയാൽ മാത്രം മതി. ദൈവകൃപ നിന്നെ കണ്ടെത്തിയപ്പോൾ നീ എവിടെയായിരുന്നു? ദൈവകൃപയില്ലായിരുന്നെങ്കിൽ ഇന്നു നീ എവിടെ ആയിരിക്കുമായിരുന്നു. ഏതെങ്കിലും നിലയിൽ നിനക്കു അവരേക്കാൾ മാററമുണ്ടെങ്കിൽ അതു തികച്ചും അവൻെറ കൃപയുടെ പ്രവൎത്തനമാണു്. ദൈവത്തിൻെറ കൃപ നിനക്കുവേണ്ടി എന്തുചെയ്തു എന്നു ചിന്തിക്കുക. അവൻെറ കൃപ നീ ദർശിക്കുമ്പോൾ അവൻെറ മുമ്പാകെ വണങ്ങി അവനോടു്: "പ്രകൃതിയാൽ ഞാനും അവരെപ്പോലെ ഒരു പാപിയാണു്. എന്നാൽ ഞാനോ കൃപയാൽ രക്ഷിക്കപ്പെട്ട ഒരു പാപിയാകുന്നു" എന്നു പറയുക. ദൈവകൃപ നമുക്കുവേണ്ടി എന്തൊക്കെ പ്രവൎത്തിച്ചിരിക്കുന്നു എന്നുള്ള ഒരു ധ്യാനം ഉണ്ടായാൽ നാം ഒരിക്കലും തന്നെത്താൻ ഉയരുകയില്ല അവൻെറ മുമ്പാകെ താണുവണങ്ങുന്നതിന്നു് അതു എപ്പോഴും നമുക്കിടവരുത്തും. നീ

മററുള്ളവരിൽനിന്നും വ്യത്യസ്തനാണെങ്കിൽ, ''നിന്നെ വിശേഷി പ്പിക്കുന്നതെന്തു്? 'ലഭിച്ചതല്ലാതെ നിനക്കെന്തുള്ളു, ലഭിച്ചു എങ്കി ലോ ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നതെന്തു്?'' പാപ ത്തിൻെറ കാഴ്ച നമ്മെ പിറകോട്ടു നോക്കുന്നതിനു ഹേതുവാകു ന്നു. എന്നാൽ പിന്നെയും നാം പാപിയുടെ അടുക്കൽ സ്നേഹ ത്തോടുകൂടെ അടുക്കണം.

## പാപത്തെയല്ല പാപിയെ സ്നേഹിക്കുക

ഓരോ ദൈവദാസനും അവൻേറതായ പ്രത്യേക കൎത്തവ്യ ങ്ങൾ ഉണ്ടു് എന്നു് നാം മനസ്സിലാക്കുമ്പോൾതന്നെ, അവ രുടെ ചുമതലകൾ എത്ര വ്യത്യസ്തങ്ങളായിരുന്നാലും, എല്ലാ സ ത്യ ദൈവദാസന്മാരും ഇക്കാര്യം, അതായതു്, മനുഷ്യരോടു അവ ൎക്കു് അതിയായ താല്പര്യം ഉണ്ടായിരിക്കണമെന്നതു് മറന്നുപോക രുതു്. പാപികളോടുള്ള ഒരു താല്പര്യം നിങ്ങൾക്കില്ലെങ്കിൽ, അവരെ വെറുക്കാനാണു് നിങ്ങളുടെ ഭാവമെങ്കിൽ, അവരോടു സു വിശേഷം പ്രസംഗിക്കുന്നതിനാൽ എന്തു സാധിക്കാമെന്നാണു് നിങ്ങളുടെ പ്രതീക്ഷ?

ഒരു രോഗിയിൽ നിന്നു ഒരു ഡോക്ടർ ഒഴിഞ്ഞുമാറുമോ? ഓ രോ ദേഹിയോടും ദൈവത്തിനുള്ള വിലമതിപ്പു് ദർശിക്കുന്നതുനി മിത്തമായി, നഷ്ടപ്പെട്ടവരെ നാം അന്വേഷിക്കുന്നുവെന്നുവരി കിൽ നാം അവരുടെ അടുക്കലേക്കു ചെല്ലും. അതു കൎത്തവ്യത്തി ൻെറ ഹേമം ഹേതുവായിട്ടല്ല, അപ്രതിരോധ്യമായ ആകൎഷണത്തി ൻെറ ആവേശം മൂലമാണു്. നിസ്വാൎത്ഥ സ്നേഹത്തോടുകൂടി നാം അവരെ സമീപിക്കുമ്പോൾ സേവനത്തിനുള്ള നിസ്സീമമായ വയൽ നമുക്കു തുറന്നുകിട്ടിയതായി നാം കാണും. അങ്ങനെ ദൈവത്തി ൻെറ ദയയാൽ അവൻെറ മുമ്പിൽ ഒരളവിൽ ദാസന്മാരായിത്തീ രുകയും ചെയ്യും.

## സകലമനുഷ്യരും നമ്മുടെ കൂട്ടുകാരാണെന്നു കാണുക

അത്യധിക സ്ഥാനമുള്ള ഒരു സജീവ ദേഹിയാണ് ഓരോ മനുഷ്യനും എന്നു നാം കണ്ടിരുന്നെങ്കിൽ! നാം ഇതരവിശുദ്ധന്മാരുമായി സഹപൗരന്മാരാണെന്നു മനസ്സിലാക്കിയപ്പോഠം രക്ഷിക്കപ്പെട്ടവരുമായുള്ള ഇടപാടിൽ എത്ര വ്യത്യസ്തമായ തോന്നലുണ്ടായി! അതുപോലുള്ള ഒരു വ്യത്യാസം, ദിവ്യപ്രകാശം നമ്മുടെ മേൽ പതിക്കയും, മററ ഓരോരുത്തരും നമ്മുടെ കൂട്ടുകാർ ആണെന്നു നാം വാസ്തവമായികാണുകയും ചെയ്യുമ്പോഠം നമ്മിലുണ്ടാകും. അപ്പോഠം നാം അവരെ വിലമതിക്കയും സ്നേഹിക്കയും ചെയ്യും. തൻെറ സഭയുടെ നിമ്മാണത്തിൽ അവരെയും അവൻെറ കരങ്ങളിൽ ഉപകരണങ്ങളാകുവാൻവേണ്ടി അവരെ അതിനായി ആദായപ്പെടുത്തണമെന്നുള്ള കത്താവിൻെറ ആഗ്രഹത്തിൽ നാമും ഏകീഭവിക്കുന്നവരായിത്തീരും. നിങ്ങളോ ഞാനോ, ഏതെങ്കിലും മനുഷ്യാത്മാവിനെ അവഗണിക്കുന്നുവെങ്കിൽ മനുഷ്യപുത്രൻെറ സേവനത്തിനു നാം അനർഹരാണ്. കാരണം, അവൻെറ വേലക്കാർ, അവരുടെ കൂട്ടുകാരെ ശുശ്രൂഷിക്കുന്നതു് സന്തോഷമെന്നു് എണ്ണീട്ടുള്ളവരാണ്.

## അദ്ധ്യായം നാല്.

# ഒരു നല്ല ശ്രോതാവ്.

ഓരോ ക്രിസ്തീയ വേലക്കാരൻേറയും ജീവിതത്തിൽ കാണു വാൻ നാം ആഗ്രഹിക്കുന്ന ഗുണങ്ങളിൽപെട്ട മറെറാന്നു് ശ്രദ്ധിക്കുന്ന കാര്യത്തിലുള്ള കഴിവാണു്. താരതമ്യേന വളരെ അല്പമായിമാത്രമേ ഇക്കാര്യം പലരും കണക്കിലെടുത്തിട്ടുള്ളു. എന്നാൽ അനുഭവം വച്ചുനോക്കുമ്പോഠം മനസ്സിലാക്കേണ്ടതു് അങ്ങനെയാതൊരു തരത്തിലും വരരുതെന്നാണു്.

### പറയുന്നതു ശ്രദ്ധിച്ചുകേൾക്കുക

കത്താവിനെ സേവിപ്പാൻ ആഗ്രഹിക്കുന്ന ഏവനും ജനങ്ങഠം പറയുന്നതു് ശ്രദ്ധിക്കുന്ന സ്വഭാവമുള്ളവനായിരിക്കണം. ആക്കാനുംവേണ്ടി കടത്തുകഴിക്കുന്ന രീതിയിലല്ല, പിന്നയോ പറയുന്നതു എന്താണെന്നു ഗ്രഹിക്കാനുള്ള താല്പര്യത്തോടുകൂടി സശ്രദ്ധം കേഠംക്കേണ്ടതാണു്. സഹായത്തിനുവേണ്ടി ഒരു വിശ്വാസി താല്പര്യത്തോടുകൂടി ഒരു കർത്തൃദാസനെ സമീപിക്കുന്നുവെങ്കിൽ സഹോദരനു പറയാനുള്ള കാര്യം ശ്രദ്ധിക്കുന്നതോടുകൂടി, മൂന്നു വ്യത്യസ്ത വിധങ്ങളിൽ അതു വിവേചിച്ചു, കേഠംക്കേണ്ടതുമാണു്. ഒന്നു് അവൻ പറയുന്ന വാക്കുകഠം, രണ്ടു്, താൻ പറയാൻ മടിക്കുന്ന അഥവാ പിൻവലിക്കുന്ന കാര്യങ്ങഠം; മൂന്നാമതായി അവൻെറ ആത്മാവിൻെറ ആഴത്തിൽ കിടക്കുന്നതു്, തനിക്കു ഉച്ചരിക്കുവാൻ കഴിയാത്തതുമായ വാക്കുകഠം, ഇവയാണു് തിരിച്ചു മനസ്സിലാക്കേണ്ടതു്.

### ക്ഷമയോടെ കേൾക്കുക.

ഒന്നാമതു്, അദ്ദേഹം പറയുന്നതിൻെറ ആകപ്പാടെയുള്ള സാരം എന്തെന്നു് മനസ്സിലാക്കണം. അതു മനസ്സിലാകുന്നതുവരെ

ശ്രദ്ധിക്കണം. അങ്ങനെ ആ മനുഷ്യൻെറ സ്ഥിതിവിവരം മനസ്സിലാക്കിയാൽ ദൈവമുമ്പാകെ, നിങ്ങളുടെ മനസ്സിന്നു സ്വസ്ഥതയും, ആത്മശാന്തിയും ഉണ്ടാകാൻ ഇടയാകും. കേൾക്കുക എന്നതു് എളുപ്പമുള്ള ഒരു കാര്യമല്ല. ഞാൻ ചോദിക്കട്ടെ, ഒരുവൻ തൻെറ പ്രയാസം വളരെ വിസ്തരിച്ചു് പറയാൻ തുടങ്ങുന്നുവെങ്കിൽ ബുദ്ധിപൂർവ്വമായി അയാളെ ശ്രദ്ധിക്കാൻ നിങ്ങൾക്കു കഴിയുമോ? നിങ്ങൾ പലർ കൂടി ഒരാൾ പറയുന്നതു്, ഒരേ സമയം ശ്രദ്ധിക്കയാണെങ്കിൽ ആ ആളുടെ പ്രശ്നം സംബന്ധിച്ചു് കേൾവിക്കാരുടെ എണ്ണത്തോളമുള്ള അഭിപ്രായങ്ങളായിരിക്കും ആകെ ഉണ്ടാകാനിടയുള്ളതെന്നു് ഞാൻ ഭയപ്പെടുന്നു.

## വേണ്ടതു ശ്രദ്ധിപ്പാൻ ചെവികൾക്കു പരിശീലനം നൽകണം

കേൾക്കുന്ന ചെവികൾ നമുക്കുണ്ടായിരിക്കണമെങ്കിൽ അതിന്നു നാം പ്രത്യേകം കരുതലോടെ ഇടപെടേണ്ടതാണു്. കേൾക്കാൻ നമ്മുടെ ചെവികളെ പരിശീലിപ്പിക്കണം. അക്കാര്യത്തിൽ ശരിയായ ശിക്ഷണം പ്രാപിച്ചില്ലെങ്കിൽ ഓരോ ആവശ്യത്തിന്നു വേണ്ടി നമ്മെ അവർ കേൾപ്പിക്കുന്ന കാര്യത്തിൽ നാം മുഷിഞ്ഞു പോകും. അവരുടെ വർത്തമാനവും നില്ക്കും. നമ്മുടെ ശ്രദ്ധയും അവസാനിക്കും. അവരുടെ പ്രയാസം സംബന്ധിച്ചു് പെട്ടെന്നുള്ള അഭിപ്രായവും നാം തട്ടിവിടും. അല്ലെങ്കിൽ അവർ പറഞ്ഞു തുടങ്ങുമ്പോൾതന്നെ നാം കഷ്ടിച്ചു അല്പമൊന്നു കേൾക്കയും ഇടയ്ക്കുകയറി നമ്മുടെ മനസ്സിലിരിക്കുന്ന വലിയകാര്യം പറയാൻ തക്കം നോക്കുകയും ചെയ്യും. എന്നിട്ടു്, തരംകിട്ടുമ്പോൾ, അവർ ശ്രദ്ധിച്ചുകൊള്ളുമെന്നു കരുതി നമ്മുടെ അഭിപ്രായങ്ങൾ പറഞ്ഞു തുടങ്ങും.

## സന്ദർഭത്തിനൊത്തു് തീരുമാനമെടുക്കരുതു്

ഒരു വേലക്കാരൻ ഒരു ആത്മീയ വിഷയം സംബന്ധിച്ചു

ധ്യാനിച്ചുകൊണ്ടിരിക്കുകയും തൻെറ മനസ്സ് അതിൽതന്നെ മുഴുകിയിരിക്കയും ചെയ്യുമ്പോഴാണ്, ഒരു സഹോദരൻ അവൻെറ പ്രയാസം സംബന്ധിച്ച് ഒരു സഹായം ലഭിക്കാൻ അടുത്തു വരുന്നതെങ്കിൽ വേലക്കാരൻ തൻെറ ധ്യാനവിഷയമായിരുന്ന കാര്യങ്ങളായിരിക്കും ആ സഹോദരനോടു പറയുന്നതു്. അതുപോലെ തന്നെ പഥ്യോപദേശം പിടിച്ചവനും കൊള്ളാവുന്നവനുമായ ഒരു സഹോദരൻ വന്നു സംസാരിക്കുമ്പോൾ അദ്ദേഹത്തോടും മുൻ പറഞ്ഞവിധത്തിൽ ഇടപെടും. അങ്ങനെ ആ വേലക്കാരനെ സമീപിക്കുന്ന എല്ലാവക്കും കിട്ടുന്ന മറുപടി ഒന്നുതന്നെയായിരുക്കും. അവരുടെ നിലപാടിലുള്ള വ്യത്യാസം കണക്കിലെടുക്കയില്ല.

ക്രിസ്തീയപ്രവത്തനത്തിൽ, ആളുകൾക്കു് ഉചിതമായ സഹായം നൽകുകയെന്നതു് ഒരു ഡോക്ടർ തൻെറ ആശുപത്രിയിൽ വരുന്നവരെ ശുശ്രൂഷിക്കുന്നതിനേക്കാൾ പ്രയാസമുള്ള കാര്യമാണു്. കാരണം, ഡോക്ടർക്കു് തൻെറ രോഗികളെ പരിശോധിക്കുന്നതിനു പല ഉപകരണങ്ങളും, മാർഗ്ഗങ്ങളും ആശുപത്രിയിലുണ്ടു്. അത്തരം സാധനസാമഗ്രികളൊന്നും ക്രിസ്തീയപ്രവത്തകനില്ല. ഒരാൾ നിങ്ങളുടെ അടുക്കൽ വന്നു്, തൻെറ സ്ഥിതിയെക്കുറിച്ചു് അരമണിക്കൂറിലധികം നിങ്ങളോടു സംസാരിച്ചുവെന്നിരിക്കട്ടെ, നിങ്ങൾ അതിനെ കാര്യമായി ശ്രദ്ധിക്കാതെയിരുന്നാൽ അയാളുടെ പ്രയാസം സംബന്ധിച്ചു് നിങ്ങൾക്കെങ്ങനെ അയാളെ സഹായിക്കാൻ കഴിയും? ഓരോ വ്യക്തിയുടേയും പ്രത്യേക പ്രശ്നം ഗ്രഹിക്കാനുള്ള കഴിവു് അഭിവൃദ്ധി പ്രാപിക്കയും, തികഞ്ഞ ശ്രോതാക്കളായിതീരുകയും ചെയ്യുവോളം, ആളുകൾ പറയുന്നതു് ശ്രദ്ധിക്കാനുള്ള അഭ്യാസത്തെ സംപുഷ്ടമാക്കുന്നതു് കത്താവിനെ സേവിക്കുന്ന ഏവക്കും അത്യന്താപേക്ഷിതമാണു്.

## പറയാൻ മടിക്കുന്നതും കണക്കിലെടുക്കണം

രണ്ടാമതായി, ആവശ്യക്കാരായ ആരെങ്കിലും നമ്മോടു സംസാരിക്കുമ്പോൾ, പുറത്തു പറയാതെ ഒഴിഞ്ഞുമാറുന്ന സംഗതിക

ളെന്തൊക്കെയാണെന്നു് നാം വിവേചിക്കണം. പറയാതെയിരിക്കുന്ന വാക്കുകളുടെ ഒരു രൂപം കിട്ടുകയെന്നതു്, പറയുന്ന വാക്കുകളെ മനസ്സിലാക്കുന്നതിനേക്കാറം സ്വാഭാവികമായി പ്രയാസമുള്ള കാര്യമാണു്. പക്ഷേ, ശ്രവണസാദ്ധ്യമായവയെപ്പോലെ തന്നെ, വെളിപ്പെടുത്താത്തവയേയും വിവേചിക്കുവാൻതക്കവണ്ണം നാം കേറംക്കുവാൻ പഠിച്ചിരിക്കണം. ആളുകറം അവരുടെ ഇടപാടുകളെക്കുറിച്ചു് നമ്മോടു ആലോചന ചോദിക്കുമ്പോറം അവരുടെ കഥയുടെ പകുതി നമ്മോടു പറയുകയും, മറേറ പകുതി വെളിപ്പെടുത്താതെ പിടിച്ചുവയ്ക്കുകയും ചെയ്യുന്നതു് അസാധാരണമല്ല. ഇവിടെയാണു് വേലക്കാരൻെറ കാര്യക്ഷമത പരിശോധിക്കപ്പെടുന്നതു്. വേണ്ടിടത്തോളം സാമത്ഥ്യമില്ലാത്ത ഒരു വേലക്കാരനാണു് നിങ്ങളെങ്കിൽ, അയാറം വെളിപ്പെടുത്തിയ കാര്യമേ നിങ്ങറം വിവേചിക്കയുള്ളു; അല്ലെങ്കിൽ അയാറം പറഞ്ഞ കഥയുടെ ഗതിയും നിങ്ങളുടെ ചിന്താഗതിയും വച്ചുകൊണ്ടു് കാര്യങ്ങറം ഗ്രഹിക്കും. സംസാരിക്കുന്നവൻെറ ഹൃദയത്തിലെ ചിന്താഗതി ഒരിക്കലും മനസ്സിലാക്കയില്ല. അതിൻെറ ഫലമോ, നിങ്ങളുടെ സഹായം അന്വേഷിക്കുന്നവനെക്കുറിച്ചുള്ള ഒരു തെററിദ്ധാരണ മാത്രമായിരിക്കും. ഇരുവശങ്ങളും വളരെ കൃത്യമായി വായിക്കാൻ നിങ്ങറംക്കു കഴിഞ്ഞാൽ കത്താവുമായി നിങ്ങറംക്കു അടുത്ത ബന്ധം പുലത്തേണ്ടതിൻെറ ആവശ്യമുണ്ടാകും. ആവശ്യക്കാരനായ ഒരുത്തൻ ഉപരിപ്ലവമായ, എന്നു വച്ചാൽ ബാഹ്യമായ ചിലപ്രയാസങ്ങറംമാത്രം പറകയും സർവ്വപ്രധാനമായ ഭാഗം സംബന്ധിച്ചു് മൗനം അവലംബിക്കയും ചെയ്യുന്നുവെങ്കിൽ അവൻെറ സ്ഥിതി നിങ്ങറംക്കെങ്ങനെ ഗ്രഹിക്കാൻ കഴിയും? ദൈവമുമ്പാകെ നിങ്ങളുടെ സ്വന്തകാര്യങ്ങറം തെളിവുള്ളവയാണെങ്കിൽ മററുള്ളവയും നിങ്ങറംക്കു ഗ്രഹിക്കാൻ കഴിയും.

## വക്താവിൻെറ ഹൃദയാവസ്ഥ വിവേചിക്കണം.

മൂന്നാമതായി അവരുടെ ആത്മാവു് എന്താണു് പറയുന്ന

തെന്നു കണ്ടുപിടിക്കാൻ നമുക്കു കഴിവുണ്ടാകണം ഒരുവൻ പറയു ന്നതായ വാക്കുകൾക്കും, പറയാതെ മനഃപൂർവ്വം പിടിച്ചുവയ്ക്കുന്ന വാക്കുകൾക്കും അതീതമായി നിലകൊള്ളുന്നതാണു് അവൻെറ ആ ത്മാവു പറയുന്ന വാക്കുകൾ എന്നു് ഇവിടെ സൂചിപ്പിക്കുന്നതു് ആവശ്യബോധമുള്ള ഏതെങ്കിലും വിശ്വാസി, തൻെറ വായ്തുറ ന്നു സംസാരിക്കുന്നു. അവൻെറ ആത്മാവും സംസാരിക്കുന്നു. ത ന്നെക്കുറിച്ചു സംസാരിക്കാൻ അവനുള്ള സന്നദ്ധതയിൽതന്നെ അവൻെറ ആത്മാവിനെ സ്പർശിക്കാനുള്ള സന്ദർഭവും നൽകു ന്നു എന്നതാണു് അതിലെ വാസ്തവം. അവൻെറ അധരങ്ങൾക്കു മുദ്രവച്ചിരിക്കയാണെങ്കിൽ അവൻെറ ആത്മാവിൽ നടക്കുന്നതെ ന്താണെന്നു് ഗ്രഹിക്കാൻ പ്രയാസമാണു്. എന്നാൽ അവൻ വാ യ് തുറക്കുന്നതോടുകൂടി, അവൻ സ്വയമേവ എത്രതന്നെ നിയന്ത്ര ണം പാലിച്ചാലും അവൻെറ ആത്മാവിന്നും ഒരളവോളം വിടുത ലുണ്ടാകുന്നു. അവൻെറ ആത്മാവു് എന്തു പറയുന്നു എന്നു വി വേചിക്കാനുള്ള നിങ്ങളുടെ കഴിവു്, നിങ്ങളുടെ സ്വന്ത ആത്മീ യ പരിജ്ഞാനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ദൈവസന്നി ധിയിലുള്ള നിങ്ങളുടെ ഹൃദയവ്യാപാരം മുഖാന്തരം ഗ്രാഹ്യശ ക്തി നിങ്ങൾ പ്രാപിച്ചിട്ടുണ്ടെങ്കിൽ, സഹോദരൻ ഉച്ചരിക്കുന്ന വാക്കുകളെയും, ഉച്ചരിക്കാതെ പിൻവലിക്കുന്ന വാക്കുകളേയും, അന്തർഭാഗത്തെ ആഴങ്ങളിൽ നിന്നു് നിർഗമിക്കുന്ന പദങ്ങളേ യും വിവേചിക്കുന്നതിനു് നിങ്ങൾക്കു കഴിവുണ്ടാകും. വിശദീക രിക്കുന്നതിലുള്ള അവൻെറ ബുദ്ധിപരമായ പ്രയാസങ്ങളേയും വി ശദീകരിക്കാതിരിക്കുന്ന ആത്മീയപ്രയാസങ്ങളേയും നിങ്ങൾ തി രിച്ചറിയും. അങ്ങനെ അവൻെറ കാര്യങ്ങൾക്കു് ഉചിതമായ പ്രതി വിധി നിർദ്ദേശിക്കാൻ നിങ്ങൾക്കു കഴിവുണ്ടാകും.

## നല്ല ശ്രോതാവിൻെറ ഏകാഗ്രത.

എന്നാൽ കഷ്ടം! വളരെ ചുരുക്കം വിശ്വാസികൾ മാത്രമേ നല്ല ശ്രോതാക്കളായിരിക്കുന്നുള്ളു. ഒരു മണിക്കൂർനേരം മുഴുവനും

നിങ്ങളുടെ പ്രയാസങ്ങരം വിവരിക്കുന്നതിനു് നിങ്ങരം ചെലവ ഴിച്ചിട്ടും, അതിൻെറ ഒടുവിൽ അവർക്കു് അതുസംബന്ധിച്ചു് ഒരു വ്യക്തമായ ധാരണയുണ്ടാകുന്നില്ല. നമ്മുടെ കേരംവി തൃപ്തികര മാംവിധം ഏകാഗ്രതയുള്ളതായിരിക്കുന്നില്ല. മററുള്ളവർ നമ്മോ ടു പറയുന്നതു് ശ്രദ്ധിക്കാൻ നമുക്കു സാധ്യമല്ലെങ്കിൽ ദൈവം അരു ളിച്ചെയ്യുന്നതു് നാമെങ്ങനെ ശ്രദ്ധിക്കും? ഹാ! ഇതൊരു ലഘുവായ കാര്യമായി നാം കണക്കാക്കരുതു്. നാം കേരംക്കാൻ, ഗ്രഹിക്കു ത്തക്കവിധം കേരംക്കാൻ, പഠിച്ചില്ലെങ്കിൽ നാം വലിയ വേദപു സ്തകവായനക്കാരായാലും വലിയ ബൈബിരം ഉപദേഷ്ടാക്കന്മാരാ യാലും, വിവിധ പ്രവത്തനങ്ങളിൽ അതിസമത്ഥരായാലും ആവ ശ്യക്കാരനായ ഒരു സഹോദരനുമായി ഇടപെടാൻ കഴിവില്ലാത്ത വരായിത്തീരും. ആളുകളോടു് അങ്ങോട്ടു സംസാരിക്കാൻ കഴി വുണ്ടായാൽമാത്രം പോരാ, അവരുടെ പ്രയാസങ്ങളോടു ഇടപെ ടാനുള്ള പ്രാപ്തിയും ഉണ്ടാകണം. എന്നാൽ നാം വായു് മാത്രമേ പ്രായോഗികമാക്കുകയുള്ളുവെന്നും ചെവികരം ഉപയോഗപ്പെടുത്തു കയില്ലയെന്നും വന്നാൽ മുൻപറഞ്ഞ പ്രാപ്തി നമുക്കെങ്ങനെ സി ദ്ധമാകും? ഈ കുറവിൻെറ ഗുരുതരമായ നില നാം മനസ്സിലാ ക്കേണ്ടതാണു്.

## ഈ ഡോക്ടരുടെ പ്രയോഗം സ്വീകരിക്കരുതു്.

താഴെ പറയുന്ന കഥ, ഒരു പ്രായംചെന്ന ഡോക്ടരോടു ബ ന്ധപ്പെട്ടതാണു്. അദ്ദേഹത്തിൻെറ കൈവശം രണ്ടുതരം മരുന്നു മാത്രമേ ഉണ്ടായിരുന്നുള്ളു—ആവണക്കെണ്ണയും, ക്വയിനാപ്പൊടി യും. തൻെറ അടുക്കൽ വരുന്ന രോഗികളുടെ സുഖക്കേടു് എ ന്തായാലുംശരി, മേല്പറഞ്ഞ മരുന്നുകളിൽ ഏതെങ്കിലും ഒന്നു് കൊടുക്കും. പല ക്രിസ്തീയവേലക്കാരും തങ്ങളുടെ അടുക്കൽ വരു ന്നവരോടു് ഇടപെടുന്നതു് ഇത്തരത്തിലാണു്. അവർക്കു് പ്രിയ പ്പെട്ട ഒന്നോ രണ്ടോ വിഷയം ഉണ്ടായിരിക്കും, സഹായാത്ഥിക ളായി തങ്ങളെ സമീപിക്കുന്നവർ എത്രതന്നെ വ്യത്യസ്ത സ്വഭാവ

മുള്ളവരായാലും അവർ "പഠിച്ചതേ പാടുകയുള്ളു". അത്തരം വേലക്കാർ ഒരിക്കലും മററുള്ളവർക്കു് ഉപകാരമായി ഭവിക്കയില്ല. കാരണം, അവക്കു് പറയാനേ അറിയാവൂ, ശ്രദ്ധിക്കാൻ കഴിവില്ല. അതുകൊണ്ടു്, ആളുകരം പറയുന്നതെന്താണെന്നു് കേൾക്കാനും അതുമനസ്സിലാക്കാനും ഉള്ള കഴിവു് നമുക്കെങ്ങനെ സിദ്ധിക്കും?

## 1) നാം അടിമപ്പെട്ടുപോകരുതു്.

കേരംക്കുന്നതു് അതേപടി എടുക്കുക എന്ന അടിമത്തം ആണു് നാം ചീത്തക്കേരംവിക്കാരായിത്തീരുവാനുള്ള പ്രധാനകാരണങ്ങളിൽ ഒന്നു്. നിങ്ങരംക്കു സ്വന്തമായ ഒരു ധാരണ ജനങ്ങളെക്കുറിച്ചുണ്ടെങ്കിൽ നിങ്ങളുടെ മനസ്സു് നിങ്ങളുടേതായ തീരുമാനങ്ങരംകൊണ്ടു് നിറഞ്ഞിരിക്കുന്നതിനാൽ അവർ പറയുന്നതെന്താണെന്നു്, യഥാവിധി മനസ്സിലാക്കൻ നിങ്ങരംക്കു പ്രയാസം നേരിടും. മററുള്ളവരുടെ അഭിപ്രായങ്ങരം ഉള്ളിൽ കേറാൻ കഴിയാതവണ്ണം നിങ്ങളുടെ ധാരണയിൽ നിങ്ങരം ഉറച്ചുപോയിരിക്കയാണു്. സകല സുഖക്കേടിനും ഉള്ള കാരണം നിങ്ങരംക്കു വെളിപ്പെട്ടിട്ടുണ്ടെന്നു ധരിച്ചുകൊണ്ടിരിക്കുന്നതിനാൽ നിങ്ങളെ സമീപിക്കുന്നവരുടെ ആവശ്യങ്ങരം എത്രതന്നെ വിവിധങ്ങളായാലും അവയ്ക്കെല്ലാം ഒരേ പ്രതിവിധിതന്നെ നിശ്ചയിക്കും. ആവശ്യവുമായി വരുന്നവൻ വായു് തുറക്കുന്നതിനുമുമ്പുതന്നെ പറയാൻ പോകുന്നതു്, ഇന്നതായിരിക്കുമെന്നും, അതിനുള്ള പ്രതിവിധി ഇന്നതായിരിക്കണമെന്നും മനസ്സിൽ ധരിച്ചുകൊണ്ടിരുന്നാൽ ആവശ്യക്കാരനു് പ്രയോജനപ്പെടുവാൻ ഒരു വേലക്കാരനു് എങ്ങനെ കഴിയും? ഇങ്ങനെയുള്ള മുൻവിധിയിൽനിന്നു നമ്മെ രക്ഷിക്കാൻ നാം കത്താവിനോടപേക്ഷിക്കണം. ഓരോ കാര്യത്തിലും ശരിയായ പ്രതിവിധി കണ്ടുപിടിച്ചു് കൊടുക്കാൻ നമുക്കു കത്താവു് തരേണ്ടതിനു്, നമ്മെ സമീപിക്കുന്നവരെ സംബന്ധിച്ചുള്ള എല്ലാ മുൻധാരണകളും വിട്ടു്, കത്താവിൻെറ പക്കൽനിന്നും എല്ലാററിനും കഴിവു കിട്ടാൻ പ്രാത്ഥിക്കണം.

## 2) നാം മനസ്സാന്നിധ്യം ഇല്ലാത്തവരാകരുത്.
(മനോരാജ്യത്തിൽ ചരിക്കുന്നവരാകരുത്)

പല വിശ്വാസികൾക്കും മാനസികമായ അച്ചടക്കം എന്താണെന്നറിഞ്ഞുകൂടാ. രാവും പകലും അവരുടെ ചിന്തകൾ നിർവിഘ്നം പ്രവഹിച്ചുകൊണ്ടിരിക്കയാണ്. മനസ്സ് ഒരിടത്തും കേന്ദ്രീകരിക്കയില്ല. പിന്നെയോ അവിടെയുമിവിടെയും അലഞ്ഞുതിരികയും യാതൊന്നിലും ഉറയ്ക്കാതെ, കാര്യമായതൊന്നും പിടിച്ചുകൊള്ളാതെ, അന്തമില്ലാത്ത തോന്നലുകൾക്കും അനുമാനങ്ങൾക്കും മനസ്സിനെ വിട്ടുകൊടുക്കും. ആളുകൾ അങ്ങനെയുള്ളവരോട് സംസാരിക്കുമ്പോൾ അവർ എന്താണ് പറയുന്നതെന്ന് ശ്രദ്ധിക്കാൻ അവർക്കു സാധിക്കുന്നില്ല. അവർ തങ്ങളുടെ തലയിൽകൂടി ഓടുന്ന വണ്ടിയിൽമാത്രം ശ്രദ്ധിക്കയും അതിനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരിക്കയും ചെയ്യും. നമ്മോടു പറയുന്നതെന്താണെന്നു കേൾക്കാനും അത് പിടിച്ചെടുക്കാനും കഴിയേണ്ടതിന് നാം നമ്മുടെ മനസ്സിനെ ശാന്തമാക്കാൻ പഠിക്കേണ്ടതത്യാവശ്യമാണ്.

## 3) മററുള്ളവരുടെ തോന്നലുകളിലേക്കു കടക്കുവാൻ നാം പഠിക്കണം.

ഒരുവൻ പറയുന്നതെന്താണെന്നു് നിങ്ങൾ ശ്രദ്ധിച്ചാൽ തന്നെയും, അവൻെറ ചുററുപാടുകളിലേക്ക് സഹതാപപൂർവ്വം പ്രവേശിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലെങ്കിൽ അവൻെറ ആവശ്യം മനസ്സിലാക്കാൻ പിന്നെയും നിങ്ങൾക്കു സാധ്യമാകാതെ വരാം. ചിലർ വല്ലാത്ത നിരാശയോടുകൂടെ നിങ്ങളുടെ അടുക്കൽ വരുന്നു എന്നിരിക്കട്ടെ. നിങ്ങൾ വളരെ ഉല്ലാസവാനായി ഉത്സാഹഭരിതനായി പെരുമാറാനും അവൻെറ സങ്കടത്തിൽ അനുഭാവം കാണിക്കാതിരിക്കാനും തുടങ്ങിയാൽ വരുന്നവൻെറ കാര്യത്തിൽ ഒരു ശരിയായ പ്രതിവിധി കാണാൻ നിങ്ങൾക്കു കഴികയില്ല. വികാരാത്മകമായ നിൻെറ ജീവിതം ദൈവത്തോടു ബന്ധപ്പെട്ടു ക

ഴിയുന്നതല്ല എങ്കിൽ മററുള്ളവർ അവരുടെ സന്തോഷം പ്രകടിപ്പിക്കുമ്പോൾ അവരോടൊപ്പം ഒരു സന്തോഷത്തിൻെറ പ്രതികരണം നിന്നിൽ കാണുകയില്ല. അവർ ദുഃഖിക്കുമ്പോൾ അവരോടു ചേന്നു ദുഃഖിക്കാനും സാധ്യമല്ല. അവർ സംസാരിക്കുമ്പോൾ വാക്കുകൾ ശ്രദ്ധിക്കാനും കഴിവുണ്ടാകയില്ല. അവർ അവതരിപ്പിക്കുന്ന കാര്യം ശരിയായി മനസ്സിലാക്കാനും നിങ്ങൾക്കു കഴികയില്ല.

ക്രിസ്തു നിമിത്തം നാം മററുള്ളവരുടെ ദാസന്മാരാണെന്നു ഓത്തിരിക്കണം. നമ്മുടെ സമയവും ശക്തിയും മാത്രം അവക്കായി വിട്ടുകൊടുത്താൽ പോരാ. നമ്മുടെ സ്നേഹവാത്സല്യങ്ങളും അവക്കായി അർപ്പിക്കണം. കത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു്, ''അവൻ നമ്മുടെ ബലഹീനതകളെ ചുമന്നു''എന്നു പറഞ്ഞിരിക്കുന്നു. ദൈവത്തെ സേവിക്കുന്നവരിൽനിന്നു അവൻ ആവശ്യപ്പെടുന്നതു് അതുതന്നെയാണു്, നമ്മുടെ സ്വയതാല്പര്യങ്ങൾക്കു അവസരം ലഭിക്കുന്നില്ല. നാം നമ്മുടെ സന്തോഷത്തിനും കണ്ണുനീരിനും, നമ്മുടെ ഹിതങ്ങൾക്കും അഹിതങ്ങൾക്കും വഴങ്ങിക്കൊടുക്കുന്നുവെങ്കിൽ, അതുപോലെതന്നെ മററുള്ളവരുടെ കാര്യങ്ങളിലും നാം നമ്മെ തന്നെ വിട്ടുകൊടുക്കേണ്ടതാണു്. നമ്മുടെ സ്വന്തസന്തോഷങ്ങൾക്കും സന്താപങ്ങൾക്കും മാത്രം വഴിപ്പെട്ടു് നമ്മുടെ കാര്യം മുമ്പോട്ടു പോകട്ടെ എന്നു വിചാരിക്കയാണെങ്കിൽ, സാധനസാമഗ്രികൾകൊണ്ടുനിറഞ്ഞു് മറെറാന്നിനും ഇടമില്ലാത്ത ഒരു മുറിപോലെയായിരിക്കും നാം. അല്ലെങ്കിൽ മറെറാരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ സകല ചിന്താഗതികളും നമ്മെക്കുറിച്ചുതന്നെയായിരിക്കും, മററാർക്കും നമ്മിൽ ഒരു സ്ഥാനമില്ലാതിരിക്കയും ചെയ്യും. നമ്മുടെ ശരീരശക്തിക്കു ഒരു അതിരുള്ളതുപോലെ നമ്മുടെ ദേഹിയുടെ ബലത്തിനും ഒരതിരുണ്ടെന്നു് നാം ഗ്രഹിച്ചിരിക്കണം. വികാരാത്മകങ്ങളായ നമ്മുടെ ശക്തികൾ അതിരററതല്ല, നമ്മുടെ അനുഭാവങ്ങളെ ഒരു മാർഗ്ഗത്തിൽ തന്നെ മുഴുവനും വിട്ടുകൊടുത്താൽ മറെറാരു മാർഗ്ഗത്തിൽ വിടാൻ യാതൊന്നുമില്ലെന്നു വരും. അതുകൊണ്ടു്, ആക്കെങ്കിലും മറെറാരുത്തനോടു് ക്രമാതീതമായ പ്രേമം ഉണ്ടാകുന്നുവെങ്കിൽ അവനു് ക

ത്താവിൻെറ ദാസനായിരിപ്പാൻ കഴികയില്ല. കത്താവുതന്നെ അരുളിച്ചെയ്തതു്: ''എൻെറ അടുക്കൽ വരികയും, അപ്പനേയും അമ്മയേയും, ഭാര്യയേയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും പകയ്ക്കാതിരിക്കയും ചെയ്യുന്നവനു് എൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല'' എന്നാണു്. (ലൂക്കോ. 14:26)

## ക്രൂശിൻെറ പ്രായോഗികത്വം

കത്താവിൻെറ വേലയിൽ ഏപ്പെട്ടിരിക്കുന്ന ഏവനും അത്യന്താപേക്ഷിതമായ കാര്യം, ക്രൂശിനെ പ്രായോഗികമായി അറിയുക എന്നുള്ളതാണു്. അല്ലാത്തപക്ഷം, നാം നമ്മാൽതന്നെ പൊതിയപ്പെട്ടവരും, നമ്മുടെ സ്വന്ത ചിന്തകളാലും തോന്നലുകളാലും ഭരിക്കപ്പെടുന്നവരുമായിത്തീരും. ദൈവത്തിനും നമ്മുടെ കൂട്ടുകാക്കും പ്രയോജനമുള്ളവരായിത്തീരുന്നതിനു്, എളുപ്പവും ആദായകരവുമായ വേറെ മാഗ്ഗം ആർക്കുംതന്നെ കാണാൻ കഴികയില്ല. മോശമായ കേംവിക്കാർ ഒരിക്കലും നല്ല വേലക്കാരായി തീരുകയില്ല എന്നു നാം ഒത്തിരിക്കണം. നല്ല ശ്രോതാക്കളായി തീരണമെന്നുണ്ടെങ്കിൽ ക്രൂശു് നമ്മുടെ ജീവിതത്തിൽ ആഴമായി കയറുകയും, മററുള്ളവരുടെ കാര്യങ്ങൾക്ക ശ്രദ്ധപതിക്കാതിരിക്കുന്ന നമ്മുടെ സ്വാത്ഥതയാകുന്ന ബധിരതയിൽനിന്നു നമ്മെ വിടുവിക്കയും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതത്തിന്മേൽ ക്രൂശു് നടത്തുന്ന ആഴമേറിയ വേലയുടെ ഫലമായി, നാം ക്ഷമാപൂവ്വം മററുള്ളവരെ ശ്രദ്ധിക്കുക എന്ന ആന്തരിക ശാന്തതയിലേയ്ക്കു എത്തും. ഈ പറയുന്നതിൻെറ അത്ഥം, ആളുകൾ അനേക മണിക്കൂറുകൾ അന്തമില്ലാതെ പറയുന്നതുകേട്ടുകൊണ്ടു് ഇരുന്നുകൊള്ളണമെന്നല്ല, പിന്നെയോ, അവരുടെ ഹൃദയത്തിലുള്ളതു് വിശദീകരിക്കാൻ യുക്തമായ സമയം നാം അനുവദിക്കണമെന്നുള്ളതാണു്.

## കേൾപ്പാൻ വേഗതയും പറവാൻ താമസവും

ക്രിസ്തീയവേലക്കാരുടെ മദ്ധ്യേ ഒരു തെററിദ്ധാരണ നടമാടു

ന്നുണ്ട്. അവർ വിചാരിക്കുന്നതു്, പ്രാഥമികമായ അത്യാവശ്യം പ്രസംഗിക്കാനുള്ള കഴിവാണെന്നാണ്. ഒരിക്കലും അങ്ങനെയല്ല. ഫലകരമായ വേലക്കാരനാകണമെങ്കിൽ നമുക്കാവശ്യം ആത്മീയ സ്വസ്ഥതയാണ്. നമ്മെ അന്വേഷിച്ചുവരുന്ന എല്ലാവരുടേയും സ്ഥിതികളെ സംബന്ധിച്ചുള്ള വിവേചനം നമുക്കാവശ്യമാണ് അവരുടെ സ്ഥിതി വിവരിക്കുന്നതു കേൾക്കാനുള്ള മനശ്ശാന്തി നമുക്കുണ്ടായിരിക്കണം. അതു സംബന്ധിച്ചുള്ള അവരുടെ സ്വന്തവിശദീകരണത്തിനും അതീതമായി നില്ക്കുന്ന അവരുടെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കാനുള്ള ആത്മീയ സ്വസ്ഥതയും നമുക്കാവശ്യമാണ്. നാം തന്നെയും കർത്താവുമായിട്ടുള്ള തെളിഞ്ഞ ബന്ധത്തിൽ സ്ഥിതിചെയ്യണം. അങ്ങനെയായാൽ മാത്രമേ, നമ്മുടെ ഹൃദയനിർമ്മലതയിൽനിന്നു് മററുള്ളവരുടെ ആവശ്യങ്ങളെ തെളിവായി ഗ്രഹിക്കാൻ കഴിയൂ. അങ്ങനെ ഗ്രഹിക്കുന്നതിൻെറ തെളിഞ്ഞ അടിസ്ഥാനത്തിൽ സ്ഥിതിവിവരം മനസ്സിലാക്കാനും ഓരോ പ്രത്യേക കാര്യത്തിനും അതതിനു യോജിച്ച പ്രതിവിധി നിർദ്ദേശിക്കാനും കഴിവുണ്ടാകും.

### അദ്ധ്യായം അഞ്ചു്

# സംസാരത്തിൽ നിയന്ത്രണം പാലിക്കുന്നവൻ

വായനഭാഗങ്ങൾ:—യാക്കോ. 3.1; സഭാപ്ര. 5:3; 1തിമൊ. 3:8 മത്താ. 5:37. എഫേ5:4 യശ. 504

നിയന്ത്രണമില്ലാത്ത സംസാരം നിമിത്തം പല ക്രിസ്തീയവേലക്കാരെക്കൊണ്ടുള്ള പ്രയോജനം കുറഞ്ഞുപോകുന്നു. കർത്താവിന്റെ സേവനത്തിൽ ശക്തിമത്തായ ഉപകരണങ്ങൾ ആയിരിക്കുന്നതിനു പകരം, കരുതലില്ലാത്ത സംസാരം മൂലം, അവരുടെ ശുശ്രൂഷയ്ക്കു ശക്തിക്ഷയം ഭവിച്ചു് അവൻ അല്പപ്രയോജനമുള്ളവരായി ഭവിക്കുന്നു.

## ബുദ്ധിപൂർവ്വമായ സംസാരം

യാക്കോബു തന്റെ ലേഖനം മൂന്നാമദ്ധ്യായത്തിൽ ഇങ്ങനെ ചോദിക്കുന്നു: " ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്നു് മധുരവും കൈപ്പും ഉള്ള വെള്ളം പുറപ്പെട്ടു വരുമോ"(വാ.11)ഒരു ക്രിസ്തീയ പ്രവർത്തകൻ ബുദ്ധിഹീനമായി സർവ്വകാര്യങ്ങളെക്കുറിച്ചും സംസാരിക്കുകയാണെങ്കിൽ ദൈവവചനം പ്രസംഗിക്കുന്നതിനു് കർത്താവിനാൽ ഉപയോഗിക്കപ്പെടുമെന്നു് അവനു എങ്ങനെ പ്രതീക്ഷിക്കാം. ദൈവം തന്റെ വചനം, നമ്മുടെ അധരങ്ങളിൽ എപ്പോഴെങ്കിലും തന്നിട്ടുണ്ടെങ്കിൽ ആ അധരങ്ങളെ അവന്റെ ശുശ്രൂഷയ്ക്കായി മാത്രം സംരക്ഷിക്കാനുള്ള ഭക്തിനിർഭരമായ ഒരു ചുമതല നമ്മുടെ മേലുണ്ടു്. നമ്മുടെ ശരീരത്തിൽ ഒരവയവത്തെ ഒരു ദിവസം ദൈവത്തിന്റെ ഉപയോഗത്തിനും അടുത്ത ദിവസം നമ്മുടെ സ്വന്ത ഇച്ഛയ്ക്കനുസരിച്ചും വിട്ടുകൊടുക്കുവാൻ പാടില്ല.

അവന്നായി അർപ്പിക്കപ്പെട്ടതു് എന്തുതന്നെയായാലും അതു് എന്നേയ്ക്കും അവൻേറതുതന്നെ.

## മത്സരികളുടെ ധൂപകലശം

സംഖ്യാപുസ്തകം 16-ൽ കോരഹും കൂട്ടരും മോശയോടും അഹരോനോടും മത്സരിക്കാൻ കൂട്ടുകെട്ടുണ്ടാക്കിയ കാര്യം നാം കാണുന്നുണ്ടു് ഇരുന്നൂററി അൻപതുപേർ, ഓരോരുത്തരും താന്താൻെറ ധൂപകലശം എടുത്തു് അതിൽ തീയിട്ടു് ധൂപവർഗ്ഗം യഹോവയുടെ മുമ്പാകെ അർപ്പിച്ചു. അവരുടെ അഹങ്കാരം നിമിത്തം അവരെല്ലാം നശിച്ചുപോയി. എന്നാൽ ധൂപകലശങ്ങളെ വീണ്ടെടുക്കുവാൻ ദൈവം മോശെയ്ക്കു നിർദ്ദേശം നൽകി. അവയെ തിരിച്ചെടുക്കുന്നതിനു പറയുന്ന കാരണം നോക്കുക. "യഹോവ മോശയോടു അരുളിച്ചെയ്തതു്" പുരോഹിതനായ അഹരോൻെറ മകൻ എലെയാസാരിനോടു്, അവൻ എരിതീയുടെ ഇടയിൽനിന്നു് ധൂപകലശങ്ങൾ എടുപ്പാൻ പറക, അവ വിശുദ്ധമാകുന്നു, തീ അങ്ങോട്ടുകളയുകയും ചെയ്ക. പാപം ചെയ്തു തങ്ങൾക്കു ജീവനാശം വരുത്തിയ ഇവരുടെ ധൂപകലശങ്ങൾ യാഗപീഠം പൊതിവാൻ അടിച്ചു തകിടാക്കണം. അതു യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നതിനാൽ വിശുദ്ധമാകുന്നു. (വാ. 36-38 ദൈവത്തിനായി അർപ്പിച്ചതു് എന്തുതന്നെയായാലും അതു അവനായി വേർതിരിച്ചതാകുന്നു. പിന്നീടു് അതു സാമാന്യ ഉപയോഗത്തിനു് എടുക്കാൻ പാടില്ല

## വാക്കുകളുടെ പെരുപ്പം ദോഷഹേതുകം

സഭാപ്രസംഗി 5:3-ൽ പറയുന്നതു് വാക്കുകളുടെ പെരുപ്പത്തിൽ ഭോഷൻെറ ജല്പനം സംജാതമാകുന്നു എന്നാണു്. നമ്മുടെ ജല്പനം മൂലം ഭോഷത്വം വെളിപ്പെടുകയാണു ചെയ്യുന്നതു്. ഇന്നാരോടെല്ലാം ഇന്നിന്നതൊക്കെ പറയണമെന്നു നമുക്കു തോന്നുന്നു. മററു പലരോടും പല പല കാര്യങ്ങൾ പറയാതിരിപ്പാൻ നമ്മ

ക്കു കഴിയുന്നുമില്ല. ചിലരോടു ചിലതൊക്കെ പറയുന്നതിനു നല്ല കാരണങ്ങളും നമുക്കു എല്ലായ്പ്പോഴും തോന്നാറുണ്ടു്. ഹാ! നമ്മിൽ ചിലക്കു് സംസാരത്തിനു് എത്ര ഇഷ്ടമാണു്. മററുള്ളവർ സംസാരിച്ചതിൽ ആശ്രയിക്കാനും വളരെയധികം ഇഷ്ടമുണ്ടു്! അതിനെല്ലാം വളരെ ആത്മീയ ശക്തി ദുർവ്യയം ചെയ്കയാണു്.

## സംസാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സംസാരത്തോടു ബന്ധപ്പെട്ടു നാം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ടു്. ഒന്നാമതായി, ശ്രദ്ധിക്കാൻ നമുക്കു് ഇഷ്ടപ്പെടുന്ന തരത്തിലുള്ള സംസാരം നോക്കാം. ഇതു വച്ചു് നമുക്കു നമ്മെ തന്നെ അറിയാറാകും, എന്തുകൊണ്ടെന്നാൽ, നമുക്കാസ്വാദ്യകരമായ സംഭാഷണം നാം ഏതു തരത്തിലുള്ളവരാണെന്നു സൂചിപ്പിക്കുന്നു. ചില ആളുകൾക്കു നിങ്ങളെ വിശ്വാസമല്ല, കാരണം, അവക്കു പറയാനുള്ളതിനു്, നിങ്ങളിൽ നിന്നു് ഒരു പ്രതികരണം കിട്ടാൻ തക്ക നില നിങ്ങൾക്കില്ലെന്നു് അവക്കറിയാം. അപ്പോൾ തന്നെ മററുള്ളവർ വന്നു്, അവക്കു ലഭിച്ച അടുത്തകാലത്തെ അറിവുകളെല്ലാം നിങ്ങളുടെ ചെവികളിൽ പകരുന്നു. കാരണം, അത്തരം സംഭാഷണങ്ങളെല്ലാം കേൾപ്പിക്കാൻ പററിയ ആളാണു് നിങ്ങളെന്നു് അവക്കറിയാം. ആളുകൾ വന്നു് എന്തിനെക്കുറിച്ചൊക്കെയാണു നിങ്ങളോടു പറയാറുള്ളതെന്നതിനെ അടിസ്ഥാനമാക്കി നിങ്ങൾക്കു നിങ്ങളെത്തന്നെ വിധിക്കാൻ കഴിയും.

## നമ്മുടെ ബലഹീനത എവിടെ?

രണ്ടാമത്തെ സ്ഥാനത്തു്, നാം പെട്ടെന്നു് വിശ്വസിക്കുന്ന കഥകൾ ഏതു്, ഏതുകാര്യത്തിനാണു് നമ്മുടെ ചായ്‌വു് ഇരിക്കുന്നതു് എന്നതിൽനിന്നു് നമ്മുടെ സ്വന്തനിലപാടു് നമുക്കു കാണുവാൻ കഴിയും, ഒരു പോക്കിൽ നാം വേറൊന്നിനേക്കാൾ ക്കു

ടുതൽ കബളിപ്പിക്കപ്പെട്ടും. ആ നമ്മുടെ കബളിപ്പിക്കപ്പെടൽ നമ്മുടെ ശാരീരികക്ഷീണത്തെ വെളിപ്പെടുത്തുന്നു. ചില ആളുകൾ നമ്മുടെ സാധാരണ ആവശ്യങ്ങളെ സാധിപ്പിച്ചു തരുന്നു. നമ്മുടെ സ്വന്തതാല്പര്യങ്ങൾ നിമിത്തം നാം ചിലപ്പോൾ വിശ്വസിക്കാൻ പാടില്ലാത്തവരെ വിശ്വസിച്ചുപോകുന്നു. സംസാരിക്കുന്നവൻ തരുന്ന വിവരങ്ങൾ അധികൃതങ്ങളാണെന്നു് ഉറപ്പിച്ചു പറയുന്നതുകൊണ്ടാണു് മിക്കവാറും അങ്ങനെ സംഭവിക്കുന്നതു്.

മൂന്നാമത്തെ സ്ഥാനത്തു് നാം, ശ്രദ്ധിക്കേണ്ടതു്, ആളുകൾ പറയുന്ന കാര്യങ്ങൾ നാം ശ്രദ്ധിക്കുകയും അതിനെ അതിന്റെ മുഖവിലയിൽ തന്നെ സ്വീകരിക്കുകയും ചെയ്തിട്ടു് അതുപോലെതന്നെ മററുള്ളവരോടു് പറയുന്ന സ്വഭാവം നമുക്കുണ്ടോ എന്നുള്ളതാണു്. അതിന്റെ നടപടിക്രമം നിങ്ങൾ ശ്രദ്ധിച്ചുവോ. ഒരുത്തൻ ഒരു കാര്യത്തിൽ തന്റെ സാമർത്ഥ്യത്തിനൊത്തവണ്ണം നിറം കൊടുത്തു് ഏതാനും വാക്കുകൾ നമ്മോടു പറയുന്നു. ആ ആൾക്കും എനിക്കും തമ്മിൽ സമ്പർക്കമോ ബന്ധുത്വമോ ഉള്ളതുകൊണ്ടു് ഞാൻ അയാൾക്കു് ചെവികൊടുക്കുന്നു. തന്റെ വ്യക്തിപ്രഭാവം എന്നിലേയ്ക്കു കടക്കുന്നു. ഞാൻ എന്റെ നിലയിൽ അതിനു് ഒരു നിറവും കൂടി ചേർത്തു് ആ കാര്യം മൂന്നാമതൊരുവനെ വിശ്വസിപ്പിക്കുന്നു.

## ഇരുവാക്കുകാരെ സൂക്ഷിക്കുക

അടുത്തതായി ശരിയല്ലാത്ത പ്രസ്താവനകൾ ചെയ്യുന്നതിൽ ചില ആളുകൾക്കുള്ള മിടുക്കു് നാം നോക്കേണ്ടതാണു്. ഒരേ കഥ തന്നെ പല സന്ദർഭങ്ങളിൽ അവർ പറയും. എന്നാൽ അതിലെ സ്ഥിതിവിവരംതമ്മിൽ ഒക്കുകയയില്ല. തിമൊഥെയോസിനു് എഴുതിയ ഒന്നാം ലേഖനത്തിൽ ഇത്തരം ആളുകളെ "ഇരുവാക്കുകാർ" എന്നാണു പൗലോസ് പറയുന്നതു്(3:8) ചില ആളുകൾ അറിയാതെയും ബലഹീനതയിലും ഇങ്ങനെ ഇരുവാക്കുകാരാ

കാറുണ്ട്. എന്നാൽ മററു പലരുടേയും കാര്യത്തിൽ അതു് സഹജമായ അസ്ഥിരത മാത്രമല്ല ധാർമ്മികമായ ദൂഷ്യവും കൂടിയാണ്. മത്തായി. 21—ാം അദ്ധ്യായം 23-മു 27 വരെയുള്ള വാക്യങ്ങളിൽ, കർത്താവു് ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അവന്റെ അടുക്കൽ വന്നു്, നീ എന്തു് അധികാരം കൊണ്ടു് ഇതു ചെയ്യുന്നു എന്നു ചോദിച്ചു. അവൻ ഒരു ചോദ്യം ചോദിച്ചുകൊണ്ടാണ് മറുപടി പറഞ്ഞതു്. 'യോഹന്നാന്റെ സ്നാനം എവിടെ നിന്നു്? സ്വർഗ്ഗത്തിൽനിന്നൊ മനുഷ്യനിൽനിന്നൊ?'' ആ ചോദ്യം അവരെ കുഴക്കി. അതുകൊണ്ടു് അവരിൽതന്നെ ന്യായവാദം നടന്നു. 'സ്വർഗ്ഗത്തിൽ നിന്നു് എന്നു നാം പറഞ്ഞാൽ, അവൻ നമ്മോടുപറയും അവനെ നിങ്ങൾ വിശ്വസിക്കാത്തതെന്തു്? എന്നു്; എന്നാൽ മനുഷ്യരിൽനിന്നു് എന്നു നാം പറഞ്ഞാൽ നാം ജനക്കൂട്ടത്തെ ഭയപ്പെടേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവരെല്ലാം യോഹന്നാനെ പ്രവാചകനായി എണ്ണിയിരിക്കുന്നു.'' അവരുടെ യുക്തിവാദത്തിന്റെ ഫലമായി അവർ സത്യത്തിൽ നിന്നു സൂത്രത്തിൽ ഒഴിഞ്ഞുമാറീട്ടു്, 'ഞങ്ങൾക്കു അറിഞ്ഞുകൂടാ' എന്നു പറഞ്ഞു. അവരുടെ മറുപടി ഒരു പച്ചക്കള്ളമായിരുന്നു. മത്തായി 5:37-ൽ കർത്താവു്, നിങ്ങളുടെ വാക്കു് ഉവ്വു, എന്നതു് ഉവ്വു എന്നും' ഇല്ലയെന്നതു് ഇല്ല എന്നും ആയിരിക്കട്ടെ എന്നും 'ഇതിൽ അധികമായതു് ദുഷ്ടനിൽ നിന്നും വരുന്നു' എന്നും പറഞ്ഞു. നയതന്ത്രപരമായ സാമർത്ഥ്യത്താലല്ല ഒരു ക്രിസ്തീയ വേലക്കാരൻ ഭരിക്കപ്പെടേണ്ടതു്. തന്റെ കേൾവിക്കാരിൽ തന്റെ വാക്കുകൾ എത്രമാത്രം സാധ്യശക്തിയുള്ളതായിരിക്കുമെന്നു പറയുന്നതിനു മുമ്പെ യുക്തിവാദം ചെയ്തു തീർച്ചപ്പെടുത്തണമെന്നില്ല. കർത്താവിന്റെ മുമ്പിൽ ജനങ്ങൾ അവരുടെ ചോദ്യങ്ങളിൽ കൂടി കെണിവയ്ക്കുവാൻ നോക്കിയപ്പോൾ അവൻ ചില സമയത്തു മൗനം അവലംബിക്കയാണ് ചെയ്തതു്; അല്ലാതെ നയതന്ത്രപരമായ നില സ്വീകരിച്ചില്ല. അവന്റെ മാതൃക നമുക്കു പിന്തുട

രാം. കോരിന്ത്യക്ക് എഴുതിയ ലേഖനത്തിൽ പൗലോസു എഴുതുന്നതു്:—"താൻ ഈ ലോകത്തിൽ ജ്ഞാനി എന്നു് നിങ്ങളിൽ ആക്കെങ്കിലും തോന്നിയാൽ അവൻ ജ്ഞാനിയാകേണ്ടതിന്നു് ഭോഷനായിത്തീരട്ടെ." എന്നാണു്. (1കോരി.3:18)റോമക്ക് എഴുതിയ ലേഖനത്തിൽ പറയുന്നതു്. "എങ്കിലും നിങ്ങൾ............ ............തിന്മയ്ക്കു് അജ്ഞന്മാരാകണം" എന്നാണു് (16:19) അപ്പോസ്തലൻെറ ഈ ആലോചനകൾ നമുക്കു് എടുക്കാം. ആത്മീയമണ്ഡലത്തിൽ ലൗകികജ്ഞാനത്തിൻെറ ആവശ്യമല്ല വേണ്ടതു്. അനേകം ആളുകളിലും കാണുന്ന പ്രയാസം, ഉവ്വ്" എന്നുപറയേണ്ട സ്ഥാനത്തു് ഉവ്വ് എന്നു പറയാനും സത്യമല്ല എന്നു പറയേണ്ട സ്ഥാനത്തു് 'അല്ല' എന്നു പറയാനുമുള്ള ലളിതമനോഭാവം പലരിലും ഇല്ല എന്നുള്ളതാണു്. അവരുടെ സംഭാഷണം ഒരിക്കലും ലളിതമോ, നേരെ ചൊവ്വെ ഉള്ളതോ അല്ല. പിന്നെയോ, വളരെ സൂക്ഷിച്ചു പഠിച്ചതാണു്; അവരുടെ പ്രസ്താവനകൾ എപ്പോഴും അവരുടെ സ്വന്തതാല്പര്യങ്ങൾക്കു് അനുയോജ്യവുമാണു്.

## വ്യഥാലാപങ്ങളിൽ ആശ്രയിക്കരുതു്

കർത്താവിൻെറ ദാസന്മാർ എന്ന നിലയ്ക്കു് നമുക്കു ജനത്തോടു് നിരന്തരസമ്പക്കം പുലത്തേണ്ടതായിട്ടുണ്ടു്. അങ്ങനെ മററുള്ളവർ പറയുന്നതു കേൾക്കുവാനും സംഭാഷിക്കാനുമുള്ള പല സന്ദർഭങ്ങളുമുണ്ടാകുന്നു. അതുകൊണ്ടു് നമുക്കുതന്നെ കർശനമായ നിയന്ത്രണം പാലിക്കേണ്ട ആവശ്യമുണ്ടു്. അല്ലാത്തപക്ഷം നാം ക്രമേണ, വചനം പ്രസംഗിക്കുന്നവരും, വ്യഥാലാപങ്ങളിലും ജല്പനങ്ങളിലും ആശ്രയിക്കുന്നവരുമായിത്തീരും. കാര്യങ്ങളിൽ നേരിടുന്ന ഈ ദുരവസ്ഥ വളരെയധികം വന്നു ഭവിക്കാറുണ്ടു്. കുറെ പേരല്ല പലരും വീണുപോയിട്ടുള്ള ഈ കെണി ഒഴിവാക്കണമെങ്കിൽ, നമ്മുടെ വായുടെ കാര്യത്തിൽ മാത്രമല്ല ചെവിയുടെ കാര്യത്തിലും കരുതലുള്ളവരായിരിക്കണം. നമ്മുടെ വേലയിൽ,

പലക്കം അവരുടെകാൎയ്യം പറയാനുള്ളതു കേൾക്കാതെ ഇരിപ്പാൻ നമുക്ക 'നിർവ്വാഹമില്ല. പ്രാപ്തിയുള്ള വേലക്കാരനായിരിക്കേണ്ടതിന്നു് നാം കേൾക്കുന്ന കാൎയ്യത്തിൽ നിപുണന്മാരായിരിക്കണം. എന്നാൽ മാത്രമേ അവരെ സഹായിക്കാൻ നമുക്ക സാധിക്കുകയുള്ളു. എന്നാൽ അവർ കൊണ്ടുവരുന്ന അവരുടെ ആവശ്യം നമുക്ക ശരിക്കു് ഒരിക്കൽ മനസ്സിലായാൽ കൂടുതൽ വിശദീകരണങ്ങൾ നൽകുന്നതിൽ നിന്നു് അവരെ പിന്തിരിപ്പിക്കണം. നാം വളരെ സൂക്ഷ്മതയുള്ളവരാകണം, അല്ലാത്തപക്ഷം നമ്മുടെ സാമാന്യ ജിജ്ഞാസ കാൎയ്യം ഗ്രഹിക്കുന്നതിനേക്കാൾ കേട്ടുകൊണ്ടിരിക്കാനുള്ള രസത്തിലേക്ക നമ്മെ വീഴിച്ചുകളയും. മററുള്ളവരുടെ ഇടപാടുകളെക്കുറിച്ചു് കേൾക്കാനും അറിയാനും ഉള്ള മോഹം എന്നൊന്നുണ്ടു്. അതിൽ നാം സൂക്ഷ്മതയുള്ളവരായിരിക്കണം. നാം സംസാരത്തിൽ നിയന്ത്രണം പാലിക്കണം. എന്നാൽ നാം പറയുന്നതിൽ നമുക്ക നിയന്ത്രണം ഉണ്ടാകണമെങ്കിൽ ഒന്നാമതു് നാം എന്തു കേൾക്കുന്നു എന്നതിലും നിയന്ത്രണം ഉള്ളവരാകണം.

## നാവിനു കടിഞ്ഞാണിടണം

ഇക്കാൎയ്യത്തിൽ, ആളുകളുടെ വിശ്വാസം ആർജ്ജിക്കാനും നിലനിറുത്താനും എന്തുവേണമെന്ന ചോദ്യം ഉദിക്കുന്നു. ആരെങ്കിലും തൻെറ ആത്മീയ പ്രശ്നത്തിൽ നമ്മെ പങ്കാളികളാക്കുന്നുവെങ്കിൽ അതു നമ്മെ അവർ വിശ്വസിച്ചിട്ടാണു്. ഈ വിശ്വാസം നാം ആദരിക്കേണ്ടുന്ന ഒന്നാണു്. വേലയുടെ അത്യാവശ്യത്തിന്നു് വേണ്ടിയല്ലാതെ ഈ ആശ്രയത്തേക്കുറിച്ചു് നാം സംസാരിക്കരുതു്. നിങ്ങളിൽ അർപ്പിച്ചിട്ടുള്ള വിശ്വാസത്തെ നിങ്ങൾ ഒററിക്കൊടുക്കുന്നുവെങ്കിൽ കൎത്താവിനെ സേവിപ്പാൻ നിങ്ങൾക്കെങ്ങനെ കഴിയും? നിങ്ങളുടെ നാവിന്നു് കടിഞ്ഞാണിടാൻ നിങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ ഒററിക്കൊടുക്കാനല്ലാതെ മറെറന്തിനു നിങ്ങൾക്ക കഴിയും? ആകയാൽ അവരുടെ അത്തരം ബോധ്യത്തെ ഒരു വിശുദ്ധനിധിയായി നിങ്ങൾ കരുതുകയും വി

ശ്രദ്ധയോടെ കാത്തുകൊള്ളുകയും വേണം. അവർ അവരുടെ രഹസ്യചരിത്രം നമ്മെ അറിയിച്ചതു് അവരുടെ ആവശ്യം നിമിത്തമാണു്. അല്ലെങ്കിൽ അവർ പറകയില്ലായിരുന്നു. നമ്മുടെ അറിവിനോടു കുറച്ചുകൂടി ചേർക്കാൻ പറഞ്ഞതല്ല. അവർ നമ്മെ സമീപിച്ചതു്, നമ്മുടെ വ്യക്തിത്വത്തിലുള്ള മേന്മകൊണ്ടല്ല പിന്നേയോ, നാം ഏർപ്പെട്ടിരിക്കുന്ന ശുശ്രൂഷയുടെ നന്മ വിചാരിച്ചാണു്. അതുകൊണ്ടു് അതിനെ എന്തിനും ഏതിനും ഉപകരിക്കുന്ന നമ്മുടെ വ്യക്തിഗതമായ അറിവായി മാത്രം പരിഗണിച്ചുകൂടാ. മററുള്ളവർ നമ്മിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസബോധ്യത്തെ ഭദ്രമായി സൂക്ഷിക്കുന്നതിൽ നാം ശ്രദ്ധയുള്ളവരാകണം തങ്ങളുടെ നാവുകളെ കടിഞ്ഞാണിടാൻ കഴിയാത്തവരെ കർത്താവിൻെറ വേല ഭരമേല്പിക്കാനും സാദ്ധ്യമല്ല.

## നുണ പറയുന്ന സ്വഭാവം

സംഭാഷണവിധത്തെക്കുറിച്ചു് പരിഗണിക്കുന്ന അവസരത്തിൽ നുണ പറയുന്ന ദൂഷിച്ച സ്വഭാവത്തെക്കുറിച്ചു് സ്പർശിക്കാതെ നിവ്വാഹമില്ല. "ഇരുവാക്കു്" എന്ന സ്വഭാവത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ, ആ സ്വഭാവം നുണയുടെ അടുത്ത ബന്ധുവാണു്. ചതിക്കണം എന്ന ഉദ്ദേശത്തോടുകൂടി ചെയ്യുന്ന എല്ലാ സംസാരവും നുണയുടെ ഇനത്തിൽ പെടുന്നു ചതിക്കാനുള്ള ഉദ്ദേശ്യം മനഃപൂവ്വമായതുമാണു്. നിങ്ങളോടു് ഒരു ചോദ്യം ചോദിക്കുകയാണെങ്കിൽ അതിനു മറുപടിപറയാൻ നിങ്ങൾക്കു് ഇഷ്ടമില്ല. അല്ലെങ്കിൽ മറുപടി പറയാൻ കഴിയുകയില്ല. മറുപടി പറയാൻ പററുകയില്ല എന്നു് ശാന്തമായി പറയാവുന്നതാണു്. അങ്ങനെ ചെയ്താൽ ചോദ്യം ചോദിച്ചവനെ ചതിക്കാൻ നീ ശ്രമിക്കപ്പെടുകയില്ല. നുണയല്ല, സത്യം തന്നെ ആളുകൾ വിശ്വസിക്കണം എന്നാണു് നാം ആഗ്രഹിക്കേണ്ടതു്. അതുകൊണ്ടു് തെററായ ഒരു ധാരണ ഉണ്ടാകാതിരിക്കാൻ ശരിയായ വാക്കുകൾ നാം പ്രയോഗിക്കണം. കാര്യം സത്യമാണെങ്കിൽ നാം അതേ എന്നു പറയാൻ പഠിക്കണം. അല്ലെങ്കിൽ അല്ല എന്നു പറയാനും നമുക്കു കഴിയണം. അതിൽ കൂടുതൽ വരുന്നതു് ദുഷ്ടനിൽ

നിന്നുള്ളതാണു്. കർത്താവു് തന്നെ അനുഗമിച്ച ചിലരോടു് വളരെ കർശനമായ രീതിയിൽ പറഞ്ഞു. 'നിങ്ങൾ പിശാചെന്ന പിതാവിൻെറ മക്കൾ............അവൻ ഭോഷ്ക്ക പറയുമ്പോൾ സ്വന്തത്തിൽ നിന്നെടുത്തു പറയുന്നു.അവൻ ഭോഷ്ക്ക പറയുന്നവനും, അതിൻെറ അപ്പനുമാകുന്നു.'' എന്നു് (യോഹ.8:44) പിശാചു് ഭോഷ്ക്കകളുടെ കാരണഭൂതനാണു്. എല്ലാ ഭോഷ്ക്കകളും അവനിൽ നിന്നുത്ഭവിക്കുന്നതുകൊണ്ടു് കർത്താവിനോടു ഭക്തിയുള്ള ഒരുവനു് കർത്താവിൻെറ ശത്രുവിൽനിന്നു വരുന്ന വാക്കുകളെ എങ്ങനെ അധരങ്ങളിൽ എടുക്കാൻ കഴിയും? ഈ സ്ഥിതിവിശേഷം എവിടെ നിലനില്ക്കുന്നുവോ അവിടെയാണു് ഒരു വ്യക്തിയുടെ ജീവിതത്തിലെ പ്രയാസത്തിൻെറ അടിസ്ഥാനം കാണാവുന്നതു്. ഈ പ്രയാസം വളരെ ഗുരുതരമായ ഒരു സ്വഭാവത്തിൽ നിന്നുളവാകുന്നതത്രെ. സംഭാഷണത്തിൽ വളരെ സൂക്ഷ്മത പാലിച്ചിട്ടുണ്ടെന്നു് അവകാശപ്പെടുവാൻ ആക്കും ധൈര്യമില്ല. (നാം എത്രത്തോളം കരുതലുള്ളവരാകണമെന്നു വിചാരിക്കുന്നുവോ അത്രത്തോളം നാം പറയുന്നതു വളരെ കൃത്യമായിരിക്കണമെന്നുള്ളതിൽ വരാവുന്ന പ്രയാസം നമുക്കനുഭവപ്പെടുന്നുണ്ടു്) എന്നതാണു വാസ്തവം. എന്നാൽ നാം സത്യസന്ധരായിരിക്കണമെന്നുള്ള സ്വഭാവത്തെ പുഷ്ടിപ്പെടുത്തുകയും കരുതലില്ലാത്ത സംഭാഷണ രീതിയെ ഒഴിവാക്കുകയും വേണം.

## ഉച്ചത്തിലുള്ള സംസാരം

ഒച്ചപ്പാടുണ്ടാകുന്നതിലുള്ള രസങ്ങളും നാം ഒഴിവാക്കേണ്ടതാണു്. കർത്താവിനെക്കുറിച്ചുള്ള പ്രവചനം ഇതായിരുന്നു. 'അവൻ കലഹിക്കയില്ല, നിലവിളിക്കയില്ല, ആരും തെരുക്കളിൽ അവൻെറ ശബ്ദം കേൾക്കയുമില്ല'. (മത്താ. 12:18) ''കർത്താവിൻെറ ദാസൻ ശണ്ഠയിടരുതു്'' എന്നു പൗലൊസു തിമോഥെയോസിനു് എഴുതിയിട്ടുണ്ടു്. (2തിമൊ. 2.24)വളരെ ഒച്ചപ്പാടിലുള്ള സംഭാഷണരീതികളിൽ നിന്നും കർത്താവിൻെറ ദാസൻ ഒ

ഴിഞ്ഞിരിക്കേണ്ടതാണ്. അതുപോലെ തന്നെ ശണ്ഠയുടെ അതിരുകളിൽനിന്നും അകന്നിരിക്കണം. ഉച്ചത്തിലുള്ള സംഭാഷണം സാധാരണമായി ശക്തിയുടെ അഭാവത്തെ സൂചിപ്പിക്കുന്നു. ആത്മനിയന്ത്രണമില്ലായ്മയുടെ ലക്ഷണവുമാണ്. നാം പറയുന്നതു് തികച്ചും ശരിയായിരിക്കാം. പക്ഷേ സത്യത്തെ വളരെ ഉറക്കെ പറഞ്ഞു സ്ഥാപിക്കണമെന്നില്ല. സത്യത്തിൻെറ കാര്യത്തിൽ നമുക്കു നല്ല ബോദ്ധ്യമുള്ളതുകൊണ്ടു് വളരെ ഉറക്കെ പറഞ്ഞെങ്കിലേ അതു സാധിക്കാവു എന്നില്ല. കർത്താവിൻെറ ദാസന്മാർക്കു് ഉചിതമായ പ്രശാന്തമായ അന്തസ്സിൽ നമുക്കവൻെറ മുമ്പാകെ നടക്കാം. ഒരു കൃത്രിമമായ അടക്കം കാണിച്ചു് കൊള്ളാവുന്നവനാണെന്നു ഭാവിക്കേണ്ട ആവശ്യം നമുക്കില്ല. കാരണം, ക്രിസ്തീയജീവിതം പരാപേക്ഷ കൂടാതുള്ളതും അകൃത്രിമവുമാണ്. എന്നാൽ ആത്മനിയന്ത്രണമെന്നുള്ളതു് സ്വഭാവത്തോടു് ചേർന്നു പോകത്തക്കവണ്ണം പ്രയോഗത്തിൽ വരുത്തേണ്ടതാണ്.

## പൊട്ടച്ചൊല്ലും കളിവാക്കും

സംഭാഷണകാര്യത്തിലുള്ള സ്വയനിയന്ത്രണം മൂലം, വളരെ പൊട്ടച്ചൊല്ലുകളും കളിവാക്കുകളും നീക്കിക്കളയാവുന്നതാണ്. എഫേസ്യ ലേഖനത്തിൽ പൗലോസു പറയുന്ന "ചേർച്ചയല്ലാത്തവ"യിൽ (5:4) അതുപെടുന്നു. സ്വയനിയന്ത്രണമുണ്ടെങ്കിൽ പരിഹാസം പുച്ഛിക്കൽ എന്നിവയേയും നീക്കിക്കളയാൻ കഴിയും. ഈ വക ക്രിസ്തുവിൻെറ ദാസനിൽ നിന്നു് പ്രതീക്ഷിക്കാവുന്നവയല്ല. നമ്മുടെ രസകരമായ കഥപറയലും, തമാശയിലുള്ള നിരൂപണങ്ങളും ബുദ്ധിപൂർവ്വകമായ വിമർശനങ്ങളും കൊണ്ടു് ഒരു കൂട്ടം കേൾവിക്കാരെ നാം രസിപ്പിക്കുന്നുവെങ്കിൽ, കർത്താവിനുവേണ്ടി നാം പറയുമ്പോൾ അവരുടെ ആദരവിനെ നിലനിർത്തുവാൻ നാം കഴിവില്ലാത്തവരായിത്തീരും. നമ്മുടെ വാക്കുകൾക്കു അവരിൽ ഫലമില്ലാതെ പോകും. ദൈവവചനം

പ്രഖ്യാപിക്കാൻ നാം പ്രസംഗപീഠത്തിൽ നില്ക്കുമ്പോൾ നമ്മുടെ പ്രസംഗത്തിനു അവർ കൊടുക്കുന്ന വില പ്രസംഗപീഠത്തിനു വെളിയിൽവച്ചു് നാം സംസാരിച്ച ഫലമില്ലാത്ത വാക്കുകൾക്കു് കൊടുത്തവിലതന്നെയായിരിക്കും. ദൈവവചനത്തിലുള്ള ശ്രദ്ധേയമായ ഈ വാക്യം നാമോർക്കണം. 'ഉറവിടത്തിന്റെ ഒരേ ദ്വാരത്തിൽ നിന്നു് മധുരവും കൈപ്പും ഉള്ള വെള്ളം പുറപ്പെടുമോ? പ്രസംഗപീഠത്തിൽ കയറുന്നതിനു മുമ്പെ വലിയ അദ്ധ്വാനം കഴിച്ചു് ഒരുക്കേണ്ട ആവശ്യമില്ല. എന്നാൽ അത്യാവശ്യമുള്ള ഒന്നുണ്ടു്. പ്രസംഗപീഠത്തിൽ നിന്നു നാം പറയുന്ന വാക്കുകൾ അപ്രയോജനമാകാതെയും സൂക്ഷ്മതയല്ലാതെ പ്രയോഗിച്ച വാക്കുകൾ മൂലം ശക്തിക്ഷയം ഭവിക്കാതെയും ഇരിക്കേണ്ടതിനു് നമ്മുടെ ദൈനംദിന സാധാരണസംഭാഷണത്തിൽ നിരന്തരമായ നിയന്ത്രണം പാലിക്കേണ്ടതാണു്.

## സംസാരത്തിൽ കണിശം പാലിക്കുക

സംസാരത്തിൽ സൂക്ഷ്മതയില്ലാത്ത ഒരു സ്വഭാവം നീ കൈക്കൊള്ളുന്നുവെങ്കിൽ സൂക്ഷ്മതയില്ലാത്ത ഒരു വേദപുസ്തകവായനക്കാരനായേ നീയിരിക്കയുള്ളു. ഈ വേദപുസ്തകത്തിലെ വചനങ്ങളാണു് തികച്ചും വിശ്വാസ്യമായ വാക്കുകൾ. എന്നാൽ സംസാരത്തിൽ നീ കൃത്യത ഗണ്യമാക്കുന്നില്ലെങ്കിൽ ഈ വചനങ്ങളെ നീ ഗൗരവമായി കണക്കാക്കുന്നില്ല. അങ്ങനെ കാലാന്തരത്തിൽ നിന്റെ പ്രസംഗത്തിനു് ഫലമില്ലാതെ വരും. വചനം ഫലകരമായി പ്രസംഗിക്കപ്പെടണമെങ്കിൽ പ്രസംഗകനിലും ഒരു ശരിയായ നിലപാടു് ഉണ്ടായിരിക്കണം. വചനം വായിക്കുന്നതിൽനിന്നും ആ നിലപാടിന്റെ ആവശ്യകത വെളിപ്പെട്ടുവരുന്നു. കരുതലില്ലാത്ത സ്വഭാവക്കാർ ദൈവവചനത്തോടു ലഘുവായ നിലയിൽ സമീപിക്കുന്നു. അതുകൊണ്ടു് അവു ശരിക്കു് മനസ്സിലാകും എന്നാശിക്കാൻ വകയില്ല. തിരുവെഴുത്തിൽ നിന്നു തന്നെ അതിനു ദൃഷ്ടാന്തം എടുക്കാം.

മത്തായി സുവിശേഷം 22–ാം അദ്ധ്യായത്തിൽ, സദ്ദൂക്യർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല എന്നു കാണുന്നു. ഒരു

ദിവസം അവർ കർത്താവിൻെറ അടുക്കൽ വന്നു് ഈ പ്രശ്നം ഉന്നയിച്ചു. "ഗുരോ, ഒരുത്തൻ മക്കളില്ലാതെ മരിച്ചാൽ അവൻെറ സഹോദരൻ അവൻെറ ഭാര്യയെ ദേവരവിവാഹംകഴിച്ചു തൻെറ സഹോദരനു സന്തതിയെ ജനിപ്പിക്കണം എന്നു് മോശ കല്പിച്ചുവല്ലോ. എന്നാൽ ഞങ്ങളുടെ ഇടയിൽ ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു. അവരിൽ ഒന്നാമത്തവൻ വിവാഹം കഴിച്ചശേഷം മരിച്ചു. സന്തതിയില്ലായ്കയാൽ തൻെറ ഭാര്യയെ സഹോദരനു വിട്ടേച്ചു. രണ്ടാമത്തവനും മൂന്നാമത്തവനും ഏഴാമത്തവൻവരേയും അങ്ങനെതന്നെ. എല്ലാവരും കഴിഞ്ഞിട്ടു് ഒടുവിൽ സ്ത്രീയും മരിച്ചു. എന്നാൽ പുനരുത്ഥാനത്തിൽ അവൾ ഏഴുവരിൽ ആർക്കാകും?" എന്നാൽ യേശു ഉത്തരം പറഞ്ഞതു്:— "നിങ്ങൾ തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിയായ്കകൊണ്ടു തെററിപ്പോകുന്നു. പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെയത്രേയാകുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചോ ദൈവം അരുളിച്ചെയ്തിരിക്കുന്നതു് നിങ്ങൾ വായിച്ചിട്ടില്ലയോ? ഞാൻ അബ്രാഹാമിൻെറ ദൈവവും യിസ്ഹാക്കിൻെറ ദൈവവും യാക്കോബിൻെറ ദൈവവും ആകുന്നു. എന്നാൽ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമത്രേ. (24–32) സദൂക്യർ തിരുവെഴുത്തു വായിച്ചിരുന്നുവെന്നുള്ളതു് തീർച്ച. പക്ഷേ അവർ അവയെ അറിഞ്ഞിരുന്നില്ല. അവർ അതിനെക്കുറിച്ചു് ലാഘവമായിട്ടാണു് സംസാരിക്കുന്നതു്. അതുകൊണ്ടു് ദൈവത്തിൻെറ അരുളപ്പാടുകളുടെ കൃത്യതയെക്കുറിച്ചു് അവർക്കു് ആദരവില്ല. അവരുടെ ചോദ്യത്തിനു മറുപടിയായി നമ്മുടെ കർത്താവു് ദൈവവചനത്തിൽനിന്നു് ഒരു ചെറിയ ഭാഗം ഉദ്ധരിച്ചു. പുറപ്പാടു് 3:15ൽ ദൈവം തന്നെക്കുറിച്ചുതന്നെ ഞാൻ അബ്രാഹാമിൻേറയും യിസ്ഹാക്കിൻെറയും യാക്കോബിൻേറയും ദൈവം എന്നു പറയുന്നു. ഈ ചുരുക്കം വാക്കുകളിൽനിന്നും കർത്താവു് ഇങ്ങനെ അരുളിച്ചെയ്യുന്നതായി വിചാരിക്കാം: സദൂ

ക്യരായ നിങ്ങ്ങൾ, അബ്രാഹാമും യിസ്ഹാക്കും, യാക്കോബും മരിച്ചു എന്നു സമ്മതിക്കുന്നു. എന്നാൽ ദൈവം പ്രഖ്യാപിക്കുന്നതു് അവൻ അവരുടെ ദൈവമാകുന്നു എന്നാണു്. അവൻ മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമാകുന്നു എന്നും ഉറപ്പിച്ചുപറയുന്നു. അതുകൊണ്ടു് ജീവനുള്ള ദൈവത്തിനു് അവരുടെ ദൈവമായിരിക്കത്തക്കവണ്ണം അവരുടെ സജീവതത്തിൽ ഒരു പ്രയാസവും കാണുന്നില്ല. അങ്ങനെ സദൂക്യർ നിശ്ശബ്ദരായി.

## ഏതുവാക്കിനും കണക്കു പറയേണ്ടിവരും

നാം ന്യായാസനത്തിൻെറ മുമ്പാകെ നില്ക്കുമ്പോഴാണു്, നിസ്സാരമായും അയഞ്ഞമട്ടിലും, മററു പലതരത്തിലും നാം സംസാരിച്ചിട്ടുള്ള വാക്കുകൾ വരുത്തിവച്ച നാശം എന്തെന്നു് കാണുന്നതു്. കാരണം, അതു് നമ്മിലും അതുപോലെ മററുള്ളവരിലും ഫലം ചെയ്യുന്നുണ്ടു്. ഒരിക്കൽ നമ്മുടെ അധരങ്ങളിൽ നിന്നു വീണുപോയ വാക്കുകളെ തിരിച്ചെടുക്കാൻ കഴികയില്ല. അവയ്ക്കു വായിൽനിന്നു് ചെവിയിലേക്കും, ചെവിയിൽനിന്നു വായിലേക്കും നാശം വരുത്തിക്കൊണ്ടു് സഞ്ചരിക്കാൻ കഴിയും. നമ്മുടെ വിഡ്ഢിത്തത്തെ ഓർത്തു് അനുതപിക്കാനും, ദൈവത്തിൽനിന്നു ക്ഷമ പ്രാപിക്കാനും നമുക്കു കഴിഞ്ഞുവെന്നു വരാം. എന്നാൽ നാം പുറത്തുവിട്ടതു് തിരിച്ചെടുക്കാൻ കഴികയില്ല. അനേകം വിശ്വാസികളുടെ ശുശ്രൂഷയേയും ജീവിതത്തേയും ദൂഷിപ്പിക്കുന്ന വിവിധ സ്വഭാവവൈകല്യങ്ങളെക്കുറിച്ചു് നാം സംസാരിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ വിഷമം, ഒരു കടിഞ്ഞാണില്ലാത്ത നാവിൻേറതാണെങ്കിൽ അതു ഇതുവരെ പറഞ്ഞ എല്ലാററിനേക്കാളും ഗുരുതരമാണു്. കാരണം, നാവിൽനിന്നു പുറപ്പെടുന്ന കരുതലില്ലാത്ത വാക്കുകൾ, അതു ചെല്ലുന്നിടത്തെല്ലാം മാരകമായ പ്രചാരം ഉണ്ടാക്കുന്ന മരണകരമായ പ്രവാഹം പോലെയാണു്.

## നിസ്സാരവാക്കുകളുടെ ഗൗരവം

സഹോദരന്മാരെ, സഹോദരിമാരെ, ഇത്തരം ഗുരുതരമായ യാഥാർത്ഥ്യത്തിൻെറ മുമ്പിൽ നാം അനുതപിക്കേണ്ടതാണ്. കഴിഞ്ഞ കാലത്തു്, നാം സംസാരിച്ചിട്ടുള്ള വാക്കുകൾ "നിസ്സാര വാക്കുകൾ" ആയിരുന്നു. എന്നാൽ ഇപ്പോൾ അവ നിസ്സാരമായിട്ടല്ല ഇരിക്കുന്നതു്. അവ ഇപ്പോൾ വളരെ തിരക്കുപിടിച്ച് ധാരാളം ദോഷം ചെയ്യുന്നുണ്ട്. കഴിഞ്ഞുപോയതിനു്, ദൈവത്തിൽനിന്നുള്ള ശുദ്ധീകരണം നമുക്കുണ്ടാകണം. ഇന്നത്തെ കാര്യത്തിൽ, അവനുവേണ്ടിയുള്ള നമ്മുടെ പ്രയോജനത്തെ തകക്കുന്ന ഈ കാര്യത്തിൽ അവനു സമ്പൂർണ്ണമായി ഇടപെടുന്നതിനു് അവനിൽ ആശ്രയിക്കാം. അവൻ തൻെറ കൃപയിൽ അങ്ങനെ നമ്മിൽ പ്രവർത്തിച്ചാൽ ഭാവിയിൽ നേരിടാവുന്ന അനേക ഖേദ ചിന്തകളിൽനിന്നു നാം വിമുക്തരാകും. ഒരു യിശ്മായേലിനെ ജനിപ്പിച്ചതിൽ അബ്രഹാമിനു് പശ്ചാത്തപിക്കാൻ കഴിയും. ദുഃഖകരമായ ആ പ്രാകൃത ജീവിതത്തിൽനിന്നു വിമുക്തനായശേഷം ദൈവത്തിൻെറ ഉദ്ദേശ്യത്തിനായി ഒരു യിസ്ഹാക്കിനെ ജനിപ്പിക്കാൻ അവനു കഴിഞ്ഞു: പക്ഷേ, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട സന്തതിക്കു് അവൻ ഒരു ശത്രുവിനെ നേരത്തേ ഉല്പാദിപ്പിച്ചു കഴിഞ്ഞു. ഹാഗാറിനേയും അവളുടെ മകനേയും തൻെറ മകൻ യിസ്ഹാക്കിൽനിന്നു് അകററി പറഞ്ഞയച്ചുവെങ്കിലും ശത്രുത്വത്തിനു അതുകൊണ്ടൊന്നും പരിഹാരമുണ്ടായില്ല. അതിനുശേഷം നൂററാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും ആ ശത്രുത നിലനില്ക്കുന്നു.

## കർത്താവിൻെറ മാതൃക

കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. "കർത്താവു എനിക്കു അഭ്യസ്തരുടെ (ശിഷ്യന്മാരുടെ) നാവു തന്നിരിക്കുന്നു" (യശ.50:4) അഭ്യസിപ്പിക്കപ്പെട്ടവരു

ടെ നാവു The tongue of them that are taught എന്നതിനു ഒ രു ശിഷ്യന്റെ നാവു് എന്നാണു് നാം വായിക്കുന്നതു്. അതായതു് ശിക്ഷണം ലഭിച്ച അഥവാ അച്ചടക്കമുള്ള ഒരുവന്റെ നാവു് എന്നർത്ഥം. നമ്മുടെ നാവുകളെ കടിഞ്ഞാണിടുവാൻ നാം പ്രാപ്തരാകേണ്ടതിനു് അവനെ നാം താല്പര്യമായി അന്വേഷിക്കേണ്ടതാണു്. അങ്ങനെ "മരുക്കാൻ കഴിയാത്ത ഈ അവയവം" അച്ചടക്കം പ്രാപിച്ച ഒരു അവയവമായിത്തീരും. അങ്ങനെ ഈ വായു് കർശനമായ നിയന്ത്രണത്തിൽ ആകയും, കർത്താവിന്റെ താല്പര്യങ്ങൾക്കു ദോഷം ചെയ്യുന്നനിലയിൽ നിന്നൊഴിവാകയും ചെയ്യുമ്പോൾ കർത്താവിന്റെ ഒരു ശബ്ദമായി അതു തീരുമെന്നു് നമുക്കു അവനിൽ പ്രത്യാശിക്കാം. നമ്മുടെ നിമിത്തം അവൻ തന്നെത്തന്നെ വിശുദ്ധീകരിച്ചതുപോലെ നാം ആരുടെ അടുക്കലേക്കു അയക്കപ്പെട്ടുവോ അവരുടെ നിമിത്തം നമ്മെത്തന്നെ നമുക്കും ശുദ്ധീകരിക്കാം. നാം എപ്പോഴും കരുതലുള്ളവരായിരിക്കണം. ദൈവദത്തമായ നമ്മുടെ ശുശ്രൂഷയിൽ അപകടം വരാതിരിപ്പാൻ പ്രയോജനരഹിതമായ എല്ലാ സംസാരങ്ങളിൽനിന്നും നമ്മെത്തന്നെ വേർപെടുത്തി ജീവിക്കയും വേണം.

## അദ്ധ്യായം ആറ്

# സ്വന്തഹിതത്തിനു വഴങ്ങാത്തവൻ

# NOT SUBJECTIVE

വായനയ്ക്കു്:- സംഖ്യ.22:7-20; ഉല്പ.22:1-13; സങ്കീ.32:8,9, മത്താ.20:25,26; ഫിലി.1:15-18.

ചില ക്രിസ്തീയ പ്രവർത്തകന്മാർക്കു്, അവരുടെ വേലയിൽ വിപരീതഫലം വരുത്തുന്ന വേറൊരു കുറവാണു് സ്വന്തഹിതത്തിനു വഴങ്ങുക എന്നതു്. അവരിൽ വെളിപ്പെടാറുള്ള ഹാനികരമായ ഗതികേടിൽ ഒന്നു്-അതായതു്, ശ്രദ്ധിക്കാനുള്ള പ്രാപ്തിക്കുറവു്-ഞങ്ങൾ മുമ്പേ സൂചിപ്പിച്ചുവല്ലോ. ഓരോ ക്രിസ്തീയ വേലക്കാരനും പുഷ്ടിപ്പെടുത്തേണ്ട ഒന്നാണു്, മററുള്ളവർക്കു് പറയാനുള്ളതെന്താണെന്നു് കേൾക്കാനുള്ള കഴിവു്. അതില്ലാത്തപക്ഷം അവരുടെ സഹവർത്തികളെ ഗ്രഹിക്കാനുള്ള മാർഗ്ഗം നഷ്ടമാകയും അങ്ങനെ അവരെശ്ശുശ്രൂഷിപ്പാൻ അസാദ്ധ്യമായിത്തീരുകയുംചെയ്യും.

## തന്നിഷ്ടത്തിന്റെ ദോഷഫലങ്ങൾ

സ്വന്തഹിതത്തിനു അധീനനാകുന്നതിനാൽ വരാവുന്ന മറെറാരു ദോഷഫലം പഠിക്കാനുള്ള മനസ്സില്ലായ്മയാണു്. സ്വാശ്രയശീലനായ ഒരുവൻ മിക്ക കാര്യത്തിലും, തന്നെ ആരും പഠിപ്പിക്കേണ്ട എന്ന നിലയിൽ സ്വാഭിപ്രായത്തിൽ മതിപ്പുള്ളവനായിത്തീരുന്നു. ക്രിസ്തീയ വേല ആരംഭിക്കുന്ന ചില യുവാക്കന്മാരുടെ മനോഭാവം, അവർ അറിയേണ്ടതൊക്കെ അറിഞ്ഞുകഴിഞ്ഞുവെന്നാണു്. അങ്ങനെ അവർ ഈ ആശയത്തിൽ ഉറയ്ക്കുന്നതുകൊണ്ടു് അവരിലേയ്ക്കു എന്തെങ്കിലും കടത്തിവിടാൻ ദുസ്സാദ്ധ്യമായിത്തീരുന്നു. തന്നിമിത്തം അഭിവൃദ്ധിയെന്നതു്, ദയനീയമാംവിധം മന്ദഗതിയിലാകും. ഇച്ഛകൾക്കു വിധേയരാകുന്നതിന്റെ അ

ത്യന്തം ദുരന്തഭാവങ്ങളിൽ ഒന്നാണ്, അവരെ ഉപദേശിക്കാൻ നിവൃത്തിയില്ലയെന്നതു്. ഒരുത്തനു പഠിക്കാൻ മനസ്സില്ലെങ്കിൽ പ്രയോഗമനനത്തിനു പിന്നെയെന്താണ മാർഗ്ഗം? നിർദ്ദേശങ്ങൾ സ്വീകരിക്കാനുള്ള മനസ്സില്ലായ്മയിൽനിന്നു നാം പരിപൂർണ്ണമായി വിട്ടുതൽ പ്രാപിക്കുമ്പോൾ നിർദ്ദേശങ്ങളെ നാം മടികൂടാതെ അംഗീകരിക്കയും തദ്വാരാ ഒരു പുതിയ പാഠത്തിൽ നിന്നു് വേഗത്തിൽ മറെറാന്നിലേയ്ക്കു് കടക്കുകയും ചെയ്യും. ആത്മീയമണ്ഡലത്തിൽ അവസാനിക്കാത്തവിധം പാഠങ്ങൾ പഠിക്കാനുണ്ടു്. അതിനാൽ വിവിധഭാഗങ്ങളിൽ നിന്നുള്ള സഹായങ്ങൾ സ്വീകരിപ്പാൻ നാം ഒരുക്കമുള്ളവരാകണം. നാം ഒരുവിധം ഭേദപ്പെട്ട പഠിപ്പുകാരാകാത്തപക്ഷം നമ്മുടെ ജീവിതകാലത്തു വളരെക്കുറച്ചു അഭിവൃദ്ധിയേ ഉണ്ടാകയുള്ളു.

## ബിലയാമിൻെറ വഴി

ആത്മീയ മുന്നേററത്തിൻെറ രഹസ്യം, ദൈവമുമ്പാകെയുള്ള തുറന്ന അവസ്ഥയാണ്. അതുകൊണ്ടു് നാം ഹൃദയവും,മനസ്സും, ആത്മാവും അവൻെറ മുമ്പാകെ വിസ്താരമായി തുറന്നിടണം. അങ്ങനെയായാൽ ദിവ്യമുദ്രകൾ നമ്മിൽ പതിയുന്നതിനു നാം വഴി തുറന്നുകൊടുക്കുകയായിരിക്കും ചെയ്യുന്നതു്. അതിൽ തോററുപോയാൽ നാം ദിവ്യ നടത്തിപ്പുകൾ ലഭിക്കാത്തവരാകും. അവൻ തൻെറ കടിവാളും കടിഞ്ഞാണും ഉപയോഗിക്കേണ്ടിവരും. അല്ലെങ്കിൽ തൻെറ സാന്നിധ്യവും ഉദ്ദേശ്യവും നമ്മെ ഗ്രഹിപ്പിക്കേണ്ടതിനു് അവൻ തൻെറ ചാട്ട ഉപയോഗിച്ചെന്നും വരാം. നടത്തിപ്പ് സ്വീകരിക്കാനുള്ള കഴിവില്ലായ്മയാണ് സ്വാശ്രയശീലത്തിൻെറ അനന്തരഫലങ്ങളിൽ ഒന്നു്. സ്വയത്തിനു വിധേയനാകുന്നവൻ ദൈവികവഴികളെ അടച്ചുകളയുന്നു. സംഖ്യ 22-ാം അദ്ധ്യായത്തിൽ നാം കാണുന്നതു്, യിസ്രായേൽ ജനത്തെ ശപിക്കയാണെങ്കിൽ ബിലയാമിനു നല്ലൊരു പ്രതിഫലം കൊടുക്കാമെന്നു് ബാലാക്ക് പറയുന്നതായിട്ടാണ്. അവൻ അതിനു് ആ

ദ്യമേ വഴങ്ങിയില്ല. ബിലയാം പറഞ്ഞതു്: "ഇന്നു രാത്രി ഇവിടെ പാർപ്പിൻ; യഹോവ എന്നോടു് അരുളിച്ചെയ്യുന്നതുപോലെ ഞാൻ നിങ്ങളോടു ഉത്തരം പറയാം" എന്നാണു്. ദൈവം അവനോടു അരുളിച്ചെയ്തു; "നീ അവരോടുകൂടെ പോകരുതു്" എന്നു്. അങ്ങനെ ബിലയാം രാവിലെ എഴുന്നേററു് ബാലാക്കിൻെറ പ്രഭുക്കന്മാരോടു്: നിങ്ങളുടെ ദേശത്തേക്കു പോകുവിൻ, നിങ്ങളോടുകൂടെ പോരുവാൻ യഹോവ എനിക്കു് അനുവാദം തരുന്നില്ല" എന്നു പറഞ്ഞു. ഇതിനേക്കാൾ തെളിവായിട്ടെന്താണു വേണ്ടതു? ബാലാക്കിൻെറ നിർബന്ധം തുടർന്നുണ്ടായപ്പോൾ ബിലയാം പറഞ്ഞതു്, "നിങ്ങളും ഈ രാത്രി ഇവിടെ പാർപ്പിൻ, യഹോവ ഇനിയും എന്നോടു് എന്തരുളിച്ചെയ്യും എന്നു ഞാനറിയട്ടെ" എന്നാണു്. തിരുവെഴുത്തിൽ നാം വായിക്കുന്നതു്, "ഇവർ നിന്നെ വിളിപ്പാൻ വന്നിരിക്കുന്നു എങ്കിൽ പുറപ്പെട്ടു് അവരോടുകൂടെ പോകുക" എന്നു ബിലയാമിനോടു ദൈവം അരുളിയ്തു എന്നത്രേ. ബിലയാം രണ്ടാമതു ദൈവത്തോടു ചോദിച്ചപ്പോൾ എന്തുകൊണ്ടു ദൈവം അനുവദിച്ചു? ആദ്യത്തെ തവണ അവൻ വ്യക്തമായി നിരോധിച്ച സ്ഥിതിക്കു് ഇപ്പോൾ അനുവദിച്ചതെന്തു്? സംശയത്തിനിടയില്ലാത്തവിധത്തിൽ ദൈവം ഒന്നാം പ്രാവശ്യം ഉത്തരം നൽകിയസ്ഥിതിക്കു് അതിനെ അത്യന്തികമായ നിലയിൽ അവൻ അംഗീകരിക്കയും പിന്നീടു് അതേചോദ്യം ആവർത്തിക്കാതിരിക്കയും ചെയ്യേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതുകൊണ്ടാണു് രണ്ടാമതു ഇങ്ങനെ അരുളിച്ചെയ്തതു്. ബിലയാമിൻെറ ആ പ്രവൃത്തിയിൽ അവൻ തൻകാര്യശീലമാണു് വെളിപ്പെടുത്തിയതു്. ഒരു പ്രകടനമെന്ന നിലയിൽ അവൻ ദൈവത്തിൻെറ മനസ്സറിയാൻ ചെന്നു. എന്നാൽ അവൻെറ സ്വന്തഹിതം നേരത്തേ ഒരു തീരുമാനത്തിൽ എത്തിയിരുന്നു. എന്തു ചെയ്യണമെന്നു് അവൻ തീരുമാനിച്ചിരുന്നുവോ, അതു ചെയ്‌വാൻ അവൻ മനസ്സുവെച്ചു.

## ചോദ്യംചെയ്യാതെ അനുസരിക്കുക

ദൈവത്തിൻെറ അരുളപ്പാടുകൾക്ക് ഉടനടിയുള്ള അംഗീകാരമാണ് അവൻ ആവശ്യപ്പെടുന്നതു്. "പോകുക" എന്നു് അവൻ അരുളിച്ചെയ്താൽ ഉടനെ പോകണം. എന്നാൽ സ്വന്ത ഹിതത്തിനു വഴങ്ങുന്നവൎക്കുള്ള പ്രയാസം, 'പോകുക' എന്നു ദൈവം അരുളിച്ചെയ്കയാണെങ്കിൽ ആ കല്പന നടപ്പിൽവരുത്തുവാൻ കുറെ കഴിയട്ടെ എന്നുള്ള സ്വന്തഹിതം അവരെ ഭരിക്കുന്നു എന്നുള്ളതാണ്. ഇനിയും അവർ പോകുകയാണെങ്കിൽതന്നെയും "നില്ക്കുക" എന്നു ദൈവം കല്പിച്ചാൽ ഉടനടി നില്ക്കുവാനുള്ള മനസ്സും അവൎക്കുണ്ടാകയില്ല. ഒരു സംഗതി നിവ്വഹിക്കുന്നുവെങ്കിൽ മറെറാരുവിഷമപ്രശ്നം കൂടി വരുത്തിവച്ചിട്ടേ അതു നിവ്വഹിക്കയുള്ളു. പോകുക എന്നു് ദൈവം ആവശ്യപ്പെടുമ്പോൾ ഉടനെ പോകുവാൻവേണ്ടി മറെറല്ലാം വിട്ടുകളവാൻ മനസ്സുണ്ടോ? അവൻെറ വാക്കനുസരിച്ചുപോകയും, പോക്കു തുടൎന്നുകൊണ്ടിരിക്കയും ചെയ്യുന്നതിനിടയ്ക്കു് "നില്ക്കുക" എന്നു് ദൈവകല്പന ഉണ്ടാകുകയാണെങ്കിൽ പോക്കു ഉടനെ നിറുത്താനും കഴിയുമോ? നിങ്ങൾ ഒരു തന്നിഷ്ടക്കാരനാണെങ്കിൽ പോകുന്നതു് തന്നെ വലിയ പ്രയാസത്തോടെയായിരിക്കും. കാരണം നിൻെറ സ്വന്ത ഹിതം നടത്താനായിരിക്കും നിനക്കു താല്പൎയ്യം. പോകാനുള്ള കല്പന ഒരിക്കൽ അനുസരിച്ചാൽ പോലും, പോയിക്കൊണ്ടിരിക്കുന്നതിൽ നിന്നു വിരമിക്കാനുള്ള ദൈവിക ആജ്ഞ അനുസരിക്കുന്നതിനുവേണ്ടി വേറൊരു പോരാട്ടം കഴിക്കേണ്ടിവരും. അവൻെറ കൈക്കീഴ് വഴങ്ങിയിരിക്കയാണെങ്കിൽ, അവൻെറ ഹിതത്തിൻെറ ഏതു പുതിയ സൂചനയ്ക്കും ഉടനടിയുള്ള സ്വീകരണം ഉണ്ടാകും.

## അബ്രഹാമിൻെറ അനുസരണം

അബ്രഹാം യിസ്ഹാക്കിനെ യാഗം അർപ്പിക്കുന്നതോടുള്ള ബന്ധത്തിൽ, ഒരുവൻ തന്നിഷ്ടത്തിൽനിന്നു് വിടുതൽ പ്രാപി

ച്ചതിൻെറ ഒരു മനോഹരചിത്രം നമുക്കുകിട്ടുന്നു. യിസ്ഹാക്കിനെ യാഗമർപ്പിക്കാൻ ദൈവം ആവശ്യപ്പെട്ടപ്പോഠം അബ്രഹാം തൻെറ സ്വന്ത അനുഭവങ്ങളോട്ട് ആലോചന കഴിച്ചിരുന്നുവെങ്കിൽ അവൻ ഒരിക്കലും അനുസരണം കാണിക്കയില്ലായിരുന്നു. തനിക്ക് ഇങ്ങനെയൊക്കെ യുക്തിതോന്നാമായിരുന്നു:—"എനിക്കു വേറൊരു മകനില്ല; ഇനി ഒരുവനെ കിട്ടാനുള്ള സാദ്ധ്യതയും കാണുന്നില്ല. അസാധ്യതരമായ ഈ സാഹചര്യത്തിൽ പ്രാരംഭനടപടി സ്വീകരിച്ചതു് ദൈവംതന്നെയല്ലെ. ഇതൊക്കെ ആദ്യമേ ദർശിച്ചതു് അവനാണു്. ദൈവം തൻേറതായ ഈ ഉദ്ദേശ്യത്തെ യിസ്ഹാക്കിനെ യാഗമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ദുർബലപ്പെടുത്തുന്നതെങ്ങനെ?" സ്വന്തഹിതം നടത്തുന്നതിൽ ഉറച്ചുനില്ക്കുന്ന ഒരുവനു് ദൈവത്തിൻെറ കല്പനയെ, അഥവാ ആഹ്വാനത്തെ, അനുസരിക്കാതിരിക്കുന്നതിനെതിരേ എന്താണു പറയാനുള്ളതു! എന്നാൽ അബ്രഹാമിൻെറ ദൈവസന്നിധിയിലുള്ള ജീവിതം അവനിതൊരു പ്രശ്നമേ ആകാത്തവിധം അത്രയ്ക്കു് ലളിതമായിരുന്നു. യിസ്ഹാക്കിനെ മരിച്ചവരിൽനിന്നുയിർപ്പിച്ചു് ദൈവം തൻെറ ഉദ്ദേശ്യം നിർവ്വഹിക്കുമെന്നുള്ള നിലയിൽ അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അങ്ങനെ വിശ്വാസത്തിൻെറ ലളിതമായ അവസ്ഥയിൽ അവൻ തൻെറ മകനെ യാഗപീഠത്തിൽ അർപ്പിച്ചിട്ടു്, അവനെ കൊല്ലുവാൻ കത്തിയുയർത്തി. തത്സമയത്തു് ദൈവം കൈ പിൻവലിക്കാൻ അരുളിച്ചെയ്കയും യിസ്ഹാക്കിനുപകരം അപ്പിക്കുവാൻ ഒരു ആട്ടുകൊററനെ കാണിച്ചുകൊടുക്കയും ചെയ്തു. അബ്രഹാം ഒരു തന്നിഷ്ടക്കാരനായിരുന്നെങ്കിൽ ഇതും അവന്നൊരു പുതിയ പ്രശ്നമായി ഭവിക്കുമായിരുന്നു: ഒരു നിമിഷത്തിൽ ഒരു കാര്യം ചെയ്വാൻ പറകയും അടുത്ത നിമിഷത്തിൽ അതു വേണ്ടെന്നു് പറകയും ചെയ്യുന്നതെന്തുകൊണ്ടു് എന്നു തിരിച്ചറിയാതെ അവൻ അന്ധാളിച്ചു അത്ഭുതപ്പെട്ടുപോകും. സംശയമില്ല. കാരണം, അബ്രഹാം അത്രയ്ക്കു ലളിതമനസ്കനും ചൊവ്വുള്ളവനുമായിരുന്നു. തൻെറ മകനെ

അർപ്പിക്കുവാൻ ദൈവം കല്പിച്ചപ്പോഠം തൽക്ഷണം അതു സ്വീകരിച്ച് അർപ്പിക്കാനുള്ള ഒരുക്കങ്ങഠം ചെയ്തു. അവൻെറ കൈയ് പിൻവലിക്കാനും, പകരം മറെറാന്നു ചെയ്യാനും നിദ്ദേശമുണ്ടായപ്പോഠം; അതും ചോദ്യം ചെയ്യാതെ കല്പനപോലെ ചെയ്തു. അബ്രഹാമിൻെറ, തൽക്ഷണമുള്ള അനുസരണത്തിൽ അനിശ്ചിതാവസ്ഥയ്ക്കു യാതൊരിടവും ഉണ്ടായില്ല.

## ദൈവഹിതത്തിനു വഴങ്ങുക

ചില വിശ്വാസികളോടു ദൈവം, തൻെറ നിമിത്തം, ഇതോ അതോ ത്യജിക്കണമെന്നു് ആവശ്യപ്പെട്ടമ്പോഠം ഉടനെ അവർ ദൈവകല്പനയോടു ബന്ധപ്പെടുന്ന എല്ലാത്തരം പ്രശ്നങ്ങളെക്കുറിച്ചും ചിന്തിക്കുയായി. കാലക്രമേണ തങ്ങളുടെ പ്രശ്നങ്ങഠംക്കു് പരിഹാരം കണ്ടെത്തി ആവശ്യപ്പെട്ട ത്യാഗം അർപ്പിക്കയാണെങ്കിൽപോലും അതു നിറത്തുവാൻ പറഞ്ഞാൽ അതെങ്ങനെ സാധ്യമാകും എന്നതിനെക്കുറിച്ച് പുതിയ പ്രശ്നങ്ങഠം അവരുടെ മനസ്സിൽ പൊങ്ങിവരും. ദൈവം വെളിപ്പെടുത്തിത്തരുന്ന ഹിതത്തിൻെറ ലാളിത്യമാണു് അവനവൻെറ ചിന്താഗതിയുടെ സങ്കീർണ്ണതയിൽ വിഷയമായിരിക്കേണ്ടതു്. അതിൻെറ ഫലമായി അനുസരണമുണ്ടെന്നുവന്നാൽ എല്ലാം എളുപ്പമായി ഭവിക്കും. നമ്മുടെ ചിന്തകളെ ദൈവഹിതത്തോടു ബന്ധപ്പെടുത്തുന്നപക്ഷം അവൻെറ കല്പനകഠം മാറിവരുമ്പോഠം നമ്മുടെ ചിന്തകളും സ്വയത്തിൽ ഉറപ്പിച്ചു നിറത്താതെ ദൈവം പറഞ്ഞതുപോലെ ചെയ്വാൻ തക്കവണ്ണം കഴിവുള്ളവയായിത്തീരും.

## ദൈവഹിതം അറിയാൻ അവനോടു അടുത്ത ബന്ധം പുലത്തുക

സങ്കീർത്തനം 32:8,9 വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. ''ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിന്ന

ക്കു കാണിച്ചുതരും; ഞാൻ നിൻെറ മേൽ ദൃഷ്ടിവച്ചു് നിനക്കു ആലോചന പറഞ്ഞുതരും. നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയേയും കോവർകഴുതയേയും പോലെയാകരുതു്, അവയുടെ ചമയങ്ങളായ കടിഞ്ഞാണും മുഖപ്പട്ടയും കൊണ്ടു് അവയെ അടക്കിവരുന്നു.'' കുതിര, കോവർകഴുത എന്നിവയെപ്പോലും അവയുടെ ഉടമസ്ഥനെൻറ ഹിതാനുവർത്തികളാക്കിത്തീർക്കുന്നു. (ബാഹ്യമായ നിയന്ത്രണം കൂടാതെയല്ല) എന്നാൽ ദൈവം തൻെറ മക്കളെ അത്തരത്തിൽ നിയന്ത്രിക്കാൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. കുതിരയ്ക്കും കോവർ കഴുതയ്ക്കും ''ബുദ്ധിയില്ല.'' എന്നാൽ തൻെറ മക്കൾക്കു് അവനെൻറ ഹിതം ഒരു നോട്ടംകൊണ്ടു് ഗ്രഹിക്കത്തക്കവിധം അത്രയ്ക്കു അടുത്ത ബന്ധമാണുള്ളതു്. ദൈവഹിതത്തിൻെറ പരിജ്ഞാനം ശരിയായ മാർഗ്ഗം കണ്ടെത്തുന്നതിനുള്ള ഒരു പ്രശ്നമായിട്ടല്ല, പിന്നെയോ ശരിയായ പുരുഷനെ കണ്ടെത്തുന്നതിനുള്ള വിഷയമായി സ്ഥിതിചെയ്യുന്നു. ഒരുവൻ ദൈവവുമായി നേരെയല്ലെങ്കിൽ ദൈവഹിതം അവനു തെളിവാക്കിക്കൊടുക്കാൻ മാർഗ്ഗമൊന്നുമില്ല. ഒരുത്തൻ തൻെറ ദൈവവുമായി ശരിപ്പെട്ടിരിക്കുന്നുവെങ്കിൽ ദൈവഹിതമറിയുക എന്നതു് എളുപ്പമായിരിക്കും. ദൈവഹിതമറിയാനുള്ള വിധങ്ങളെ ഉപേക്ഷിക്കണമെന്നു ഇതിനാൽ ഉദ്ദേശിക്കുന്നില്ല, എന്നാൽ ദൈവഹിതമറിയേണ്ടതിനു് അവനെ പ്രീതിപ്പെടുത്താനുള്ള എല്ലാ വിധങ്ങളുടേയും തികഞ്ഞ അറിവുണ്ടായാൽ പോലും, ദൈവത്തോടു് ഏററവും അടുത്ത ബന്ധം പുലത്തുന്നില്ലെങ്കിൽ പിന്നെയും അജ്ഞരായി അവശേഷിക്കുമെന്നു് ഊന്നിപ്പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## അന്യരുടെമേൽ കർത്തൃത്വമെടുക്കരുതു്

സ്വന്ത ഹിതത്തിനു കീഴ്പ്പെടുന്ന സ്വഭാവം സംബന്ധിച്ചു് പറയാനുള്ള മറെറാരുകാര്യം, ദൈവം നമ്മുടെ സ്വയത്തെ നമ്മുടെ മുമ്പിൽ തുറന്നു വയ്ക്കുകയും, അതിനോടു കർശനമായി ഇടപെടുകയും ചെയ്യാത്തപക്ഷം ഇതര വ്യക്തികളോടു പെരുമാറ

ന്നതിന്ന് ഉപയുക്തമായ ഉപകരണമായി അവന്റെ കരങ്ങളിൽ നാം ഇരിക്കയില്ലെന്നുള്ളതാണ്. ദൈവകരങ്ങൾ വാൎത്തുണ്ടാക്കാത്ത ഒരുവനെ മറെറാരുവനുമായി സമ്പക്കം പുലൎത്തുവാൻ ദൈവം എടുക്കയില്ല. ദൈവഹിതം തിരിച്ചറിയാനും തദനുസരണം പ്രവൎത്തിക്കാനും പഠിച്ചിട്ടില്ലാത്ത ഒരുവനെ, ദൈവേഷ്ടത്തിലേയ്ക്കു മറെറാരുവനെ നയിക്കുവാൻ ദൈവം ഉപയോഗിക്കുക എന്നതു് സാദ്ധ്യമല്ല. ഒരു ക്രിസ്തീയ പ്രവൎത്തകനിൽ, സ്വയം പ്രബലപ്പെട്ടിരിക്കയും അതേസമയം അവൻ മററുള്ളവരെ ദൈവഹിതത്തിലേയ്ക്കു നടത്താൻ ശ്രമിക്കുകയും ചെയ്യുന്നുവെങ്കിൽ അവന്റെ ഉപദേശം എത്രതന്നെ ഉണ്ടായാലും അവന്റെ സ്വന്തബുദ്ധിയുടെ പ്രമാണവും വികാരപരമായ പശ്ചാത്തലവും അനിവാര്യമാംവിധം പ്രകടമാകയും വഴിമുടക്കുകയും ചെയ്യും. അറിഞ്ഞുകൊണ്ടായാലും അല്ലെങ്കിലും അത്തരത്തിലുള്ള ഒരു പ്രവൎത്തകൻ അന്യരുടെമേൽ അധികാരം എടുക്കുന്നവനായിത്തീരും. മനഃപൂർവ്വമായിട്ടോ, അല്ലാതെയോ അവന്റെ അഭിപ്രായങ്ങൾ മററുള്ളവരിൽ കുത്തിച്ചെലുത്തുകയും അവൻ പറയുന്നതുപോലെ പറയാനും ചെയ്യുന്നതുപോലെ ചെയ്യാനും അവരെ നിർബന്ധിക്കയും ചെയ്യും. ദൈവജനത്തിന്റെ ഒരു വലിയ നേതാവിനെപ്പോലെയോ, ആട്ടിൻകൂട്ടത്തിന്റെ ഒരു അത്ഭുതമാന്ന പിതാവിനെപ്പോലെയോ അഭിനയിക്കും. പക്ഷേ അവന്റെ നേതൃത്വം എത്രതന്നെ ആകർഷകമായിരുന്നാലും ദിവ്യമായ അധികാരം പ്രകാശിപ്പിക്കാൻ അവന്ന കഴികയില്ല. എന്തുകൊണ്ടെന്നാൽ സ്വന്തഹിതത്താലാണ് അവന്റെ ജീവിതം നയിക്കപ്പെടുന്നതു്; ദൈവഹിതപ്രകാരമല്ല. നമ്മുടെ കൎത്താവു് ഇങ്ങനെ അരുളിച്ചെയ്തു:— "ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുതു്" (മത്താ.20:15,26) നാം നല്ല ഇടയന്മാരായിരിക്കണമെങ്കിൽ കൎത്താവു് നമ്മെ വളരെ വിനയപ്പെടുത്തേണ്ടതാണ്. കാരണം നമ്മുടെ അധീശമനോഭാവം

ആട്ടിൻകൂട്ടത്തെ ഒരുമിപ്പിക്കുന്നതിനും പകരം ചിതറിക്കുന്നതായി ട്ടാണിരിക്കുന്നതു്.

## ഇതരന്മാരുടെ ഇച്ഛാസ്വാതന്ത്ര്യത്തെ കണക്കിലെടുക്കുക

നമ്മുടെ സംരക്ഷണയിൽ ഏല്പിക്കപ്പെട്ടവരുടെമേൽ കർത്തൃത്വം നടത്താതെയും, പിന്തുടരാനുള്ള അവരുടെ കഴിവിന്നപ്പുറമായി അവരെ നയിക്കാതെയും ഇരിപ്പാൻ നാം പഠിക്കേണ്ടതാണു്. കർത്താവിൽനിന്നുള്ള ഒരു ഭാരം നമുക്കുണ്ടെങ്കിൽ അതു നിർവഹിക്കുന്ന കാര്യത്തിൽ നാം വിശ്വസ്തരായിരിക്കണം. എന്നാൽ നാം പ്രഖ്യാപിക്കുന്ന ദൂതു് മററുള്ളവർ അംഗീകരിച്ചുകൊള്ളണമെന്നു് നാം ഹേമിക്കരുതു്. ദൈവം മനുഷ്യൎക്കു് നൽകീട്ടുള്ള ഇച്ഛാസ്വാതന്ത്ര്യത്തെ അവൻ ആദരിക്കുന്നു എന്നു നാം ഓൎക്കണം. അവൻ അതിനെ ഒരിക്കലും നിരോധിക്കുന്നില്ലെങ്കിൽ പിന്നെ നാമെന്തിനു് അതിനു ധൈര്യപ്പെടുന്നു! നാം ദൈവമുമ്പാകെ ശാന്തരായി നടക്കുവാനും, ജനത്തിൻെറ മുമ്പാകെ അവരുടെ നേതൃത്വം ഭാവിച്ചു് അവഗണിക്കപ്പെടാതിരിപ്പാനും പഠിക്കണം. നാം പറയുന്നതു് കേൾക്കാൻ മനുഷ്യർ സന്നദ്ധരാണെന്നുള്ളതിൽ നാം സ്വയം തൃപ്തരാകരുതു്. നേരെമറിച്ചു നാം ഭയത്തോടും വിറയലോടും കൂടി കർത്തൃസന്നിധിയിലേയ്ക്കു അടുത്തുചെല്ലുകയും, അവനു നമ്മോടു പറയാനുള്ളതെന്തെന്നു ശ്രദ്ധിപ്പാൻ അത്യധികം താല്പര്യമുള്ളവരാകയും വേണം. നമ്മുടെ മനോബോധം എത്രതന്നെ ശക്തിമത്തായിരുന്നാലും സ്വയത്തിൽ ആശ്രയിക്കാതിരിപ്പാൻ നാം പഠിക്കണം. കാരണം നാമെല്ലാവരും തെററിലേയ്ക്കു ചായാൻ ഇടയുള്ളവരാണു്. നാമെത്രയധികം സ്വാശ്രയശീലമുള്ളവരാകുമോ അത്രയ്ക്കധികം വഴിതെററിപ്പോകുന്നവരുമായിരിക്കും. തന്നിഷ്ടത്തിനു വിധേയരാകുന്നവൎക്കു നേരിടുന്ന ഒരപകടം, അവരുടെ സ്വാശ്രയബോധം മററുള്ളവരെ നയിക്കാനുള്ള താല്പര്യത്തെ അവരിൽ വദ്ധമാനമാക്കുകയും അധികംപേരെ അനുഗാമികളാക്കുന്നതോടുകൂടെ സ്വാശ്രയബോധംപരിപുഷ്ടമാകയുംചെയ്യുമെന്നുള്ളതാ

ണ്ട്. മററുള്ളവരിൽനിന്നു സഹായം നേടുവാനുള്ള കഴിവു്, അല്ലെങ്കിൽ കത്താവിൻെറ നടത്തിപ്പു തിരിച്ചറിയാനുള്ള കഴിവു് കുറഞ്ഞു കുറഞ്ഞു വരികയും ചെയ്യും.

## സഹകരണമനോഭാവം ഉണ്ടാകണം

ഈ ഇനത്തിൽപെട്ട വിശ്വാസികാറക്കു് അവരുടെ സ്വന്ത നിലയിൽ മാത്രമേ പ്രവത്തിക്കാൻ കഴിയൂ. എന്തുകൊണ്ടെന്നാൽ അവർ അവരുടെ വഴികളിൽ ഉറച്ചുപോയതുകൊണ്ടു് അവക്കു മററുള്ളവരുമായി രമ്യപ്പെടുവാനോ, ഒരു സഹകരണമനോഭാവം രൂപവൽക്കരിക്കാനോ സാധിക്കുന്നില്ല. ആത്മീയ അധികാരവുമായി അവർ ഒരിക്കലും കണ്ടുമുട്ടീട്ടില്ല. അധികാരത്തിനു കീഴ്പ്പെട്ടിരിക്കാൻ അവർ ഒരിക്കലും പഠിച്ചിട്ടില്ലാത്തതുകൊണ്ടു് അധികാരം യഥാത്ഥത്തിൽ പ്രയോഗിക്കാനും അവക്കു കഴിയുന്നില്ല. പല വിശ്വാസികളും അവരുടെ ചരിത്രത്തിൻെറ പ്രാരംഭദശമുതൽ ഇന്നേവരെ ഏതെങ്കിലും സഹവിശ്വാസികാറക്കു് കീഴ്പ്പെട്ടിരിക്കയെന്നതു് ഒരിക്കലും അറിഞ്ഞിട്ടേയില്ല. അനുസരിച്ചു് നടക്കേണ്ടതു് എങ്ങനെയെന്നു് അവർ ഒരിക്കലും അറിഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഇതര ആത്മാക്കളുടെ നേതൃത്വം അവരെ വിശ്വസിച്ചേല്പിക്കാൻ ദൈവത്തിനും സാധ്യമല്ല.

സഹോദരീസഹോദരന്മാരെ, ഈ യാഥാത്ഥ്യം പഠിച്ചുകൊള്ളുക. ക്രിസ്തീയ സേവനത്തിനു സ്വയമേവ അർപ്പിക്കയും, അതേസമയം, കീഴ്പ്പെട്ടിരിക്കാൻ ആദ്യമേ പഠിച്ചിട്ടില്ലാതിരിക്കയും ചെയ്യുന്ന ഏവനും തൻെറ സ്വന്തഹിതത്തിൽ ഉറച്ചുനില്ക്കയും, എല്ലാററിനും മുൻകൈ എടുക്കാനും, കൂട്ടുകാരെ നടത്തുവാനും സദാ സന്നദ്ധനാകയും, ചെയ്യും. എന്നാൽ കർശനമായ അച്ചടക്കം മൂലം വിനയപ്പെട്ടിരിക്കാൻ പഠിച്ചിട്ടുള്ള ഒരുവൻ, കത്താവിൽ സ്ഥിരത പ്രാപിച്ചവനായിരിക്കും. അവൻ മററുള്ളവരുടെമേൽ കർതൃത്വം നടത്താൻ നോക്കുകയില്ല. നിങ്ങളിൽ ആരും ആരെയും കീഴ്പ്പെടുത്തുന്നവരാകയില്ലയെന്നു ഞാൻ വിശ്വസിക്കുന്നു. പിന്നെയോ സകലത്തിലും നിങ്ങളുടെ സഹവിശ്വാസി

കൾക്ക് അവരുടെ സ്വതന്ത്രമായ തിരഞ്ഞെടുപ്പ് നടത്തുവാനുള്ള അവകാശത്തെ അംഗീകരിക്കേണ്ടതാണ്. നമ്മുടെ അഭിപ്രായങ്ങളെ അവരുടെമേൽ കെട്ടിവച്ചിട്ട്; ദൈവദത്തമായി അവക്കുള്ള ഇച്ഛാശക്തിയെ പിടിച്ചെടുക്കാതിരിപ്പാൻ നാം സൂക്ഷിക്കേണ്ടതാണ്.

## തന്നിഷ്ടക്കാരൻെറ തനിനിറം

സ്വന്തഹിതത്തിനു കീഴ്പ്പെടുന്ന ഒരു സഹോദരൻ ഒരു ഏകാന്തതയിലേയ്ക്കു വിടപ്പെട്ടാൽ അവൻെറ വ്യക്തിത്വം വെളിപ്പെടുകയില്ല. എന്നാൽ മററുചില സഹോദരന്മാരോടുകൂടെ അവനെ വിടുക. ഉടനെ അവൻ നേതൃത്വം എടുക്കും. ഉറച്ച തന്നിഷ്ടക്കാരിയായ ഒരു സഹോദരിയെ മറെറാരു സഹോദരിയോടുകൂടി ഒരു മുറിയിൽ ആക്കുക. ഉടനെ അവൾ തൻെറ കൂട്ടുകാരിയോടു പറകയായി:— ഒരാൾ കഴിക്കേണ്ട ആഹാരം ഏതുതരത്തിലുള്ളതാണ്. ഒരുത്തിയുടെ വസ്ത്രധാരണം എങ്ങനെയായിരിക്കണം. ഉറങ്ങാനുള്ള കിടക്ക ഏതുതരത്തിലിരിക്കണം എന്നൊക്കെ. ഈ രണ്ടു സഹോദരിമാരിൽ ഒരാൾക്കു മാത്രമാണ് സ്വന്തഅഭിപ്രായം പുലത്താൻ താല്പര്യമെങ്കിൽ ഒരുവിധം കഴിച്ചുകൂട്ടാം. എന്നാൽ രണ്ടുപേരും ഒരേതരത്തിൽ തന്നിഷ്ടക്കാരികളാണെങ്കിൽ, "അരവും അരവും ചേൎന്നാൽ കിന്നരം" എന്ന ചൊല്ലുപോലെ ഏറെക്കഴിയും മുമ്പേ ഒരു സ്തംഭനാവസ്ഥയിൽ എത്തിച്ചേരും.

നാം ഒന്നിച്ച് ജീവിക്കയും പ്രവൎത്തിക്കയും ചെയ്യുന്നതിനനുസരിച്ച് കീഴ്പ്പെടേണ്ടതിൻെറ ആവശ്യത്തെക്കുറിച്ച് ഞങ്ങൾ ഊന്നിപ്പറഞ്ഞുവല്ലൊ. എന്നുവച്ച്, വിവേചനംകൂടാതെ കീഴ്പ്പെടണമെന്നോ, ദോഷത്തിന് മൗനാനുവാദം നൽകണമെന്നോ, അതിനൎത്ഥമില്ല. കൎത്താവിൻെറ ദാസന്മാർ എന്ന നിലയ്ക്കു് നാം വിശ്വസ്തരായിരിക്കണം. ആ വിശ്വസ്തത നിമിത്തം ചിലപ്പോൾ പ്രബോധിപ്പിക്കയും, മുന്നറിയിപ്പു നൽകുകയും, ശാസിക്കയും

ചെയ്യേണ്ടതായി വരും. ചില പ്രത്യേക ഘട്ടങ്ങളിൽ മററുള്ളവരുടെ നേരെ വളരെ ഉറച്ച നിലപാട് സ്വീകരിക്കേണ്ടതായും വരാം. കാരണം, തെററിൻെറ നേരെ കണ്ണടച്ചുകളവാൻ നമുക്കു സാധ്യമല്ല. എന്നാൽ കർത്താവുമായി ഇടപെട്ടവർ മററുള്ളവരോടും ദൈവത്തോടും വിശ്വസ്തതയോടെ ഇടപെടും. അതു മററുള്ളവരുടെ ജീവിതത്തിന്മേൽ അധികാരം നടത്തണമെന്നുള്ള സഹജമായ മോഹത്തിൽ നിന്നുളവാകുന്നതല്ലതാനും.

## പൗലോസിൻെറ മാതൃക

പൗലോസ്, ജന്മനാ നേതാവായ ഒരുവനായിരുന്നു. എന്നാൽ അവൻ കർത്താവുമായി ഇടപെട്ട ഒരുവനും കൂടിയായിത്തീൎന്നു. അവൻ തൻെറ ശുശ്രൂഷ നിൎവ്വഹിക്കുന്ന ഘട്ടത്തിൽ അവൻെറ സംസാരത്തിൽ ചിലതു്, ''ഘനവും ഊററവും'' ഉള്ളതായിരുന്നു. ദുഷ്ടതയെ ഭർത്സിക്കുമ്പോൾ അവൻ മുറിവുവരുത്തുകയും ചെയ്യും. എന്നാൽ ക്ഷീണിച്ചവരോടും വീണിരിക്കുന്നവരോടും അവൻ ആർദ്രതയോടെ ഇടപെടുന്നു. ദുരുപദേഷ്ടാക്കന്മാരെ നഗ്നമാക്കുമ്പോൾ ശക്തിമത്തായ ഭാഷ അവൻ ഉപയോഗിക്കുന്നു. എന്നാൽ ''ചിലർ ക്രിസ്തുവിനെ അസൂയവും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു. ചിലരോ നല്ല മനസ്സോടെതന്നെ, അവർ, സുവിശേഷത്തിൻെറ പ്രതിവാദത്തിനായിട്ടു് ഞാൻ ഇവിടെ കിടക്കുന്നു എന്നറിഞ്ഞിട്ടു് അതു സ്നേഹത്താൽ ചെയ്യുന്നു. മററവരോ, എൻെറ ബന്ധനങ്ങളിൽ എനിക്കു ക്ലേശം വരുത്തുവാൻ ഭാവിച്ചുകൊണ്ടു് നിൎമ്മലതയോടെയല്ല ശാഠ്യത്താൽ അത്രേ ക്രിസ്തുവിനെ പ്രസംഗിക്കുന്നതു്. പിന്നെ എന്തു് നാട്യമായിട്ടോ പരമാൎത്ഥമായിട്ടോ, ഏതുവിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നതു് ഇതിൽ ഞാൻ സന്തോഷിക്കുന്നു. ഇനിയും സന്തോഷിക്കും'' (ഫിലി,1: 15_18) എന്നു പറവാൻ കഴിയത്തക്കവണ്ണം അത്രയ്ക്കു് സ്വാൎത്ഥ്യത്തിൽനിന്നു വിമുക്തനായിരുന്നു പൗലോസ്. അവൻെറ ജീവിതത്തിലെ സമനില നിങ്ങൾ കാണുന്നുണ്ടോ? മനുഷ്യർ തൻെറ ദൂതു സ്വീകരിക്കയും തന്നോടുകൂടെ നടക്കയും ചെയ്യുന്നെങ്കിൽ അ

തിൽ സന്തോഷിക്കാൻ അവനു കഴിയും. എന്നാൽ അവർ തൻെറ ദ്ദൂതു നിരസിക്കയും അവനോടു പ്രതികൂലിക്കയും ചെയ്യുമ്പോഴും സ ന്തോഷിപ്പാൻ അവനു കഴിയുന്നുണ്ട്. ഒത്തുതീർപ്പില്ലാത്ത മനോ ഭാവത്തേയും, സന്ധിയില്ലാത്ത സംസാരത്തേയും ആണ് വിശ്വ സ്തത ആവശ്യപ്പെടുന്നതു്. പക്ഷേ അവൻെറ ശക്തിമത്തായ പ്ര ഭാഷണം തന്നോടുള്ള പ്രാതികൂല്യത്തെ ഉളവാക്കിയെന്നുവന്നാൽ അതിനെ വ്യക്തിഗതമായ അധിക്ഷേപമായി അവൻ എടുക്കയി ല്ല. അവർ ക്രിസ്തുവിനെയല്ലോ പ്രസംഗിക്കുന്നതു് എന്നു സമാ ധാനപ്പെട്ടു സന്തോഷിക്കുകയാണ്. സ്വന്തഹിതം നോക്കുന്നവൻ സ്വന്ത ആശയങ്ങളിൽ വ്യാമോഹിതനാകയും എപ്പോഴും അതുത ന്നെ പിടിച്ചു വാദിക്കയും ചെയ്യുന്നു. അവൻെറ ആലോചന കറം നടപ്പിലാകുന്നില്ലെങ്കിൽ പ്രയാസം തോന്നും. എന്നാൽ തി രുത്തലുകളെ സദാ അംഗീകരിക്കുന്നവൻ, നേതൃത്വം എടുക്കുവാൻ മടിക്കയും, മററുള്ളവരുടെ ജീവിതത്തെ കൈകാര്യം ചെയ്യുന്നതി നാലുള്ള അപകടത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കയും ചെയ്യുന്നു. സ്വ ന്തഹിതത്തെയും വഴികളേയും മുറകെപ്പിടിക്കുന്നവൻ സങ്കുചിതമ നസ്കനും അനാവശ്യമായി അന്യകാര്യങ്ങളിൽ ഇടപെടുന്നവനുമാ യിരിക്കും. എന്നാൽ ദൈവത്തിൻെറ ശിക്ഷണകരങ്ങറംക്കു വി ധേയനായവൻ സമ്മർദ്ദംമൂലം വികാസം പ്രാപിച്ചവനും അതിദ്ദൂ രം പ്രവർത്തിക്കുന്ന മഹാനുമായിരിക്കും.

## ഞാനെന്നഭാവം ദോഷകരം

നാം ഇതുവരെ പറഞ്ഞുവന്നതിനെ ഇങ്ങനെ സംക്ഷേപി ക്കാം. കർത്താവിൻെറ ഉദ്ദേശ്യം നമ്മിൽക്കൂടെ സാക്ഷാൽക്കരിക്ക ണമെങ്കിൽ നാം എല്ലാത്തരത്തിലുമുള്ള തന്നിഷ്ടങ്ങളിൽ നിന്നും വി മുക്തരായിരിക്കണം. കർത്താവു നമ്മെ ധാരാളമായി എടുത്തു് നമ്മിൽക്കൂടെ പ്രവർത്തിക്കുന്നതിനു് നാം അനുവദിക്കുന്നതിനാൽ മാത്രമേ, അതു നടക്കയുള്ളു. കാരണം, നമ്മുടെ ''ഞാനെന്ന ഭാവം'' ആണ് പ്രയാസത്തിൻെറ പ്രധാന ഘടകം. ചിലരുടെ ജീവിത

ത്തിൽ, മററുള്ളവക്കുള്ളതിൽ കൂടുതലായി ഇതു് പ്രകടമാകുന്നു. എന്നാൽ ആരും ഈ പ്രയാസത്തിൽനിന്നു് തികച്ചും ഒഴിവുള്ളവരല്ല. നമുക്കിപ്പോഴും നമ്മുടെ സ്വന്ത അഭിപ്രായങ്ങളും വേലയ്ക്കുള്ള സ്വന്ത വഴികളും ഉണ്ടു്. നമ്മുടെ ജീവിതത്തെ നമുക്കുതന്നെ നിയന്ത്രിക്കാമെന്ന തോന്നലുണ്ടു്. എന്നാൽ ദൈവകരങ്ങളിൽ നമ്മെത്തന്നെ വിട്ടുകൊടുക്കുക. അങ്ങനെ നമ്മുടെ സേവനങ്ങളിലെല്ലാം അവൻ നമ്മെ വിശ്വസ്തരും, അതേസമയം ആത്മാവിൽ ശാന്തരും, അവൻെറ ഭവനത്തിലെ ഇതര അംഗങ്ങൾക്കു് വഴികൊടുക്കുന്നതിൽ വേഗതയുള്ളവരും ആക്കി തീക്കട്ടെ.

## അദ്ധ്യായം ഏഴ്.

# തൻെറ ശരീരത്തെ അച്ചടക്കത്തിൽ നിറുത്തുന്നവൻ.

വായനഭാഗങ്ങൾ:- 1 കോരി. 9:23-27; 2 കോരി. 11:27; 1 കോരി. 4:11-13. റോമ. 8:11.

പൗലോസ് കോരിന്ത്യർക്ക് ഇങ്ങനെ എഴുതുന്നു: "സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിന്നു് ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു. ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു് അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്നകിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നെ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നതു്. ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു്. മററുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻതന്നെ കൊള്ളരുതാത്തവനായിപ്പോകാതിരിക്കേണ്ടതിന്നു് എൻെറ ശരീരത്തെ ദണ്ഡിപ്പിച്ചു് അടിമയാക്കുകയത്രേ ചെയ്യുന്നതു്." (1 കോരി: 9:23-27)

## സുവിശേഷം നിമിത്തം എല്ലാം

23-ാം വാക്യത്തിൽ പൗലോസ് തന്നെത്തന്നെ പരിചയപ്പെടുത്തുന്നതു്, ദൈവത്തിൻെറ ഒരു സുവിശേഷപ്രസംഗകനായ ദാസൻ എന്ന നിലയിലാണു്. "ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു" എന്നു അവൻ പറയുന്നു. അങ്ങനെ പറഞ്ഞശേഷം തൻെറ ഉദ്ദേശ്യനിർവ്വഹണത്തിനു് എന്തൊരു വിട്ടു

വീഴ്ചയില്ലാത്ത മനോഭാവമാണു് തന്റെ കാര്യത്തിൽ താൻ അവലംബിച്ചിരിക്കുന്നതെന്നു് നമ്മോടു പറകയാണു്. "—തന്റെ ശരീരത്തെ താൻ ദണ്ഡിപ്പിച്ചു് അടിമയാക്കുന്നു."— തന്റെ ശരീരത്തിന്മേൽ വിജയം വരിക്കുന്നതിനുള്ള ഈ തീരുമാനം ഫലകരമാകുന്നതിനുള്ള കാര്യങ്ങളും താൻ തെളിയിക്കുന്നു.

ഇതു് വിശദീകരിക്കുന്നതിനു് ആദ്യമേതന്നെ ഞങ്ങൾ, കൊരിന്ത്യലേഖനകർത്താവു് ഒരു സന്യാസി അല്ലായിരുന്നു എന്നു പറഞ്ഞുകൊള്ളട്ടെ. നമുക്കു വഹിക്കാൻ പാടില്ലാത്ത ഒരു പ്രതിബന്ധമോ, ദോഷത്തിനുള്ള ഒരു മുഖാന്തരമോ ആണു് ശരീരം എന്നുള്ള പ്രമാണം പിടിച്ചവരുടെ കൂട്ടത്തിൽപെട്ടയാളല്ലായിരുന്നു അവൻ. നേരെമറിച്ചു്, ഇതേ ലേഖനത്തിൽതന്നെ, വിശ്വാസിയുടെ ശരീരം, പരിശുദ്ധാത്മാവിന്റെ മന്ദിരമാണെന്നും, ശരീരത്തിന്റെ വീണ്ടെടുപ്പു് എന്നതു് ഒരു യാഥാർത്ഥ്യമായി തീരുന്ന ഒരു നാൾ വരുന്നുവെന്നും തേജസ്സ്ക്കരിക്കപ്പെട്ട ഒരു ശരീരം നാം പ്രാപിക്കുമെന്നും അവൻ പ്രഖ്യാപിക്കുന്നു! "ശരീരത്തെ ദണ്ഡിപ്പിക്ക' എന്ന ക്രിസ്തീയ ധാരണയെ, സന്യാസിത്വത്തിന്റെ പ്രമാണംകൊണ്ടു് ദൂഷിപ്പിക്കരുതു്. ശരീരം നമുക്കൊരു പ്രതിബന്ധമാണെന്നോ പാപത്തിന്നു ഹേതുകമാണെന്നോ ഉള്ള ചിന്താഗതിയെ ഞങ്ങൾ നിരസിക്കുന്നു. പക്ഷേ, ശരീരംകൊണ്ടു് പാപം ചെയ്യുമെന്നും, നാം എത്രതന്നെ കർശനമായി അതിനോടു ഇടപെട്ടാലും പിന്നെയും പാപം ചെയ്യാനുള്ള സാദ്ധ്യതയുണ്ടെന്നും നാം വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണു്.

## ശരീരത്തെ സ്വാധീനമാക്കുക

ഈ 1 കോരിന്ത്യർ ഒൻപതിൽ പൗലോസു് ക്രിസ്തീയവേലക്കാരെ വെല്ലുവിളിയോടുകൂടി അഭിമുഖീകരിക്കുന്നതു്, ക്രിസ്തുവിന്റെ ദാസന്മാർ എന്ന നിലയ്ക്കുള്ള തങ്ങളുടെ ഹിതത്തിനു് ശരീ

രത്തെ അധീനമാക്കണമെന്നു പറഞ്ഞുകൊണ്ടാണ്. ഒരു ക്രിസ്തീയ വേലക്കാരൻ, ഒരു സുവിശേഷപ്രസംഗകൻ, എന്നീ നിലകളിൽ പൗലോസ് ഈ പ്രശ്നത്തോടു സമീപിക്കയും, സുവിശേഷത്തോടുള്ള ബന്ധത്തിൽ താൻ അതിനെ വ്യക്തമാക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് താൻ വ്യാഖ്യാനിക്കുന്നതു്: ''ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു് അടിമയാക്കുന്നു'' ദണ്ഡിപ്പിക്കയെന്ന പ്രയോഗം വളരെ മയമുള്ള ഒന്നല്ല. പൗലോസിനു് തന്നോടുതന്നെയുള്ള ഇടപാടിൽ പകുതി ചെയ്യു എന്ന വിചാരമേയില്ല.

## ഓട്ടക്കാരന്റെ സ്വയവർജ്ജനം.

പൗലോസ് തന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു് അതിന്മേൽ വിജയം വരിക്കുന്നതെങ്ങനെയെന്നു് വ്യക്തമായി തെളിയിക്കുന്നു. ഈ വിഷയം ഓരോ വിശ്വാസിയെ സംബന്ധിച്ചും വളരെ പ്രധാനപ്പെട്ടതാകകൊണ്ടു് തനിക്കു് അതുസംബന്ധിച്ചു പറയാനുള്ളതു് ശ്രദ്ധിച്ചു നോക്കാം. കർത്താവിന്റെ ദാസന്മാരുടെ കാര്യത്തിൽ തന്റെ പ്രായോഗിക നിർദ്ദേശം ഒരു ചിത്രീകരണത്തോടുകൂടി തരികയാണ്. ഒരു ഓട്ടം നിർവഹിക്കലാണ് ആ ചിത്രം. ''ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നുണ്ടെങ്കിലും ഒരുവനെ വിരുതു പ്രാപിക്കുന്നുള്ളു എന്നു നിങ്ങൾ അറിയുന്നില്ലയോ നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ'' എന്നാണ് 24-ാം വാക്യത്തിൽ അവൻ പറയുന്നതു്. ഓടുവാൻ നില്ക്കുന്നവർ എല്ലാവരും സമ്മാനം പ്രാപിക്കുന്നില്ല എന്നാണ് പൗലോസു പറയുന്നതു്. അങ്ങനെ തന്റെ വായനക്കാരും സമ്മാനാർഹരാകുവാൻ തക്കവണ്ണം ഓടണമെന്നു് അവൻ പ്രബോധിപ്പിക്കുന്നു. അതു എങ്ങനെ സാധിക്കാമെന്നു് ഇരുപത്തഞ്ചാം വാക്യത്തിൽ അവൻ പറയുന്നു. അങ്ങനെ ഒളിമ്പിക്ക് മത്സരത്തിൽനിന്നു് താൻ ഉദാഹരണം കൊണ്ടുവരുന്നു. ''അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു'' ഓരോ ഓട്ടക്കാരന്റേയും

സ്വയവജ്ജനത്തിൻെറ ആവശ്യകതയെ പൗലോസ് ഊന്നിപ്പറയുന്നു. സമ്മാനത്തിനുവേണ്ടി ശ്രമിക്കുന്നവൻ തൻെറമേൽ തന്നെ കക്ശമായ നിയന്ത്രണമുള്ളവനായിരിക്കണം. കളികാം തുടങ്ങുന്നതിനു മുമ്പുള്ള പരിശീലനകാലത്തുതന്നെയും തനിക്കു ഇഷ്ടമുള്ളതൊക്കെയും ബോധിച്ചപോലെ തിന്നാൻ സാധ്യമല്ല. സാധാരണ തിന്നാവുന്നതെല്ലാം അക്കാലത്തു് അനുവദിക്കാറില്ല. അങ്ങനെ വാസ്തവത്തിൽ ഓട്ടക്കളത്തിൽ കയറിയാൽ വളരെ ഖണ്ഡിതമായ നിയമങ്ങാംക്കു വിധേയനായിരിക്കയും വേണം. അല്ലെങ്കിൽ അവൻ അയോഗ്യനായിത്തീരും.

നീ പറഞ്ഞേക്കാം: എനിക്കു ഇതു വേണം. എനിക്കു അതു വേണം എന്നൊക്കെ. കൊള്ളാം! നീ ആ ഓട്ടത്തിൽ ചേൎന്നിട്ടില്ലെങ്കിൽ നിൻെറയിഷ്ടംപോലെയാകാം-എന്നാൽ നീ അതിൽ ചേൎന്നിട്ടുണ്ടെങ്കിൽ നിൻെറ ശരീരം പരിപൂൎണ്ണനിയന്ത്രണത്തിലായിരിക്കണം. "സകലത്തിലും വർജ്ജനം ആചരിക്ക"യെന്നാൽ എന്താണു്? ശരീരത്തെ അമിതമായ കാര്യങ്ങാംക്കു് അനുവദിക്കരുതെന്നാണു് ഇതിൻെറ അൎത്ഥം; അതിൻെറതായ സ്വാതന്ത്ര്യത്തെ വെട്ടിച്ചുരുക്കണം അതിൻെറ ആവശ്യങ്ങളായ ഭക്ഷണം, പാനീയം, വസ്ത്രധാരണം നിദ്ര എന്നിവ സാധിപ്പാനുള്ള സന്ദർഭം ഓട്ടക്കളത്തിലല്ല. പിന്നെയൊ ഓട്ടക്കളത്തിൽ ഓടുകയെന്നതാണു് കാര്യം. സമ്മാനാർഹരാകുവാൻ തക്കവണ്ണം ഓടുക.

ഇതേ ദൃഷ്ടാന്തത്തിൽനിന്നു് പൗലോസ് പിന്നെയും ന്യായങ്ങാം തുടരുന്നു: "അതോ അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനുതന്നെ" ഒളിമ്പിക്കു് മത്സരങ്ങളിൽ വിജയിക്കുന്നവനെ വാടുന്ന ലതാകിരീടമാണു് ചൂടിക്കുന്നതു്. എന്നിട്ടും അതു പ്രാപിക്കണമെന്നു കരുതി അവൻ ഒരു നല്ല സമയത്തോളം കർശനമായ അച്ചടക്കനടപടികാംക്കു തന്നെത്തന്നെ വിധേയനാക്കുന്നു. അങ്ങനെയെങ്കിൽ ഒരു വാടാത്ത കിരീടപ്രാപ്തി

ക്കവേണ്ടി നാം എത്രയധികം സ്വയനിയന്ത്രണമാണ് പരിശീലിക്കേണ്ടതു്?

"ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓട്ടുന്നതു്. ആകാശത്തെ കുത്തുന്നതുപോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു്", എന്നു പൗലോസ് തുടർന്നു പറയുന്നു. അവൻ പിന്നെയും തൻെറ വിഷയം തെളിയിക്കുകയാണു്. ഇങ്ങനെയുള്ള എല്ലാ അച്ചടക്കങ്ങൾക്കും താൻ വിധേയനാകുന്നതു് വെറുതെയല്ല. ഒരു തെളിഞ്ഞ ലക്ഷ്യം തൻെറ ദൃഷ്ടിയിൽ ഉണ്ടു്. അവൻ ആ ലാക്കിനു നേരെ ലക്ഷ്യമാക്കുകയാണു്. ഈ വാക്യം അടുത്ത വാക്യത്തോടുള്ള ബന്ധത്തിൽ വായിക്കേണ്ടതാണു്. അവൻ അങ്ങുമിങ്ങും കണ്ടമാനം ഓടുകയല്ല. അടുക്കും മുറയും ഇല്ലാത്ത വിധത്തിലുമല്ല പോരാടുന്നതു്. അവൻെറ എല്ലാ നീക്കങ്ങളും വളരെ ക്രമപ്പെടുത്തിയതാണു്, കാരണം അവൻെറ ശരീരം വളരെ കണിശമായി അവൻെറ സ്വാധീനത്തിലാണു്. അതിനെ കർശനമായി അച്ചടക്കത്തിൽ അടക്കിയിട്ടുള്ളതുകൊണ്ടു് അതിൻെറമേൽ അവനു് വിജയം വരിക്കാൻ കഴിയുന്നുണ്ടു്.

സഹോദരീസഹോദരന്മാരെ, നിങ്ങൾ, നിങ്ങളുടെ ശരീരത്തെ നിയന്ത്രണാധീനമാക്കീട്ടില്ലെങ്കിൽ വേല ഒന്നു നിർത്തീട്ടു് ഇനിയും വിശാലമായ മണ്ഡലത്തിൽ ആധിപത്യത്തിനു ശ്രമിക്കുന്നതിനു മുമ്പേ ശരീരത്തിന്മേൽ നിയന്ത്രണം സാധിതമാക്കുന്നതാണു് നല്ലതു്. വേലയിൽ നീ വളരെ സന്തോഷം പ്രാപിക്കുന്നുണ്ടായിരിക്കാം, എന്നാൽ നിൻെറ ശരീരത്തിൻെറ അഭിലാഷങ്ങളാണു് നിന്നെ ഭരിക്കുന്നതെങ്കിൽ വേലയ്ക്കു് അല്പമേ വിലയുണ്ടാകയുള്ളു. പ്രസംഗപീഠങ്ങളിൽനിന്നു് ഉച്ചൈസ്തരം പ്രഭാഷണങ്ങൾ നടത്തുന്നതുമാത്രമല്ല കർതൃസേവയെന്നതു്. പൗലോസ് അതു് അറിഞ്ഞിരുന്നു.

**ശരീരത്തെ അടിമയാക്കുക** എന്നതിൽ എന്താണു് ഉദ്ദേശിക്കുന്നതു്? അതു് ഗ്രഹിക്കുന്നതിനു്, നാം ആദ്യമേ മനസ്സിലാക്കേണ്ടതു് ശരീരത്തിൻെറ അവകാശപ്പെടൽ എന്തെല്ലാമാണു് എന്നാണു്, അവയിൽ ചിലതു് ഞങ്ങൾ സൂചിപ്പിക്കാം — ഭക്ഷണവും വസ്ത്രധാരണവും; വിശ്രമവും ആയാസം തീക്കലും; രോഗഘട്ടങ്ങളിൽ പ്രത്യേക സംരക്ഷണം. ഇവയെല്ലാം ന്യായമായ ആവശ്യങ്ങൾ തന്നെ. പക്ഷേ കത്താവിൻെറ വേലയ്ക്കും അതിൻേറതായ ആവശ്യങ്ങളുണ്ടു്. അതിനാണു് ഞാൻ ശ്രദ്ധിക്കുന്നതെങ്കിൽ ശരീരത്തിന്മേൽ നിയന്ത്രണം വരുത്തേണ്ടിവരും. വേല ശരീരഘടനയുടെമേൽ പ്രത്യേകകാര്യങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ, ശരീരത്തിന്മേലുള്ള നിരന്തരമായ അച്ചടക്കത്തിനു അനുസരിച്ചു് പ്രയാസം സഹിക്കാൻ ശരീരത്തിനു കഴിവുണ്ടാകും. എന്നാൽ ശരീരത്തിൻെറ അഭിലാഷങ്ങൾ സാമാന്യമായി വാഴുവാൻ അനുവദിച്ചാൽ ചില ഘട്ടങ്ങളിലെ അധ്വാനം നിമിത്തം ശരീരത്തിൻെറ നില മോശമായിത്തീരും. ശരീരം സ്വാഭാവികനിലയിൽ അതിൻെറ യജമാനനെ സേവിക്കാൻ പഠിച്ചില്ലെങ്കിൽ ഓട്ടക്കളത്തിൽ ശരീരാവയവങ്ങളുടെ സംയുക്തശക്തി പ്രയോഗിക്കേണ്ട ഘട്ടത്തിൽ, കാലു് അതിൻെറ പ്രവൃത്തി നിവ്വഹിപ്പാൻ മടിച്ചുവെന്നും, മററ അവയവങ്ങൾ യജമാനൻെറ കല്പന അനുസരിക്കുന്നതു് സാവധാനത്തിൽ ആയെന്നും വരും. ഓട്ടത്തിൽ വിജയിക്കണമെങ്കിൽ അവൻ അതിൽ ആയിരിക്കുമ്പോൾ ശരീരത്തിൻെറ മേൽ നല്ല നിയന്ത്രണശേഷിയുള്ളവനായിരിക്കണം. ഒരു ക്രിസ്തീയവേലക്കാരൻ തൻെറ സാമാന്യമായ ദൈനംദിനജീവിതത്തിൽ ശരീരത്തെ അതിൻെറ യജമാനനെ അറിയാൻ പഠിപ്പിച്ചില്ലെങ്കിൽ അസാധാരണ ഘട്ടങ്ങളിൽ അതു് വേലയുടെ പേരിൽ അതിൻെറ യജമാനനു് കീഴ്പ്പെട്ടിരിക്കുമെന്നു് എങ്ങനെ പ്രതീക്ഷിക്കാം? നീ നിൻെറ അധികാരം ശരീരത്തിന്മേൽ പ്രയോഗിച്ചെങ്കിൽ മാത്രമേ അതിന്മേലുള്ള അധികാരം നിലനിറുത്താൻ നിനക്കു

കഴിയൂ. പ്രതിദിനജീവിതത്തിൽ അതു് അനുസരണം കാണിപ്പാനുള്ള സ്വഭാവം പഠിച്ചിട്ടുണ്ടെങ്കിൽ അസാധാരണ സാഹചര്യത്തിലുണ്ടാകാവുന്ന വിഷമഘട്ടത്തിൽ അതു വിശ്വസ്തതയോ നിന്നെ സേവിക്കും.

## ശരീരത്തിൻെറ യജമാനനായിരിക്കണം.

ഞാൻ ചോദിക്കട്ടെ, നിൻെറ ശരീരത്തിൻെറ യജമാനനാണോ നീ? അതോ നീ അതിൻെറ അടിമയാണോ? നിൻെറ നിയോഗങ്ങളെ അതു് അനുസരിക്കാറുണ്ടോ? അതോ, അതിൻെറ അഭിലാഷങ്ങൾക്കു നീ വഴിപ്പെടുകയാണോ?

നിൻെറ ശരീരം പതിവായിട്ടു് ഉറക്കം ആവശ്യപ്പെടുന്നു. ആ ആവശ്യം ന്യായവുമാണു്. ദൈവം രാത്രിയും പകലുമായി സമയത്തെ വിഭാഗിച്ചിരിക്കുന്നു. മനുഷ്യനു് വിശ്രമത്തിനു അവസരമുണ്ടാകാനാണു് അങ്ങനെ ചെയ്തിരിക്കുന്നതു്. ഈ ദിവ്യകരുതലിനെ മനുഷ്യർ അവഗണിക്കുന്നതു് ഭവിഷ്യത് ഭീതിയില്ലാതെയല്ല. നേരെമറിച്ചു് ശരീരത്തെ അതിൻെറ ഭരണത്തിനു വിടുകയാണെങ്കിൽ, തോന്നുമ്പോഴൊക്കെയും ഉറക്കത്തിനു കീഴ്പ്പെടുകയണെങ്കിൽ, അതുനിമത്തം വളരെ മാന്ദ്യം ഭവിച്ചവനാകയും വേലയിൽ മടിയനാകയും ചെയ്യും. സാധാരണനിലയിൽ ശരീരത്തിനു് എട്ടുമണിക്കൂർ ഉറക്കം ദിനംപ്രതി അനുവദിക്കുന്നതു് യുക്തമാണു്, എന്നാൽ കർത്താവിൻെറ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതായി വരുമ്പോൾ വിശ്രമസമയത്തിനു കുറവുവരുത്തുകയും, ഒന്നോ രണ്ടോ രാത്രികൾതന്നെ ഉറക്കമിളയ്ക്കുകയും വേണ്ടിവരും. ഗത്തു്ശമനതോട്ടത്തിലെ രാത്രിയിൽ കർത്താവു് തൻെറ ശിഷ്യന്മാരിൽ മൂന്നുപേരെ കൂട്ടിക്കൊണ്ടുപോയി അവരോടു പറഞ്ഞതു്: "എൻെറ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു. ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ" എന്നാണു്.

എന്നാൽ അവൻ പ്രാൎത്ഥനയ്ക്കുശേഷം മടങ്ങിവന്നപ്പോറം അവർ ഉറങ്ങുന്നതു കണ്ടു. പത്രോസിനോടു; "എന്നോടുകൂടെ ഒരു നാഴികപോലും ഉണൎന്നിരിപ്പാൻ നിങ്ങറംക്കു കഴിഞ്ഞില്ലയോ" എന്നു ചോദിച്ചു. ഇല്ല, കൎത്താവിനോടുകൂടെ ഒരു നാഴികപോലും ഉണൎന്നിരിപ്പാൻ അവൎക്കു കഴിഞ്ഞില്ല. ഉറക്കത്തിൻെറ ആൎത്തി അവരെ ജയിച്ചു. രാത്രിയിൽ ഉറങ്ങണമെന്നുള്ള ആഗ്രഹത്തിൽ എന്താണു് തെററുള്ളതു്? ഒന്നുമില്ല; പക്ഷേ കൎത്താവു് തന്നോടുകൂടെ ഉണൎന്നിരിപ്പാൻ നമ്മോടു ആവശ്യപ്പെടുമ്പോറം നാം അവനെ അനുസരിക്കുന്നതിനുപകരം നമ്മുടെ ശരീരത്തിൻെറ ആൎത്തിയെ തൃപ്തിപ്പെടുത്തുകയാണെങ്കിൽ അവൻെറ ദാസന്മാരെന്ന നിലയ്ക്കു നാം തോററുപോകുകയാണു്. എത്ര നേരമെങ്കിലും ഉറങ്ങാതിരിക്കാൻ നമുക്കു കഴിയുമെന്നു് ഇതിനൎത്ഥമില്ല. കാരണം നാം മനുഷ്യരാണു്, ആത്മാക്കളല്ല. എന്നാൽ കൎത്താവിൻെറ ആവശ്യം സാധിക്കണമെങ്കിൽ, ഞെരുക്കങ്ങറംക്കു് വിധേയമാകത്തക്ക പരിശീലനം ഉണ്ടാകുമാറു് ശരീരത്തെ നിരന്തര നിയന്ത്രണത്തിൽ നിറുത്തേണ്ടതാവശ്യമാണു്.

## ഓട്ടത്തിൻെറ അൎത്ഥം.

ഓട്ടം ഓടുക എന്നാൽ എന്താണൎത്ഥം? അസാധാരണമായ ചിലതു ചെയ്യുക എന്നാണൎത്ഥം. സാധാരണഗതിയിൽ ഓരോ അടിവച്ചു് നടക്കുകയാണു് നാം ചെയ്യാറുള്ളതു്. എന്നാൽ ഓട്ടന്ന ഘട്ടത്തിൽ വയ്ക്കുന്ന അടികളുടെ അകലം വർദ്ധിക്കുന്നു. അപ്പോറം ശരീരത്തിനു് അസാധാരണമായ ആയാസം വേണ്ടിവരും. ഒരു പതിവെന്നനിലയിൽ എട്ടുമണിക്കൂർ ഉറക്കം നാം നമുക്കുതന്നെ അനുവദിക്കുന്നു. എന്നാൽ കൎത്താവിൻെറ സേവനത്തിൽ ആവശ്യം വന്നാൽ നമ്മുടെ വിശ്രമസമയത്തെ വെട്ടിച്ചുരുക്കുവാൻ നാം ഒരുങ്ങണം. അപ്പോഴാണു് ശരീരത്തെ നാം അടിമയാക്കുന്നതു്. ഉണൎന്നിരിപ്പാൻ പ്രത്യേകം പറഞ്ഞിട്ടും ശിഷ്യന്മാർ

ഉറങ്ങിയതായികണ്ടപ്പോഠം കത്താവു് അതിലുള്ള പ്രയാസം വെളിപ്പെടുത്തീട്ടു് ഇങ്ങനെ പറഞ്ഞു: "ആത്മാവു് ഒരുക്കമുള്ളതു് ജഡമോ ബലഹീനമത്രെ". ആത്മാവു് ആഗ്രഹിക്കുന്നതുപോലെ ചെയ്വാൻ കഴിയാതവണ്ണം ജഡം ക്ഷയിച്ചതാണെങ്കിൽ ഒരുക്കമുള്ള ഒരാത്മാവുണ്ടായതുകൊണ്ടെന്തുഫലം? ജഡം ബലഹീനമാണെങ്കിൽ ഒരുക്കമുള്ള ആത്മാവിന്നുപോലും നിന്നെ ജാഗ്രതാവസ്ഥയിൽ ആക്കുവാൻ കഴികയില്ല. കത്താവിനോടുകൂടെ നീ ഉണന്നിരിക്കണമെന്നു് അവൻ ആവശ്യപ്പെട്ടമ്പോഠം ഒരുക്കമുള്ള ഒരാത്മാവു് നിനക്കുണ്ടായിരിക്കുന്നതുപോലെ ഒരുക്കമുള്ള ഒരു ശരീരവും ഉണ്ടായിരിക്കണം. ശരീരം ഒരു പ്രതിബന്ധമല്ല. പ്രത്യുത യോഗ്യമായ സേവനം അനുഷ്ഠിക്കുന്നതിന്നു പരിശീലനം ആവശ്യമായ ഒരു ദാസനത്രെ. സാധാരണ സാഹചര്യത്തിലാണു് അതു സാധിക്കേണ്ടതു്. അങ്ങനെ ആയാൽ അസാധാരണസാഹചര്യങ്ങളിൽ ആവശ്യനിവ്വഹണത്തിന്നു് അതു സവ്വദാ സന്നദ്ധമായിരിക്കും.

## ഉറക്കത്തിൻെറ കാര്യം

നിക്കൊദേമോസു് രാത്രിയിലാണു് കത്താവിൻെറ അടുക്കൽ വന്നതു്. സമയം വൈകി എന്നു വിചാരിക്കാതെ കത്താവു് അവനോടു സാവകാശമായി സംഭാഷിച്ചു. രാത്രി മുഴുവൻ കത്താവു് പ്രാത്ഥനയിൽ ചെലവഴിച്ചതായും സുവിശേഷത്തിൽ രേഖയുണ്ടു്. തൻെറ ശുശ്രൂഷ ഉറക്കത്തെ അതിക്രമിക്കുവാൻ അവൻ അവസരം കൊടുത്തു. അതുപോലെ ചെയ്വാൻ നാമും ഒരുങ്ങണം. ക്രിസ്തീയവേലക്കാർ രാത്രികഠം പ്രാത്ഥനയ്ക്കു ചെലവഴിക്കുന്ന സ്വഭാവമുള്ളവരാകണം എന്നു ഞങ്ങഠം വാദിക്കുന്നില്ല. രാത്രിയെ പകലായി മാററുന്നതും രാത്രിമണിക്കൂറുകളെ പ്രാത്ഥനയ്ക്കായി നിരന്തരം ചെലവഴിക്കുന്നതും ശരീരത്തേയും മനസ്സിനേയും ക്ലേശിപ്പിക്കുന്നതാണു്. കാരണം, അതു് സാധാരണക്രമത്തിന്നു വിപരീതമാണു്. എന്നാൽ കത്താവിൻെറ ദാസന്മാർ അവൻെറ സേവനത്തിന്നുവേണ്ടി ഒരിക്കലും തങ്ങളുടെ ഉറക്കത്തെ ബലികഴിക്ക

യില്ലെന്നു വരുന്നതു് ന്യായമാണോ? ഉറക്കം സംബന്ധിച്ചുള്ള ഈ കാര്യത്തിൽ ശരീരത്തിന്നു നാം പരിചയംകൊണ്ടു് അനർഹമായ ആനുകൂല്യം അനുവദിച്ചാൽ വേലയോടുള്ള ബന്ധത്തിൽ വരാവുന്ന പ്രത്യേക ആവശ്യങ്ങളിൽ അതിനെ അടക്കാൻ ശ്രമിച്ചാൽ അതു് എതിർത്തു എന്നു വരാം.

## ഭക്ഷണപാനീയങ്ങളുടെ കാര്യം

ഇതിലും ഇതേ പ്രമാണംതന്നെയാണു് പ്രായോഗികമായിട്ടുള്ളതു്. ചില പ്രത്യേക സാഹചര്യങ്ങളിൽ നമ്മുടെ കർത്താവു് ഭക്ഷണത്തിൽനിന്നു് ഒഴിഞ്ഞിരുന്നിട്ടുണ്ടു്. എന്നാൽ ഒഴിഞ്ഞിരിക്കേണ്ട ആവശ്യമില്ലാത്തപ്പോഠം ഭക്ഷിച്ചിട്ടുമുണ്ടു്. അവനെ അനുസരിക്കുന്നതായിരുന്നു അവൻെറ ശരീരം. ചില ആളുകഠം ഭക്ഷണകാര്യത്തിൽ വളരെ തല്പരരായതുകൊണ്ടു് വിശന്നിരിക്കേ വേലചെയ്യാൻ കഴിയാത്തവരായിത്തീരുന്നു. നമുക്കു ആഹാരം ആവശ്യമാണെന്നുള്ളതിന്നു സംശയമില്ല നമ്മുടെ ശാരീരികആവശ്യങ്ങളെ അവഗണിപ്പാൻ പാടില്ല. എന്നാൽ സാഹചര്യം ആവശ്യപ്പെടുന്നതു് കണക്കിലെടുത്തു് ഭക്ഷണം കിട്ടാത്തപ്പോഴും വേലയിൽ ഏപ്പെട്ടിരിക്കാൻതക്കവണ്ണം നാം ശരീരത്തെ പരിശീലിപ്പിക്കണം. കർത്താവു് യാക്കോബിൻെറ കിണററിന്നരികെ അല്പനേരം വിശ്രമിക്കാനിരുന്ന സന്ദർഭം നിങ്ങഠം ഓൎക്കുന്നുണ്ടായിരിക്കുമല്ലോ. ആ സമയത്തു് വളരെ ആവശ്യക്കാരിയായ ഒരു സ്ത്രീയോടു നേരിട്ടു സംസാരിക്കേണ്ടി വന്നതു് നിങ്ങഠം ഓൎക്കുന്നുണ്ടു്. അതു് ഭക്ഷണത്തിനുള്ള സമയമായിരുന്നു. എന്നാൽ കർത്താവു് തൻെറ ശരീരിക ആവശ്യത്തെ അവഗണിച്ചു് ക്ഷമയോടെ അവളുടെ ആത്മീയാവശ്യത്തെ വിശദീകരിച്ചുകൊടുത്തു. ഒരു പ്രത്യേക സ്ഥലത്തുവച്ചു് നാം വിശപ്പുള്ളവരായി തീരുകയും നമുക്കു ഭക്ഷണം കഴിക്കാതെ യാതൊന്നും ചെയ്‌വാൻ കഴിവില്ലെന്നു വരികയും ചെയ്കയാണെങ്കിൽ നമ്മുടെ ശരീരങ്ങഠം യോഗ്യമായ

വിധം നമ്മെ സേവിക്കുന്നില്ല എന്നു ധരിക്കണം. അതിരു കടന്നു പോകാതെ കുറഞ്ഞപക്ഷം ഒരു നേരത്തെ ആഹാരത്തിൻെറ കാര്യത്തിലെങ്കിലും—വേലയോടുള്ള ബന്ധത്തിൽ—ശരീരം ഭക്ഷണത്തിനുള്ള അതിൻെറ നിലവിളികൊണ്ടു് നമ്മെ കീഴ്പ്പെടുത്താൻ ഇടവരരുതു്.

മക്കോസിൻെറ സുവിശേഷം മൂന്നാമദ്ധ്യായത്തിൽ നാം വായിക്കുന്നതു: "അവക്കു് ഭക്ഷണം കഴിപ്പാൻപോലും വഹിയാതവണ്ണം" ആവശ്യക്കാരുടെ സമൂഹം കത്താവിൻെറ ചുററം കൂടി എന്നാണു്. അവൻെറ സുഹൃത്തുക്കാം, കൂട്ടത്തിൽ നിന്നു് അവനെ വേറിട്ടുകൊണ്ടുപോകാൻ ശ്രമിച്ചു. അവന്നു ബുദ്ധിഭ്രമം ഉണ്ടെന്നു അവർ പറഞ്ഞു. പക്ഷേ പുരുഷാരത്തിൻെറ അടിയന്തിരാവശ്യത്തെ പരിഗണിച്ചു് സന്ദർഭാനുസരണം തൻെറ ശാരീരിക ആവശ്യങ്ങളെ അവിടുന്നു് അവഗണിക്കയാണു് ചെയ്തതു്. വേലയുടെ കാര്യത്തിൽ നമ്മുടെ ശ്രദ്ധ അത്യാവശ്യമായിരിക്കുമ്പോാം നിങ്ങാംക്കോ എനിക്കോ ഒരു നേരത്തെ ആഹാരം ഒഴിവാക്കാൻ കഴിയുന്നില്ലെങ്കിൽ നമുക്കു കാര്യമായി ഒന്നും പ്രവത്തിക്കാൻ കഴികയില്ല. അങ്ങനെയുള്ള സമയങ്ങളിൽ നാം നമ്മുടെ ശരീരത്തെ നിയന്ത്രിക്കണം. കത്താവിൻെറ വേലയ്ക്കു വിഘ്നം ഉണ്ടാകുമാറു് ശരീരത്തിൻെറ ആവശ്യം ഉയന്നുനില്ക്കരുതു്. സന്ദർഭോചിതമായി വിശ്വാസികാം ഉപവസിക്കേണ്ടതാണെന്നു വേദപുസ്തകം തെളിവായി പറയുന്നു. ചിലപ്പോാം പ്രാത്ഥനയിൽ തുടന്നിരിക്കേണ്ട പ്രത്യേക ആവശ്യം ഉണ്ടായാൽ ഭക്ഷണസന്ദർഭം ഒഴിവാക്കേണ്ടിവരും. ഉപവാസം ഇല്ലാതെതന്നെയും പ്രാത്ഥനയ്ക്കു് സമയം ചെലവഴിക്കേണ്ട ചുററുപാടു് നേരിട്ടാൽ ശരീരത്തിൻെറ ന്യായമായ ആവശ്യങ്ങളെയും നാം തല്ക്കാലത്തേയ്ക്കു അനുവദിച്ചുകൊടുക്കരുതു്.

## വിശ്രമവും ആവശ്യമാണു്.

ശരീരത്തിനു ആവശ്യമായ മറെറാന്നു് **സ്വസ്ഥതയാണു്:** സാഹചര്യങ്ങാം അനുവദിക്കുന്നതിനനുസരിച്ചു് ഒരു

വേലക്കാരൻ ഒരളവിൽ വിശ്രമം എടുക്കുന്നതിൽ നാം കുററം കാണുന്നില്ല. എന്നാൽ വേലയ്ക്കുള്ള ആഹ്വാനം ഉണ്ടാകുമ്പോഠ താൻ പരിചയിച്ചുപോന്ന സുഖസൗകര്യങ്ങഠ ലഭിക്കാത്തതുകൊണ്ടു് അതിനു് പോകാൻ കഴിയാത്തതാണു് പരിതാപകരമായിരിക്കുന്നതു്. കത്താവു് കല്പിക്കുകയാണെങ്കിൽ സുഖസൗകര്യങ്ങളിൽനിന്നു് വിരമിച്ചിരിക്കുന്നതിൽ സന്തോഷം കാണാനും കത്താവിൻെറ ദാസന്മാക്കു് കഴിവുണ്ടാകണം. സാമാന്യനിലയിൽ ശരീരത്തെ ദണ്ഡിപ്പിച്ചുകൊണ്ടുള്ള അവസ്ഥയിൽ കഴിയുന്നവരും അതിനേക്കാഠ മോശമായ നിലകളിൽ കഴിയേണ്ടിവരുന്നപക്ഷം ആ അവസ്ഥയിലും കഴിഞ്ഞുകൂടുവാൻതക്കവണ്ണം ശരീരത്തെ വിധേയമാക്കണം.

## വസ്ത്രധാരണം.

ഇക്കാര്യത്തിലും അനർഹമായ ശ്രദ്ധ പതിക്കരുതു്. യോഹന്നാൻസ്നാപകനെക്കുറിച്ചു് കത്താവായ യേശു അരുളിച്ചെയ്തതു്, മോടിയുള്ള വസ്ത്രം ധരിച്ചവനെ കാണണമെന്നുണ്ടെങ്കിൽ യോഹന്നാനെ നോക്കേണ്ടതില്ല എന്നും അതിനു പററിയ സ്ഥലം രാജകീയ കൊട്ടാരമാണെന്നും ആണു്. ചില വിശ്വാസികഠ, കഷ്ടം! വസ്ത്രധാരണം സംബന്ധിച്ചു് വലിയ ഉയന്ന തോതിലാണു് തങ്ങളെകൊണ്ടു്ചെന്നു് എത്തിച്ചിരിക്കുന്നതു്. നാം അപകീത്തികരമായ വസ്ത്രാലങ്കാരഭ്രമം കാണിക്കുന്നതു് കത്താവിനു മഹത്വകരമായിരിക്കയില്ല. എന്നാൽ കഴിയുന്നിടത്തോളം ശുദ്ധവും യോഗ്യവുമായ വസ്ത്രം ധരിക്കേണ്ടതാവശ്യവുമാണു്. കത്താവു നിമിത്തം ഏതു നിലയിലേയ്ക്കു നീങ്ങുവാനും സന്നദ്ധത കാണിച്ച പൗലോസിൻെറ മാതൃക നാം വിസ്മരിക്കരുതു്. തൻെറ സ്വന്ത അനുഭവത്തെക്കുറിച്ചു് അവൻ എഴുതുന്നതു നോക്കുക. "പൈദാഹം പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണ സംഗതികഠ" (2 കോരി. 11:27)

രോഗമോ ക്ഷീണമോ ഉണ്ടാകുന്ന ഘട്ടങ്ങളിൽ ശരീരത്തിനു്,

സാധാരണയിലധികമായ ആവശ്യങ്ങളാണുണ്ടാകുന്നതു്. അത്തരം സാഹചര്യങ്ങളിൽ പല ക്രിസ്തീയ വേലക്കാരും വേലയിൽനിന്നും സ്വയമേവ ഒഴിഞ്ഞുമാറുന്നു. പററിയ സമയമല്ല എന്നു കാണുമ്പോൾ, പൗലോസ്തന്നെ ഭരമേല്പിച്ചിട്ടുള്ള വേലയുടെ കാര്യത്തിൽ എന്താണു് ചെയ്തതു്? "കൂടെക്കൂടെയുള്ള ക്ഷീണം" നിമിത്തം തിമോഥെയോസിനു് ശരീരാസ്വാസ്ഥ്യം ഉണ്ടായപ്പോൾ അവൻെറ ശുശ്രൂഷയ്ക്കു സംഭവിക്കാമായിരുന്നതെന്താണു്? രോഗാവസ്ഥയിലും ആരോഗ്യാവസ്ഥയിലും നാം യുക്തിയുക്തമായ കരുതലുകൾ സ്വീകരിക്കയെന്നതു് ആവശ്യമാണു്. എന്നാൽ അതു് ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുക എന്നതിൻെറ ആവശ്യകതയെ തള്ളിക്കളയുന്നില്ല. രോഗസമയത്തും കഠിനവേദനയുടെ വേളയിലും കത്താവു കല്പിക്കുന്നുവെങ്കിൽ ശരീരത്തിൻെറ കരച്ചിലിനെ അവഗണിച്ചു് കത്താവിനെ അനുസരിക്കേണ്ടതാണു്. നാം അവനു പ്രയോജനമുള്ളവരാകണമെങ്കിൽ നമ്മുടെ ശരീരങ്ങളുടെമേൽ സ്വാധീനമുള്ളവരായിരിക്കണം.

## സേവനത്തിനു മുൻഗണന

ഈ പ്രമാണം ശരീരത്തിൻെറ ഇതരാഭിലാഷങ്ങളെപ്പോലെ ലൈംഗികആസക്തിയുടെ കാര്യത്തിലും പ്രായോഗികമാക്കേണ്ടതാണു്. നാം ക്രിസ്തുവിൻെറ ദാസന്മാരാണെങ്കിൽ അവൻെറ സേവനത്തിനു് മറെറല്ലാററിനേക്കാളും മുൻഗണനയുണ്ടായിരിക്കണം. 1 കൊരി. 4:11-13-വരെയുള്ള ഭാഗത്തു പൗലോസ് പറയുന്നതു്: "ഈ നാഴികവരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും കുത്തുകൊണ്ടും സ്ഥിരവാസംകൂടാതെയും ഇരിക്കുന്നു. സ്വന്തംകൈയാൽ വേലചെയ്തു അധ്വാനിക്കുന്നു. ശകാരം കേട്ടിട്ടു് ആശിർവദിക്കുന്നു. ഉപദ്രവം ഏററിട്ടു സഹിക്കുന്നു. ദൂഷണം കേട്ടിട്ടു് നല്ലവാക്കു പറയുന്നു. ഞങ്ങൾ ലോകത്തിൻെറ ചവറുപോലെയും ഇന്നുവരെ സകലത്തിൻേറയും അഴുക്കായും തീന്നിരിക്കുന്നു." പൗലോസ് ജഡത്തിൽ അനുഭവിക്കേണ്ടിവന്ന വിവി

ധ കഷ്ടതകാം തൻെറ ജീവിതത്തിൽ തന്നെ ഒററപ്പെടുത്തുന്ന ഒരു അവസ്ഥയിലേയ്ക്കു് തള്ളിനീക്കിയില്ലയെന്നു സ്പഷ്ടമാണു്. തൻെറ കത്താവിനുവേണ്ടിയുള്ള സേവനത്തെ വിഘ്നപ്പെടുത്തുവാൻ അവയിൽ യാതൊന്നിനേയും അവൻ അനുവദിച്ചുമില്ല. ഇതേ ലേഖനത്തിൻെറ ആറാമദ്ധ്യായം 12_ാംവാക്യംമുതൽ ഒടുവിൽവരെയ്ക്കും രണ്ടു കാര്യങ്ങളാണു് താൻ സൂചിപ്പിക്കുന്നതു്_ഭക്ഷണകാര്യവും സ്ത്രീപുരുഷബന്ധങ്ങളും – അവിടെ വളരെ തെളിവായി താൻ സ്ഥാപിക്കുന്നതു് നാം ശരീരത്തിൻെറ ദാസന്മാരല്ല കത്താവിൻെറ ദാസന്മാരാണു് എന്നത്രേ. അനന്തരം ഏഴാമദ്ധ്യായത്തിൽ സ്ത്രീപുരുഷബന്ധത്തെപ്പററി കുറെ വിശദമാക്കുന്നുണ്ടു്. എട്ടാമദ്ധ്യായത്തിൽ ഭക്ഷണകാര്യത്തെക്കുറിച്ചു് കുറെക്കൂടി പറഞ്ഞിട്ടു്, നാം ജഡത്തിൻെറ ഹിതാനുവത്തികളാകുവാൻ കടപ്പെട്ടവരല്ല, നാം ക്രിസ്തുവിനുള്ളവരാണെന്നും അവനെ സേവിക്കേണ്ടവരാണെന്നും ഊന്നിപ്പറയുകയത്രെ ചെയ്യുന്നതു്. അവൻെറ നിമിത്തം നമ്മുടെ ശാരീരികാഭിലാഷങ്ങളുടെ നേരെ, ''ഇല്ല'' എന്നു പറവാൻ നാം പഠിക്കണം. കടിഞ്ഞാൺ നമ്മുടെ കൈയ്യിലുണ്ടെന്നനിലയിൽ ഈ ''ഇല്ല'' എന്ന പ്രയോഗം സകല ഇടപാടുകളിലും ദൃഢമാക്കിത്തീക്കുകയും വേണം. ശരീരത്തിൻെറ സ്രഷ്ടാവാണു് കത്താവു്. പരിപൂണ്ണമായി നിയമാനുസൃതമാക്കേണ്ട ഏതാനും പ്രചോദനങ്ങളോടുകൂടിയാണു് അവൻ അതിനെ സൃഷ്ടിച്ചിരിക്കുന്നതു്. എന്നാൽ ശരീരത്തെ നമ്മുടെ ദാസനായിട്ടാണു്; അല്ലാതെ യജമാനനായിട്ടല്ല അവൻ സൃഷ്ടിച്ചിരിക്കുന്നതു്. ഈ കാര്യം ഉറപ്പാക്കുന്നതുവരെ വേണ്ടവിധത്തിൽ അവനെ സേവിപ്പാൻ നമുക്കു കഴിയുന്നതല്ല.

## കത്താവു കാണിച്ച മാതൃക.

ഓട്ടക്കളത്തിൽ പുറകിലായിപ്പോയിട്ടു സമ്മാനം നഷ്ടപ്പെട്ടുമോ എന്നു ഭയമുണ്ടായിട്ടു് പൗലോസ് തൻെറ

ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കി. അത്യുന്നതമായ മഹ ത്വത്തെ, തന്നെത്താൻ വിട്ട് നിന്ദയുടേയും കഷ്ടാനുഭവത്തിൻേറ യും ആഴങ്ങളിലേയ്ക്ക് ഇറങ്ങിയ നമ്മുടെ കർത്താവിനെക്കുറിച്ച് നമുക്കെന്താണ് പറയാനുള്ളത്. അവൻെറ സ്നേഹം നിമിത്തം അവനെ നിർവിഘ്നം സേവിക്കുവാൻ കഴിയേണ്ടതിനു് നമ്മു ടെ ശരീരങ്ങളോട് നമ്മെ സേവിക്കുവാൻ കല്പിക്കുന്നതിനു് നമു ക്കു കഴികയില്ലേ? അവൻെറ പുനരുത്ഥാനജീവശക്തിയാൽ ശ ക്തിപ്പെട്ടുവാൻ നമുക്കു് അവയോടു ആജ്ഞാപിക്കരുതോ? "യേ ശുവിനെ മരിച്ചവരിൽനിന്നുയിർപ്പിച്ചവൻെറ ആത്മാവു് നിങ്ങ ളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽനിന്നു യിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തൻെറ ആത്മാവിനെ ക്കൊണ്ടു് നിങ്ങളുടെ മർത്യശരീരങ്ങളേയും ജീവിപ്പിക്കും" എ ന്നു അവൻ പറഞ്ഞിട്ടില്ലയോ?

## അദ്ധ്യായം എട്ട്

# കഷ്ടത സഹിപ്പാൻ മനസ്സുള്ളവൻ

വായനഷ്ക്ക്:—1 പത്രൊ. 4:1; 2 ശമു. 23:14_17; വെളി.2:10

ഓരോ ക്രിസ്തീയ പ്രവത്തകനും കഷ്ടം സഹിപ്പാൻ മനസ്സുള്ളവനായിരിക്കണം. 1പത്രൊ. 4:1—ൽ നാം ഈ വചനം വായിക്കുന്നു. ''ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ട് നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ'' ഒരു ക്രിസ്തീയ വേലക്കാരൻെറ ഒരുക്കങ്ങളിൽ അത്യന്താപേക്ഷിതമായ ഒന്നാണ് കഷ്ടതകളോടു ബന്ധപ്പെട്ട ഒരു ശരിയായ മനോഭാവം.

## ആനന്ദം ഒരു ഓഹരിയാണ്

ആനന്ദപ്രദങ്ങളായ ഇടപാടുകൾ ഏതു് ആത്മീയ അഭിവൃദ്ധിക്കും എതിരാണ് എന്നൊരു ചിന്താഗതി വളരെ വിപുലമായ നിലയിൽ കടന്നു കൂടിയിട്ടുണ്ട്. ഈ തത്വത്തെ ഞങ്ങൾ ബലമായി നിരസിക്കുന്നു. കാരണം, ദൈവവചനം ഘോഷിക്കുന്നതു്, തൻെറ ജനത്തിൻെറ ഓഹരി അനുഗ്രഹീതമായ ഒന്നാണെന്നത്രെ. 84—ാം സങ്കീത്തനത്തിൽ നാം വായിക്കുന്നതു്, ''യഹോവ കൃപയും മഹത്വവും നൽകുന്നു. നേരോടെ നടക്കുന്നവക്ക് അവൻ ഒരുനന്മയും മുടക്കുകയില്ല എന്നാണ്. സുപരിചിതമായ23—ാം സങ്കീത്തനത്തിലും കാണുന്നതു്. ''യഹോവ എൻെറ ഇടയനാകുന്നു, എനിക്കു മുട്ടുണ്ടാകയില്ല'' എന്നത്രെ. വേദപുസ്തകത്തിൽ നെടുനീളെ കത്താവിൻെറ സ്നേഹപൂവ്വമായ ഇടയസംരക്ഷണം വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്. അവൻ വിശ്വസ്തതയോടെ തൻെറജനത്തെ സൂക്ഷിക്കുന്നതും, അവരുടെ കഷ്ടങ്ങളിൽ നിന്നു അവരെ വിടുവിക്കുന്നതും തൻെറ ജനത്തിനും ഇതരജാതികൾക്കും തമ്മിൽ എപ്പോഴും ഒരു വ്യത്യസ്ത നിലപാടു കല്പിച്ചിരിക്കുന്ന

തും തിരുവെഴുത്തുകളിൽ ആദ്യന്തം നമുക്കു കാണാം. താൻ തിരഞ്ഞെടുത്ത ജനത മിസ്രയീമിൽ പ്രവാസത്തിൽ കഴിയുമ്പോഴും പ്രത്യേക അനുഗ്രഹങ്ങൾ അവർ അധിവസിച്ചിരുന്ന ദേശത്തിനു് നൽകിയിട്ടുണ്ടു്.

## പരിശോധനയും ആവശ്യമാണു്

മരുഭൂമിയിൽ, ദൈവം തന്റെ മക്കളെ പരിശോധനയിൽ നിന്നും ശാസനയിൽനിന്നും ഒഴിവാക്കുന്നില്ല. മാത്രമല്ല, പരിശോധനയും ശിക്ഷണവും പ്രായപൂർത്തിയിലേക്കുള്ള വളർച്ചയ്ക്കു അത്യാവശ്യവുമാണു്. എന്നാൽ ഇവിടെ ശ്രദ്ധാവിഷയമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നതു്, ദൈവികസേവനത്തിനുള്ള അത്യധികമായ ആഗ്രഹത്തിൽ നിന്നുളവാകുന്നതായി തിരുവചനത്തിൽ പല ഭാഗത്തും സൂചിപ്പിച്ചിട്ടുള്ള കഷ്ടം സഹിക്കാനുള്ള മനോഭാവത്തെ കുറിച്ചാണു് ഈ ഭാവം. (മനസ്സു്) സ്വയമേവ സ്വീകരിക്കുന്ന ഒന്നാണു്. ഇതു് മനസ്സില്ലാ മനസ്സോടെ കീഴ്പ്പെടത്തക്കവിധം കെട്ടിയേല്പിക്കുന്ന ഒരു കഷ്ടാനുഭവമല്ല. പിന്നെയോ മനസ്സോടെ തെരഞ്ഞെടുക്കുന്ന ഒന്നത്രെ. ദാവീദിന്റെ മൂന്നു വീരന്മാർക്കു് അവനു കുടിപ്പാൻ വെള്ളം കൊണ്ടുവരുന്നതിനു വേണ്ടിയുള്ള സാഹസികയത്നത്തിൽ നിന്നു് തങ്ങളെത്തന്നെ വേണമെങ്കിൽ ഒഴിവാക്കാമായിരുന്നു. എന്നാൽ ബേത്തലഹേമിലെ കിണററിൽ നിന്നു് വെള്ളം ആർ കൊണ്ടുവരും എന്നു് ദാവീദു് പറഞ്ഞതു കേട്ടപ്പോൾ അവർ തങ്ങളുടെ ജീവൻ അപകടത്തിലായാലും വേണ്ടില്ല എന്നു കരുതി ഫെലിസ്ത്യ കാവൽ സൈന്യത്തിന്റെ അണികളെ ഭേദിച്ചു കാര്യസാധ്യത്തിനായി കടന്നു ചെന്നു. (2ശമു. 23:14–17 നോക്കുക)

നാം വിചാരിച്ചാൽ നമുക്കൊഴിഞ്ഞു മാറാവുന്ന അനേകം കഷ്ടാനുഭവങ്ങളുണ്ടു്. എന്നാൽ കർത്താവിനു് ഉപയോഗമുള്ളവരാകണമെങ്കിൽ നാം അവൻ നിമിത്തം കഷ്ടതയുടെ പാത മന

സ്സോടെ തിരഞ്ഞെടുക്കണമെന്നുള്ളതു മൗലികമായ ഒരാവശ്യമാണ്. അവൻ നിമിത്തം സഹിക്കാനുള്ള നിലപാടു് നാംസ്വീകരിക്കുന്നില്ലെങ്കിൽ നമ്മുടെ വേല ഉപരിപ്ലവമായ ഒന്നായിരിക്കും

## കഷ്ടം സഹിക്കാനുള്ള മനോഭാവം

കഷ്ടം സഹിപ്പാനുള്ള മനോഭാവം ഉണ്ടായിരിക്കുക എന്നു പറയുന്നതിനാൽ നാം അർത്ഥമാക്കുന്നതെന്താണ്? ഒന്നാമതു നാം കഷ്ടാനുഭവത്തേയും കഷ്ടം സഹിപ്പാനുള്ള മനസ്ഥിതിയേയും തമ്മിൽ വകതിരിച്ചു കാണേണ്ടതാണ്. സഹനത്തിനുള്ള മനസ്സുണ്ടാകുക എന്നതിൽ ക്രിസ്തുനിമിത്തം കഷ്ടം സഹിക്കാനുള്ള പാത നാം മനഃപൂർവ്വം തിരഞ്ഞെടുക്കുക എന്ന അർത്ഥമാണുള്ളതു്. അവനുവേണ്ടി ക്ലേശംസഹിക്കാനുള്ള ഒരു ഹൃദയം നമുക്കുണ്ടു് എന്നു സാരം. നാം അഭിമുഖീകരിക്കുന്ന കഷ്ടതയുടെ അളവു് എത്രത്തോളം എന്നതല്ല ചോദ്യം. പിന്നെയോ നമുക്കു നേരിടുന്ന കഷ്ടതയുടെ നേർക്കു നമുക്കുള്ള മനോഭാവം എന്താണ് എന്നുള്ളതത്രെ ഉദാഹരണമായി, ആഹാരവും, വസ്ത്രവും, നല്ലൊരുവീടുമുള്ള ഒരു ചുററുപാടിൽ ദൈവം നിങ്ങളെ ആക്കിവെച്ചു എന്നു വരാം. അവൻ നിമിത്തം കഷ്ടം സഹിപ്പാൻ നിങ്ങൾ ഒരുങ്ങിയിരിക്കയാണെങ്കിൽ ഇതൊന്നും കിട്ടിയില്ലെന്നും വരാം. അവൻ നൽകുന്ന എല്ലാദാനങ്ങളും തുടന്നു് അനുഭവിപ്പാൻ സാധിച്ചില്ലെന്നും വരാവുന്നതാണ്. നിങ്ങളുടെ ബാഹ്യമായ സാഹചര്യങ്ങൾ കഠിനതരങ്ങളോ, സുഖപ്രദങ്ങളോ എന്നതല്ല ചോദ്യം. പിന്നെയോ അവൻ നിമിത്തം പ്രയാസങ്ങൾ സഹിക്കാൻ തക്കവണ്ണം നിങ്ങളുടെ ഹൃദയസ്ഥിതിക്കു് ഉറപ്പുണ്ടോ എന്നതാണ് വിഷയം. കഷ്ടം സഹിക്കയെന്നതു് നിങ്ങൾക്കു ദിനം തോറും ഉണ്ടാകാവുന്ന ഒരു ഓഹരിയായിരുന്നില്ലെന്നും വരാം. പക്ഷേ ദിവസം പ്രതി അതിനായി തയ്യാറെടുക്കണം.

## കഷ്ടത സഹിപ്പാനുള്ള ഒരുക്കം

എന്നാൽ കഷ്ടം ! വിശ്വാസികളുടെ കൂട്ടവും, മിക്ക ക്രിസ്തീയ പ്രവർത്തകരും തങ്ങളുടെ ചുറവപാടുകൾ അനുകൂലിക്കുന്നിടത്തോളം സമൃദ്ധിയായിട്ടു് പോകാൻ താല്പര്യപ്പെടുന്നതായി കാണാം. പക്ഷേ ഏതെങ്കിലും കഷ്ടതകൾ അവക്കു നേരിട്ടാൽ അവർ അവിടെ നില്ക്കുന്നു. അവർ ആന്തരികമായി കഷ്ടം സഹിപ്പാൻ ഒരുങ്ങീട്ടില്ല എന്നതാണു് അതിൽ കാണുന്ന ബുദ്ധിമുട്ടു്. കർത്താവു നിമിത്തം കഷ്ടം സഹിക്കാനുള്ള പാത നാം സ്വീകരിപ്പാൻ മനസ്സോടെ ഉറച്ചിട്ടുണ്ടെങ്കിൽ, പരിശോധനയെന്നതു് അവിചാരിതമായി നമ്മെ ബാധിക്കയില്ല. കഷ്ടത്തിൽനിന്നുള്ള താല്ക്കാലികവിരാമം ദൈവം നമുക്കായി കരുതുന്നുവെങ്കിൽ അതു് അവൻെറ ഒരു ഇടപെടൽ ആണു്. എന്നാൽ അതിനെ അഭിമുഖീകരിക്കാനുള്ള സന്നദ്ധതയാണു് നമ്മുടെ ഭാഗത്തു വേണ്ടതു്. എപ്പോഴെങ്കിലും അതു നേരിട്ടാൽ ഒരു സമാന്യ സംഗതിയായി അതിനെ കൈക്കൊള്ളണം. അതൊരു അപൂർവ്വകാര്യമായി നാം ഗണിക്കാത്തതുകൊണ്ടു് വഴിവിട്ടുമാറുവാൻ നാം പരീക്ഷിക്കപ്പെടുകയില്ല. ഇടറാതെ പതറാതെ മുമ്പോട്ടുപോകയും ചെയ്യും. മാത്രമല്ല പത്രോസു് പറയുന്നതുസൂക്ഷിച്ചു ശ്രദ്ധിക്കുക. ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ടു് നിങ്ങളും ആ ഭാവം (മനസ്സു്)തന്നെ ആയുധമായി ധരിപ്പിൻ. കഷ്ടം സഹിക്കാനുള്ള മനസ്ഥിതി ഒരു ചെറിയ ആയുധമാണെന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ? അതു് നമ്മുടെ ആത്മീയ സമരരംഗത്തു്, പിശാചു് നമ്മെ വീഴിക്കുവാൻ ശ്രമിക്കുമ്പോൾ അവനെ ദുർബലനാക്കുവാൻ വേണ്ടി പ്രയോഗിക്കാവുന്ന ആയുധവർഗ്ഗങ്ങളിൽ ഒന്നാണു്. ഈ ചെറിയ ആയുധം നമുക്കില്ലാതെ പോയാൽ പോരാട്ടത്തിൽ നാം പരാജിതരാകും

## കഷ്ടതയ്ക്കും നന്ദി പറയുക

കഷ്ടം സഹിക്കുന്ന ചില വിശ്വാസികൾ ഉണ്ടു്. എ

ന്നാൽ അവരുടെ ഓഹരിയായിരിക്കുന്ന ആ കഷ്ടതയുടെ വില യെ കുറിച്ച് അവർ ബോധവാന്മാരല്ല. അതുനിമിത്തം കർത്താവിനോടു നന്ദിയുള്ളവരാകാതെ, അതിൽനിന്നു വിടുവിക്കപ്പെടുന്ന ദിവസം മാത്രം പ്രത്യാശിച്ചുകൊണ്ടു മുമ്പോട്ടു നീങ്ങുകയാണു് അവർ കഷ്ടതയെ ഹൃദയംഗമമായി സ്വീകരിക്കുന്നില്ല. സഹിക്കയല്ലാതെന്താചെയ്ക എന്ന നിലയിൽ പരിതാപകരമായ ഒന്നായി പരിഗണിക്കുന്നു. കഷ്ടം സഹിക്കാനുള്ള ഭാവത്തിൻെറ അഭാവമാണു് അവരിൽ വെളിപ്പെടുന്നതെന്നു് അതിനാൽ തെളിയുന്നു.

## കഷ്ടതയെ ഒരായുധമായി ധരിക്കുക

സഹോദരീസഹോദരന്മാരെ, സമൃദ്ധിയുടെ ഘട്ടത്തിൽ കഷ്ടം സഹിക്കാനുള്ള മനോഭാവം നിങ്ങൾക്കുണ്ടാകയില്ല. വൈഷമ്യങ്ങൾ നിങ്ങളെ കടന്നുപിടിക്കുമ്പോൾ കർത്തൃസേവയിൽ തുടർന്നു പോകുവാൻ നിങ്ങൾക്കു കഴിയാതെ വരും. എന്നാൽ അവൻ നിമിത്തം കഷ്ടം സഹിക്കാനുള്ള തീരുമാനമെന്ന ആയുധം നിങ്ങൾ ധരിച്ചിരുന്നാൽ നിങ്ങൾക്കു എന്തുതന്നെ നേരിട്ടാലും നിങ്ങൾനേരെ മുമ്പോട്ടുപോകും. ക്ലേശം സഹിക്കുമ്പോഴൊക്കെയും അതു് കർത്താവിൻ നിമിത്തമാണു് സഹിക്കുന്നതെന്നു വിചാരിക്കരുതു്. എന്തുമാത്രം കഷ്ടതകളിൽക്കൂടി നിങ്ങൾ കടക്കുന്നു എന്നതല്ല പ്രശ്നം. പിന്നെയോ കഷ്ടങ്ങളിൽ നിങ്ങൾ എത്രമാത്രം സന്തോഷിക്കുന്നു എന്നതാണു് പ്രശ്നം. സഹിക്കാനുള്ള ഇഷ്ടം ഇല്ലാതെ തന്നെ വളരെ ഹൃദയവ്യഥയും പ്രയാസങ്ങളും നാം സഹിച്ചു എന്നു വരാം. സഹിക്കാനുള്ള മനസ്സു് (ഇച്ഛ) എന്നതു് ഹൃദയത്തിൻെറ ആഴത്തിൽ നിന്നുള്ളതാണു്. ഈ കാര്യം വ്യക്തമാകേണ്ടതാണു്. സഹിക്കാൻ മനസ്സുള്ളപ്പോൾ തന്നെ ഭൗമികങ്ങളായ പ്രയാസങ്ങൾ ഉണ്ടായില്ലെന്നു വരാനും സാദ്ധ്യതയുണ്ടു്. അതുപോലെ സഹിക്കാനുള്ള മനസ്ഥിതിയില്ലാത്തപ്പോൾ ഭൗമിക

ങ്ങളായ പലവിഷമസ്ഥിതികളിൽ കൂടികടക്കേണ്ടതായും വരാം. കഷ്ടം സഹിക്കണമോ വേണ്ടയോ എന്നതു് ഐച്ഛികവിഷയമായി സകല വിശ്വാസികളുടേയും മുമ്പിൽ വയ്ക്കുകയാണെങ്കിൽ, വളരെപ്പേരും വ്യക്തമായി തെരഞ്ഞെടുക്കാനിടയുള്ളതു് കഷ്ടങ്ങളിൽ നിന്നൊഴിഞ്ഞിരിക്കണം എന്നുള്ളതായിരിക്കും. അതിനു തെളിഞ്ഞുവരുന്ന കാരണം, അവരുടെ കത്താവു നിമിത്തം കഷ്ടത സഹിക്കാനുള്ള താല്പയ്യം അവരിൽ ഇല്ലയെന്നുള്ളതാണു്. ഈ ആന്തരികമായ കുറവുള്ള ഏതൊരു ക്രിസ്തീയപ്രവത്തകനും, എപ്പോഴും പ്രാത്ഥിക്കാനിടയുള്ളതു്, തന്റെ വേലയുടെ പുരോഗതിക്കുവേണ്ടി സമൃദ്ധിയുടെ സാഹചര്യങ്ങളം അനുവദിക്കണമേ എന്നായിരിക്കും.

## ഞെരുക്കത്തിലും സമൃദ്ധമായ ശുശ്രൂഷ

ദൈവമക്കളിൽ തന്നെ, ചിലരുടെ ചുററുപാടുകളിൽ പ്രയാസം അല്പമായിരിക്കെ, മററു ചില ദൈവമക്കാംക്കു് വളരെ ഞെരുക്കമുള്ളതായി തെളിയുന്നുണ്ടു്. ഇതിൽ ഒടുവിൽ പറയപ്പെട്ടവർ ആദ്യം പറയപ്പെട്ടവരേക്കാം കൂടുതലായി ദൈവകൃപ അനുഭവിക്കുന്നുണ്ടു്. അവക്കു് ആത്മീയ ശുശ്രൂഷയിലും വദ്ധമാനമായ നിലയുണ്ടു്. എന്നാൽ കഷ്ടമനുഭവിക്കുന്നവരാണെങ്കിലും അതു സഹിക്കാനുള്ള മനസ്സില്ലാതെ പോയാൽ പ്രഥമഘട്ടത്തിൽ തന്നെ കഷ്ടതയൊഴിഞ്ഞു കിട്ടാൻ ശ്രമിക്കും. അവരുടെ സഹനം ലാഭമില്ലാത്തതാകും. അവർ അതിൽനിന്നു് ഒന്നും പഠിക്കയുമില്ല

## സാഹചര്യങ്ങളെ നോക്കരുതു്

വേലയിൽ നമ്മെ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളിൽ ഒന്നു് സാമ്പത്തികമായ ഞെരുക്കമാണു്. ചില ഘട്ടങ്ങളിൽ കത്താവു നമുക്കായി വേണ്ടിടത്തോളം കരുതുന്നില്ലെന്നു തോന്നുവാ

നീടയാകയും ഇങ്ങനെയായാൽ വേല തുടൎന്നുപോകുവാൻ സാദ്ധ്യമല്ലെന്നു് തീരുമാനിക്കയും ചെയ്യും. അത്തരം പ്രത്യാഘാതങ്ങളിൽ കൎത്താവിന്നു് എന്തുതോന്നും? അവൻ ഇങ്ങനെ അരുളിച്ചെയ്യുന്നതായി കേറംക്കാം ''നിങ്ങറം എന്തിനുവേണ്ടി എന്നെ സേവിക്കുന്നു'' ഈ ചോദ്യം പലപ്പോഴും നമ്മെ പുറത്തുകൊണ്ടുവരാറുണ്ടു്. നല്ല സൂൎയ്യപ്രകാശമുള്ളപ്പോറം വേലയ്ക്കുപോകാമെന്നും, മഴയും കാററുമുള്ളപ്പോറം വീട്ടിൽ കഴിച്ചുകൂട്ടിക്കൊള്ളാമെന്നുമുള്ള വ്യവസ്ഥയിൽ കഴിയുന്ന കൎത്തൃദാസൻ ആർ? കഷ്ടം സഹിക്കുന്നതു സംബന്ധിച്ചുള്ള ശരിയായ ഒരു മനോഭാവം നിങ്ങറംക്കുണ്ടെങ്കിൽ പിന്നെ നിങ്ങളെ അധൈൎയ്യപ്പെടുത്തുവാൻ ഒന്നിനും കഴികയില്ല. സാഹചൎയ്യങ്ങളെ അവഗണിക്കുവാൻ നീ ധൈൎയ്യപ്പെടും. ശരീരബലഹീനതയെ വെല്ലുവിളിക്കും. മരണത്തെ പോലും കാൎയ്യമാക്കുകയില്ല. അന്ധകാരത്തിൻെറ സൈന്യത്തെ തന്നെയും നീ വെല്ലുവിളിക്കും. എന്നാൽ ഇങ്ങനെ ഒരു നലപാടു് നീ പരിപുഷ്ടമാക്കുന്നില്ലെങ്കിൽ പ്രയാസത്തിൻെറ മുമ്പിൽ ഭയപ്പെടാനുള്ള വഴിയായിരിക്കും നീയുണ്ടാക്കുന്നതു്. ഭയത്തിന്നിടം കൊടുക്കുകയാണെങ്കിൽ ശത്രുവിന്നു നീ എളുപ്പത്തിൽ ഇരയാകും. നീ ഭയപ്പെടുന്നതു തന്നെ അവൻ നിൻെറമേൽ വയ്ക്കും. അവൻെറ പെട്ടെന്നുള്ള ഏററുമുട്ടലിൽ നീ മുറിവേല്ക്കും. എന്തുകൊണ്ടെന്നാൽ ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുപോലെ കഷ്ടം സഹിക്കണമെന്നുള്ള തീരുമാനം മൂലം നിങ്ങറം സുരക്ഷിതനായിട്ടില്ല ''സാഹചൎയ്യങ്ങറം എന്തുതന്നെയും ആയിക്കൊള്ളട്ടെ നിൻെറ സ്നേഹത്തിൻെറ നിർബന്ധത്താലും നിൻെറ കൃപയുടെ പ്രാപ്തിപ്പെടുത്തലിനാലും ഞാൻ എന്നെത്തന്നെ നിൻെറ ശുശ്രൂഷയ്ക്കായി ഭരമേല്പിക്കുന്നു''എന്നിങ്ങനെ കൎത്താവിനോടു പറവാൻ നമുക്കു കഴിയുമോ?

## സമൃദ്ധിയോ ഞെരുക്കമോ ഏതിനോടും ഇണങ്ങിച്ചേരുക

വിശ്വാസി പ്രയാസങ്ങളെ ക്ഷണിച്ചുവരുത്തുകയോ, അവയെ അന്വേഷിച്ചുപോകയോ ചെയ്യേണ്ടതില്ല. പിന്നെയോ, അതിനെ നേരിടേണ്ടിവന്നാൽ കർത്താവിൻെറ നിമിത്തം അവയെ സന്തോഷത്തോടെ സഹിക്കാനുള്ള മനസ്സോടുകൂടി വർത്തിക്കേണ്ടതാണു്. ഉദാഹരണമായി, നിങ്ങൾ ശാരീരികമായി ക്ഷീണിച്ചിട്ടുണ്ടെങ്കിൽ നിനക്കു ശക്തനായ മറെറാരുവനു ആവശ്യമുള്ളതിനേക്കാൾ സുഖപ്രദമായ ഒരു കിടക്ക ആവശ്യമാണു്. എന്നാൽ കർത്താവിൻെറ വേലയ്ക്കുവേണ്ടി നിങ്ങൾ പുറത്തുപോകുമ്പോൾ സുഖപ്രദമായ ഒരു കിടക്ക കിട്ടിയേ കഴിയൂ എന്നു വിചാരിച്ചാൽ ആ കാര്യത്തിൽ നീ ശത്രുവിനു ഇരയായിത്തീരും. നേരെ മറിച്ചു അവൻെറ നിമിത്തം കഷ്ടം സഹിക്കാനുള്ള ഒരു ഭാവം നിങ്ങൾക്കുണ്ടായിരിക്കയും, അതേ സമയം സുഖപ്രദമായ ഒരു കിടക്ക ലഭിക്കയും ചെയ്യുന്നുവെങ്കിൽ, തറയിൽ മാത്രമേ കിടക്കുകയുള്ളു എന്ന നിലയിൽ നീ ഇടപെടുകയാണെങ്കിൽ അതിൽ പ്രത്യേക മേന്മയൊന്നുമില്ല. അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ ജീവിക്കുന്ന വിശ്വാസികൾ സാധാരണമായി, അനുകൂലപരിതഃസ്ഥിതിയിൽ കഴിയുന്നവരേക്കാൾ ഞെരുക്കം സഹിക്കാൻ കഴിവുള്ളവരാണെന്നു അനുമാനിക്കേണ്ടാ. കർത്താവിന്നു് തങ്ങളെത്തന്നെ ഭരമേല്പിച്ചു്, സഹിക്കാനുള്ള ഭാവം ആയുധമായി ധരിച്ചിരിക്കുന്നവർക്കു മാത്രമേ, സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും, പരിശോധനയുടെ ദിവസത്തിൽ സഹിച്ചുനില്ക്കാനുള്ള കഴിവുണ്ടാകയുള്ളു. കർത്താവുമായി നിർണ്ണായകമായ ബന്ധം പുലർത്തുന്നവനും സുഖത്തിൽ കഴിയുന്നവനുമായ ഒരു സഹോദരനു് കർത്താവിൻെറ നിമിത്തം കഷ്ടം സഹിപ്പാനുള്ള മനസ്സുംകൂടിയുണ്ടെങ്കിൽ അവനു്, പ്രയാസങ്ങളിൽ കഴിയുന്നവനും, അപ്പോൾതന്നെ കഷ്ടതയുടെ ഭാവം ആയുധമായി ധരിക്കാത്തവനുമായ ഒരുവനേക്കാൾ വളരെ കൂടുതൽ സഹനശക്തിയുണ്ടായിരിക്കും.

ഈ പ്രശ്നം സധൈര്യം തീരുമാനിക്കപ്പെടുന്നില്ലെങ്കിൽ നിൻെറ ബലഹീനത ഒരു ദിവസം കാണാറാകും. അന്നു് നിൻെറ സ്വന്ത ദയനീയത തെളിഞ്ഞുകാണും. പല കൊല്ലങ്ങൾ കർത്തൃസേവയിൽ ഏർപ്പെട്ടിരുന്ന ഒരു സഹോദരി ഒരവസരത്തിൽ തൻെറ സ്വന്ത ദയനീയ സ്ഥിതിയിൽ അനുതപിച്ചു് ധാരാളം കണ്ണീർ വാർത്തുകൊണ്ടു് മറെറാരു സഹോദരിയുടെ അടുക്കൽ ചെന്നു. മറേറ സഹോദരി അവളോടു്, "ആർക്കുവേണ്ടിയാണു് ഇങ്ങനെ കണ്ണീരൊഴുക്കുന്നതു്" എന്നു ചോദിച്ചു. കുറെയൊക്കെ സഹനശക്തിയുള്ള പല വിശ്വാസികളും കടുത്ത പരിശോധനയെ നേരിടുമ്പോൾ തകൎന്നുപോകുന്നു. കാരണം, ദൈവം തൻെറ വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെയുള്ള ആയുധം പ്രതിരോധത്തിനായി സ്വയമേവ ധരിച്ചിട്ടില്ല. തന്നിമിത്തം ഒരു സമയത്തു അവരുടെ അഭിമാനം മുറിപ്പെടുകയും സ്വന്ത ദയനീയത ഓർത്തു കണ്ണീർ പൊഴിക്കാൻ തുടങ്ങുകയും ചെയ്യും.

## കഷ്ടതയുടെ പരിധി എത്രത്തോളം

സ്വാഭാവികമായി ഉയൎന്നുവരാവുന്ന ഒരു ചോദ്യം; കഷ്ടത സഹിപ്പാൻ എത്രത്തോളം നാം ഒരുങ്ങണം? എന്നുള്ളതാണു്. "മരണപര്യന്തം വിശ്വസ്തനായിരിക്കുക" എന്നത്രേ ദൈവവചനം പറയുന്നതു് (വെളി.2:10). അഗ്രസ്ഥാനങ്ങളിൽ (Extremists) വർത്തിക്കുന്നതിൽ അപകടമുണ്ടെന്നു് നിങ്ങൾ പറയുമായിരിക്കും. പക്ഷേ കഷ്ടം സഹിക്കാനുള്ള ഭാവത്തെ നിങ്ങൾ സ്വയമേവ ആയുധമായി ധരിക്കയാണെങ്കിൽ മദ്ധ്യവർത്തിയായി സൗഭാഗ്യം അനുഭവിപ്പാൻ നിങ്ങൾ എപ്പോഴും ശ്രമിക്കയില്ല. അതു നഷ്ടപ്പെട്ടേക്കാം എന്നുള്ള ഒരപകടസാധ്യതയുണ്ടെങ്കിൽ നിങ്ങളുടെ സമനില സംരക്ഷിക്കേണ്ടതിന്നു് അതിനെ കർത്താവിൻെറയും അവൻെറ സഭയുടേയും പക്കൽ ഏല്പിക്കുന്നതു് രക്ഷയായിരിക്കും. കർത്താവു ആവശ്യപ്പെടുകയാണെങ്കിൽ മരണംപോലും സഹിക്കേണ്ടതിന്നു് നിങ്ങളെത്തന്നെ അവന്നു ഏല്പിച്ചുകൊടുക്കുക എന്നതാ

ണ്ട് നിങ്ങളുടെ കർത്തവ്യം. അപ്പോഠം അത്യുന്നത സ്ഥാനത്തുനിന്നു നിങ്ങളെ കാക്കുന്ന കാര്യം അവൻെറ കർത്തവ്യമായിരിക്കും, അതു അവൻ നോക്കിക്കൊള്ളും. സഹനം സംബന്ധിച്ചിടത്തോളം എത്രത്തോളം പോകേണ്ടിവരുമെന്നതു് എപ്പോഴും ചിന്തിച്ചു് വിസ്മയിച്ചുനിന്നാൽ നിങ്ങഠം അധികംദൂരം നീങ്ങുകയില്ല. സ്വന്ത ജീവനെ സുരക്ഷിതമാക്കണമെന്നു് കരുതിയാൽ നിങ്ങളുടെ വേലയ്ക്കാണു് ഇടിവു വരുത്തുന്നതു്. കഷ്ടത സഹിക്കാനുള്ള ഭാവം എന്നതു് അത്രയ്ക്കു നിസ്സാരമായ ഒരാശയമല്ല. അതു് കർത്താവിനോടു്: "അതേ കർത്താവേ, മരണപര്യന്തം തന്നെ; എൻെറ ജീവൻ നിനക്കു നന്മയെന്നു തോന്നുന്ന ഏതു വിധത്തിലും വിനിയോഗിക്കുവാൻ നിനക്കു വിട്ടുതന്നിരിക്കുന്നു" എന്നിങ്ങനെ പറയാൻ കഴിയത്തക്കവിധം പുരുഷത്വത്തിനു ചേർന്ന ഒരു തീരുമാനമായിരിക്കണം. അവനോടുള്ള ഇടപാടിൽ തങ്ങഠംക്കുള്ള സകലവും, ജീവനെത്തന്നെയും അവൻെറ നിമിത്തം വിട്ടുകൊടുക്കാൻ മടിക്കാത്തവരായ ദാസന്മാരെയാണു് ദൈവത്തിനു ആവശ്യമുള്ളതു്. നമ്മഠം വളരെ സൂക്ഷ്മതയോടെ നടത്തുന്ന എല്ലാ കണക്കുകൂട്ടലുകളും, അഗ്രസ്ഥാനങ്ങളിൽ നില്ക്കുന്നതിലുള്ള വെറും ഭീതികളും ഉപേക്ഷിച്ചു്, കർത്താവിനെ സർവ്വവിധ ചെലവുകളോടുംകൂടെ 'മരണപര്യന്തം' സേവിക്കുന്ന ഒരു നിലപാടു് നമുക്കു സ്വീകരിക്കാം.

## മരണംപോലും മുന്നിൽ കാണുക

വെളിപ്പാടു് 12:11-ൽ ജയാളികളെക്കുറിച്ചു് രേഖപ്പെടുത്തിയിട്ടുണ്ടു്. "അവർ അവനെ കുഞ്ഞാടിൻെറ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല" ഇതേ വ്യവസ്ഥ നീയും നിവർത്തിക്കുമെങ്കിൽ നിൻെറ നേരെയും ഉള്ള സാത്താന്യ ആക്രമണങ്ങഠം നിഷ്ഫലമാകും. സ്വന്തം ജീവനെ സുരക്ഷിതമാക്കി സൂക്ഷിക്കണമെന്നു് വിചാരിക്കാത്തവരെ ജയിക്കാൻ സാത്താനു കഴിവില്ല. സ്വയസം

രക്ഷണത്തിനുള്ള യാതൊരു താല്പര്യവുമില്ലാതെ യോബ്ദൈവത്തെ സേവിക്കുമെന്നുള്ള ആശയത്തെ സാത്താൻ പുച്ഛിക്കയായിരുന്നു. അതിനാൽ സാത്താൻ ദൈവത്തോടു പറഞ്ഞതു്: “മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവനു പകരം കൊടുത്തുകളയും. നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക, അവൻ നിന്നെ മുഖത്തുനോക്കി ത്യജിച്ചുപറയും” എന്നാണു്. (യോബു് 2:4,5). സാത്താൻ വിചാരിച്ചു, സ്വന്തം കാര്യം സംബന്ധിച്ചു് അല്പമെങ്കിലും താല്പര്യം യോബിനുണ്ടെങ്കിൽ അവനെ ജയിക്കാമെന്നു്. അതുകൊണ്ടു് യോബിനെ സർവ്വാംഗം പരിശോധിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടു. യോബിന്റെ പുസ്തകത്തിലും, അതുപോലെ വെളിപ്പാടുപുസ്തകത്തിലും ഉള്ള രേഖകൾ വെളിപ്പെടുത്തുന്നതു്, സ്വന്ത ജീവനെ നിശ്ശേഷം അവഗണിക്കുന്നവരെ ജയിപ്പാൻ സാത്താനുള്ള കഴിവില്ലായ്മയാണു്. നമ്മുടെ കഷ്ടാനുഭവത്തിനു ഒരു പരിമിതിയുണ്ടു്. പക്ഷേ, കഷ്ടം സഹിക്കാനുള്ള നമ്മുടെ ഭാവത്തിനു് (മനസ്സിനു്) യാതൊരു പരിധിയും ഉണ്ടാകാതിരിക്കട്ടെ. അതിനൊരു അതിർത്തി നിശ്ചയിച്ചാൽ, സാത്താൻ ഉടനെ അല്ലെങ്കിൽ കുറെക്കഴിഞ്ഞു് നമ്മെ നമ്മുടെ പ്രവർത്തനത്തിൽനിന്നു് പുറത്താക്കും.

## ഏതാണു വലുതു്?

ഞാൻ ചോദിക്കട്ടെ: നമ്മുടെ ജീവന്റെ സംരക്ഷണമോ കർത്താവിന്റെ വേലയുടെ സംരക്ഷണമോ ഏതാണു് കാര്യമാക്കേണ്ടതു്? ആത്മാക്കളെ നേടുക എന്നതോ, നമ്മുടെ ജീവനെ നേടുകയെന്നതോ ഏതാണു് വിഷയമാക്കേണ്ടതു്? നമ്മുടെ സ്വന്ത താല്പര്യങ്ങളെ പരിരക്ഷിക്കുന്നതോ, ഭൂമിയിൽ കർത്താവിന്റെ സാക്ഷ്യം സുരക്ഷിതമാക്കുന്നതോ ഏതാണു് പ്രധാനപ്പെട്ടതു്?

ഹാ! നമുക്കെല്ലാവർക്കും, സ്വാത്മസ്നേഹം പരിത്യജിച്ചു്, കർത്താവിനുള്ള താല്പര്യങ്ങളിൽ അവനെ അനുസരിപ്പാനുള്ള അവന്റെ ആഹ്വാനത്തെ തികഞ്ഞ പരിത്യാഗത്തോടുകൂടി സ്വീകരിക്കാം. അവനുവേണ്ടിയുള്ള നമ്മുടെ ത്യാഗം തികഞ്ഞതാണെങ്കിൽ അവന്റെ അനുഗ്രഹത്തിന്റെ തികവും നമുക്കു് അനുഭവവേദ്യമാകും.

## അദ്ധ്യായം ഒൻപതു്

# പണമിടപാടിൽ വിശ്വസ്തൻ

വായനയ്ക്കു്:_ സംഖ്യ.22:1_21; മത്താ.6:24; 2പത്രോ 2:18; യൂദ.11; വെളി. 2:14; 2പത്രോ. 2:1_3; 1തിമോ 6:3_10; 2കോരി. 8:1_24.

പണമിടപെട്ടകാര്യങ്ങളിൽ ഒരു ക്രിസ്തീയ പ്രവർത്തകൻെറ മനോഭാവമെന്തായിരിക്കണം? ഘനതരമായ ഒരു ചോദ്യമാണിതു്. അനേകം പ്രായോഗികവശങ്ങളെ ഇതു് സ്പർശിക്കുന്നു. ഇതു സംബന്ധിച്ചു് വ്യക്തമായ ഒരു ധാരണയില്ലെങ്കിൽ ഗുണം ചെയ്‌വാൻ ഒരു വേലക്കാരനു് കഴികയില്ല; കാരണം 'മാമോനെ' തൊടാതെ യാതൊരു ക്രിസ്തീയ പ്രവർത്തകനും ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല.

മാമോൻ, ദൈവത്തിനെതിരെ നിലകൊള്ളുന്നു എന്നു നാം ആദ്യമേ അറിഞ്ഞിരിക്കണം. അതുകൊണ്ടു് ദൈവദാസന്മാർ അതിൻെറ ശക്തിയിൽ അമർന്നുപോകാതിരിപ്പാൻ ജാഗ്രതയുള്ളവരാകണം. കാരണം, അതിനു് അവരുടെ ജീവിതത്തിന്മേൽ ഏതെങ്കിലും അധികാരം ഉണ്ടായാൽ, അതിൻെറ വഞ്ചനാപരമായ പെട്ടെന്നുള്ള ആക്രമണത്തിൽ എതിർത്തു നില്ക്കേണ്ടതിനു് ദൈവജനത്തെ സഹായിപ്പാൻ അവൎക്കു കഴിവില്ലാതെവരും. പണത്തോടുള്ള ബന്ധത്തിൽ ഉദിക്കുന്ന സാർവ്വത്രിക പ്രശ്നങ്ങൾ നിമിത്തം, നമുക്കു് അതു സംബന്ധിച്ചു് ഒരുമിച്ചു കുറെ സംസാരിക്കാം._

### ബിലയാമിൻെറ വഞ്ചനയും ഉപദേശവും

പണത്തിനും, വേലക്കാരൻെറ സ്വഭാവത്തിനും അവൻെറ ഉപദേശത്തിനും തമ്മിലുള്ള ബന്ധത്തെപ്പററി ഒന്നാമതായി നമ്മ

ക്ക നോക്കാം. പഴയനിയമത്തിൽ ഇതിന്നു് ഒരു ദൃഷ്ടാന്തം നൽകിട്ടുള്ളതു്, ദൈവജനത്തോടുള്ള ബന്ധത്തിൽ കാണുന്ന ബിലെയാമിൻെറ ചരിത്രമാണു്. പുതിയ നിയമത്തിലും അതേബന്ധത്തിൽ അവനെ പിന്നെയും നമുക്ക കാണാം. വെളിപ്പാടുപുസ്തകത്തിൽ "ബിലെയാമിൻെറ ഉപദേശ"മെന്നും, വേറെ ചില ലേഖനങ്ങളിൽ "ബിലെയാമിൻെറ വഴി," 'വഞ്ചന' എന്നിങ്ങനെയും വായിക്കുന്നു. കാശിനുവേണ്ടി പ്രവർത്തിച്ച ഒരു പ്രവാചകനാണു് ബിലെയാം. പ്രവാചകശുശ്രൂഷയെ അവൻ കച്ചവടമാക്കി. മോവാബു് രാജാവായ ബാലാക്കു് ദൈവജനത്തെ നശിപ്പിക്കാൻ തീരുമാനിച്ചു. അവരെ ശപിക്കാൻ ബിലയാമിനെ കൂലിക്കുവിളിച്ചു. ബിലയാമിന്നു് ദൈവത്തിൻെറ മനസ്സു് അജ്ഞാതമായിരുന്നില്ല. ദൈവജനം ഒരു അനുഗ്രഹീതസമൂഹമാണെന്നും അവനു നല്ലപോലെ അറിയാം. മാത്രമല്ല, ബാലാക്കിൻെറ അപേക്ഷ അംഗീകരിക്കരുതെന്നും ദൈവം വ്യക്തമായി അരുളിച്ചെയ്തിരുന്നു. എന്നാൽ പണക്കൊതി അവനെ വശീകരിച്ചു. അവന്നു് അതു കിട്ടാനുള്ള വഴിയെന്തു്? ദൈവത്തിൻെറ തീരുമാനത്തെ ഒന്നു മറിച്ചാക്കുന്നതിനുള്ള ശ്രമവും ഉപായവും പ്രയോഗിക്കുക. അവൻെറ പ്ലാൻ ഫലത്തിൽവന്നു. അതിൽ അവൻ വിസ്മയകരമാംവിധം വിജയിച്ചു. ദൈവം ആദ്യം വേണ്ടാ എന്നു പറഞ്ഞ കാര്യത്തിനു പിന്നീടു് അനുമതിനൽകി.

## ഇതിൽ ഒരു തെററിദ്ധാരണയോ?

ചിലയാളുകൾ ഈ സംഭവത്തെ ദൈവത്തിനായി കാത്തിരിക്കുന്നതിനുള്ള ഒരു ദൃഷ്ടാന്തമായി തെററിദ്ധരിക്കുന്നു. വാസ്തവം പറഞ്ഞാൽ ലാഭേച്ഛയില്ലായിരുന്നെങ്കിൽ ബിലെയാം ഇതുസംബന്ധിച്ചു് ദൈവത്തോടു ഒരിക്കലും ചോദിക്കേണ്ട ആവശ്യമേ ഉണ്ടായിരുന്നില്ല. തൻെറ ഒന്നാമത്തെ അന്വേഷണത്തിൻെറ ഫലം വ്യക്തമായ നിരോധിക്കൽ ആയിരുന്നതുകൊണ്ടു് രണ്ടാമത്തെ അന്വേഷണത്തിന്നു് യാതൊരാവശ്യവുമില്ല. ദൈവം, ഒട്ടുവിലാ

യി, ബാലാക്കിൻെറ പ്രഭുക്കന്മാരോടുകൂടെ പോകുവാൻ ബിലയാമിനെ അനുവദിച്ചതു്, ബിലയാമിൻെറ ഉദ്യമത്തെ ദൈവം അംഗീകരിച്ചതുകൊണ്ടല്ല, പിന്നെയോ ബിലയാം സ്വന്തമായി തിരട്ടത്ത മാർഗ്ഗത്തിൽ അവൻ പോകട്ടെ എന്നു വച്ചതാണു്. ബിലയാം ഒരു പ്രവാചകനായിരുന്നു സംശയമില്ല. പക്ഷേ ധനത്തിൻെറ വഞ്ചനാപരമായ സ്വാധീനത തൻെറ സേവനത്തെ ബാധിക്കുവാനും അതിനാൽ വഴിതെററിപ്പോകുവാനും ബിലയാം അനുവദിച്ചു.

## മാമോൻെറ വശീകരണശക്തി

പണസംബന്ധമായ കാര്യത്തിൽ നിന്നായകതീരുമാനമെടുക്കാത്ത ഏതു ക്രിസ്തീയ പ്രവർത്തകനും മാമോൻെറ വശീകരണത്തിനു് കിഴ്പ്പെടാൻ നിർബന്ധിതനാകും. എവിടെയാണു് പ്രവർത്തിക്കേണ്ടതെന്നുള്ള തീരുമാനമെടുക്കുമ്പോഠം സാമ്പത്തിക പരിഗണനകളുള്ള ആവശ്യം നേരിടും. ഒരു പ്രത്യേക സ്ഥലത്തേക്കുള്ള ഉത്തരവാദപ്പെട്ട കൈത്താങ്ങൽ ഇല്ലെങ്കിൽ അവൻ എവിടെയെങ്കിലും പോകും. ഒരു ക്രിസ്തീയ പ്രവർത്തകനായതുകൊണ്ടു്, എവിടെ പോകണമെന്നുള്ളതിനു് അവൻ തീർച്ചയായും നടത്തിപ്പു അന്വേഷിക്കും. പക്ഷേ സഹായവാഗ്ദാനമുള്ളിടത്തായിരിക്കും നടത്തിപ്പു മിക്കവാറും ഉറപ്പിക്കപ്പെടുന്നതു്. നാം നടത്തിപ്പിനായി പ്രാർത്ഥിക്കുമ്പോഠം നമ്മുടെ സ്വാഭാവിക ജീവൻെറ ഗതി നമ്മെ തിരിക്കുന്നതു്, സാമ്പത്തിക ഞെരുക്കമില്ലാത്തിടത്തു താമസമുറപ്പിക്കാനായിരിക്കും. ദരിദ്രങ്ങളായ സ്ഥലങ്ങളും പാവപ്പെട്ട ആളുകളും നമ്മുടെ നോട്ടത്തിൽ ഉഠപ്പെടുകയില്ല. പ്രായമുള്ള ഒരു വിശ്വാസി ഇങ്ങനെ പറഞ്ഞിട്ടുണ്ടു് "കർത്താവിൻെറ ദാസന്മാരിൽ എത്രയോ അധികംപേർ സാമ്പത്തിക പരിഗണനയിൽ ആടിപ്പോയിരിക്കുന്നു! സമൃദ്ധിയുള്ള സ്ഥലത്തു ക്രിസ്തീയ പ്രവർത്തകരുടെ എണ്ണം ധാരാളമായിരിക്കെ യാതൊരു പ്രവർത്തകനും താമസമില്ലാത്ത അനേകം ദരിദ്രഗ്രാമങ്ങളുണ്ടു് എന്നതു് ശ്ര

ഢിക്കുക'' അത്തരം പ്രസ്താവനകൾ കുറെ പരുഷമായിരിക്കാമെങ്കിലും ദുഃഖകരമായ സത്യമാണു്. കഷ്ടം! പല ക്രിസ്തീയ വേലക്കാരും ''ബിലെയാമിൻെറ വഴിയിൽ നടക്കുകയാണു്. അവരുടെ കാലടികൾ ദൈവഹിതത്തിൽ ഉറപ്പിക്കുന്നതിനു പകരം ആദായത്തിൻെറ മാൎഗ്ഗത്തിലാണു ചരിക്കുന്നതു്. അതുകൊണ്ടു്, തങ്ങൾ തിരഞ്ഞെടുക്കുന്ന മാൎഗ്ഗത്തിനു് ദൈവത്തിൻെറ സ്ഥിരീകരണം ലഭിക്കാൻ വേണ്ടിയുള്ള ഒരു സാമാന്യരൂപം അന്വേഷിക്കുമ്പോൾ അവൻ അരുളിച്ചെയ്യുകയാണു്, ''പോകുക'' എന്നു്!

## രണ്ടു യജമാനന്മാർ.

ദൈവത്തിൻെറ ഏതൊരു സത്യദാസനും പണത്തിൻെറ ദാസ്യവൃത്തിയിൽനിന്നു് തികച്ചും സ്വതന്ത്രനായിരിക്കണം. ''രണ്ടു യജമാനന്മാരെ സേവിപ്പാൻ ആൎക്കും കഴികയില്ല............ നിങ്ങൾക്കു ദൈവത്തേയും മാമോനെയും സേവിപ്പാൻ കഴികയില്ല'' (മത്താ. 6:24) ആദായമോഹത്താൽ ആകൃഷ്ടരായിരിക്കെ ദൈവത്തിൻെറ നടത്തിപ്പു അന്വേഷിക്കുന്ന ഇത്തരം ഇടപാടു്, നിരൎത്ഥകമായ ഒന്നാണു്. നാം സേവിക്കുന്ന ദൈവം ജീവനുള്ള ദൈവമാണെങ്കിൽ അവൻ ആവശ്യപ്പെടുന്ന ഏതു സ്ഥലത്തും നമുക്കു വിശ്വസിച്ചുപോകരുതോ? അവൻ ജീവനുള്ള ദൈവമല്ലെങ്കിൽ അവനെ സേവിപ്പാനുള്ള സൎവ്വ ശ്രമവും വിട്ടുകളയാത്തതെന്തുകൊണ്ടു്? ക്രിസ്തുവിനെ സേവിക്കുന്നു എന്നവേഷത്തിൽ ഏതെങ്കിലും വിശ്വാസിക്കു തൻെറ സ്വന്തതാല്പൎയ്യങ്ങളെ സേവിക്കാൻ കഴിയുന്നു എന്നതു് എത്ര ലജ്ജാകരം!

## ദ്രവ്യാഗ്രഹത്തിൻെറ വേരു ഹൃദയത്തിൽ

പത്രോസു്, തൻെറ രണ്ടാം ലേഖനത്തിൽ ''ബിലെയാമിൻെറ വഴി''യിൽ നടക്കുന്നവരെക്കുറിച്ചു് ഇങ്ങനെ എഴുതുന്നു;

"ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരും............ നേർവഴിവിട്ടു തെററി............ബിലെയാമിൻെറ വഴിയിൽ നടന്നു" (2:15) സഹോദരന്മാരെ, സഹോദരിമാരെ, ദൈവം നമ്മുടെ മുമ്പാകെ "നേർവഴി" വച്ചിട്ടുണ്ട്. ആ വഴിവിട്ട് "ബിലെയാമിൻെറ വഴി"യെ പോകാതിരിപ്പാൻ നാം സൂക്ഷ്മതയുള്ളവരാകണം. ബിലെയാമിൻെറ വഴിയിലേയ്ക്കു് തെററിപ്പോകുന്നവരെക്കുറിച്ചു് പത്രോസ് വിശദീകരിക്കുന്നതു്, അവർ ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവർ–trained in greed–(R. S. V.)–എന്നാണ്. മൗലികമായ പ്രയാസം–പ്രയാസത്തിൻെറ വേരു്–കിടക്കുന്നതു് ഹൃദയത്തിലാണ്. ദ്രവ്യാഗ്രഹത്തിൻെറ സ്വഭാവം ഹൃദയത്തിൽ രഹസ്യമായി വളർന്നു് കൈകൾ ആദായത്തിൻെറ പിന്നാലെ നീട്ടുകയും, കാലുകൾ കർത്താവിൻെറ വഴിവിട്ട വ്യതിചലിക്കാൻ ആരംഭിക്കയും ചെയ്യും. ഇതൊക്കെയും ഒരു നിമിഷം കൊണ്ടുണ്ടാകുന്നതല്ല. ആരംഭത്തിൽ പ്രയാസത്തിൻെറ ലക്ഷണം പുറത്തു കാണാമായിരുന്നില്ല. ഹൃദയം ദ്രവ്യാഗ്രഹത്തിൽ പരിശീലനം പ്രാപിക്കുമ്പോഴും, ഉള്ളിൽ ആരംഭിച്ച, ദൈവത്തിൽനിന്നുള്ള അകൽച്ച മൂടപ്പെട്ടിരുന്നതു്, ദൈവിക ആലോചനയെ അന്വേഷിക്കുക എന്ന പുറംപൂച്ചുകൊണ്ടായിരുന്നു. ദൈവവചനം നമ്മോടു പറയുന്നതു്, ബിലയാം "അനീതിയുടെ കൂലികൊതിച്ചു" എന്നാണ്. കൊടുക്കാമെന്നു പറഞ്ഞിട്ടുള്ള പ്രതിഫലം അവൻ സ്നേഹിക്കയും അവൻെറ ഹൃദയം അതിൻെറ പിന്നാലെ പോകയുംചെയ്തിരിക്കുമ്പോഴാണ്, പ്രഭുക്കന്മാരോടു് അവൻ പറഞ്ഞതു്, ഒന്നാമതു്, ദിവ്യഹിതം അറിയാതെ അതു സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു്. മാത്രമല്ല, അവൻ അവരോടു്, "യഹോവ എന്നോടു അരുളിച്ചെയ്യുന്നതുപോലെ ഞാൻ നിങ്ങളോടു ഉത്തരം പറയാം" എന്നു പറകയും ചെയ്തു. (സംഖ്യ 22:8) എത്ര ആത്മീയം കലർന്ന സ്വരമാണിതു്! പക്ഷേ ബിലയാമിൻെറ ഹൃദയം "ദ്രവ്യാഗ്രഹത്തിൽ അഭ്യാസം–പരിശീലനം–പ്രാപിച്ചതായതുകൊണ്ടു്, ദ്രവ്യാഗ്രഹത്തിൻെറ കൂലിമോഹിച്ചുള്ള വേലയ്ക്കു് ദൈവം അനുവാദം നിഷേധിച്ച

പ്പോ൦, ബിലെയാം ദ്രവ്യാഗ്രഹത്തെ ആത്മീയ ശൈലികൊണ്ടു് പൊതിഞ്ഞു് ബാലാക്കിൻെറ പ്രഭുക്കന്മാരോടു ഇടപെടുകയും, പിന്നീട്ട് രണ്ടാമത്തെ ഘട്ടത്തിൽ ദൈവത്തെ സമീപിക്കുന്നതിനു് മറെറാരു ആത്മീയനാട്യം പ്രകടമാക്കയും ചെയ്തു. ബിലയാം ആഗ്രഹിച്ചതു് അവനു കിട്ടി. പക്ഷേ എത്ര ഭീകരമായ ഫല ത്തോടുകൂടിയതു് അവൻ രഹസ്യമായി വളർത്തികൊണ്ടുപോ ന്ന സ്വഭാവം ഒരു തുറന്നവഴിയിൽ പരിപുഷ്ടമായി. അതാണു് ''ബിലയാമിൻെറ വഴി''.

## ലാഭത്തിനുള്ള അത്യാഗ്രഹം

സഹോദരീ സഹോദരന്മാരെ, **ദ്രവ്യാഗ്രഹത്തിൻെറ ഒഴുക്കു്** നിങ്ങൾ കാണുന്നുണ്ടോ? ദൈവകൃപകൊണ്ടു് ഈ അപക ടകാരിയായ ഹൃദയസ്ഥിതിയോടു ഇടപെടാൻ കഴിയുന്നില്ലെങ്കിൽ മാമ്മോൻെറ വഞ്ചനാപരമായ കെണിയിൽ നാം അധികമധികം അധഃപതിക്കയും അതിൻെറ ശക്തി നമ്മെ ജയിക്കയും ചെയ്യും.

വഴിതെററിപ്പോയ ചിലരെ ഉദ്ദേശിച്ചു് യൂദാ എഴുതുമ്പോ ൾ പറയുന്നതു്, ''കൂലികൊതിച്ചു് **ബിലെയാമിൻെറ വ ഞ്ചനയിൽ** തങ്ങളെത്തന്നെ ഏല്പിക്കയും''....................ചെയ്യു ന്നു'' എന്നാണു്. ഈ ആളുകൾ ഇപ്പോൾ നടക്കുകയല്ല ഈ വ ഴിയിൽ വാസ്തവത്തിൽ ഓടുകയാണു് (ran riotously in the error of Balaam for gain എന്നാണു് ഇംഗ്ലീഷ്) അവൻ ഓടുന്ന ആ വഴിയോ ''വഞ്ചന''യുടെ വഴിതന്നെ.

വെളിപ്പാടിൽ യോഹന്നാൻ ഏഴു സഭകളിൽ ഒന്നിനു് എഴു തുന്നതു്: ''യിസ്രായേൽമക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിന്നും ദുർന്നടപ്പു് ആചരിക്കേണ്ടതിനും അവരുടെ മുമ്പിൽ ഇടർച്ച വെ പ്പാൻ ബാലാക്കിനു ഉപദേശിച്ച കൊടുത്ത **ബിലയാമിൻെറ ഉപദേശം** പിടിച്ചിരിക്കുന്നവർ അവിടെ നിനക്കുണ്ടു്'' എന്നാ

ണ്°. (2:14) ഈ ഭാഗത്തുനിന്നു നാം കാണുന്നതു°, "ബിലെയാമിൻെറ വഴി" മാത്രമല്ല, "ബിലയാമിൻെറ ഉപദേശം" കൂടെയാണ്°. ദ്രവ്യാഗ്രഹത്തിൻെറ ചിന്തകൾക്കു° അധിവാസം നൽകിയ ഹൃദയം ഗുണീകരണം പ്രാപിക്കാത്തതുകൊണ്ടു°, ലാഭത്തിനുള്ള മോഹം ഒരു സ്ഥിരപ്രകൃതിയായിത്തീൎന്നു. അങ്ങനെ മറഞ്ഞിരുന്ന സ്വഭാവം വേഗത്തിൽ പുറത്തേയ്ക്കുള്ള വഴിയിൽ വന്നു. ആ വഴിക്കു° കാലക്രമേണ അധികമധികം പുതുക്കം വരികയും, ഒടുവിൽ രൂപവൽകൃതമായ ഉപദേശമായി പുഷ്ടിപ്പെടുകയും ചെയ്തു.

## ദ്രവ്യാഗ്°റഹം ഉപദേശത്തെ കോട്ടിക്കളയും.

ദ്രവ്യാഗ്രഹം വരുത്തിക്കൂട്ടുന്ന ഭയങ്കര കുഴപ്പത്തെക്കുറിച്ചു° ദൈവവചനം വീണ്ടുംവീണ്ടും പ്രസ്താവിക്കുന്നുണ്ടു°. പത്രോസ° "ബിലെയാമിൻെറ വഴിയെക്കുറിച്ചു° എഴുതുമ്പോൾ അവൻ ആദ്യമേ സൂചിപ്പിക്കുന്നതു° ദുരുപദേഷ്ടക്കന്മാരോടുള്ള ബന്ധത്തിലാണ്°. അവൻ തൻെറ വായനക്കാൎക്കു° ഇങ്ങനെ മുന്നറിയിപ്പു നൽകുന്നു" അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും;............ അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞു° നിങ്ങളെ വാണിഭമാക്കും (2 പത്രോ 2:1–3) ശ്രദ്ധിക്കുക, ആദായത്തിൻെറ ചിന്തകൾ ഹൃദയത്തിൽ കെട്ടിക്കിടന്നാൽ അതു നമ്മുടെ ഉപദേശത്തെ ദൂഷിപ്പിക്കും. നമ്മുടെ ശ്രോതാക്കൾ ദരിദ്രവൎഗ്ഗക്കാരാണെങ്കിൽ നാം അവൎക്കു പററിയ വിധത്തിൽ നമ്മുടെ ഉപദേശം തിരിക്കും. എന്നാൽ നമ്മുടെ ശ്രോതാക്കൾ സമ്പന്നന്മാരുടെ ഗണത്തിൽ പെട്ടതാണെങ്കിൽ, നമ്മുടെ വിഷയവും പ്രഭാഷണരീതിയും അവൎക്കു° യോജിച്ച വിധത്തിലാകും. ആദായചിന്തകൾക്കു° നമ്മുടെ ഗതികളുടേയും വാക്കുകളുടേയും മേൽ എന്തെങ്കിലും സ്വാധീനതയോ, അധികാരമോ ഉള്ളതായി നാം കാണുന്നുവെങ്കിൽ നാം കൎത്താവിൻെറ മുമ്പാകെ താണുവണങ്ങി അവങെറ ദയയ്ക്കായി അപേക്ഷിക്കണം. ഇതൊരു ഗൗരവാവഹമായ വിഷയമാണ്°.

പൗലോസ്° തിമോഥെയോസിനു° എഴുതുമ്പോഴും ദ്രവ്യാഗ്ര

ഹത്തിൻെറ അപകടങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒന്നാം ലേഖനത്തിൽ അവൻ ഇങ്ങനെ പറയുന്നു "നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നൻ ഒന്നും തിരിച്ചറിയാതെ തക്കത്തിൻെറയും വാഗ്വാദത്തിൻെറയും ഭ്രാന്തു പിടിച്ച് ചീർത്തിരിക്കുന്നു............ അവർ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു" (6:3_5) പൗലോസിൽനിന്നും എത്ര വ്യത്യസ്തരായിട്ടാണ് ഈ ദുരുപദേഷ്ടാക്കന്മാർ ഇരിക്കുന്നത്! എത്ര കലവറയില്ലാതെയാണ് പൗലോസ് തന്നെത്തന്നെയും തനിക്കുള്ളവയേയും സുവിശേഷം നിമിത്തം ചെലവഴിച്ചിട്ടുള്ളത്! ആദായത്തിനുള്ള ഒരു മാർഗ്ഗമായി സുവിശേഷവേലയിൽ ഏർപ്പെട്ടിരിക്കയെന്നതുപോലെ ഇത്ര നീചമായി മററെന്തെങ്കിലുമുണ്ടോ? നമ്മുടെ വേലയെ ഉപജീവനമാർഗ്ഗമായി നാം ഒരിക്കലും ദർശിക്കയില്ലെന്നുള്ള കാര്യം എന്നേയ്ക്കുമായി തീരുമാനിക്കയും, അതിനെ യോഗ്യമായി നേരിടുകയും ചെയ്യാത്തപക്ഷം നാമും മററുള്ളവരെപോലെ ഈ പരീക്ഷയ്ക്ക് ഇരയായി വീഴും. "ദൈവഭക്തി ആദായസൂത്രം" എന്നുള്ള ചിന്തയിൽ നിന്നു നാം ഒഴിഞ്ഞിരിക്കണം. എന്നാൽ "അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായമാകുന്നു താനും" (വാ.6) എന്ന വചനത്തിൻെറ ഉറപ്പിൽ നമുക്കാശ്വസിക്കയും ചെയ്യാം. തിമൊഥെയോസിനുള്ള പൗലോസിൻെറ ലേഖനത്തിൽ തുടന്ന് വരുന്ന വചനങ്ങളും നമുക്ക ഹൃദയത്തിൽ കൈക്കൊള്ളാം "ഇഹലോകത്തിലേയ്ക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതിയെന്നു നാം വിചാരിക്ക. ധനികന്മാരാകാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്ര

ഹം സകലവിധദോഷത്തിനും മൂലമല്ലൊ. ഇതു ചിലർ കാംക്ഷിച്ചിട്ടു് വിശ്വാസം വിട്ടുഴന്നു് ബഹുദുഃഖങ്ങൾക്ക അധീനരായിത്തീൎന്നിരിക്കുന്നു.'' (വാ. 7-10)

## കത്താവു് എന്തു പറയുന്നു.

ഇനിയും നമുക്കു് കത്താവുതന്നെ നേരിട്ടു് തൻെറ ദാസന്മാരോടു പറയുന്ന അവൻെറ വചനത്തിലേയ്ക്കു് തിരിയാം. ലൂക്കോസു് 9-ൽ കത്താവു പന്ത്രണ്ടു ശിഷ്യന്മാരെ പറഞ്ഞയയ്ക്കുന്നതും അടുത്ത അദ്ധ്യായത്തിൽ അവൻ എഴുപതുപേരെ അയയ്ക്കുന്നതും രേഖപ്പെടുത്തീട്ടുണ്ടു്. ഈ രണ്ടു സന്ദർഭങ്ങളിലും അവക്കാവശ്യമായ സജ്ജീകരണങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയതു് കാണാം. 'അരുതു്'' എന്നു പറയുന്ന പലതും ആ കൂട്ടത്തിൽ ഉൾപ്പെടുന്നു. പന്ത്രണ്ടു പേരോടു അരുളിച്ചെയ്യുമ്പോൾ, ''വഴിക്കു വടിയും, പൊക്കണവും, അപ്പവും, പണവും ഒന്നും എടുക്കരുതു, രണ്ടു് ഉടുപ്പും അരുതു്'' (9:3) എന്നു കാണുന്നു. അതിലും കുറഞ്ഞനിലയിലാണു് എഴുപതുപേരെ അയക്കുമ്പോൾ ആജ്ഞാപിക്കുന്നതു്. എങ്കിലും രണ്ടിനേയും ഭരിക്കുന്ന പ്രമാണം ഒന്നുതന്നെ. 'സഞ്ചിയും പൊക്കണവും ചെരിപ്പും അരുതു്.'' (10:4) രണ്ടു ഘട്ടങ്ങളിലും ഊന്നിപ്പറയുന്ന കാര്യം ഒന്നാണു്. അതായതു് കത്താവു് തൻെറ ദാസന്മാരെ നിയോഗിച്ചയയ്ക്കുമ്പോൾ ഭൗതികകാര്യങ്ങളുടെ ചിന്ത അവരുടെ കണക്കുകൂട്ടലിൽ കടക്കരുതു് എന്നുള്ളതുതന്നെ.

കുറെ ഒടുവിലായപ്പോൾ, കത്താവു് അവരോടു്, താൻ അവരെ പറഞ്ഞയച്ചശേഷം അവക്കുണ്ടായ അനുഭവങ്ങളെക്കുറിച്ചു് ഇങ്ങനെ ചോദിച്ചു: ''ഞാൻ നിങ്ങളെ മടിശ്ശീലയും പൊക്കണവും ചെരിപ്പും കൂടാതെ അയച്ചപ്പോൾ വല്ല കുറവുമുണ്ടായോ''. ''ഒരു കുറവുമുണ്ടായില്ല'' എന്നായിരുന്നു അവരുടെ മറുപടി. (ലൂക്കോ. 22:35) എന്നാൽ പെട്ടെന്നുണ്ടായ അനന്തര സംഭവം നോ

ക്കക. അവൻ അവരോട്ട്: "എന്നാൽ ഇപ്പോഠം മടിശ്ശീലയുള്ള ·വൻ അതു എടുക്കട്ടെ അവ്വണ്ണംതന്നെ പൊക്കണമുള്ളവനും; ഇല്ലാത്തവനോ തൻെറ വസ്ത്രം വിററു വാഠം കൊള്ളട്ടെ." എന്നു പറഞ്ഞു. ഈ കാലങ്ങഠംക്കിടയ്ക്കു് സാഹചര്യങ്ങഠംക്കു് മാററമുണ്ടായി. കത്താവിനെ കാണിച്ചുകൊടുത്ത രാത്രിയായിരുന്നു ഇതു്. ശിഷ്യന്മാക്കു് സ്വാതന്ത്ര്യമായി ഒരിടത്തുനിന്നു മറെറാരിടത്തേയ്ക്കു പോകാമായിരുന്ന ഘട്ടത്തിൽ നിങ്ങളുടെ യാത്രയ്ക്കു് ഒന്നും എടുക്കേണ്ട എന്ന നിർദ്ദേശം അവക്കു ബാധകമായിരുന്നു; അങ്ങനെയാണെങ്കിലും എല്ലാം ആവശ്യമായ സാഹചര്യങ്ങളിൽ അവൻ അതിനനുസരണമായി കാര്യങ്ങഠം നിർദ്ദേശിക്കുന്നു.

ഫലപ്രദമായ നിലയിൽ പ്രവത്തിക്കുന്ന ഒരു സുവിശേഷപ്രസംഗകനായിരിക്കണമെങ്കിൽ അവൻ മറെറല്ലാതാല്പര്യങ്ങളേയും മാററിനിറുത്താൻ കഴിയുന്ന ഒരാവേശമുള്ളവനായിരിക്കണം. സദ്വത്തമാനത്തിൻെറ ഒരു യഥാത്ഥ പ്രസംഗകനു് അവൻെറ യാത്രയെക്കുറിച്ചോ, യാത്രയുടെ അന്ത്യത്തിൽ ലഭിക്കാനിരിക്കുന്ന സ്വീകരണത്തെക്കുറിച്ചോ യാതൊരു ഉൽകണ്ഠയും ഉണ്ടായിരിക്കരുതു്. കാരണം, ഇവ രണ്ടിനേക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങഠം അവനെ നിയോഗിച്ചപ്പോഠം തന്നെ അവനു ലഭിച്ചിട്ടുണ്ടു്. യാത്രയെ സംബന്ധിച്ചിടത്തോളം അവനു കിട്ടിയ കല്പന ഇതാണു്— "വഴിക്കു്............ഒന്നും എടുക്കരുതു;" അതുപോലെ ചെന്നെത്തുന്ന സ്ഥലത്തെക്കുറിച്ചു് നൽകീട്ടുള്ള കല്പനയും വ്യക്തമാണു്— "ഏതു വീട്ടിൽ എങ്കിലും ചെന്നാൽ: ഈ വീട്ടിന്നു് സമാധാനം എന്നു് ആദ്യം പറവിൻ. (ലൂക്കോ. 10:5) എത്ര മനോഹരം! ഓരോ ക്രിസ്തീയ പ്രവത്തകനും സമാധാനസന്ദേശകൻ ആയിരിക്കണം. എല്ലാ ക്രിസ്തീയ പ്രവത്തകരും തൻെറ ഔദ്യോഗിക കൃത്യത്തെ മഹിമപ്പെടുത്തുകയും വേണം. നാം എളിയവരായിരിക്കാം, പക്ഷേ നമ്മുടെ ഉന്നതവിളിയുടെ അന്തസ്സു ഒരിക്കലും കളയരുതു്. എന്നാൽ നാം ചെല്ലുന്ന സ്ഥലത്തെ ആളുകഠം

നമ്മെ സ്വീകരിക്കുന്നില്ലെങ്കിൽ പിന്നെ എന്തു്? നമ്മുടെ ഈ ചോദ്യത്തെ കർത്താവു് നേരത്തെ കണ്ടിട്ടു് അതിനുള്ള ഉത്തരവും നല്കീട്ടുണ്ടു്. ലൂക്കോ. 9:5-ൽ അതു കാണുക. ‘‘ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതിരുന്നാൽ ആ പട്ടണം വിട്ടു അവരുടെ നേരെ സാക്ഷ്യത്തിനായി നിങ്ങളുടെ കാലിൽനിന്നു് പൊടി തട്ടിക്കളവിൻ’’ കർത്താവിന്റെ ദാസന്മാരുടെ മാന്യപദവി കാണുന്നുവോ? മററുള്ളവർ തങ്ങളോടു വർത്തിക്കുന്ന സ്ഥിതിയോർത്തു് ലജ്ജിക്കാനൊന്നുമില്ല. ആത്മപരിശോധനയുടെ ആവശ്യവുമില്ല. തങ്ങളുടെ നടത്തിപ്പിനെ ചോദ്യം ചെയ്യാനുമില്ല. പോരായ്മയ്ക്കോ ക്ഷീണത്തിനോ വകയില്ല. തങ്ങളുടെ പോക്കു് വ്യക്തമാകയാൽ അവർ സുരക്ഷിതരും ബഹുമാന്യരുമാണു്

## നിങ്ങളുടെ പക്കൽ എന്തുണ്ടു്?

കർത്താവു പുരുഷാരത്തെ പോഷിപ്പിച്ചതിനോടുള്ള ബന്ധത്തിൽ അവൻ ശിഷ്യന്മാക്കു നൽകുന്ന നിദ്ദേശങ്ങളിൽനിന്നും ഇതേ കാര്യത്തിൽ കൂടുതലായി ചിലതു നമുക്കു പഠിക്കാം. ആ ഘട്ടങ്ങളിൽ ഒന്നിൽ അവൻ സ്ത്രീകളേയും കുട്ടികളെയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാരുണ്ടായിരുന്ന ഒരു കൂട്ടത്തോടു പ്രസംഗിക്കുകയായിരുന്നു. വൈകുന്നേരമായപ്പോറം ശിഷ്യന്മാർ ഒരാലോചനകൊണ്ടുവന്നു. അവിടം മരുഭൂമിയാകയാൽ അവർ ഗ്രാമങ്ങളിൽ പോയി ഭക്ഷണപദാത്ഥങ്ങറം വാങ്ങേണ്ടതിനു് അവരെ പറഞ്ഞയയ്ക്കണമെന്നുള്ളതായിരുന്നു അവരുടെ നിദ്ദേശം. എന്നാൽ ‘‘യേശു അവരോടു്; അവർ പോകുവാൻ ആവശ്യമില്ല നിങ്ങറം അവക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ’’ എന്നു് അരുളിച്ചെയ്തു (മത്താ. 14:16) ശിഷ്യന്മാരിൽ ഒരുത്തനു് ആശ്ചര്യം തോന്നി. ‘‘ഓരോരുത്തനു അല്പമല്പം ലഭിക്കേണ്ടതിനു് ഇരുനൂറു പണത്തിനു അപ്പമുണ്ടായാൽ മതിയാകയില്ല’’ എന്നു പറഞ്ഞു. നിങ്ങളുടെ പക്കൽ എന്തുണ്ടു് എന്നു കർത്താവു ചോദിച്ചു. അവക്കു് എല്ലാംകൂടി ഉണ്ടായിരുന്നതു് അഞ്ചു് അപ്പവും രണ്ടുമീനും ആയി

രുന്നു. അതു് അവർ അവൻെറ അടുക്കൽ കൊണ്ടുവന്നു. അവൻ അപ്പം എടുത്തു വാഴ്ത്തി ഇരുന്നവക്കു് കൊടുത്തു. ആ വലിയ പുരുഷാരത്തിനു തൃപ്തിയായിത്തീൎന്നു.

## വീണ്ടും പഠിപ്പിക്കുന്നു,

ഈ അത്ഭുതം മുഖാന്തരം തൻെറ ശിഷ്യന്മാൎക്കു് കാണിച്ചുകൊടുത്തതു്, തൻെറ സേവനത്തിലേയ്ക്കു ഭൗമികജ്ഞാനമൊന്നും വലിച്ചുകൊണ്ടു വരേണ്ടാ എന്നാണു്. നമ്മുടെ പക്കലുള്ള കരുതലുകഠം എത്ര നിസ്സാരമാണെന്നിരുന്നാലും അതു കൊടുക്കുവാൻ, കൊടുത്തുകൊണ്ടിരിപ്പാൻ, പിന്നെയും കൊടുക്കാൻ നാം സന്നദ്ധരാകണം. എപ്പോഴും സാമ്പത്തികസാഹചര്യങ്ങളിൽ തൂങ്ങിക്കിടക്കുന്നവർ മാമോൻെറ ദാസന്മാരാണു് ദൈവത്തിൻെറ ദാസന്മാരല്ല. എന്നാൽ ഈ പാഠം ഗ്രഹിക്കാൻ കുറെ സമയം പിടിക്കും ശിഷ്യന്മാരും അതു ഉടനെ പഠിച്ചില്ല. അതുകൊണ്ടു് അയ്യായിരം പേരുടെ അത്ഭുതകരമായ പോഷണത്തിനുശേഷം കൎത്താവു് അവരെ പിന്നെയും അതുപോലുള്ള മറെറാരു സാഹചൎയ്യത്തിലേയ്ക്കു നടത്തി. ഈ സന്ദർഭത്തിൽ സ്ത്രീകളേയും കുഞ്ഞുങ്ങളേയും കൂടാതെ ഏകദേശം നാലായിരം പേരാണുള്ളതു്. അവർ മൂന്നു ദിവസമായി കൎത്താവിനോടുകൂടി കഴിച്ചുകൂട്ടുകയാണു്. അവൻ അവരോടു് ഇങ്ങനെ അരുളിച്ചെയ്തു; "ഈ പുരുഷാരം ഇപ്പോഠം മൂന്നു നാളായി എന്നോടുകൂടെ പാൎക്കുന്നു; അവൎക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു് അവരെക്കുറിച്ചു് എനിക്കു മനസ്സലിവു തോന്നുന്നു. അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല. അവർ വഴിയിൽവെച്ചു തളൎന്നുപോയേക്കും." (മത്താ. 15:32) ആ പന്തിരുവർ ഇനിയും പഠിക്കേണ്ട പാഠം പഠിച്ചിട്ടില്ലെന്നു വ്യക്തമാണു്. കാരണം ഇത്തവണത്തെ അവരുടെ മറുപടിയും പഴയതുപോലെയാണു്—"ഇത്ര വലിയ പുരുഷാരത്തിനു് തൃപ്തി വരുത്തുവാൻ മതിയായ അപ്പം ഈ കാട്ടിൽ നമുക്കു് എവിടെനിന്നു്" ഇപ്പോഴും മുൻപിലെ

ത്തെപ്പോലെ സാഹചര്യത്തിൻെറ വിഷമാവസ്ഥയും ആവശ്യനിർവ്വഹണത്തിനുള്ള കഴിവുകേടും വച്ചുകൊണ്ടാണ് അവർ യുക്തിവാദം നടത്തുന്നതു്. പക്ഷേ കർത്താവു് ഇപ്പോഴും അവരോടു്, "നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ടു്" എന്നു ചോദിക്കയും, ഏഴു് അപ്പവും കുറെ ചെറു മീനും അവർ കൊണ്ടുവന്നു കൊടുത്തതു് എടുത്തു വാഴ്ത്തി ശിഷ്യന്മാരുടെ പക്കൽ കൊടുക്കുകയും ചെയ്തു. ഇതാ വേറൊരു അത്ഭുതം നടക്കുന്നു. വേറൊരു പുരുഷാരം തിന്നു തൃപ്തരാകയും ശേഷിക്കയും ചെയ്യുന്നു.

## ആത്മീയ പോഷണം.

പെന്തക്കോസ്തു ദിവസത്തിൽ ശിഷ്യന്മാർ അഭിമുഖീകരിച്ചതു്, ആത്മീയാവശ്യക്കാരായ ഒരു പുരുഷാരത്തെയാണു്. എന്നാൽ അവർ ഇപ്പോഠം പാഠം പഠിച്ചിരിക്കയാണു്. ആത്മീയ സംഭരണംമൂലം അവർ നിത്യജീവൻെറ ശുശ്രൂഷകന്മാരായിത്തീരുകയും അന്നു് മൂവ്വായിരത്തോളം പേർ രക്ഷിക്കപ്പെടുകയും ചെയ്തു. പിന്നീടൊരിക്കൽ അവരുടെ സംഖ്യ അയ്യായിരത്തോളമായി. (അ. പ്ര. 2. 41; 4:4 ഇവ നോക്കുക) കർത്താവിൻെറ ആവശ്യത്തിനു ഉപയുക്തങ്ങളായ പാത്രങ്ങളായി ശിഷ്യന്മാർ തീൎന്നതു് അച്ചടക്കത്തിൽ കൂടിയാണു്. നാമും അച്ചടക്കമില്ലാതെ അവൻെറ സേവനത്തിനു യോഗ്യരാകയില്ല. നമ്മുടെ ഇഷ്ടമനുസരിച്ചു് നമ്മുടെ സ്വന്ത കാര്യങ്ങളോടുള്ള ബന്ധത്തിൽ നാം ലുബ്ധന്മാരായിത്തീൎന്നേക്കാം. എന്നാൽ കർത്താവിൻെറ സേവനത്തിൽ നാം മിച്ചം പിടിക്കുന്നവരാകരുതു്. കാരണം പുരുഷാരം നിമിത്തം അത്ഭുതങ്ങഠം പ്രവർത്തിക്കേണ്ടതായ അവസരത്തിൽ നാം അവനെ നിഷേധിക്കുന്നവരായിത്തീരും. ലോഭിക്കുവാനുള്ള നമ്മുടെ ഉദ്യമങ്ങഠം അവൻെറ ഉദ്ദേശ്യത്തെ വൃഥാവാക്കുകയും, നമ്മുടെ ജീവിതങ്ങളെ ദരിദ്രമാക്കുകയും ചെയ്യും. പന്ത്രണ്ടുപേരെയും എഴുപതു പേരെയും പരിശീലിപ്പിച്ചവൻെറ പരിശീലനത്തിനു് കീ

ഴ്പ്പെടേണ്ടതാണു് നമ്മുടെ ആവശ്യം. അവൻെറ പരിശീലനം ഉണ്ടായിട്ടും പന്തിരുവരിൽ ഒരുവൻ സേവനത്തിനു് യോഗ്യനാകാതെ പോകയും ഒരു കള്ളനായി തള്ളപ്പെടുകയും ചെയ്തു. വിലിപിടിപ്പുള്ള തൈലംകൊണ്ടു് മറിയ കത്താവിനെ പൂശുന്നതു്, യൂദാസ് നോക്കിനിന്നു്, ആ തൈലം വിററുകിട്ടുന്ന പണം തൻെറ പക്കൽ ഏല്പിച്ചിരുന്നെങ്കിൽ ദരിദ്രക്കു് എത്ര സഹായമാകുമായിരുന്നു എന്നുള്ള തണുപ്പൻ കണക്കുകൂട്ടൽ നടത്തുകയായിരുന്നു. കത്താവിനോടുള്ള അവളുടെ സ്നേഹം കവിഞ്ഞൊഴുകിയ നിലയിൽ പ്രകാശിതമായപ്പോഠം അവനു് കാണാൻ കഴിഞ്ഞതു്, അതൊരു കാര്യമല്ലാത്ത വെറം ചെലവായിട്ടാണു്. എന്നാൽ കത്താവു്, തനിക്കുവേണ്ടി ചെയ്ത ഒരു വലിയ ചെലവായി അതിനെ എടുത്തു. "അവഠം എങ്കൽ നല്ല പ്രവൃത്തിയല്ലൊ ചെയ്തതു്" എന്നാണു് കത്താവരുളിച്ചെയ്തതു്. മാത്രമല്ല, ലോകത്തിലെങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം അവഠം ചെയ്ത സുവിശേഷത്തിൻെറ ഈ നിമ്മല പ്രകാശനവും പ്രസംഗിക്കപ്പെടും എന്നും പ്രസ്താവിച്ചു (യോഹ. 12:1_8; മത്താ. 26:10_13 നോക്കുക) ചെലവു സംബന്ധിച്ചു ഭിന്നമനോഭാവക്കാരനായ യൂദാസോ, കർത്താവിനെ മുപ്പതു വെള്ളിക്കാശിനു വിററുകളഞ്ഞു.

നമ്മുടെ സ്നേഹവും നമുക്കുള്ള വകകളും നാം കത്താവിൻെറ മേലാണു് ഒഴിക്കുന്നതെങ്കിൽ നമ്മുടെ ആ അധികച്ചെലവിനെക്കുറിച്ചു ഭയപ്പെടേണ്ട ആവശ്യമില്ല. ചിലർ അവരുടെ ക്രിസ്തീയ ജീവിതത്തിൻെറ തുടക്കത്തിൽ, കൊടുക്കുന്ന കാര്യത്തിൽ എത്രത്തോളം മുമ്പോട്ടുപോകണമെന്നു കണക്കാക്കുകയും അമിതമായി പോകുന്നതിൽ ഭയപ്പെടുകയും ചെയ്യാറുണ്ടു്. കത്താവിനോടുള്ള നമ്മുടെ ആദ്യസ്നേഹത്തിൻെറ പ്രവാഹത്തിൽ ഇങ്ങനെ കണക്കുകൂട്ടാൻ തുടങ്ങിയാൽ ആദ്യത്തെ ചൂടും ശോഭയും മങ്ങിത്തുടങ്ങിയാലുള്ള സ്ഥിതിയെന്തായിരിക്കും?

## പത്രോസിൻെറ സ്ഥിതി

യൂദാസിൽനിന്നു് എത്ര വ്യത്യസ്തമായിട്ടാണു് പത്രോസിരിക്കുന്നതു്? പന്തിരുവരിൽ പണസഞ്ചി കൈവശം വച്ചിരുന്ന ആളായിരുന്നു യൂദാസു്. ആ വകകഠം കൈകാര്യം ചെയ്യുന്ന സമയങ്ങളിൽ അവൻെറ സ്വന്ത ആവശ്യത്തിനു് ആ പണത്തിൽനിന്നു് അവൻ എടുത്തിരുന്നു. വളരെ പേർ രക്ഷിക്കപ്പെടുകയും തങ്ങളുടെ വകകഠം വിശ്വാസികളുടെ പൊതു നന്മയ്ക്കായി വില്ക്കുകയും ചെയ്ത സമയത്തു് പത്രോസിനു് തൻെറ നില ഒന്നു അഭിവൃദ്ധിപ്പെടുത്താമായിരുന്നു. എന്നാൽ ദൈവാലയഗോപുരത്തിങ്കൽ ഭിക്ഷ യാചിച്ചിരുന്ന മുടന്തനോടു്, അവൻ പറഞ്ഞതു നോക്കുക. "വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളതു് നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിൻെറ നാമത്തിൽ നടക്ക" (അ. പ്ര 3:5,6). നമ്മുടെ വ്യക്തിഗതമായ അഭിവൃദ്ധി മനസ്സിലാക്കണമെങ്കിൽ ഭൗതികകാര്യങ്ങളിൽ വളരെ സത്യസന്ധതയോടുകൂടി ഇടപെടുക. എന്നാൽ കർത്താവിനെ സേവിപ്പാൻ നമുക്കു കഴിയണമെങ്കിൽ നമ്മുടെ സ്വന്ത അഭിവൃദ്ധിയല്ല, സുവിശേഷത്തിൻെറ പുരോഗമനം ആയിരിക്കണം നമ്മുടെ ലക്ഷ്യം എന്നുള്ള കാര്യം ആദ്യമേ തീരുമാനിക്കേണ്ടിയിരിക്കുന്നു.

## പൗലോസിനു പറയാനുള്ളതു്.

പൗലോസിൻെറ ജീവിതത്തേയും പണസംബന്ധമായ തൻെറ മനോഭാവത്തേയും നമുക്കല്പമായി എത്തിനോക്കാം. എഫേസോസിലെ മൂപ്പന്മാരോടുള്ള തൻെറ സംഭാഷണം ശ്രദ്ധിക്കുക. "ആരുടേയും വെള്ളിയോ പൊന്നോ ഞാൻ മോഹിച്ചിട്ടില്ല. എൻെറ മുട്ടിനും എന്നോടുകൂടെയുള്ളവക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചുവെന്നു് നിങ്ങഠംതന്നെ അറിയുന്നുവല്ലൊ (അ. പ്ര. 20:33,34) കൊരിന്ത്യക്കു് എഴുതുമ്പോഠം അവൻ ഈ ചോദ്യം ചോദിക്കുന്നു. "ഞാൻ ദൈവത്തിൻെറ സുവി

ശേഷം നിങ്ങളോട്ട സൗജന്യമായി പ്രസംഗിച്ചുകൊണ്ട നിങ്ങാം ഉയരേണ്ടതിന്ന എന്നെത്തന്നെ താഴ്ത്തുകയാൽ പാപം ചെയ്തുവോ" (2കൊരി. 11:7) എഫേസോസിൽ ഉള്ളവരോട്ട് എന്നപോലെ ഇവിടെയും അവൻ തൻെറ നിലപാട്ട് വ്യക്തമാക്കുകയാണു്. "നിങ്ങളുടെ ഇടയിൽ ഇരുന്നപ്പോാം മുട്ടുണ്ടായാറെ ഞാൻ ഒരുത്തനേയും ഭാരപ്പെടുത്തിയില്ല. മക്കൊദോന്യയിൽനിന്നു വന്ന സഹോദരന്മാർ അത്രെ എൻെറ മുട്ടു തീർത്തതു്. ഞാൻ ഒരുവിധേനയും നിങ്ങാംക്കു ഭാരമായിത്തീരാതവണ്ണം സൂക്ഷിച്ചു. മേലാലും സൂക്ഷിക്കും. എന്നിലുള്ള ക്രിസ്തുവിൻെറ സത്യത്താണ അഖായപ്രദേശങ്ങളിൽ ഈ പ്രശംസ എനിക്കു ആരും ഇല്ലാതാക്കുകയില്ല. അതു എന്തുകൊണ്ടു്? ഞാൻ നിങ്ങളെ സ്നേഹിക്കായ്കകൊണ്ടോ? ദൈവം അറിയുന്നു. എന്നെ നിന്ദിപ്പാൻ കാരണം അന്വേഷിക്കുന്നവർക്കു കാരണം അറുത്തുകളയേണ്ടതിനു് ഞാൻ ചെയ്യുന്നതു് മേലാലും ചെയ്യും; അവർ പ്രശംസിക്കുന്ന കാര്യത്തിൽ ഞങ്ങളെപ്പോലെ അവരെ കാണട്ടെ." (വാക്യങ്ങാം 9–12). ആരോടും ഒന്നും വാങ്ങാത്ത സ്വതന്ത്രമനോഭാവം പൗലോസ് എടുത്തില്ല. സാമ്പത്തികസഹായം സ്വീകരിപ്പാൻ തനിക്കു മനസ്സുണ്ടായിരുന്നു. ഈ ഭാഗത്തുതന്നെ അതു കാണുന്നുണ്ടു്. എന്നാൽ വാസ്തവത്തിൽ അവനു് മുട്ടുണ്ടായിരുന്ന ആ സമയത്തുപോലും കോരിന്ത്യരിൽനിന്നും ഒന്നും വാങ്ങിയില്ല. കാരണം, അങ്ങനെ അവൻ ചെയ്യുന്നതു് സുവിശേഷത്തിൻെറ അഭിവൃദ്ധിക്കു യോജിച്ചതായിരിക്കയില്ല. അഖായ പ്രദേശങ്ങളിലെല്ലാം അവൻെറ ശുശ്രൂഷയ്ക്കു പ്രശസ്തിയില്ലാതാക്കാൻ നോക്കുന്നവരുണ്ടായിരുന്നു. അതിനാൽ ശുശ്രൂഷയുടെ സ്വഭാവം ചോദ്യം ചെയ്യപ്പെടാനുള്ള യാതൊരു അവസരവും ഉണ്ടാകരുതെന്നു അവൻ തീരുമാനിച്ചു. അവരുടെ സഹായം നിരസിക്കത്തക്കവണ്ണം അവരോട്ട സ്നേഹമില്ലാഞ്ഞിട്ടാണോ? തൻെറ സ്വന്ത ചോദ്യത്തിനു് അവൻതന്നെ ഉത്തരം പറയുന്നുണ്ടു്. "ദൈവം അറിയുന്നു". പൗലോസിനു

തൻെറ വേലയുടെ മഹിമ അറിയാമായിരുന്നു. അവൻ അതു ഫലനത്തോടുകൂടി സംരക്ഷിക്കയും ചെയ്തു. ശുശ്രൂഷയുടെ സ്വഭാവം ചോദ്യം ചെയ്യപ്പെടാവുന്ന നിലയിൽ വരുന്ന ഏതു സഹായത്തേയും നിരസിക്കണമെന്നുള്ള കാര്യം നമുക്ക അവനിൽനിന്നു പഠിക്കാം.

## പൗലോസിൻെറ മാതൃക.

സുവിശേഷം പ്രസംഗിക്കാനുള്ള എത്ര വലിയ ഭാരമാണ് പൗലോസിനുണ്ടായിരുന്നതു്! മററു ഒന്നുംതന്നെ ചെയ്‌വാൻ അവനു കഴിയുമായിരുന്നില്ല. ഏതെങ്കിലും ഘട്ടത്തിൽ സാധാരണയിലധികം സമയം (overtime) വേല ചെയ്യേണ്ടതായി വന്നാലും അതു മററുള്ളവരുടെമേൽ കെട്ടിയേല്പിക്കയില്ല. അവൻ സ്വന്ത ആവശ്യങ്ങൾക്ക മാത്രമല്ല സഹപ്രവർത്തകരുടെ ആവശ്യങ്ങൾക്കുവേണ്ടിയും കരുതി. തൻെറ ആവശ്യത്തിനു വേണ്ടതുണ്ട് എന്നതിൽ മാത്രം തൃപ്തിപ്പെടുവാൻ അവൻെറ ഉത്തരവാദിത്വം സംബന്ധിച്ചുള്ള സൂക്ഷ്മബോധം അവനെ ഒരിക്കലും അനുവദിച്ചില്ല. നമ്മുടെ സ്വന്തം കാര്യം എങ്ങനേയും നടക്കണം എന്നു മാത്രം വിശ്വസിക്കയും, മററുള്ളവരുടെ ബുദ്ധിമുട്ടിനെക്കുറിച്ച് വിചാരപ്പെടാതിരിക്കയും ചെയ്യുന്ന ഒരു നിലപാടാണ് നമുക്കുള്ളതെങ്കിൽ ക്രിസ്തീയ പ്രവർത്തകർ എന്ന നിലയിൽ നാം വളരെ കുറവുള്ളരത്രേ. നമ്മുടെ ചിന്ത, ലേവ്യരെപ്പോലെ ദൈവജനത്തിൻെറ ദശാംശം അവർ തരണമെന്നു് പ്രതീക്ഷിക്കാൻ നാം അർഹരാണെന്നാണ്. എന്നാൽ ലേവ്യരും അതുപോലെതന്നെ അവരുടെ ദശാംശവും കൊടുക്കാൻ ബാദ്ധ്യസ്ഥരാണെന്നുള്ള കാര്യം നാം മറന്നുപോകുന്നു. പൂർണ്ണസമയ ക്രിസ്തീയ പ്രവർത്തകർ (Full time Christian Workers) മിക്കവരും തങ്ങൾ വളരെ വിട്ടുകളഞ്ഞു എന്നുള്ള ചിന്തയാൽ ഭാരപ്പെട്ടവരായി എപ്പോഴും കിട്ടിക്കൊള്ളണമെന്നുള്ള ആശയിൽ കഴിച്ചുകൂട്ടുകയും, കൊടുക്കുന്നതി

ൻെറ ഉത്തരവാദിത്വവും പദവിയും നഷ്ടമാക്കുകയുംചെയ്യുന്നു എന്ന അപകടത്തിൽ പെട്ടിരിക്കുകയാണ്. ഈ മനോഭാവം അഥവാനിലപാട് പ്രവർത്തകൻെറ ആത്മീയ പുരോഗതിക്കു വിഘ്നകാരിയാണ്. എന്തുകൊണ്ടെന്നാൽ ഓരോ വിശ്വാസിയും തൻെറ വരവ് എത്ര നിസ്സാരമോ അധികമോ ആയിരുന്നാലും എപ്പോഴും കൊടുക്കുന്ന ഒരുവനായിരിക്കണം. കൊടുക്കാതെ, വാങ്ങുക മാത്രം ചെയ്യുക എന്നതു് അനിവാര്യമാംവിധം സ്തംഭനാവസ്ഥവരുത്തും. മററുള്ളവരെക്കുറിച്ചുള്ള സാമ്പത്തികഉത്തരവാദിത്വം നാം വഹിക്കുന്നില്ലെങ്കിൽ അവൻ നമ്മുടെ പക്കൽ അല്പമേ ഭരമേല്പിക്കയുള്ളു. പൗലോസ് കോരിന്ത്യർക്കു എഴുതുന്ന രണ്ടാം ലേഖനത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "ദരിദ്രരെങ്കിലും പലരേയും സന്നന്നർ ആക്കുന്നവർ; (6:10) അതേ, ഈ മനുഷ്യൻ തൻെറ ദൈവത്തെ അറിഞ്ഞിരുന്നു. തൻെറ സ്വന്ത ആവശ്യം എത്ര ഗഹനമായിരുന്നാലും ഇതരന്മാരുടെ ജീവിതം സമ്പന്നമായിരിക്കണമെന്നുള്ള കരുതൽ അവനു് എപ്പോഴുമുണ്ടായിരുന്നു. മററുള്ളവരുടെ അഭിവൃദ്ധിയെന്നതു് തൻെറ പരിഗണനയിൽ സദാ ഉണ്ടായിരുന്നു എന്നതാണ് അതിലെ വിസ്മയാവഹമായ കാര്യം.

## സഹായം നിരസിക്കേണ്ട ഘട്ടവും ഉണ്ട്

സഹോദരീസഹോദരന്മാരെ, ഏതെങ്കിലും ഒരു സ്ഥലത്തുവച്ച്, നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ ചോദ്യം ചെയ്യപ്പെടുന്നുവെങ്കിൽ ശുശ്രൂഷയുടെ മഹിമയെക്കരുതി സഹായം സ്വീകരിപ്പാൻ ധൈര്യപ്പെടരുതു്. നിങ്ങളുടെ ആ നിലപാടു തികച്ചും വ്യക്തമാക്കയും വേണം. സഹായം തിരസ്കരിക്കുന്ന അവസരത്തിൽപോലും മററുള്ളവരോട് നിങ്ങൾക്കുണ്ടായിരിക്കേണ്ട അനുഭാവം വിസ്മരിക്കയുമരുതു്. നിങ്ങളുടെ ആദായം പുഷ്ടിപ്പെടുത്തണമെന്നുണ്ടെങ്കിൽ നിങ്ങളുടെ കൊടുക്കലും പുഷ്ടിപ്പെടണം.

ദൈവമക്കളിൽ പലരുടേയും അനുഭവം കർത്താവിൻെറ വാക്കുകളെ കൂടുതൽ സ്ഥിരീകരിക്കുന്ന നിലയിലാണു്. "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും" (ലൂക്കോ. 6:38) ഇതൊരു ദിവ്യ പ്രമാണമാണു്. നാം അതിനെ ലംഘിക്കുന്നതു് നമുക്കു ദോഷകരമാണു്. വിശ്വാസികളുടെ ഇടപാടുകൾ അവിശ്വാസികളുടേതിൽ നിന്നു് നേരെ എതിരായിട്ടാണു്. ഒടുവിൽ പറയപ്പെട്ടവർ വർദ്ധിക്കാൻവേണ്ടി സൂക്ഷിച്ചുവയ്ക്കുന്നു. ആദ്യത്തെ കൂട്ടർ കൊടുത്തിട്ടു് വർദ്ധിപ്പിക്കുന്നു. കൊടുക്കുന്നതുനിമിത്തം വിശ്വാസിയുടെ ബാങ്കുമിച്ചം അധികമായില്ലെന്നുവരാം. എന്നാൽ അവനു്, തന്നിമിത്തം, പൗലൊസിൻെറ അനുഭവത്തിൽപ്പെട്ട "ദരിദ്രരെങ്കിലും പലരേയും സമ്പന്നരാക്കുന്നവർ" എന്ന ശാശ്വതസമൃദ്ധമായ നിക്ഷേപത്തിൽ പങ്കുകാരനാകാൻ കഴിയും.

## കോരിന്ത്യരെ പ്രോത്സാഹിപ്പിക്കുന്നു

കോരിന്ത്യർക്കുള്ള രണ്ടാം ലേഖനത്തിൻെറ ഒടുവിൽ, അവരെ വേഗത്തിൽ കാണാമെന്നുള്ള ആശയിൽ പൗലോസു് എഴുതുന്നതു്: "ഈ മൂന്നാം പ്രാവശ്യം നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. നിങ്ങൾക്കു ഒരു ഭാരമായിത്തീരുകയുമില്ല. നിങ്ങൾക്കുള്ളതിനെയല്ല നിങ്ങളെത്തന്നെ ഞാൻ അന്വേഷിക്കുന്നു. മക്കൾ അമ്മയപ്പന്മാർക്കല്ല, അമ്മയപ്പന്മാർ മക്കൾക്കായിട്ടല്ലോ ചരതിക്കേണ്ടതു്" (12:14) കോരിന്ത്യസഭയ്ക്കുള്ള തൻെറ ലേഖനത്തിൽ പൗലോസു് സാമ്പത്തികകാര്യങ്ങളിലുള്ള തൻെറ മനോഭാവത്തെക്കുറിച്ചു് എത്ര അധികമായിട്ടാണു് സംസാരിക്കുന്നതെന്നു് ശ്രദ്ധിക്കുക. എന്നാൽ തൻെറ നിലപാടു് സൂചിപ്പിക്കുമ്പോളൊക്കെയും വീണ്ടും വീണ്ടും അവരെ പ്രബോധിപ്പിക്കാനുള്ള അവസരം ഉണ്ടാക്കുന്നുണ്ടു്. അങ്ങനെ ചെയ്തില്ലെങ്കിൽ, അവനേയും അവൻെറ ശുശ്രൂഷയേയും വിമർശിക്കുന്നതുനിമിത്തം അവൻ വിഷമിച്ചിട്ടു് ഒരു സ്വതന്ത്ര നിലപാടു് അവൻ കൈക്കൊണ്ടിരിക്കയാണെന്നു് അവർ വിചാരിക്കാനിടയുണ്ടു്. പൗ

ലോസിന്നു നേരിട്ട പ്രത്യേക പരിതസ്ഥിതിയിൽ അവരിൽനിന്നും സാമ്പത്തികസഹായം സ്വീകരിക്കുന്നതിൽനിന്നു താൻ ഒഴിഞ്ഞിരിക്കേണ്ടി വന്നുവെങ്കിലും, യരുശലേമിലുള്ള ബുദ്ധിമുട്ടുകാരായ വിശുദ്ധന്മാക്കു് സഹായം അയക്കുന്നതിൽ അവരെ ഉത്തേജിപ്പിക്കാനും, അവരുടെ ഔദാര്യാധിക്യത്തെക്കുറിച്ച് മക്കാദോന്യ സഭകളോടു പ്രശംസിച്ചുപറയാനും ഉള്ള നിമ്മലതയും, സ്വാതന്ത്ര്യവും അപ്പോഴും തനിക്കുണ്ടായിരുന്നു. പൗലോസിന്നു് സ്വന്ത നിലയിൽ അവരുടെ പണം ആവശ്യമില്ലായിരുന്നു. എന്നാൽ അവരുടെ ഗുണത്തിനും അതുപോലെ മററുള്ളവരുടെ നന്മയ്ക്കുമായി അവർ ധാരാളം കൊടുക്കുന്നവരാകണമെന്നു് പൗലോസു് ആഗ്രഹിച്ചു.

## "നിങ്ങളും" "നിങ്ങൾക്കുള്ളതും" തമ്മിലുള്ള വ്യത്യാസം

കത്താവിന്റെ പൈതങ്ങളുടെ മദ്ധ്യേ നിങ്ങൾ അങ്ങുമിങ്ങും നീങ്ങുമ്പോൾ, "നിങ്ങൾ" എന്നും "നിങ്ങൾക്കുള്ളതു്" എന്നും ഉള്ളതിന്റെ വ്യത്യാസം ശരിക്കു ഗ്രഹിക്കുവാൻ പൗലോസിനെപ്പോലെ നിങ്ങൾക്കു കഴിയുമോ എന്നു് ഞാൻ ചോദിക്കുകയാണു്. അവരോടുള്ള സകല ഇടപാടുകളിലും "അവരെയോ", "അവക്കുള്ളതിനേയോ", ഏതാണു് നിങ്ങൾ ആഗ്രഹിക്കുന്നതു്. അവർ നിങ്ങളെ ശങ്കയോടുകൂടി വീക്ഷിക്കയും തങ്ങൾക്കുള്ളതു് നിങ്ങളിൽനിന്നു് പിൻവലിക്കയും ചെയ്യുകയാണെങ്കിൽപോലും "നിങ്ങൾക്കുള്ളതു്" കലവറകൂടാതെ പിന്നെയും അവക്കു കൊടുക്കുവാൻ നിങ്ങൾക്കു കഴിയുമോ? അവരുടെ ഭാഗത്തുനിന്നു് ശരിയായ പ്രതികരണം ഉണ്ടാകാതിരിക്കുമ്പോൾ അവക്കുവേണ്ടിയുള്ള നിങ്ങളുടെ ശുശ്രൂഷയ്ക്കു ക്ഷയം വരാതെ നിലനിറുത്തുവാനും നിങ്ങൾക്കു സാദ്ധ്യമാണോ? സ്വാഭാവികനിലയിൽ കോരിന്ത്യരെ തന്നിയെ വിടുന്നുവെങ്കിൽ അതിനെ നീതീകരിക്കാൻ പൗലോസിന്നു് കഴിയുന്നതാണു്. എന്നാൽ അങ്ങനെ വിടാൻ പൗലോസി

ന്ന് സാദ്ധ്യമല്ല. അതുകൊണ്ട് മൂന്നാം പ്രാവശ്യവും അവരെ സന്ദർശിക്കാൻ പ്ലാനിടുകയാണ്. "അവക്കുള്ളത്" അവൻ ഉപേക്ഷിച്ചുവെങ്കിലും "അവരെ" അവന്നു പിന്നെയും ആവശ്യമുണ്ട്. എത്ര യഥാർത്ഥമായി 'അവരെ' അവൻ അന്വേഷിക്കുന്നു. 'അവക്കുള്ളതിനെ'യല്ലതാനും. അവൻെറ ലേഖനങ്ങളിൽ, അവൻെറ ഹൃദയം വർദ്ധമാനമായ നിലയിൽ അവൻ തുറന്നുകാണിക്കുന്നുണ്ട്. ഞങ്ങാം മുമ്പ് ഉദ്ധരിച്ചതിനെ തുടർന്നുവരുന്ന ഭാഗത്തു കാണുന്ന ചിത്രവും അതുതന്നെയാണ്. "ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും. ഞാൻ നിങ്ങളെ അധികമായി സ്നേഹിച്ചാൽ നിങ്ങാം എന്നെ അല്പമായി സ്നേഹിക്കുന്നുവോ? ഞാൻ നിങ്ങാംക്കു ഭാരമായിത്തീന്നില്ല എങ്കിലും ഉപായിയാകയാൽ കൗശലംകൊണ്ടു് നിങ്ങളെ കൈവശമാക്കി എന്നു നിങ്ങാം പറയുമായിരിക്കും. ഞാൻ നിങ്ങളുടെ അടുക്കൽ അയച്ചവരിൽ വല്ലവനെക്കൊണ്ടും നിങ്ങളോടു വല്ലതും വഞ്ചിച്ചെടുത്തുവോ? ഞാൻ തീത്തോസിനെ പ്രബോധിപ്പിച്ചു, ആ സഹോദരനേയും കൂടെ അയച്ചിരുന്നു. തിത്തോസ് നിങ്ങളോടു വല്ലതും വഞ്ചിച്ചെടുത്തുവോ? ഞങ്ങാം നടന്നതു അതേ ആത്മാവിൽ അല്ലയോ? അതേ കാൽച്ചുവടുകളിലല്ലയോ?" പൗലോസിൻെറ ഹൃദയസ്ഥിതി ഇവിടെ കാണുക. കോരിന്ത്യക്കുവേണ്ടി എത്ര അധികമായി ഒഴിക്കപ്പെട്ടു. തനിക്കുള്ളതും അവൻ വേണ്ടുവോളം പകന്നുകൊടുത്തു. നാം നമ്മെത്തന്നെയും നമുക്കുള്ളതൊക്കെയും ഈ വേലയ്ക്കുവേണ്ടി വച്ചുകൊടുക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ സുവിശേഷപ്രസംഗകർ എന്ന നിലയ്ക്കുള്ള നമ്മുടെ ഉന്നതവിളിക്കു നാം അനർഹരാണ്.

## സഹായം സ്വീകരിക്കാം

മറുഭാഗത്തു്, മക്കദോന്യയിൽ നിന്നയച്ച സാമ്പത്തിക സഹായം പൗലൊസ് സ്വീകരിച്ചു എന്ന കാര്യം ശ്രദ്ധിക്കുക. സാധാരണ സാഹചര്യത്തിൽ ഒരു ക്രിസ്തീയ വേലക്കാരൻ തൻെറ

സഹവിശ്വാസികളിൽനിന്നുള്ള സംഭാവനകൾ സ്വീകരിക്കുന്നതു് ശരിയാണു്. പൗലോസ് വിവേചനം കൂടാതെ ദാനങ്ങൾ സ്വീകരിക്കയോ വിവേചനം കൂടാതെ അവയെ നിരസിക്കയോ ചെയ്തിട്ടില്ല. ശരിയായ ആത്മീയ ബോധം തനിക്കുണ്ടായിരുന്നു. ദാതാവിന്റെ ആത്മീയ നിലപാടു ശരിയായിരിക്കുമ്പോൾ പൗലോസ് കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്ന ഒരുവനായിരിക്കും. നാമും അതുപോലെ എന്തു സ്വീകരിക്കണമെന്നും ഏതു നിരസിക്കണമെന്നും ഉള്ള കാര്യത്തിൽ തിരിച്ചറിവുള്ളവരായിരിക്കണം. നമ്മുടെ വഴിയിൽ വന്നുചേരുന്ന എല്ലാ ദാനങ്ങളേയും സ്വാഗതം ചെയ്യുന്ന സാധാരണ മനോഭാവത്തിൽ നിന്നു് നാം വിമുക്തരായിരിക്കയും വേണം.

## വേണ്ടുവോളവും സമൃദ്ധിയായും

പൗലോസ് ഫിലിപ്യർക്കു് എഴുതിയ ലേഖനത്തിലേയ്ക്കു നമുക്കു തിരിയാം. അവിടെയുള്ള വിശുദ്ധന്മാരുടെ സ്വമേധാ വഴിപാടുകളെ താൻ സ്വീകരിക്കുന്നതിനോടുള്ള ബന്ധത്തിൽ പൗലോസിനുള്ള മനോഭാവം നോക്കുക. അവൻ അവർക്കെഴുതുന്നതിങ്ങനെയാണു്: "ഫിലിപ്പിയരേ, സുവിശേഷഘോഷണത്തിന്റെ ആരംഭത്തിൽ ഞാൻ മക്കദോന്യയിൽനിന്നു പുറപ്പെട്ടാറെ, നിങ്ങൾ മാത്രമല്ലാതെ ഒരു സഭയും വരവുചെലവു കാര്യത്തിൽ എന്നോടു കൂട്ടായ്മ കാണിച്ചില്ല എന്നു് നിങ്ങളും അറിയുന്നു. തെസ്സലോനിക്യയിലും എന്റെ ബുദ്ധിമുട്ടു തീർപ്പാൻ നിങ്ങൾ ഒന്നു രണ്ടു വട്ടം അയച്ചുതന്നുവല്ലോ. ഞാൻ ദാനം ആഗ്രഹിക്കുന്നു എന്നല്ല നിങ്ങളുടെ കണക്കിലേയ്ക്കു ഏറുന്ന ഫലം അത്രേ ആഗ്രഹിക്കുന്നതു്" (4:15-17). പൗലോസ് കൃതജ്ഞതാപൂർവ്വം അവരുടെ സ്തോത്രകാഴ്ചയെ അംഗീകരിച്ചു് അതിനെ രേഖപ്പെടുത്തുന്നു. എന്നാൽ അങ്ങനെ ചെയ്യുമ്പോഴും അവരുടെ സംഭാവനകളെ സ്വീകരിക്കുന്നതിൽ അവനുള്ള മുഖ്യ സന്തോഷം, അവർ അവനെ പോഷിപ്പിച്ചു എന്നുള്ളതിലല്ല, പിന്നെയോ അവർ കൊടുക്കുന്നവർ എന്ന നിലയിൽ തങ്ങൾക്കുതന്നെ അഭിവൃദ്ധി വരുത്തി

യെന്നുള്ളതിലാണ്. തുടൎന്നു് ഉടനെതന്നെ അവൻ രേഖപ്പെടുത്തുന്നതു്: ''ഇപ്പോഠം എനിക്ക വേണ്ടുന്നതു എല്ലാം ഉണ്ടു്. സമൃദ്ധിയായുമിരിക്കുന്നു'' എന്നാണ്. ദാനങ്ങഠം കൈപ്പററി മറുപടി അയക്കുമ്പോഴുള്ള സാധാരണ റിപ്പോർട്ടിൽനിന്നു് എത്ര വ്യത്യസ്തമായി ഇതിരിക്കുന്നു എന്നു നോക്കുക. അയച്ചതിനു നന്ദി രേഖപ്പെടുത്തിവരുന്ന മിക്ക എഴുത്തുകളിലും, ഇനിയും നടപ്പിലാകാത്ത വലിയ ആവശ്യങ്ങളെ ഊന്നിപ്പറയുന്നതും അറിയാതെയോ, അറിഞ്ഞുകൊണ്ടോ ഉള്ള ഉദ്ദേശത്തോടുകൂടി കൂടുതൽ ഔദാര്യത്തെ പ്രതീക്ഷിക്കുന്ന സൂചനകളും കാണാറുണ്ടു്. ''ഇപ്പോഠം എനിക്കു് വേണ്ടുന്നതെല്ലാമുണ്ടു് സമൃദ്ധിയായുമിരിക്കുന്നു'' എന്നിങ്ങനെ പൗലോസു് എഴുതീട്ടുള്ള വാക്കുകഠം നമുക്കു് വീണ്ടും വായിക്കയും അതു നമ്മുടേതാക്കിത്തീക്കുകയും ചെയ്യാം. ബുദ്ധിമുട്ടിൻെറ പരോക്ഷമായ സൂചനപോലും ഇതിലില്ല. നേരെ മറിച്ചു്, തികച്ചും സംതൃപ്തനായിരിക്കുന്നു എന്ന ധാരണ വരുത്താനുള്ള സർവ്വ ശ്രമവും ചെയ്തിട്ടുണ്ടു്. എത്രയധികം നിർമ്മലമായ ആത്മാവാണു് പൗലോസിനുള്ളതു്! മാമോൻെറ ദാസ്യത്തിൽനിന്നു് താൻ എത്രയോ വിമുക്തനായിരിക്കുന്നു!

## അനുഗ്രഹം ആശംസിക്കുന്നു

ഇനിയും തുടൎന്നു വായിക്കാം: ''എൻെറ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തൻെറ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായിത്തീർത്തുതരും. ഫിലിപ്യവിശുദ്ധന്മാർ മുഖാന്തരം തനിക്ക ലഭിച്ച എല്ലാ ഭൗതികസഹായങ്ങഠംക്കും ഉള്ള അനുമോദനം പൗലോസ് പ്രകാശിപ്പിക്കുന്നു. പക്ഷേ തൻെറ ഔദ്യോഗിക മഹിമയുടെ കാഴ്ച മങ്ങിപ്പോകുന്നില്ല. അവരോടുള്ള തൻെറ കടപ്പാടു് വ്യക്തമാക്കുമ്പോഠം തന്നെയും തൻെറ ആത്മീയ പദവിയെ ഒട്ടുംതന്നെ ബലി കഴിക്കുന്നില്ല. താൻ തന്നെത്തന്നെ ആ ദാനങ്ങളോടൊ ദാതാക്കളോടൊ ബന്ധിക്കുന്നില്ല. തൻെറ അനുമോദനം സ്വതന്ത്രമായി പ്രകാശി

പ്പിക്കുകയാണു്. പക്ഷേ ഈ ദാനങ്ങൾ ദൈവത്തിനു നൽക പ്പെട്ടവയായി താൻ പരിഗണിക്കുന്നുവെന്നു അവൻ വ്യക്തമാക്കു ന്നു. അതായതു്, "സൗരഭ്യവാസനയായി ദൈവത്തിനു പ്രസാ ദവും സുഗ്രാഹ്യവുമായ യാഗമായി" അതിരിക്കുന്നുവെന്നുതന്നെ. എന്നുമാത്രമല്ല, ദൈവത്തിനുള്ള അവരുടെ യാഗത്തിൽ താനും ഒ രു ഓഹരിക്കാരനായിരിക്കുന്നതുകൊണ്ടു്, അവരുടെ സ്വമേധാ യാഗത്തിനും അതീതമായ ഒരു അനുഗ്രഹം അവൻ ആശംസിക്കു കയാണു്. "എൻെറ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തൻെറ ധനത്തിനൊത്തവിധം ക്രിസ്തുയേശുവിൽ പൂൎണ്ണമായി തീൎത്തുതരും" എന്നുള്ള ആശംസ. പൗലോസു് എത്ര സമ്പന്നനായിരുന്നു! എത്ര വലിയ സമ്പത്താണു് മററുള്ളവരുടെ മേൽ അവൻ ചൊരിയുന്നതു്! ഈ മനുഷ്യൻെറ പരമാൎത്ഥ ഹൃദയ ത്തോടു് പങ്കുചേൎന്നു് അവൻ തുടൎന്നുപറയുന്ന ഈ വാക്യത്തോടു ന മുക്കും യോജിക്കാം "നമ്മുടെ ദൈവവും പിതാവുമായവനു എ ന്നെന്നേയ്ക്കും മഹത്വം, ആമേൻ."

## ധൎമ്മശേഖരം സംബന്ധിച്ചുള്ള വിശ്വസ്തത

ഒടുവിലായി, സഭാഖണ്ഡങ്ങളോടുള്ള ബന്ധത്തിൽ പൗലോ സിനുള്ള മനോഭാവം നമുക്കുനോക്കാം. 2കോരിന്ത്യർ 8:1–4 വാ ക്യങ്ങളിൽ അവൻ എഴുതുന്നതു്: "സഹോദരന്മാരെ, മക്കദോ ന്യ സഭകൾക്കുലഭിച്ച ദൈവകൃപ ഞങ്ങൾ നിങ്ങളോടു അറിയി ക്കുന്നു. കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും അ വരുടെ സന്തോഷസമൃദ്ധിയും മഹാദാരിദ്ര്യവും ധാരാളം ഔദാ ൎയ്യം കാണിപ്പാൻ കാരണമായിത്തീൎന്നു. വിശുദ്ധന്മാരുടെ സഹാ യത്തിന്നുള്ള ധൎമ്മവും കൂട്ടായ്മയും സംബന്ധിച്ചു് അവർ വളരെ താല്പൎയ്യത്തോടെ ഞങ്ങളോടു അപേക്ഷിച്ചു പ്രാപ്തിപോലെയും പ്രാ പ്തിക്കുമീതെയും സ്വമേധയായി കൊടുത്തു എന്നതിനു ഞാൻ സാ ക്ഷി".

പൗലോസ്, യരുശലേമിലെ ക്ഷാമത്തെപ്പററി ഗ്രഹിച്ചിട്ട്, അവിടത്തെ ബുദ്ധിമുട്ടിനെക്കുറിച്ച് മക്കദോന്യയിലെ സഹോദരന്മാരെ അറിയിച്ചു. അവർതന്നെയും മിക്കവാറും സാമ്പത്തിക ഞെരുക്കത്തിൽ കഴിയുകയായിരുന്നുവെങ്കിലും ഈ വിവരം കേട്ടപ്പോഠം തങ്ങളെത്തന്നെ കാര്യമാക്കാതെ അവരുടെ സഹോദരന്മാക്കു സഹായം എത്തിച്ചുകൊടുക്കുവാൻതക്കവണ്ണം ഉത്സുകിവശായി. അങ്ങനെ അവർ അവരുടെ കഴിവിന്നതീതമായി സന്തോഷപൂർവ്വം സംഭാവനചെയ്തു. അവരുടെ കൊടുക്കൽ, ചുമതലയുടെ സമ്മർദ്ദത്തിൽ നിന്നുണ്ടായതല്ല, കാരണം നാം വായിക്കുന്നതു്, യരുശലേമിലെ വിശുദ്ധന്മാരുടെ ബുദ്ധിമുട്ടിൽ സേവനം അനുഷ്ഠിക്കുന്നതിന്നുള്ള ആനുകൂല്യം അനുവദിക്കാൻ അവർ വളരെ താല്പര്യത്തോടെ അപ്പോസ്തലനോടു അപേക്ഷിച്ചുവെന്നാണ്. അവരുടെ താല്ക്കാലിക ബുദ്ധിമുട്ടിനേക്കാഠം ഉപരിയായി, കർത്താവിന്റെ ശരീരത്തിന്റെ അംഗങ്ങളായി ദൂരത്തിരിക്കുന്നവരുടെ ബുദ്ധിമുട്ടിന്നു് സഹായിക്കയാണ് വേണ്ടതെന്നുള്ള വ്യക്തമായ ബോധത്താൽ അവരുടെ സഹവിശുദ്ധന്മാരുടെ ജീവിതത്തോടു അവരും കൂട്ടിക്കെട്ടപ്പെട്ടിരുന്നു. ഈ ആനുകൂല്യത്തിനായി അവർ അഭ്യർത്ഥിച്ചുവെന്നുള്ളതിനാൽ കാണുന്നതു്, അവരുടെ സ്വന്തബുദ്ധിമുട്ട് ഗൗരവമുള്ളതാകയാൽ ഇങ്ങനെയുള്ള സ്വാർത്ഥത്യാഗത്തിന്നു് അവരെ പ്രോത്സാഹിപ്പിക്കാൻ അപ്പോസ്തലൻ മടിച്ചിരുന്നു എന്നാണ്. പക്ഷേ അവരുടെ നിർബന്ധം അവന്റെ തടസ്സത്തെ ജയിച്ചു. അവരുടെ ആന്തരം മനോഹരമായിരുന്നു. എന്നാൽ പൗലോസിന്റേതും അങ്ങനെതന്നെ. ഉത്തരവാദിത്വമുള്ള ഒരു സ്ഥാനത്തിരുന്നുകൊണ്ട്, മറെറവിടെയെങ്കിലും ഉള്ള സഹോദരന്മാരുടെ ആശ്വാസത്തിന്നുവേണ്ടിയുള്ള ബദ്ധപ്പാടിൽ സ്ഥലത്തുള്ള സഹോദരന്മാരുടെ ബുദ്ധിമുട്ട് അവഗണിക്കാൻ അവൻ ധൈര്യപ്പെട്ടില്ല. എന്നാൽ ഇങ്ങനെ സ്വന്ത ആവശ്യങ്ങളെക്കുറിച്ചുള്ള ബോദ്ധ്യത്തിൽനിന്നു് വിമുക്തരാകയും മററു ഭാഗങ്ങളിലുള്ളവരുടെ ആവശ്യത്തിൽ യഥാർത്ഥഭാരമുള്ളവരാകയും ചെയ്തു

കൊണ്ടു് അവരുടെ സംഘടിതപ്രവൎത്തനത്തെ അംഗീകരിക്കാതിരിപ്പാൻ നിവൃത്തിയില്ലാതെവന്നു. അങ്ങനെ അവരുടെ അപേക്ഷയെ സ്വീകരിക്കയും ചെയ്തു. ഒരു ദൈവദാസനും, അവൻ ശുശ്രൂഷിപ്പാൻ വിചാരിക്കുന്നവരും തമ്മിലുള്ള ബന്ധത്തിൻെറ മനോഹരചിത്രം ദർശിക്കുക! ക്രിസ്തീയവേലക്കാരായ നാം, നമ്മുടേയും മററുള്ളവരുടേയും ആവശ്യങ്ങൾക്കു് വിശുദ്ധന്മാർ നൽകുന്ന പണം കണ്ടു് എടുത്തുചാടരുതു്. എന്നാൽ ദാനം ചെയ്യുന്നവർ, സഹവിശുദ്ധന്മാരുടെ കാര്യത്തിൽ തങ്ങളെത്തന്നെ ത്യജിക്കുന്നതിൽ അത്യധികം നീങ്ങിപ്പോകാതിരിക്കേണ്ടതിന്നു്, ദാതാക്കളുടെ പുറവപാടുകളേയും യോഗ്യമായി കണക്കിലെടുക്കണം.

## പൗലോസിൻെറ വിശിഷ്ടമാതൃക പിന്നെയും

പൗലോസ്, കോരിന്തിലെ വിശുദ്ധന്മാർ, യരുശലേമിലെ വിശുദ്ധന്മാൎക്കു് വൽകുന്ന സംഭാവനയ്ക്കു് അംഗീകാരം നൽകിയശേഷം ഇപ്പോൾ ആ ധൎമ്മശേഖരം സംബന്ധിച്ചും അതു് ഉദ്ദിഷ്ടസ്ഥാനത്തു് എത്തിക്കുന്നതിനെപ്പററിയും അവൎക്കു വേണ്ട നിൎദ്ദേശങ്ങൾ നൽകുന്നു. ഇവിടെ കോരിന്ത്യൎക്കുള്ള രണ്ടാം ലേഖനത്തിൽ നിന്നുതന്നെ വീണ്ടും നമുക്കു പ്രയോജനം ലഭിക്കുന്നുണ്ടു്. അവൻ ഇങ്ങനെ എഴുതുന്നു: ‘‘നിങ്ങൾക്കുവേണ്ടി തീതോസിൻെറ ഹൃദയത്തിൽ ഈ ജാഗ്രത നൽകിയ ദൈവത്തിന്നു സ്തോത്രം. അവൻ............അത്യുത്സാഹിയാകയാൽ സ്വമേധയായി നിങ്ങളുടെ അടുക്കലേയ്ക്കു പുറപ്പെട്ടു. ഞങ്ങൾ അവനോടുകൂടെ ഒരു സഹോദരനേയും അയച്ചിരിക്കുന്നു. സുവിശേഷസംബന്ധമായുള്ള അവൻെറ പുകഴ്ച സകലസഭകളിലും പരന്നിരിക്കുന്നു. അത്രയുമല്ല കൎത്താവിൻെറ മഹത്വത്തിനായും നമ്മുടെ മനസ്സൊരുക്കം കാണിപ്പാനായും............അവൻ ഞങ്ങൾക്കു കൂട്ടുയാത്രക്കാരനായി സഭകളാൽ തിരഞ്ഞെടുക്കപ്പെട്ടവനും ആകുന്നു. ഞങ്ങൾ നടത്തിവരുന്ന ഈ ധൎമ്മശേഖരത്തിൽ ആരും ഞങ്ങളെ അപവാദം പ

റയാതിരിപ്പാൻ സൂക്ഷിച്ചുകൊണ്ടു് ഞങ്ങൾ കർത്താവിൻെറ മുമ്പാകെ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു മുൻകരുതുന്നു. ഞങ്ങൾ പലതിലും പലപ്പോഴും ശോധനചെയ്തു ഉത്സാഹിയായി കണ്ടും...........അത്യുത്സാഹിയായുമിരിക്കുന്ന നമ്മുടെ സഹോദരനേയും അവനോടുകൂടെ അയച്ചിരിക്കുന്നു '' (8:16-22) ആ ഇടപാടുകളിലൊക്കെയും പൗലോസ് എത്ര സൂക്ഷ്മതയുള്ളവനായിരിക്കുന്നു എന്നു നോക്കുക. താൻ ആ പണം കൈകാര്യം ചെയ്തില്ല എന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചുവോ? ധർമ്മശേഖരത്തിൻെറ ഉത്തരവാദിത്വം തീത്തോസിലാണ് അർപ്പിച്ചതു്. ഉന്നതനിലവാരവും മതിപ്പും പുലർത്തിപ്പോന്ന രണ്ടു സഹോദരന്മാരെയും–''സുവിശേഷസംബന്ധമായി പുകഴ്ച സകലസഭകളിലും പരന്നിരിക്കുന്ന'' സഹോദരനേയും, ''ഞങ്ങൾ പലതിലും പലപ്പോഴും ശോധനചെയ്തു ഉത്സാഹിയായികണ്ട'' സഹോദരനേയും–അവനോടുകൂടെ അയച്ചിരുന്നു. സഭാഫണ്ടുകളുടെ കൈകാര്യകർത്തൃത്വം ഒരാളുടെ പക്കൽ ഒരിക്കലും വിട്ടുകൊടുക്കരുതു്. കുറഞ്ഞപക്ഷം രണ്ടോ മൂന്നോ പേരുടെ കൂട്ടുത്തരവാദിത്വത്തിൽ ആയിരിക്കേണ്ടതാണ്.

## ഒരു അത്യാഗ്‌റഹി മൂപ്പനാകരുതു്

പണമിടപാടുകളിൽ അതിസൂക്ഷ്മത അത്യന്താപേക്ഷിതമാകയാൽ പൗലൊസ് തിമോഥെയോസിനും തീതോസിനും എഴുതുമ്പോൾ പ്രാദേശികസഭയിൽ മൂപ്പൻെറ സ്ഥാനത്തിരിക്കാൻ ഒരു ദ്രവ്യാഗ്രഹിയെ അനുവദിക്കരുതു് എന്നു ആജ്ഞാപിച്ചിരിക്കുന്നു. (1തിമോ.3:3; തിത്തോ.1:7) 1തിമോ.3:8_ൽ ഇതേവ്യവസ്ഥതന്നെ ശുശ്രൂഷകൻെറ പദവിയെ സംബന്ധിച്ചും പ്രസ്താവിക്കുന്നുണ്ടു്. പണസംബന്ധമായി വിശ്വസ്തതയോടെ കൈകാര്യം ചെയ്‌വാൻ കഴിയാത്തവൻ സഭയിൽ ഉത്തരവാദിത്വമുള്ള ഒരു സ്ഥാനം വഹിപ്പാൻ യോഗ്യനല്ല. പൗലോസിനെപ്പോലെ പത്രോസും അതേ ഗൗരവത്തിൽ എഴുതുന്നുണ്ടു്. ''നിങ്ങളുടെ വിചാരണയിലു

ള്ള ദൈവത്തിൻെറ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊാംവിൻ;നിർബ ന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മനഃപൂർവ്വമായും ദുരാ ഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും ഇടവകകളുടെ മേൽ കർ ത്തൃത്വം നടത്തുന്നവരായിട്ടല്ല ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീ ന്നുകൊണ്ടും അദ്ധ്യക്ഷതചെയ്‌വിൻ. (1പത്രോ.5:2,3).

## തെളിഞ്ഞ തീരുമാനമെടുക്കുക

ദ്രവ്യാഗ്രഹം ഗുരുതരമായ ഭവിഷ്യത്തുകളെ വിളിച്ചുവരുത്തു ന്ന ഒരു ഉപദ്രവകാരിയാണ്. ഈ പ്രശ്നത്തെ മൗലികമായി പരിഹരിക്കുന്നില്ലെങ്കിൽ ഉടനെയോ അല്ലെങ്കിൽ അടുത്ത ഭാവി യിലോ നാം പൂർവ്വാധികം പ്രയാസത്തിൽ ചെന്നുവീഴും. ദൈവകൃ പയാൽ നമ്മുടെ എല്ലാ സാമ്പത്തിക കാര്യങ്ങളിലും ഒരു വ്യക്ത മായ തീരുമാനത്തിൽ നാമെത്തേണ്ടതാണ്. നമ്മുടെ ഭൗതിക കാ ര്യങ്ങളുടെ നിർവഹണത്തിലും, മാത്രമല്ല, നമ്മുടെ കഴിവിനൊത്ത വിധം സഹവിശ്വാസികളുടെ ആവശ്യങ്ങാംക്ക കൂട്ടായ്മ കാണി ക്കുന്നതിലും, കർത്താവിൻെറ മുമ്പാകെ ഉത്തരവാദിത്വമുള്ള ഒരു നി ല സ്വീകരിക്കുന്നതിന് നമുക്ക കഴിവു ലഭിക്കുമാറാകട്ടെ.

## അദ്ധ്യായം പത്ത്

# സത്യത്തോടു ഭക്തിയുള്ളവൻ

വായനക്കു്:-യോഹ. 8:44; മത്താ. 12:19; 2തിമൊ2:24

### സത്യത്തിനു പ്രഥമഗണന

സത്യത്തോടുള്ള ഭക്തി, ഏതൊരു ക്രിസ്തീയ വേലക്കാരൻെറ ജീവിതത്തിലും മുൻഗണനാ ഉണ്ടായിരിക്കേണ്ട വിഷയമാണു്. മനുഷ്യരുടെ സ്വാധീനത കൊണ്ടോ, അല്ലെങ്കിൽ സാഹചര്യം നിമിത്തമോ അഥവാ സ്വന്തതാല്പര്യം വച്ചോ, സത്യത്തെ അസാധാരണമല്ലാത്തവിധം കോട്ടിക്കളയാനുള്ള ഒരു സാദ്ധ്യത വേലക്കാരനുണ്ടാകാറുണ്ടു്. സത്യം പരിപൂർണ്ണമാണു്. ഏതു സാഹചര്യത്തിലുള്ള ഏതൊരുവനിൽ നിന്നും അതു അചഞ്ചലമായ ആദരവു ആവശ്യപ്പെടുന്നു. വേണ്ടിവന്നാൽ നമുക്കുള്ളതെല്ലാം ത്യജിക്കാൻ നമുക്കു കഴിഞ്ഞേക്കാം. പക്ഷേ സത്യത്തെ ബലികഴിക്കാൻ നാം ധൈര്യപ്പെടുന്നില്ല. നമ്മുടെ കാര്യസാദ്ധ്യത്തിനു് അതിനെ വളയ്ക്കാൻ നാമൊരിക്കലും നോക്കരുതു്. അതിൻെറ മുമ്പിൽ നാം കുനിയുകയാണു വേണ്ടതു്.

### സത്യത്തെ നമ്മുടെ താൽപ്പര്യത്തിനായി തരം താഴ്ത്തരുതു്

സത്യം, നമ്മുടെ സ്വന്തതാല്പര്യങ്ങളുമായി ഏററുമുട്ടുമ്പോൾ അതിനെ അവഗണിച്ചുകളവാൻ നാം ഒരുങ്ങും. നാം ഒരു ധർമ്മസങ്കടത്തിൽ അകപ്പെടുകയോ, നമ്മുടെ കുടുംബത്തിൽ ഒരു കലഹമുണ്ടാകയോ, ഒരു ഉററമിത്രം വിഷമാവസ്ഥയിലാകയോ ചെയ്യുന്നതായി നാം കാണുമ്പോൾ അങ്ങനെയുള്ള ദുർഘടങ്ങളെ തരണം ചെയ്യുന്നതിനോ നമ്മുടെ പ്രിയപ്പെട്ടവരെ പ്രയാസങ്ങളിൽ നിന്നു വിടുവിക്കുന്നതിനോവേണ്ടി ചുററുപാടുകൾക്കൊത്തവിധം

സത്യത്തെ രൂപപ്പെടുത്തുവാൻ നമുക്കെന്തു ബദ്ധപ്പാടാണ്.

ദൃഷ്ടാന്തമായി, ഒരു ക്രിസ്തീയപ്രവർത്തകൻെറ മകൻ, അവനു സ്നാനപ്പെടണമെന്നുള്ള ആഗ്രഹം പ്രകാശിപ്പിക്കുന്നു എന്നിരിക്കട്ടെ. അവൻെറ അപ്പൻ സത്യത്തെ മുറുകെപ്പിടിക്കുന്നവനാണെങ്കിൽ,മററൊരാളുടെ മകൻെറ കാര്യത്തിലെന്നപോലെ തൻെറ മകനേയും സഭയുടെ നടത്തിപ്പുകാരായ സഹോദരന്മാരുടെ അടുക്കലേക്കുകൊണ്ടുപോകും. അവൻ സ്നാനത്തിനു യോഗ്യനാണോ അല്ലയോ എന്നു തീരുമാനിക്കാൻ അവർക്കു വിട്ടുകൊടുക്കും. എന്നാൽ ഈ സ്നാനാർത്ഥി തൻെറ മകനായതുകൊണ്ട് അവൻെറ കാര്യത്തിൽ ചില നീക്കുപോക്കുകളൊക്കെ ചെയ്ത് അവനെ സ്നാനപ്പെടുത്തുകയാണെങ്കിൽ അവൻ ദൈവവചനത്തെ മുറുകെപ്പിടിക്കുന്നില്ല. അവൻെറ പ്രഥമ ചിന്ത ദൈവവചനത്തെ ഉയർത്തിപ്പിടിക്കണമെന്നുള്ളതായിരുന്നെങ്കിൽ തൻെറ മകൻെറ കാര്യത്തിലുള്ള പ്രതിപത്തിയിൽ നിന്നു വിമുക്തനാകയും ആയതു് മററുള്ളവരുടെ വിധിക്കു വിട്ടുകൊടുക്കുകയും ചെയ്യുമായിരുന്നു.

വേറൊരു ദൃഷ്ടാന്തമെടുക്കാം. ഒരു സ്ഥലത്തു് ഉപദേശപരമായ ഒരു തർക്കം ഉത്ഭവിക്കുന്നു. ഒരു കൂട്ടം വിശുദ്ധന്മാർ ഒരു വേലക്കാരൻെറ ഭാഗം ചേർന്ന് അദ്ദേഹത്തിനു അനുകൂലമായി വർത്തിക്കുന്നു. മററൊരു കൂട്ടം വേറൊരു വേലക്കാരനു മുൻഗണന നൽകി അദ്ദേഹത്തിൻെറ ഭാഗത്തു നില്ക്കുന്നു. കഷ്ടം! രണ്ടു കക്ഷികളും സത്യത്തിനു തങ്ങളെത്തന്നെ വിട്ടുകൊടുക്കുന്നില്ല. കാരണം, വ്യക്തിപരമായ താല്പര്യമാണ് ഇരുകൂട്ടർക്കും അടിസ്ഥാനമായിട്ടുള്ളതു്. ഹാ! ദൈവവചനത്തിനു കീഴ്പ്പെടുന്നതിനു പകരം, അതിനെ കോട്ടിക്കളെയുമാറ് നമ്മുടെ താല്പര്യം തീരുമാനങ്ങളെ തക്കം പോലെ സ്വാധീനപ്പെടുത്തുന്നു.

## വചനത്തെ അതിൻെറ തനിനിലയിൽ ഘോഷിക്കുക

നമ്മുടെ മാനദണ്ഡത്തിനൊത്തവിധം ക്രമപ്പെടുത്തുവാനാ

യി ദൈവവചനത്തിൻെറ മാനദണ്ഡത്തെ തരം താഴ്ത്തരുതു്, അതു നമ്മുടെ കുറവുകളെ കാണിച്ചുതരുന്ന സമയത്തും അതിനെ ഒരു തരത്തിലും മയപ്പെടുത്തരുതു്. അതിനെ അതിൻേറതായ നിലയിൽ, അതായതു്, എന്നേയ്ക്കും സ്ഥിരമായതു്; മാററമില്ലാത്തതു്, ഹൃദയത്തിൻെറ ചിന്തനങ്ങളേയും ഭാവങ്ങളേയും വിവേചിപ്പാൻ കഴിവുള്ളതു് എന്നീ നിലകളിൽ ഘോഷിക്കേണ്ടതാണു്. നമ്മുടെ അനുഭവങ്ങൾക്കു യോജിക്കുന്നില്ല എന്നിരുന്നാലും നമ്മുടെ ബുദ്ധിക്കു് അതീതമായിരുന്നാലും അതിനെ നാം ഉയർത്തിപ്പിടിക്കേണ്ടതാണു്. അതിനെ മററുള്ളവക്കു് ബാധകമായ നിലയിൽ ഒരു തരത്തിലും, നമുക്കും നമ്മുടെ കുടുംബത്തിനും സ്നേഹിതന്മാക്കും പററിയ നിലയിൽ സ്വരം താഴ്ത്തിയും വ്യാഖ്യാനിക്കാതിരിക്കാൻ, സർവ്വോപരി സൂക്ഷിക്കേണ്ടതാണു്. അപകട സൂചന കണക്കിലെടുക്കണം. കാരണം, ഇവിടെ അതിസൂക്ഷ്മമായ കെണി കിടപ്പുണ്ടു്.

## ചിലർ സഭാബന്ധം വിടുന്നതിനുള്ള കാരണങ്ങൾ

പല പ്രയാസങ്ങളും വളന്നു വരുന്നതു് സഭകളിലാണു്. കാരണം, പല വിശ്വാസികളും അവരുടെ സ്വന്തതാല്പര്യങ്ങളെയല്ല, സത്യത്തെയാണു് ബലികഴിക്കുന്നതു്. ഒരു സ്ഥലം സഭയുടെ അംഗങ്ങളിൽ ഒരുവൻ താൻ ഇനിമേലിൽ യോഗങ്ങൾക്കു വരുന്നില്ലയെന്നു അറിയിച്ചു. കാരണം, സഭയിൽ അവനെ അറിയിക്കാതെ ഏതോ കാര്യം നടത്തിയത്രെ. ആ സഹോദരൻ സത്യത്തിൻെറ യഥാത്ഥസ്വഭാവം എന്താണു് കണ്ടതു്? മററു സഹോദരന്മാരുമായുള്ള തൻെറ ബന്ധം വിടുത്തണമെന്നുള്ളതു് തൻെറ ഭാഗത്തു ന്യായമായ ഒന്നായിരുന്നെങ്കിൽ അവർ ആ കാര്യം അവനെ അറിയിച്ചിരുന്നാൽ പോലും അവൻ യോഗ്യമായതു ചെയ്യാൻ കടപ്പെട്ടവനാണു്. അവരോടുള്ള ബന്ധം ഉപേക്ഷിക്കുന്നതു് തെററാണെങ്കിൽ സഭാപരമായ ചില കാര്യങ്ങൾ അവനെ അറിയിക്കാൻ കഴിയാതെ പോയതിൻെറ അടിസ്ഥാനത്തിൽ

അവരോടുള്ള ബന്ധം വിടുന്നതു ന്യായമല്ല. ദൈവത്തിൻെറ വെളിപ്പാടിൻ പ്രകാരമുള്ള ഉദ്ദേശ്യത്തിനു യോജിക്കാത്ത ഒരു കൂട്ടത്തിലാണു് നാം നില്ക്കുന്നതെങ്കിൽ ആ നിലപാടു് നാം ഉപേക്ഷിക്കേണ്ടതാണു്. എന്നാൽ മറിച്ചു്, ദൈവോദ്ദേശ്യത്തിനു യോജിച്ച ഒരു നിലപാടാണു നമുക്കുള്ളതെങ്കിൽ പ്രയാസമുണ്ടായാൽപോലും സത്യത്തോടു കളിക്കാനും, പ്രയാസത്തിൻെറ പേരിൽ കൂട്ടം വിട്ടുപോരുന്നതു നീതീകരിക്കാനും നാം ധൈര്യപ്പെടുകയില്ല. നമ്മുടെ സഹവിശ്വാസികളിൽ നിന്നുണ്ടാകുന്ന നിസ്സഹകരണ ഭാവങ്ങൾക്കു ഗൗരവം കല്പിക്കാൻ നമുക്കെന്തു കാര്യം? ദൈവത്തിൻെറ വചനം നമ്മുടെ അയോഗ്യതകളെ കാണിക്കുന്നു എന്നതു മൂലം അതിനെ അകററിനിറുത്താനും നാം ആർ? ഹാ! നാം അത്ര വലിയവരും ധീരന്മാരും ആയിത്തീൎന്നോ? നമ്മുടെ സ്വയം തകക്കപ്പെടുന്നില്ലെങ്കിൽ ദൈവത്തിൻെറ സത്യദാസന്മാരായി നാം തീരുകയില്ല. വചനത്തിൻെറ അംഗീകരണം നമുക്കു ഗുണകരമായോ ദോഷകരമായോ ഭവിച്ചാലും അതിനെ നിസ്വാൎത്ഥമായി ആദരിക്കാൻ പഠിക്കണം. ദൈവവചനത്തിൻെറ സ്വഭാവം നാം കണ്ടെങ്കിൽ മാത്രമേ നാം നമ്മെത്തന്നെ പലപ്പോഴും വലിച്ചിഴച്ചു് അതിൻെറ ശോഭ കുറയ്ക്കാൻ ഇടവരുത്താതിരിക്കയുള്ളു. നാം നമ്മുടെ മുൻവിധിയിൽ നിന്നു വിടുവിക്കപ്പെടണം.

## സത്യമായിരിക്കണം ഐക്യത്തിനു നിദാനം

നമുക്കു വീണ്ടും ദൃഷ്ടാന്തമെടുക്കാം. ഒരു പ്രത്യേകസ്ഥലം സഭയെ ചില സ്ഥലങ്ങളിൽ പ്രതികൂലമായി വിമർശിക്കുന്നതു ഒരു സഹോദരൻ കേട്ടിട്ടുണ്ടു്. എന്നാൽ കുറെ കഴിഞ്ഞപ്പോൾ ആ സഭയുമായി ഏകീഭവിക്കേണ്ട ആവശ്യം ആ സഹോദരനുണ്ടായി. സ്ഥിതിഗതികൾ അവൻ വാസ്തവത്തിൽ അന്വേഷിച്ചില്ലെങ്കിലും അവരോടുള്ള സമ്പക്കത്തിൽ അനുഭാവപൂൎവ്വം ഇടപെട്ടുപോന്നു. അവരുടെ മദ്ധ്യേയുള്ള പെരുമാററവും സാമാന്യം യോ

ഗ്യമായിരുന്നു. കുറെക്കഴിഞ്ഞു് സഹോദരന്മാരിൽ ഒരുവൻ അവൻെറ ആത്മീയനിലയെ വിവേചിച്ചിട്ടു് അവനെ സഹായിക്കണമെന്നാഗ്രഹിച്ചു്, അവനോടു വിശ്വസ്തതയോടെ ഇടപെട്ടു് ''സ്നേഹത്തിൽ സത്യം സംസാരിച്ചു''. ആ സഹോദരനാകട്ടെ ആ പറഞ്ഞതിനു് ഒരു പ്രത്യേകത കല്പിച്ചു് ആ കൂട്ടത്തിൽ നിന്നു വേർപെടുകയും, അവരെക്കുറിച്ചു് മോശമായ കഥകൾ പറഞ്ഞു പരത്തുകയും ചെയ്തു. ആ സഹോദരനു വചനത്തോടു സ്ഥായിയായ ഒരു ഭാവമുണ്ടായിരുന്നില്ല. തന്നിമിത്തം തൻെറ വ്യക്തിഗതമായ ആശ്വാസത്തിനു ബാധകമായികാര്യം ഭവിച്ചപ്പോൾ അവൻ വചനത്തെ കോട്ടിക്കളഞ്ഞു. അവൻ സത്യത്തേയും അതിൻെറ വിശദാംശങ്ങളേയും ആത്മാർത്ഥമായി അന്വേഷിച്ചു് അതിനു സ്വയമേവ വിധേയനായിരുന്നുവെങ്കിൽ, സത്യം അങ്ങനെ നിർദ്ദേശിച്ചിരുന്നുവെങ്കിൽ, അവൻ ആ കൂട്ടത്തിന്നെതിരെ ഒരുറച്ച നിലപാടു് ആദിയിൽ തന്നെ സ്വീകരിക്കുമായിരുന്നു. അവരോടു ഐക്യപ്പെട്ടുപോകണമെന്ന നിലയിലാണു സത്യം അവനെ ആദ്യമേ നിർദ്ദേശിച്ചിരുന്നതെങ്കിൽ, വ്യക്തിഗതമായ രൂക്ഷവിമർശനം പോലും അവരോടുള്ള ബന്ധം വിടുന്നതിനു ഹേതുവായി ഭവിക്കയില്ല.

## സത്യം അതിൽത്തന്നെ തികവുള്ളതു്

വേറൊരു ദൃഷ്ടാന്തം കൂടി നോക്കാം. നേതൃത്വത്തിനു വരമുള്ള ഒരു ക്രിസ്തീയവേലക്കാരനു ഒരു പ്രത്യേകപദ്ധതി പ്രാവർത്തികമാക്കാനുള്ള നടത്തിപ്പുണ്ടായി. അദ്ദേഹം ഒരു നേതാവായതുകൊണ്ടു അനിവാര്യമായ നിലയിൽ മററുള്ളവരും അതേ പദ്ധതി തുടന്നു. ആ നേതാവു് സ്വീകരിച്ച മാർഗ്ഗം ശരിയാണെങ്കിൽ അവൻ പോയതുകൊണ്ടല്ല അതു ശരിപ്പെട്ടതു്. മാർഗ്ഗം തെററാണെങ്കിൽ അവനെത്ര ആത്മാർത്ഥതയുള്ള വിശ്വാസിയായാലും അവൻെറ പോക്കുകൊണ്ടു മാർഗ്ഗം ശരിപ്പെടുകയുമില്ല. കുറച്ചു ദിവസം കഴിയുമ്പോൾ ഈ മനുഷ്യൻ പാപത്തിൽ വീഴുന്നുവെങ്കിൽ, അവൻെറപാപത്തിനു അവൻ സ്വീകരിച്ച പദ്ധതിയെ ദുഷിപ്പിക്കാ

നം കഴിയുന്നതല്ല. ദൈവത്തിൻെറ സത്യം തികവുള്ളതത്രേ എന്നുഞാൻ പിന്നെ പറയുന്നുവെങ്കിൽ നിങ്ങൾ എന്നോടു യോജിക്കേണ്ടതാണു്. ഇവനൊ മററവനോ ചിന്താങ്ങുന്നതു കൊണ്ടു് സത്യം സത്യമായിരിക്കുന്നു എന്നതല്ലവാസ്തവം. അതു സ്വതസിദ്ധമായിങ്ങനെതന്നെ. എന്നാൽ ആത്മീയരാണെന്നു നാം വിചാരിക്കുന്നവർ ഒരു മാർഗ്ഗം സ്വീകരിക്കയാണെങ്കിൽ അവരെ നോക്കി ആ മാർഗ്ഗം ശരിയാണെന്നു പറവാനും മോശമായ ആത്മീയ നിലയുള്ളവർ ഒരു പദ്ധതി തുടങ്ങിയാൽ ആ പദ്ധതി തെററാണെന്നു വിധിക്കാനും ഉള്ള ഒരു പരിചയം നമുക്കുണ്ടു്. നിങ്ങളുടെ അറിവിൽപെട്ട ചിലർ അത്തരത്തിലുള്ള തെററുകാരായതു കൊണ്ടു് നിങ്ങളുടെ ക്രിസ്തീയത്വം ഉപേക്ഷിക്കാൻ നിങ്ങൾ ഒരുങ്ങുമോ? ചില വിശ്വാസികൾ പാപത്തിൽ വീഴുന്നതു നിമിത്തം ക്രിസ്തീയത്വത്തെ തള്ളിപ്പറവാൻ നിങ്ങൾ തുനിയുമോ? കർത്താവിൽ ആശ്രയിക്കുന്നു എന്നു പറയുന്നചിലരുടെ തോൽവികൾ മൂലം അവനിൽ ആശ്രയിക്കുന്നതു വിട്ടുകളവാൻ നീ പോകുന്നുവോ? ഒരിക്കലുമില്ല. കർത്താവു വിശ്വസ്തനാകയാൽ നമുക്കു ഇനിയും അവനിൽ ആശ്രയിക്കാം. സത്യത്തോടു ഒരുവനുള്ള പ്രതികരണമല്ല പ്രശ്നം, പിന്നെയോ സത്യംതന്നിയേയാണു്.

## അഭിപ്രായങ്ങൾ പലതുണ്ടാകാം

ചില സഹോദരന്മാർ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്. "ഇവിടുത്തെ കൂടി വരവിലേയ്ക്കു് എന്നെ നടത്തിയതിനു ഞാൻ ദൈവത്തോടു എത്ര കൃതജ്ഞനായിരിക്കണം! എനിക്കു ഇവിടെ നിന്നും വളരെ സഹായം ലഭിച്ചിട്ടുണ്ടു്" ഇത്തരം പ്രസ്താവനകൾ നിമിത്തം നാം അധികമായി ഉയരേണ്ടാ. സത്യത്തിൻെറ സാക്ഷാൽ സ്വഭാവം ഗ്രഹിച്ചു എന്നതിൻെറ സൂചനയല്ല അതു്. ഇങ്ങനെയുള്ള അഭിപ്രായങ്ങൾ പാസ്സാക്കുന്ന ആളുകൾ യോഗങ്ങൾക്കു വരുന്നതു് അതിലൊക്കെ അവക്കു ഒരാകർഷണം തോന്നീട്ടാണു്. കുറെ കൂടി കാത്തിരിക്കുക. അവരുടെ അംഗീകരണത്തിനു യോജിക്കാത്ത വല്ലതും സംഭവിക്കുന്നതു വരെ ക്ഷമിക്കുക. എന്നിട്ടു് ഈ സ്ഥലം ആകെ പിശകാണു് എന്നു അവർ പറയുന്നുണ്ടോ എന്നു നോക്കുക. ഒരു സ്ഥലം കൊള്ളാവുന്നതാണെങ്കിൽ അതു

കൊള്ളാകുന്നതു തന്നെ. അതു പിശകുള്ളതാണെങ്കിൽ പിശകുള്ള തു തന്നെ. എന്റെ അനുകൂലമോ പ്രതികൂലമൊ ആയ പെരുമാററമല്ല അതിനെ ശരിയൊ തെററാ ആക്കുന്നതു്. നമ്മുടെ എല്ലാ സമിതികളിലും നിർണ്ണായകമായ ഘടകം സത്യമായിരിക്കണം. അതു് അപ്രകാരമാണെങ്കിൽ നമ്മുടെ വിധികളെ പൊതിഞ്ഞിരിക്കുന്ന ഈ സ്വയം നീങ്ങിപ്പോകേണ്ടതാണു്.

## അഹംഭാവം ഉപേക്ഷിച്ചു സത്യത്തിനു കീഴ്പ്പെടുക

നമ്മുടെ വ്യക്തിഗതമായ മുൻഗണനയെ നീക്കിക്കളഞ്ഞെങ്കിൽ മാത്രമേ, സഭയിലെ അസംഖ്യങ്ങളായ കക്ഷിഭേദങ്ങളും വേലയിലെ പല അഭിപ്രായഭേദങ്ങളും തള്ളിക്കളയാൻ സാധിക്കയുള്ളു. നാം സത്യത്തിനു കേവലം വിധേയപ്പെട്ടമെങ്കിൽ അതിനു നമ്മുടെ മേലുള്ള സ്വാധീനശക്തി വദ്ധിക്കയും സഭയിലും വേലയിലും വരാവുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യും. നമ്മുടെ വ്യക്തിഗതമായ പ്രശ്നങ്ങളും അവസാനിക്കും. സത്യത്തെ അവഗണിക്കണമെന്നുള്ള ചിന്ത പിന്നീടൊരിക്കലും നാം പുലത്തുകയില്ല, തീർച്ച; എന്നാൽ അവിടെയും ഇവിടെയും ലഘുവായ വ്യതിചലനങ്ങൾ വരുവാൻ നാം അനുവദിക്കാറുണ്ടു്. തന്നിമിത്തം സത്യത്തിനു നമ്മുടെ മേലുള്ള സ്വാധീനത ക്രമേണ കുറഞ്ഞുവരും. അതിന്റെ ഫലമായി നേർവഴിയെക്കുറിച്ചുള്ള ബോധം നമുക്കു നഷ്ടമാകയും ഇങ്ങോട്ടോ അങ്ങോട്ടോ ഒഴുകിപ്പോകയും ചെയ്യും'' ജനങ്ങൾ നമ്മോടു നല്ല നിലയിൽ വത്തിച്ചാൽ കത്താവു കാണിച്ചവഴിയിൽ നാം നടക്കും; ആളുകൾ നമുക്കു ദോഷം ചെയ്താൽ നാം വേറെ വഴി നോക്കും. നാമെത്ര സ്വന്ത മഹിമ നോക്കുന്നവർ! സത്യം വ്യാപരിക്കുന്ന മാഗ്ഗത്തിൽ നാമും വ്യാപരിക്കേണ്ടതാണു്. അഖിലാണ്ഡത്തിന്റെ ഭ്രമണത്തിനാധാരമായ ചുഴകുററിയാണു നാമെന്നും സൃഷ്ടിക്കപ്പെട്ടവയെല്ലാം നമ്മോടുള്ള ബന്ധത്തിൽ തിരിയണമെന്നുമാണു് നാം നമ്മെപ്പററി വിചാരിക്കുന്നതു്.

## സത്യത്തിൻെറ പരമപ്രാധാന്യം

ഓ, സഹോദരന്മാരെ, സഹോദരിമാരെ, സത്യമാണു് സർവ്വപ്രാധാന്യമർഹിക്കുന്നതു്. അല്ലാതെ, നിന്നേയും എന്നെയും പോലെയുള്ള ബലഹീനജീവികളിൽ അതു വരുത്തുന്ന പ്രയോജനമല്ല. പൊരുത്തപ്പെട്ടുപോകാൻ കഴിയാത്തവരോടു നിരന്തര സമ്പക്കം പുലത്തുവാൻവേണ്ടി, വ്യക്തിപരമായ സൗഭാഗ്യബന്ധങ്ങളെ വിട്ടുവാനും സത്യം ആവശ്യപ്പെട്ടേക്കാം. നമ്മുടെ പരിതസ്ഥിതിയിലുള്ള സൗഭാഗ്യമല്ല നമ്മുടെ സമ്പക്കം ശരിയാണെന്നു തെളിയിക്കുന്നതു്. നമ്മുടെ ചുററുമുള്ളവരോടു സഹവത്തിത്വം പാലിക്കാൻ പററുകയില്ല എന്നു തോന്നിയാലും ആ സമ്പക്കം തെററാണെന്നു വരികയില്ല. സത്യം പരമപ്രധാനമാണെന്നും അതു് നമ്മുടെ ബന്ധങ്ങളേയും വിധികളേയും ഭരിക്കേണ്ടതാണെന്നും എന്നേയ്ക്കുമായി തീരുമാനിക്കുക. ഭൗമിക കോടതികളിൽപോലും ജഡ്ജിയുടെ വ്യക്തിപരമായ മുൻഗണനകൾക്കു് അദ്ദേഹത്തിൻെറ വിധിയിൽ സ്വാധീനം ചെലുത്താൻ അനുവാദമില്ല. തൻെറ മകൻെറ കുററം നിയമാനുസൃതം തെളിയുമ്പോൾ അവനെ "കുററക്കാരൻ" എന്നു വിധിക്കുന്നതിനു് എതിരായി മനസ്സു നിർദ്ദേശിച്ചാൽ അതിനെ അനുസരിപ്പാൻ ജഡ്ജിക്കു കഴികയില്ല. തൻെറ ശത്രു 'കുററക്കാരനല്ല' എന്നു നിയമപ്രകാരം തെളിഞ്ഞാൽ അതിനെ നിരസിക്കാനും അദ്ദേഹത്തിനു സാധ്യമല്ല. നിയമം സർവ്വഥാ പരിപൂർണ്ണമാണു്. ജഡ്ജി അതിന്നു കീഴ്പ്പെടേണ്ടതാണു്.

## കർത്താവിനു് പ്രസാദമുള്ളതു് ചിന്തിച്ചാലുള്ള ഗുണം

സഹപ്രവർത്തകരോടു് ഏകീഭവിച്ചു് നാം സത്യത്തിനു നിരുപാധികം കീഴ്പ്പെടേണ്ടതാണു്. അങ്ങനെയായാൽ നമ്മുടെ പരിചിന്തനങ്ങൾ എളുപ്പമുള്ളതും മാർഗ്ഗവങ്ങളുമായിരിക്കും. വേ

ല അഭിവൃദ്ധിപ്പെടുകയും ചെയ്യും. കർത്താവിൻെറ ഹിതം നമ്മുടെ ഏകധ്യാനമാകുമ്പോൾ നിഷ്ഫലങ്ങളായ പല ചർച്ചകളിൽനിന്നും നാം വിടുതൽ പ്രാപിക്കയും, വ്യക്തമായ തീരുമാനങ്ങളിൽ വേഗത്തിൽ എത്തിച്ചേരുകയും ചെയ്യും. അല്ലാത്തപക്ഷം, നമ്മുടെ വിലയേറിയ സമയം നമ്മുടെ വ്യക്തിപരമായ അഭിപ്രായങ്ങൾക്ക വിനിയോഗിക്കയും നമ്മുടെ വാക്കുകളുടെ പ്രയോഗം പഠിക്കേണ്ടിവരികയും ചെയ്യും. എല്ലാവരേയും പ്രസാദിപ്പിക്കേണ്ടതിന്നു നയതന്ത്രപരമായ നിലപാട് സ്വീകരിക്കേണ്ടതായും വരും. നാം ഇന്നകാര്യം ചെയ്താൽ സഹോദരൻ ഏ, അതോടുള്ള ബന്ധത്തിൽ തടസ്സം ഉണ്ടാക്കിയെങ്കിലോ, നാം മറെറാരു നില സ്വീകരിക്കയാണെങ്കിൽ സഹോദരൻ ബി. അതിൽ നിസ്സഹകരിച്ചെങ്കിലോ, സഹോദരൻ സി. യെ യോജിപ്പിച്ചുകൊണ്ടുപോകാൻ പല വിട്ടുവീഴ്ചകളും ചെയ്യേണ്ടതായി വരികയില്ലെ, എന്നാദിയായ പരിഗണനകൾമൂലം നാം പലപ്പോഴും നിന്നുപോകാറുണ്ട്. മറെറാരുവൻെറ അഭിപ്രായങ്ങളെ സൂക്ഷ്മതയോടെ കണക്കിലെടുക്കുന്നതിനാലും, വേറൊരുവൻെറ ആലോചനകൾക്ക ഒത്തുതീർപ്പുണ്ടാകുന്നതുനിമിത്തവും, സംഭവിക്കാവുന്ന ഭിന്നതകളിൽനിന്നു രക്ഷ നേടാമെങ്കിലും സത്യവുമായി ഒരു ഒത്തുതീർപ്പുണ്ടാക്കിയാൽ നമുക്കെന്തുനേട്ടമുണ്ടാകും?

അന്യോന്യം കൂട്ടിയിണക്കാൻ ശ്രമിക്കുന്നതിനും, സഹപ്രവർത്തകരുടെ മദ്ധ്യേ സമാധാനസംരക്ഷണത്തിനുവേണ്ടി നയങ്ങളും പദ്ധതികളും രൂപവൽക്കരിക്കുന്നതിനും പകരം നാമോരോരുത്തരും സത്യത്തെ അന്തിമമായി അംഗീകരിക്കയും, അതിനു സവിനയം വിധേയരാകയും ചെയ്യുമെങ്കിൽ കർത്താവിൻെറ അനുഗ്രഹം കൂട്ടത്തിന്മേൽ ആകെ അധിവസിക്കും. ഹാ, ദൈവഹിതം വെളിപ്പെടണമെന്നും അവൻ അരുളിച്ചെയ്യുന്നതെന്തോ അതുമാത്രം അനുഷ്ഠിക്കണമെന്നും ഉള്ളതു് നമ്മുടെ ഏകചിന്തയായിരുന്നെങ്കിൽ!

## നമ്മുടെ സ്വാധീനതയെക്കാൾ സത്യം അതിൻെറ സ്വാധീനത പ്രയോഗിക്കട്ടെ

ഇതു് ഗൗരവപൂർവ്വം നമ്മുടെ ജോലിയായിരിക്കട്ടെ. എന്നാൽ കർത്താവിൻെറ വേലയിൽ നമ്മുടെ ദേഹീയുടെ ചുറുചുറുപ്പിനു യാതൊരു സ്ഥാനവുമില്ല എന്നോർക്കണം. വേലയുടെ അഭിവൃദ്ധിക്കുവേണ്ടി മററു ജീവിതങ്ങളുടെ മേൽ നമ്മുടെ സ്വാധീനത ചെലുത്തുക എന്നതു് നമ്മുടെ അധികമായ താല്പര്യമായിരിക്കട്ടെ. അവർ സത്യത്തെ അംഗീകരിക്കുമാറു് അവരെ സ്വാധീനപ്പെടുത്തുന്നതിലും നാം വിജയിക്കുമാറാകട്ടെ. പക്ഷേ അന്ത്യം മാർഗ്ഗത്തെ നീതീകരിക്കയില്ല. സത്യം നമുക്കുവേണ്ടിയുള്ള അതിൻെറ കാര്യനിർവഹണത്തിൽ അത്യന്തം മഹത്തായതാണു്. അതു് അതിൻേറതായ സ്വാധീനത പ്രയോഗിക്കുന്നതിൽ അതിനുള്ള സ്വതസിദ്ധമായ അധികാരത്തിൽ നമുക്കു നല്ലപോലെ ആശ്രയിക്കാം. അതിനോടുള്ള ബന്ധത്തിൽ നമ്മുടെ ഓഹരി, ഹൃദയതാഴ്മയോടു കൂടി ശരിയായ സ്ഥാനത്തു നാം നില്ക്കുക എന്നുള്ളതാണു്.

ACHARYA PALACKAL JEEVASS KENDRAM
LIBRARY
4822

## ഈ പുസ്തകത്തിൽ

മനുഷ്യനുമായി പരിചയപ്പെടാൻ മാത്രമല്ല അവൻ വന്നതു്... അവരെ അന്വേഷിച്ചു കണ്ടെത്തി രക്ഷിക്കുന്നതിനു് എത്രയേറെ അവിടുന്നു ബദ്ധപ്പെട്ടു. അതേമനോഭാവം നമുക്കും ഉണ്ടാകണം. പേജ് 16

* * *

മടിയനായ ദാസൻ കൊള്ളരുതാത്തവൻ എന്നത്രെ കർത്താവു് പറഞ്ഞതു്. ശ്രേഷ്ഠാന്തിയുള്ള ദാസന്മാരെ മാത്രമേ കർത്താവിനു് ആവശ്യമുള്ളു. പേജ് 20

* * *

കർത്താവിനെ അനുഗമിക്കാനുള്ള നമ്മുടെ കഴിവിൻെറ അളവ് തിട്ടപ്പെടുത്തേണ്ടതു് അവനെ അനുഗമിക്കാനുള്ള നമ്മുടെ താല്പര്യത്തിൻെറ അളവുവച്ചല്ല. പേജ് 31

* * *

ദേഹികളെ സ്നേഹിക്കാത്തവനു് ദേഹികളെ രക്ഷിക്കുന്നതിൽ പ്രയോജനപ്പെടുവാൻ എങ്ങനെ കഴിയും പേജ് 38

EVANGELICAL PUBLICATIONS
ANGAMALY, KERALA. S. INDIA